(പത്താം തരം)

2017

വയനാട് ജില്ലാ പഞ്ചായത്ത്

# പൊലിമ 2017

## പഠന പരിപോഷണ പരിപാടി



# മലയാളം

തയ്യാറാക്കിയത്

**ജില്ലാ വിദ്യാഭ്യാസകേന്ദ്രം**
**(ഡയറ്റ്) വയനാട്**

DIET WAYANAD
SULTHAN BATHERY

# വയനാട് ജില്ലാ പഞ്ചായത്ത്

# പൊലിമ 2017

## പഠന പരിപോഷണ പരിപാടി

## (പത്താം തരം)

# മലയാളം

DIET WAYANAD
SULTHAN BATHERY

തയ്യാറാക്കിയത് :
ജില്ലാ വിദ്യാഭ്യാസകേന്ദ്രം
(ഡയറ്റ്) വയനാട്

# പൊലിമ 2017

## പത്താം തരം പഠന പരിപോഷണ പരിപാടി

Prepared by the
District Institute of Education & Training
Wayanad, Sulthan Bathery - 673 592

Printed and Published by
Wayanad District Panchayath

2016-17

Coordination
Sebastian K.M.
Lecturer, CMDE,
DIET Wayanad

Printed at :
Co-operative Offset Press, Bathery
Ph : 04936 221325

ACADEMIC SUPPORT

1. Dr. K. M. Unnikrishnan
   (Principal , DIET Wayanad)
2. K. M. Sebastian
   (Lecturer, DIET Wayanad)
3. C. K. Pavithran
   (GHSS Kaniyambetta)

SUBJECT EXPERTS

4. Alis K.V.
   (Fr.GKM HS Kaniyaram)
5. Anilkumar K.
   (GHSS Meenangadi)
6. Baby Peeter
   (LMHSS Pallikkunnu)
7. Ganesh M.M.
   (GHSS Vythiri)
8. Lalitha C.
   (GHSS Vaduvanchal)
9. Preetha J. Priyadarsini
   (GHSS Meppadi)
10. Sunny T.R.
    (GHS Irulath)
11. Sures K.K.
    (GMHSS Vellamunda)

## ആശംസകളോടെ......



വയനാട് ജില്ലയിലെ വിദ്യാലയങ്ങളിൽ എസ്.എസ്.എൽ.സി. പരീക്ഷാഫലം ഉയർത്തുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹകരണത്തോടെ കുട്ടികൾക്കുള്ള അധികപഠന സഹായി 'പൊലിമ - 2017' തയ്യാറാക്കിയിരിക്കുന്നു. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതു ഒരുപോലെ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു. എസ്.എസ്.എൽ.സി. പഠനക്യാമ്പുകളിൽ എല്ലാ കുട്ടികളുടേയും വിജയം ഉറപ്പുവരുത്താനും റിസൽട്ടു നിലവാരം ഉയർത്താനും ഈ സാമഗ്രി പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

**ശ്രീമതി ടി. ഉഷാകുമാരി**

പ്രസിഡണ്ട്,

വയനാട് ജില്ലാ പഞ്ചായത്ത്



## ആശംസകളോടെ......

ജില്ലയിലെ വിദ്യാഭ്യാസ ഗുണനിലാവരം ഉയർത്തുവാൻ വയനാട് ജില്ലാപഞ്ചായത്ത് എന്നും പ്രതിജ്ഞാബദ്ധമാണ്. മുൻവർഷങ്ങളിൽ എസ്.എസ്.എൽ.സി. വിജയശതമാനം വർദ്ധിപ്പിക്കുന്നതിനായി വയനാട് ഡയറ്റിന്റെ അക്കാദമിക സഹായത്തോടെ പഠനസാമഗ്രികൾ ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിരുന്നു. ഈ വർഷവും എസ്.എസ്.എൽ.സി.ക്കുള്ള പുതിയ പാഠപുസ്തകങ്ങളെ മുൻനിർത്തി വിജയശതമാനം ഉയർത്തുന്നതിനായി 'പൊലിമ-2017' (പഠനപരിപോഷണ പരിപാടി) ഡയറ്റിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയിരിക്കുന്നു. ജില്ലയിലെ എല്ലാ ഹൈസ്കൂളുകളും ഈ സാമഗ്രി സഹർഷം സ്വാഗതം ചെയ്യുമെന്നു ഞങ്ങൾക്ക് ഉറപ്പുണ്ട്. ജില്ലയിലെ എസ്.എസ്.എൽ.സി. വിജയശതമാനവും നിലവാരവും ഉയരുമെന്നു പ്രതീക്ഷിച്ചുകൊണ്ട്,

**ശ്രീമതി എം. ദേവകി**

ചെയർപേഴ്സൺ, വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി,
വയനാട് ജില്ലാ പഞ്ചായത്ത്

# ആശംസകളോടെ......



എസ്.എസ്.എൽ.സി.വിജയശതമാനവും നിലവാരവും ഉയർത്തുന്നതിനായി 'വിജയജ്യോതി' ഉപയോഗപ്പെടുത്തിയ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കൈകളിലേക്ക് **'പൊലിമ 2017'** ഞങ്ങൾ അഭിമാനപുരസ്സരം സമർപ്പിക്കുകയാണ്. വയനാട് ഡയറ്റിന്റെ അക്കാദമിക നേതൃത്വത്തിൽ വയനാട് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയ ഈ പഠന പരിപോഷണ പരിപാടി ജില്ലയിലെ എസ്.എസ്.എൽ.സി. വിജയശതമാനം ഉയർത്തുമെന്നു പ്രതീക്ഷയിൽ....

**ശ്രീമതി പി. പി. തങ്കം**
വിദ്യാഭ്യാസ ഉപഡയറക്ടർ, വയനാട്

---

# ആശംസകളോടെ......



**'പൊലിമ 2017'** പുറത്തിറങ്ങുകയാണ്. 'ഡയറ്റിന്റെ ബൗദ്ധിക നേതൃത്വവും ജില്ലയിലെ വിദഗ്ധരായ അധ്യാപകരുടെ സേവനവും ജില്ലാപഞ്ചായത്തിന്റെ സാമ്പത്തിക സഹായവും' - ഒരു കൂട്ടായ്മയുടെ പരിശ്രമം ഇതിനു പിറകിലുണ്ട്. എസ്.എസ്.എൽ.സി. നിലവാരവും വിജയശതമാനവും ഉയർത്താൻ പ്രധാനാധ്യാപകരും സഹാധ്യാപകരും കുട്ടികളും രക്ഷിതാക്കളും ഒത്തൊരുമിച്ച് അക്ഷീണം പ്രയത്നിക്കുകയാണ്. വിജയത്തിന്റെ പൊലിമ കൂട്ടാൻ 'പൊലിമ 2017' തീർച്ചയായും പ്രയോജനപ്പെടും.

പ്രതീക്ഷയോടെ,

**ഡോ. കെ. എം. ഉണ്ണികൃഷ്ണൻ**
പ്രിൻസിപ്പൽ, ഡയറ്റ് വയനാട്

---

# ആശംസകളോടെ......



2017 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ആയിര കണക്കിന് വിദ്യാർത്ഥികൾക്ക് നല്ല രീതിയിൽ പരീക്ഷ എഴുതുന്നതിനും ഉയർന്ന മാർക്ക് നേടുന്നതിനും സഹായകരമാകുന്ന വിധത്തിൽ തയ്യാറാക്കിയ കൈപ്പുസ്തകമാണ് ഇത്. ഇതിന്റെ പിന്നിൽ ഒരുപാട് വ്യക്തികളുടെ കഠിനധ്വാനം ഉണ്ട്. അതൊരിക്കലും പാഴ്വേലയാകില്ല, തീർച്ച. ഇതിന് നേതൃത്വം വഹിച്ച ജില്ലാ പഞ്ചായത്ത്, വിദ്യാഭ്യാസ ഡിപ്പാർട്ട്മെന്റ്, വ്യക്തികൾ എന്നിവരെ ഓർത്തുകൊണ്ട് ഈ ഉദ്യമത്തിന് എല്ലാവിധ നന്മകളും നേരുന്നു.

**പ്രഭാകരൻ കെ.**
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വയനാട്.

# 'പൊലിമ 2017' എങ്ങനെ ഉപയോഗിക്കാം

ജില്ലാ പഞ്ചായത്തിന്റെ സാമ്പത്തിക സഹായത്തോടെ തയ്യാറാക്കിയ പഠനപരിപോഷണ പരിപാടിയിലെ സ്കൂൾ ക്യാമ്പിൽ ഉപയോഗിത്തക്കവിധത്തിലാണ് **'പൊലിമ 2017'** തയ്യാറാക്കിയിട്ടുള്ളത്.

കുട്ടികളുടെ പഠന ശേഷിയിലുള്ള വ്യത്യാസം കണക്കിലെടുത്ത് പത്താം ക്ലാസിലെ എല്ലാ വിഷയങ്ങളിലും വിവിധ നിലവാരത്തിലുള്ള പഠനപ്രവർത്തനങ്ങൾ **'പൊലിമ 2017'-ൽ** ഉൾപ്പെടുത്തിയിട്ടുണ്ട്. അധ്യാപകരുടെ പിന്തുണയോടെ കുട്ടികളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന രീതിയിൽ വേണം പൊലിമ ഉപയോഗിക്കാൻ.

അധികപഠനം, പഠിച്ച കാര്യങ്ങളുടെ വിവിധ മാനങ്ങൾ, വിവിധ തലങ്ങളിലുള്ള താരതമ്യം, പരസ്പര ബന്ധങ്ങൾ കണ്ടെത്തൽ വിവിധ ആശയങ്ങൾ ക്രോഡീകരിക്കൽ തുടങ്ങി വൈവിധ്യമേറിയ പഠനാനുഭവങ്ങൾ നൽകാൻ ഈ പഠന പരിപോഷണ പരിപാടി സഹായിക്കും. വിവിധ ചാർട്ടുകൾ, പട്ടികകൾ, ചിത്രങ്ങൾ തുടങ്ങിയവ ഉൾച്ചേർത്തിട്ടുള്ളത് ക്യാമ്പിൽ ഉപയോഗിക്കണം.

കുട്ടികളുടെ വ്യക്തിവ്യത്യാസങ്ങൾ പരിഗണിച്ചുകൊണ്ട് ഇതിലെ പ്രവർത്തനങ്ങൾ നൽകാവുന്നതാണ്. ബൗദ്ധികമായി മുന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് അനുയോജ്യമാകത്തക്ക വിധത്തിലുള്ള പ്രവർത്തനങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ട്. അവരുടെ സ്വതന്ത്രമായ പഠനത്തിനും ആശയ രൂപീകരണത്തിനും ഉതകുന്ന രീതിയിൽ വേണം ഈ പഠന പരിപോഷണ പരിപാടി ഉപയോഗിക്കാൻ. എന്നാൽ താരതമ്യേന പഠനത്തിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന കുട്ടികൾക്ക്, പഠനാനുഭവങ്ങളുടെയും ആശയ രൂപീകരണത്തിന്റെയും ആഴവും പരപ്പും വർദ്ധിപ്പിക്കുന്നതിന്, ഇതിൽ നൽകിയിട്ടുള്ള ഉത്തര സൂചികയുടെ സഹായത്താൽ അധ്യാപകരുടെ മേൽനോട്ടത്തിൽ വിവിധ പ്രവർത്തനങ്ങൾ പഠന ക്യാമ്പിൽ നടത്താവുന്നതാണ്. ഇതിലെ ചോദ്യങ്ങൾ കുട്ടികൾക്ക് നേരിട്ട് നൽകാതെ ചർച്ചകൾ, വിമർശനാത്മക ചിന്ത, സർഗ്ഗാത്മക പ്രതിഫലനങ്ങൾ തുടങ്ങിയവക്ക് അവസരങ്ങൾ നൽകി വേണം ഉപയോഗിക്കാൻ. കുട്ടികളുടെ പ്രതികരണങ്ങളിൽ ഉത്തര സൂചികയിൽ നിന്ന് വ്യത്യസ്തമായവ ഉണ്ടാവാം. അവയെ അപഗ്രഥനാത്മകമായി സമീപിച്ച് പ്രോത്സാഹജനകമായ പഠനത്തിന് പഠന പരിപോഷണ പരിപാടി കുട്ടികൾക്കും അധ്യാപകർക്കും ഊർജ്ജം പകരും.

**സെബാസ്റ്റ്യൻ കെ. എം.**
ലക്ചറർ,
കരിക്കുലം മെറ്റീരിയൽ ഡെവലപ്പ്മെന്റ്
& ഇവാല്യുവേഷൻ
ഡയറ്റ് വയനാട്

യൂണിറ്റ് - I

# കാലാതീതം കാവ്യവിസ്മയം

**പാഠങ്ങൾ**

- **ലക്ഷ്മണസാന്ത്വനം**
- **കാളിദാസൻ**
- **അമ്മ**

ശ്രേഷ്ഠമായ കാവ്യങ്ങൾ, സാഹിത്യങ്ങൾ എന്നിവ കാലദേശങ്ങൾക്കും ജാതി മതവർഗ്ഗ ചിന്തകൾക്കും അതീതമായി മനുഷ്യാനുഭവങ്ങളെ ലോകനന്മയെ ലക്ഷ്യംവച്ച് ആവിഷ്ക്കരിക്കുന്നു. ഇത്തരം കൃതികൾ കാലത്തിന്റെ തിരമാലകളേറ്റ് മാഞ്ഞുപോകാതെ സമൂഹത്തിൽ സ്ഥിരപ്രതിഷ്ഠ നേടുന്നു. ഭാരതീയ പശ്ചാത്തലത്തിൽ രചിച്ച കാളിദാസന്റെ അഭിജ്ഞാന ശാകുന്തളം യൂറോപ്യൻ സാഹിത്യത്തിലും ഷേക്സ്പിയറിന്റെയും ഖലീൽ ജിബ്രാന്റെയും മാർക്കേസിന്റേയുമൊക്കെ കൃതികൾ ഭാരതീയ സാഹിത്യത്തിലും ചർച്ച ചെയ്യപ്പെടുന്നത് സാഹിത്യം കാലദേശാതീതമായതുകൊണ്ടാണ്. ഈ യൂണിറ്റിലെ പാഠഭാഗങ്ങളും കാലാതീതമായ കാവ്യവിസ്മയങ്ങളാണ്.

**പാഠഭാഗങ്ങളിലൂടെ**

## ലക്ഷ്മണസാന്ത്വനം

എഴുത്തച്ഛൻ

എഴുത്തച്ഛന്റെ അധ്യാത്മരാമായണം കിളിപ്പാട്ടിൽനിന്നുമെടുത്ത അയോധ്യാകാണ്ഡത്തിലെ ഭാഗമാണ് ലക്ഷ്മണസാന്ത്വനം. കൈകേയിയുടെ നിർബന്ധത്തിനുവഴങ്ങി ദശരഥമഹാരാജാവിന് തന്റെ സീമന്തപുത്രനായ ശ്രീരാമനെ യുവരാജാവായി വാഴിക്കാൻ കഴിയുന്നില്ല. മാത്രമല്ല രാമന് പതിനാലുവർഷം വനവാസത്തിന് പോകേണ്ടിവരികയും ചെയ്യുന്നു. അച്ഛന്റെ വാക്കുമാനിച്ച് കാട്ടിലേക്കു പുറപ്പെടാനൊരുങ്ങുന്ന ശ്രീരാമൻ അമ്മ കൗസല്യയോടു യാത്ര ചോദിക്കാൻ അന്തഃപ്പുരത്തിലെത്തുമ്പോഴാണ് സഹോദരനായ ലക്ഷ്മണനെ കണ്ടുമുട്ടുന്നത്. അഭിഷേക വിഘ്നം ലക്ഷ്മണനെ

കോപാകുലനാക്കി. ജ്യേഷ്ഠനോടുള്ള സ്നേഹാധിക്യംകൊണ്ട് എന്തുവിലകൊടുത്തും ശ്രീരാമനെ യുവരാജാവായി വാഴിക്കുമെന്ന കടുത്ത നിലപാടിൽ ലക്ഷ്ണൻ ഉറച്ചുനിൽക്കുന്നു. ഈ അവസരത്തിൽ വികാരത്തിനടിമപ്പെട്ട ലക്ഷ്മണനോട് ശാന്തനായി, സ്നേഹവാത്സല്യത്തോടെ, സമചിത്തതയോടെ ഈ ലോകത്തിലെ സുഖഭോഗങ്ങളുടെ നിരർഥകതയേയും, മനുഷ്യരുടെ വിവേകശൂന്യതയേയും കോപംകൊണ്ടുണ്ടാകുന്ന ആപത്തുകളെയും സൂചിപ്പിച്ച് ലക്ഷ്മണനെ സാന്ത്വനപ്പെടുത്തുന്നു. അർത്ഥസമ്പുഷ്ടമായ തത്ത്വങ്ങൾകൊണ്ടുള്ള ശ്രീരാമന്റെ ഉപദേശം എഴുത്തച്ഛനെന്ന മഹാകവി കേരളീയ സമൂഹത്തെ ഉപദേശിക്കുന്നതുതന്നെയാണ്. വിദ്വേഷവും കോപവും വകതിരിവില്ലായ്മകൊണ്ടും എന്തക്രമവും ചെയ്തേക്കാമെന്ന കഠിനാവസ്ഥയിൽ ഹൃദയകാഠിന്യത്തെ മഞ്ഞുപോലെ ഉരുക്കുവാൻ പര്യാപ്തമായിരുന്നു ശ്രീരാമന്റെ ചിന്തകൾ. ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്കുള്ള പ്രവാഹമായ ഇത്തരം കാവ്യങ്ങൾ കാലത്തെ അതിവർത്തിക്കുന്ന ദർശനങ്ങൾക്ക് ഏത് പതിതഹൃദയനേയും സാന്ത്വനിപ്പിക്കുമെന്നതിൽ തർക്കമില്ല.

**ഓർമിക്കപ്പെടേണ്ട വരികൾ / പ്രയോഗങ്ങൾ / തത്വങ്ങൾ**

- ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
  വേഗേന നഷ്ടമാമായുസ്സുമോർക്കനീ
    - വഹ്നി സന്തപ്തലോഹസ്ഥാംബുബിന്ദുനാ
      സന്നിഭംമർത്ത്യജന്മം ക്ഷണഭംഗുരം
- ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം
  ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
  കാലാഹിനാപരിഗ്രസ്തമാം ലോകവും
  ആലോലചേതസാഭോഗങ്ങൾ തേടുന്നു.
- സംസാരകാരിണിയായതവിദ്യയും
  സംസാരനാശിനിയായതു വിദ്യയും
- ക്രോധമല്ലോ നിജധർമക്ഷയകരം
  ക്രോധം പരിത്യജിക്കേണം ബുധജനം
- ലക്ഷണമൊത്തവനാണ് ലക്ഷ്മണൻ
    - ലക്ഷണമെന്നത് രൂപസൗന്ദര്യത്തിനൊപ്പം സ്വഭാവ സൗന്ദര്യത്തിലുമുണ്ടാകേണ്ടതാണ്.
    - കോപത്തിനടിമപ്പെടുന്നവർക്ക് ഹൃദയത്തിൽ തട്ടുംവിധം നല്ല ഉപദേശങ്ങൾ നൽകണം.
    - ഉപദേശങ്ങൾക്ക് ഹൃദയദ്രവീകരണമുണ്ടാക്കാൻ കഴിയണം.

## പഠന പ്രവർത്തനങ്ങൾ

- ലക്ഷ്മണസാന്ത്വനം
- കാളിദാസൻ
- അമ്മ

**പ്രവർത്തനം 1**

**ചർച്ച / കുറിപ്പ്**

കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളു
ഇലകൾക്കും തത്തകൾക്കും
ഗൗളികൾക്കുമെന്നപോലെ

ലോകത്തിലുള്ള എഴുത്തുകാരുടെ രചനയ്ക്ക് ഒരേ ഭാഷയുള്ളുവെന്ന് കവി രേഖപ്പെടുത്തുന്നു.

**ചർച്ച**

ഇലകളുടെ മർമരം
തത്തകളുടെ കൊഞ്ചൽ
ഗൗളിയുടെ ചിലക്കൽ
ഇവ ലോകത്തെല്ലായിടത്തും ഒരുപോലെയാണോ ?
വികാരാവിഷ്കാരത്തിന് കവി
ഉപയോഗിക്കുന്ന ഭാഷ എപ്രകാരമുള്ളതാണ് ?
(ഒരേ ഭാഷ)

**ആരാണ് കവി**

- കവിഞ്ഞു കാണുവാൻ
- കാഴ്ചകളിൽനിന്ന് കാഴ്ചപ്പാടുകളിലേക്ക്

"അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതി
യഥാസ്മൈ രോചതേ വിശ്വം
തഥേദം പരിവർത്തതേ"
(അനന്തമായ ഈ കാവ്യലോകത്തിലെ
ഏക പ്രജാപതി കവിയാണ്
കവിയുടെ അഭിരുചിക്കനുസരിച്ച്
ഈ പ്രപഞ്ചം രൂപപ്പെടുന്നു.)

**ക്രോഡീകരണം**

കവിതയുടെ വികാരാവിഷ്കാരത്തിന്
സാർവലൗകികത്വമുണ്ട് - കവിതയുടെ
ഭാവതലവും സാർവലൗകികത്വമുള്ളതാണ്.

## പ്രവർത്തനം 2

### വിശകലനക്കുറിപ്പ്

സ്വന്തം ജനതയെ സ്നേഹിക്കുകകൊണ്ട്
അവർ എല്ലാ ജനതയേയും സ്നേഹിക്കുന്നു
സ്വന്തം മണ്ണിൽ വേരാഴ്ത്തുന്നതുകൊണ്ട്
എല്ലാ ആകാശത്തിലും പുഷ്പിക്കുന്നു
ഒരുവേദത്തിലും ഉറച്ചുപോകാത്തതുകൊണ്ട്
എല്ലാറ്റിന്റെയും നേരറിയുന്നു.

ചാർട്ടിംഗ്,
സാമാന്യാശയം
കണ്ടെത്തൽ

**ക്രോഡീകരണം**

- സ്നേഹത്തിന് സ്വജനതയെന്നോ ഇതര ജനതയെന്നോ ഇല്ല.
- മണ്ണും ആകാശവും സാർവലൗകികമാണ് സങ്കുചിതത്വം പാടില്ല.
- ഒരു വേദത്തിൽ മാത്രം ഉറച്ചുനിൽക്കരുത്.
- വസുധൈവകുടുംബകം/ലോകമേതറവാട്.

ശ്രേഷ്ഠമായ കൃതികളിൽ സാർവലൗകികത്വവും സ്നേഹവും സമചിത്തതയും സമന്വയിപ്പിക്കപ്പെട്ട മാനവികമൂല്യങ്ങൾ കാണാം.

## പ്രവർത്തനം 3 എ

### പ്രയോഗഭംഗി കണ്ടെത്തുക. - കുറിപ്പുകൾ തയ്യാറാക്കുക.

വത്സ സൗമിത്രേ കുമാര നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ

ശ്രീരാമൻ സഹോദരനായ ലക്ഷ്മണനെ സംബോധന ചെയ്തിരിക്കുന്ന പദങ്ങൾ ശ്രദ്ധിക്കുക. ഇത്രയധികം വാത്സല്യത്തോടെ സംബോധന ചെയ്തതിന്റെ ഔചത്യം കണ്ടെത്തുക.

**ലക്ഷ്മണന്റെ മനോഭാവം**

- മത്സര ബുദ്ധിക്കടിമപ്പെട്ടവൻ
- സമചിത്തത നഷ്ടപ്പെട്ടവൻ
- വൈകാരികമായി പ്രശ്നങ്ങളെ കാണുന്നവൻ

**സൂചനകൾ**

- വാത്സ്യമുള്ളവനേ
- കൗമാര പ്രായത്തിലുള്ളവനേ (കൗമാരത്തിന്റെ എടുത്തുചാട്ടം) സുമിത്രയുടെ പുത്രൻ (സുമിത്രയെപ്പോലെ ബഹുമാന്യയായ ഒരമ്മയുടെ മകൻ)
- ലളിതമായ ഭാഷയിൽ സ്നേഹ പൂർവ്വമായ സംബോധന
- സംബോധനയിലെ മിതത്വം

- മികച്ച കുറിപ്പുകൾ വായിക്കുക
- ക്രോഡീകരണം

## പ്രവർത്തനം 3

**പ്രയോഗഭംഗി കണ്ടെത്തുക.**

| |
|---|
| കാലാഹിനാപരിഗ്രസ്തമാം ലോകവു -<br>മാലോലാചേതസാ ഭോഗങ്ങൾ തേടുന്നു - BB ലഘുചർച്ച |

- വരികളുടെ പ്രത്യേകത ചർച്ചചെയ്ത് പ്രയോഗഭംഗി കണ്ടെത്തുന്നു

- കാലമാകുന്ന പാമ്പിനാൽ ചുറ്റപ്പെട്ട ലോകം
- കാലം പാമ്പ് തന്നെയാണ് വിശദാംശങ്ങൾ കണ്ടെത്തുക.
- വരികൾ വിശകലനം ചെയ്യുക.

## പ്രവർത്തനം 4

**കാവ്യഭംഗി / ചമൽക്കാരം മനസ്സിലാക്കുക**

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ

- വർണ്യ വസ്തു ?
- അവർണ്യ വസ്തു ?

സാദൃശ്യ കല്പന

സുഖഭോഗങ്ങളെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയത്?
ക്ഷണപ്രഭാ ചഞ്ചലമായതിനോട്
(ക്ഷണത്തിൽ പ്രഭചഞ്ചലിക്കുക)

**ക്രോഡീകരണം**

ക്ഷണപ്രഭയുടെ (കൊള്ളിമീൻ, ഇടിമിന്നൽ, വിദ്യുത്പ്രവാഹം) ക്ഷണികത നിമിഷനേരം മാത്രമേ ദർശിക്കാൻ കഴിയൂ. സുഖഭോഗങ്ങളും അത്രതന്നെ.

**4 ബി** വഹ്നി സന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ക്ഷണികമായ മനുഷ്യജന്മത്തെ (വർണ്യം)

ചുട്ടുപഴുത്ത ലോഹത്തിൽ വീഴുന്ന ഒരു തുള്ളി ജലത്തോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
ക്ഷണഭംഗുരമായ മർത്യജന്മം - വർണ്യം
വഹ്നിയിൽ സന്തപ്തമായ ലോഹസ്ഥാംബുബിന്ദു - അവർണ്യം

ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദൂരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാംലോകവു-
മാലോലചേതസാഭോഗങ്ങൾ തേടുന്നു.

- പാമ്പിന്റെ വായിൽ അകപ്പെട്ട തവള, മരണാസന്നമായ അവസ്ഥയിൽപോലും ഭക്ഷണം തേടാനായി ശ്രമിക്കുന്നു.
- അതുപോലെ കാലമാകുന്ന പാമ്പിനാൽ ചുറ്റപ്പെട്ടലോകവും ചഞ്ചലമായ മനസ്സോടെ സുഖഭോഗങ്ങൾക്കു പിന്നാലെ പോകുന്നു.

കാലമാകുന്ന പാമ്പ് രൂപകം
കാലമാകുന്ന പാമ്പിന്റെ വായിൽ
അകപ്പെട്ട് അസ്തമിക്കാൻ പോകുന്ന
ലോകജീവിതം (വർണ്യം)
പാമ്പിന്റെ വായിലകപ്പെട്ട തവള
ഭക്ഷണത്തിന്നപേക്ഷിക്കുന്നു (അവർണ്യം)

**ആശയസൗന്ദര്യം / ക്രോഡീകരണം**

- ഗഹനമായ ആശയത്തെ ഉദാഹരണങ്ങളിലൂടെ ലളിതമാക്കുന്നു.

4 ഡി

പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയ സംഗമം

- ചഞ്ചലമായ ആലയസംഗമത്തെ എന്തിനോടെല്ലാം സാദൃശ്യപ്പെടുത്തിയിരിക്കുന്നു ?
- സാദൃശ്യകല്പനയുടെ സൗന്ദര്യം വിശദമാക്കുക ?

4 ഇ സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും

- ആരൊരാളെൻ കുതിരയെക്കെട്ടുവാൻ
ആരൊരാളതിൻ മാർഗം മുടക്കുവാൻ

**പ്രവർത്തനം : 5**

**അടിയിൽ വരയിട്ട പദക്കൂട്ടങ്ങളുടെ ഭംഗികണ്ടെത്തുക.**

**പദച്ഛേർച്ച**

നന്നല്ല - നന്ന് + അല്ല
മത്സരാദ്യം
എന്നെക്കുറിച്ചുള്ള
ഭോഗങ്ങൾ
കാഷ്ഠങ്ങൾ
ജന്തുക്കൾ
ക്രോധമറിക്കെടോ

**പ്രവർത്തനം : 6**

**സമസ്തപദങ്ങളുടെ ചേർച്ച**

വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദു- വഹ്നി, സന്തപ്ത, ലോഹസ്ഥ, അംബു, ബിന്ദു.
പുത്രമിത്രാർഥ കളത്രാദിസംഗമം - പുത്ര, മിത്ര, അർഥ, കളത്രം, സംഗമം
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം - ത്വക്,മാംസ,രക്ത,അസ്ഥി,വിൺ,മൂത്ര,രേതസ്
കാമക്രോധലോഭമോഹാദികൾ - കാമ,ക്രോധ,ലോഭ,മോഹ തുടങ്ങിയവ
മാതാപിതൃഭ്രാതൃമിത്രസഖികൾ - മാതാ, പിതൃ, ഭ്രാതൃ,മിത്ര,സഖികൾ

**പ്രവർത്തനം : 7**

**വിഗ്രഹാർഥം**

| | | |
|---|---|---|
| ക്ഷണപ്രഭാചഞ്ചലം | - | ക്ഷണപ്രഭപോലെ ചഞ്ചലം |
| വാത്സല്യപൂരം | - | |
| വാഹ്നിസന്തപ്തം | - | |
| മർത്യജന്മം | - | |
| സ്വപ്നസമാനം | - | |
| ദേഹാഭിമാനം | - | |
| മനസ്താപം | - | |
| സംസാരബന്ധനം | - | |

**പ്രവർത്തനം : 8**

**ആസ്വാദനക്കുറിപ്പ് / താരതമ്യക്കുറിപ്പ്**

"ഭക്ഷിപ്പത്തിന്നുഗുഹപോലെ പിളർന്നു മുഖ-
മയ്യോ കൃതാന്തനിഹ പിമ്പേ നടന്നു മമ
എത്തുന്നു, ദർദ്ദൂര മുരത്തോടെ പിമ്പെയൊരു
സർപ്പം കണക്കെ ഹരിനാരായണായനമഃ"

(കൃതാന്തൻ - കാലൻ - കാലം)

(ഹരിനാമകീർത്തനം)

"ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദൂരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവു-
മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു."

- ഇരുശ്ലോകങ്ങളിലെയും ആശയം കണ്ടെത്തുക.
- അലങ്കാര കല്പനകൾ (മുമ്പ് സൂചിപ്പിച്ചിട്ടുണ്ട്) എങ്ങനെ അർത്ഥ സമ്പുഷ്ടമാകുന്നു?
- കാലമാകുന്ന പാമ്പ് എന്ന സൂചന ഇരുശ്ലോകങ്ങളിലും അന്വർഥമാകുന്നത് എങ്ങനെയാണ്?

**പ്രവർത്തനം : 9**

**ആസ്വാദനം തയ്യാറാക്കുക.**

"പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്ക്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു
മെത്രയും ചഞ്ചലമാലയ സംഗമം"

- പെരുവഴിയമ്പലത്തിലെ കൂട്ടായ്മകൾ എപ്രകാരമാണ് ?
  (അസ്ഥിരം, യാദൃശ്ചികം)
- നദിയിലൂടെ ഒഴുകുന്ന മരക്കഷണങ്ങളെ നിയന്ത്രിക്കുന്നത് എന്താണ്?
  (നദിയുടെ വേഗവും കാലാവസ്ഥയും)
  - ലളിതമായതത്വം - ഗഹനമായ ജീവിതാവിഷ്കാരം- ഭാഷാപരമായ പ്രത്യേകത - ആശയസമ്പുഷ്ടത)

**പ്രവർത്തനം : 10**

**ഉപന്യാസം തയ്യാറാക്കുക.**

കോപാക്രാന്തനായി, മുൻകോപത്തോടെ, സംഹാരഭാവത്തോടെ വന്ന ലക്ഷ്മണനെ ശ്രീരാമൻ സ്നേഹപൂർവ്വം മിതമായ രീതിയിൽ സംബോധന ചെയ്ത് പല തത്വങ്ങളിലൂടെ ഉപദേശിക്കുന്നത് കണ്ടല്ലോ.

(ആമുഖം : പ്രവർത്തനം : 3 മുതൽ)

ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്നതിലുപരി എഴുത്തച്ഛനെന്ന ആചാര്യൻ സമൂഹത്തെ ഉപദേശിക്കുകയാണോ?

- ലക്ഷ്മണ സാന്ത്വനം എന്ന കവിതയുടെ കേന്ദ്രാശയം കണ്ടെത്തിയിട്ടുണ്ട്.
- എഴുത്തച്ഛന്റെ തത്വങ്ങൾ മനസ്സിലാക്കുക
- സ്വന്തം നിരീക്ഷണങ്ങൾ രേഖപ്പെടുത്തണം
- വിഷയ ക്രമീകരണം
- ഉപസംഹാരം

**താരതമ്യക്കുറിപ്പ്**

കോപമാകുന്നതു വിത്തെന്നറിയണം
പാപമാകുന്ന മരാമരത്തിന്നെടോ

(മഹാഭാരതം)

കോപം അഗ്നിപോലെയാണ്. നാശമുണ്ടാക്കിയേ അത് അടങ്ങൂ....

(ഗാന്ധിജി)

മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്‌വരും
ക്രോധംമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലോ നിജധർമക്ഷയകരം
ക്രോധംപരിത്യജിക്കേണം ബുധജനം.

- കോപത്തെക്കുറിച്ച് മഹാഭാരതം കിളിപ്പാട്ടിൽ പറഞ്ഞിരിക്കുന്നതും, ഗാന്ധിജി പറഞ്ഞതുമായ കാര്യങ്ങൾ തിരിച്ചറിയുക.
- താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.
- ക്രോധം മൂലം നാശം ക്ഷണിച്ചു വരുത്തിയ മറ്റു സന്ദർഭങ്ങൾ പരിചയപ്പെടുത്തണം.

**പ്രവർത്തനം : 11**

**ലഘുപ്രഭാഷണം തയ്യാറാക്കുക.**

മനുഷ്യജീവിതത്തിൽ ക്രോധം വരുത്തിവയ്ക്കുന്ന വിനകൾ എന്തെല്ലാം ? സമകാലിക സംഭവങ്ങളുൾപ്പെടുത്തി സ്കൂൾ അസംബ്ലിയിൽ നടത്തുന്ന ലഘുപ്രഭാഷണം തയ്യാറാക്കുക.

- സംബോധന
- ആശയാവതരണം
- ഉള്ളടക്കത്തിന്റെ സമഗ്രത
- ഭാഷാശൈലി
- സ്വന്തമായ നിരീക്ഷണം

**താളം കണ്ടെത്തുക**

ജന്തുക്കൾ ഭക്ഷിച്ചുകാഷ്ഠിച്ചുപോകിലാം
വെന്തുവെണ്ണീറായ് ചമഞ്ഞുപോയീടിലാം

താഴെ പറയുന്നവയിൽ ഈ വരികളുടെ താളത്തിൽ ചൊല്ലാവുന്ന ഈരടികൾ കണ്ടെത്തുക.

കാലമല്ലാത്തൊരു കാലത്തുകണ്ടാലും
നീലവലാഹകൾ വന്നിതപ്പോൾ

സ്നേഹത്തിൽ നിന്നില്ലല്ലോ മറ്റൊന്നും ലഭിച്ചീടാൻ
സ്നേഹത്തിൻ ഫലം സ്നേഹം ജ്ഞാനത്തിൽ ഫലം ജ്ഞാനം } കേക

"പോയമധുവിധുക്കാലത്തിനേക്കാളു-
മിന്നു പ്രിയമുണ്ടെനിക്കു നിന്നോടെടോ"

- വരിയിൽ 12 അക്ഷരങ്ങൾ വീതം.
- ഒരേഘടനയിലുള്ള ഈരടികൾ

**കിളിപ്പാട്ട് അനുബന്ധം നോക്കുക** : എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിൽ ധാരാളമായി ഉപയോഗിച്ചിട്ടുള്ള ഈ വൃത്തം കാകളി എന്ന പേരിൽ അറിയപ്പെടുന്നു.

**ഒറ്റവാക്കിൽ ഉത്തരമെഴുതുക.**

- സ്വപ്നസമാനമായി എഴുത്തച്ഛൻ പറയുന്നതെന്ത് ?
- ദേഹംനിമിത്തം അഹംബുദ്ധികൈക്കൊണ്ടു ജന്തുക്കൾ നിരൂപിക്കുന്നതെന്ത് ?
- ദേഹാഭിമാനിക്ക് ദോഷങ്ങൾ വന്നുഭവിക്കാൻ കാരണമെന്ത് ?
- മോഹമാതാവ് ആര് ?
- സംസാരകാരിണി ആര് ?
- സംസാരനാശിനി ആര് ?
- മോക്ഷാർഥി ചെയ്യേണ്ടതെന്ത് ?
- മുക്തിക്കു വിഘ്നം വരുത്തുവാൻ ശക്തിയുള്ള വികാരം ഏത് ?
- ബുധജനം പരിത്യജിക്കേണ്ടത് എന്ത്?

## അനുബന്ധം

### കിളിപ്പാട്ടു പ്രസ്ഥാനം

കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവെന്ന നിലയിലാണ് എഴുത്തച്ഛൻ പരക്കെ അറിയപ്പെടുന്നത്. അദ്ദേഹത്തിന്റെ പ്രമുഖ കൃതികളെല്ലാംതന്നെ കിളിയെക്കൊണ്ട് കഥപറയിക്കുന്ന രീതിയിലാണ് രചിക്കപ്പെട്ടിരിക്കുന്നത്. കിളിയെക്കൊണ്ട് കഥപാടിക്കാൻ തയ്യാറായതിനെപ്പറ്റി രസാവഹങ്ങളായ നിരവധി അഭിപ്രായങ്ങൾ പ്രചാരത്തിലുണ്ട്.

- അറം എന്ന ദോഷം ബാധിക്കാതിരിക്കുന്നതിനുവേണ്ടിയത്രേ.
- വിദ്യാദേവതയായ സരസ്വതീദേവിയുടെ കൈയ്യിലുള്ള ലീലാശുകത്തെകൊണ്ടാണ് എഴുത്തച്ഛൻ പാടിക്കുന്നതത്രേ.
  (സരസ്വതിയുടെ തത്തകവിതാപാടുമ്പോൾ ആ കവിതയിലെ ദോഷങ്ങളൊന്നും ആരും ശ്രദ്ധിക്കുകയില്ലല്ലോ)
- തമിഴിലെ 'പൈങ്കിളിക്കണ്ണി', പരാപരക്കണ്ണി എന്നീ വൃത്തവിശേഷങ്ങളെ അവലംബിച്ചാണത്രേ.
- ശുകരൂപത്തിൽ ഭഗവാൻ എഴുത്തച്ഛന് പ്രത്യക്ഷമായി. അതുകൊണ്ടാണ് അദ്ദേഹം ശുകത്തെകൊണ്ട് കഥ പറയിപ്പിച്ചതത്രേ.
- കിളിമൊഴിയുടെ ലാളിത്യം, ഹൃദ്യത, സ്വരമാധുര്യം, സുകുമാരത എന്നിവ തന്റെ കവിതക്കുണ്ടാകണം എന്ന ആശയമായിരിക്കാം.
- സുകുമാർ അഴിക്കോട് പറയുന്നു – തന്റെ സർഗാത്മകതയുടെ പ്രതീകമത്രേ ശുകം.

### ഭാഷാരീതി

ഭാഷാവിഷയകമായി വലിയൊരു പരിവർത്തനം എഴുത്തച്ഛൻ ഭാഷയിൽ വരുത്തി. നമ്മുടെ ഭാഷ തമിഴിന്റെയും സംസ്കൃതത്തിന്റെയും ആധിപത്യത്തിൽ നിന്നും മോചനം നേടിവന്നതാണല്ലോ. പാട്ട് പ്രസ്ഥാന (മലയാളവും തമിഴും ചേർന്നത്) ത്തിൽ നിന്നും മണിപ്രവാള (മലയാളവും സംസ്കൃതവും) പ്രസ്ഥാനത്തിൽ നിന്നും തള്ളേണ്ടത് തള്ളിയും കൊള്ളേണ്ടത് കൊണ്ടും രൂപപ്പെടുത്തിയ ഒരു രീതിയാണ് എഴുത്തച്ഛന്റേത്.

- വിഭക്തി പ്രത്യയങ്ങളോടുകൂടിയ സംസ്കൃതപദങ്ങൾ ഉപയോഗിക്കുന്നു.
  ബിന്ദുനാ, കാലാഹിനാ, ചേതസാ, രോഷേണ നദ്യാം, ബ്രാഹ്മണോഹം, രേതസാം...
- നീ കേൾക്കണം – കേൾക്ക നീ
  നീ ഓർക്കണം – ഓർക്ക നീ
  നീ അറിയുക – അറികെടോ

## കാളിദാസൻ

ഡോ.എൻ.വി.കൃഷ്ണവാര്യർ.

കവി, പണ്ഡിതൻ, ഭാഷാ ശാസ്ത്രജ്ഞൻ, പത്രാധിപർ, അധ്യാപകൻ എന്നീ നിലകളിൽ പ്രസിദ്ധൻ. സ്വാതന്ത്ര്യസമരസേനാനി. കേന്ദ്ര കേരള സാഹിത്യ അക്കാദമി പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. സോവിയറ്റ് ലാന്റ് നെഹ്റു അവാർഡ് എന്നിവ ലഭിച്ചു.

പ്രധാന കൃതികൾ : കൊച്ചുതൊമ്മൻ, ഗാന്ധിയും ഗോഡ്സെയും, നീണ്ടകവിതകൾ, കാളിദാസന്റെ സിംഹാസനം, പുഴകൾ, രക്തസാക്ഷി, വള്ളത്തോളിന്റെ കാവ്യശില്പം, കലോത്സവം, പരിപ്രേക്ഷ്യം സമാകലനം (ലേഖനങ്ങൾ) അമേരിക്കയിലൂടെ, ഉണരുന്ന ഉത്തരേന്ത്യ, പുതിയ ചിന്ത സോവിയറ്റ് യൂണിയനിൽ (യാത്രാവിവരണം.)

ലോകപ്രശസ്തി ആർജിച്ച ഭാരതീയ മഹാകവിയാണ് കാളിദാസൻ. കാളിദാസനെയും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ചും കേട്ടിട്ടില്ലാത്തവരായി ആരുമില്ല. അദ്ദേഹത്തിന്റെ ഖണ്ഡകാവ്യം, സന്ദേശകാവ്യം, മഹാകാവ്യങ്ങൾ, നാടകങ്ങൾ എന്നിവയെക്കുറിച്ച് അടുത്തറിയാനും, കാളിദാസനെന്ന പ്രതിഭയെ മനസ്സിലാക്കാനുമുതകുന്നതാണ് എൻ.വി.കൃഷ്ണവാര്യരുടെ കാളിദാസ പഠനങ്ങൾ. പ്രകൃതിയും മനുഷ്യനുമായുള്ള ബന്ധം, പരസ്പരസ്നേഹത്തിന്റെ മഹിമ, സുഖഭോഗത്തേക്കാൾ സ്നേഹത്തിനുവേണ്ടി സ്വജീവൻപോലും വെടിയുവാനുള്ള സന്നദ്ധത, കാടും, നാടും, മലയും, സമുദ്രവും – പ്രകൃതിയുടെ എല്ലാ അവസ്ഥാവിശേഷങ്ങളും, മനുഷ്യജീവിതത്തിന്റെ ആർദ്രതയും അലിഞ്ഞുചേരുന്നു. കാളിദാസകൃതികൾ പരിചയപ്പെടാനും വായിക്കുവാനുമുള്ള പ്രേരണ ജനിപ്പിക്കുന്നതാണ് ഈ പാഠഭാഗം.

**വിക്രമാദിത്യസദസ്സിലെ പ്രതിഭകളായ നവരത്നങ്ങൾ**

- ധന്വന്തരി, ക്ഷപണകൻ, അമരസിംഹൻ
- ശങ്കു, വേതാള ഭട്ടൻ, ഘടകർപ്പരൻ
- വരാഹമിഹിരൻ, വരരുചി, കാളിദാസൻ

- ഭരതന്റെ നാട്യശാസ്ത്രത്തെക്കുറിച്ചുള്ള ധാരണയുണ്ടായിരുന്നു.
- കാളിദാസന്റെ ഭാഷാശൈലിയുടെ പേര് വൈദർഭി എന്നാണ്. ദേശാധിഷ്ഠിതമായി ശൈലിക്കു പേരിടുന്ന സംസ്കൃതരീതി.
- ബിംബാത്മകമായാണ് കാളിദാസൻ ഭാഷ ഉപയോഗിച്ചിട്ടുള്ളത്. ഗന്ധബിംബങ്ങളും ശബ്ദബിംബങ്ങളും അവിടെ പൂത്തുലഞ്ഞു.

## പഠന പ്രവർത്തനങ്ങൾ

### പ്രവർത്തനം 1

**വായന ആശയ സംഗ്രഹം / ലഘുക്കുറിപ്പ്**

എൻ.വി. കൃഷ്ണവാരിയരുടെ 'കാളിദാസൻ' എന്ന പാഠഭാഗത്ത് സൂചിപ്പിക്കുന്ന കാളിദാസ കൃതികളുടെ പരാമർശ ഭാഗങ്ങൾ അഞ്ച് ഗ്രൂപ്പുകൾക്ക് വായിക്കുവാൻ കൊടുക്കുന്നു.

| | | | |
|---|---|---|---|
| ഗ്രൂപ്പ് | 1. | ഋതുസംഹാരം | ആശയം |
| | 2. | മേഘസന്ദേശം | കഥാപാത്രങ്ങൾ |
| | 3. | കുമാരസംഭവം | വർണന |
| | 4. | രഘുവംശം | അലങ്കാരം |
| | 5. | ശാകുന്തളം | ജീവിതദർശനം |

### പ്രവർത്തനം 2

**വിശകലനക്കുറിപ്പുകൾ**

**ഗ്രൂപ്പ് : 1 – ഋതുസംഹാരം**

കാവ്യശകലങ്ങളിലെ വർണനകൾ ശ്രദ്ധിക്കുക.

ഊഷ്മതകൊണ്ടു വറട്ടിച്ചമച്ചങ്ങു
ഗ്രീഷ്മമായുള്ളൊരുകാലംവന്നു
താപംകൊണ്ടെല്ലാരും വേവുറ്റു കാവിലും
വ്യാപികാതീരത്തുമായ്ത്തുടങ്ങി.

– ഏത് ഋതുവിനെയാണ് കവി വർണിക്കുന്നത് ?
ഇതിന്റെ പ്രത്യേകതയെന്ത് ?
ചൂട് സഹിക്കാൻ കഴിയാതെ എല്ലാവരും എവിടേക്കാണ് പോയത്?

പാരിച്ചു നിന്നൊരു പേമഴതൂകീട്ടു
പാരിടമെങ്ങുമേ മുങ്ങിക്കൂടി
വർഷത്തെകണ്ടുള്ള കർഷകൻമാരെല്ലാം
ഹർഷത്തെ പൂണ്ടുതുടങ്ങീതെങ്ങും

– വർഷഋതുവിന്റെ പ്രത്യേകത.
കർഷകർ ഹർഷത്തെ പൂകാനുള്ള കാരണം എന്താണ്?

കാർമുകിൽമാലകൾ പോയൊരുനേരത്തു
തുമകലർന്ന ശരത്തുവന്നു
നീലിമ പൂണ്ടുള്ള മേഘങ്ങളെല്ലാമേ
ചാലെവെളുത്തു ചമഞ്ഞിതപ്പോൾ

– ശരത്കാല പ്രത്യേകത

| മേഘങ്ങൾ വെളുത്തു തുടങ്ങി വർണനയുടെ പ്രത്യേകത |
|---|

ശീതം തഴെച്ചൊരു ഹേമന്തകാലവു
മാമന്ദം പോന്നിങ്ങു വന്നുതപ്പോൾ
പാലാഴിത്തുവെള്ളം തൂകുന്ന പോലെ നൽ-
പ്രാലേയം തൂകിത്തുടങ്ങീതെങ്ങും

– ചെറുശ്ശേരി – ഋതുക്കളെ വർണ്ണിച്ചത് കണ്ടല്ലോ

| പ്രാലേയത്തെ എന്തിനോട് സാദൃശ്യപ്പെടുത്തി |
|---|

കാളിദാസന്റെ ഋതുവർണ്ണനയുടെ പ്രത്യേകതകൾ എന്തെല്ലാം ?

- **ഗ്രീഷ്മം**

കാമിനിമാർ രാവുകളിൽ വെൺമാടങ്ങളിൽ എത്തി സുഖമായുറങ്ങുന്നു. അവരുടെ മുഖദർശനത്തിൽ നാണം പൊറുക്കാനാവാത്തതിൽ ചന്ദ്രന്റെ മുഖം വിളറുന്നു.

- വെൺമാടങ്ങളിൽ കാമിനിമാർ വരാനുള്ള കാരണം.
- ചന്ദ്രന്റെ മുഖം വിളറാനുള്ള കാരണം.

- **വർഷവർണന**

മഴവിൽ, മിന്നൽക്കൊടി ഇവ ആഭരണങ്ങളായ മേഘങ്ങൾ മനോഹരമായ കുണ്ഡലം, അരഞ്ഞാൺ ഇവയോടുകൂടിയ സുന്ദരാംഗിമാരെപ്പോലെ വിരഹദുഃഖിതരുടെ ഹൃദയം വരിക്കുന്നു.

- മേഘത്തെ ആരോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്.
- സുന്ദരിമാരുടെ ഹൃദയത്തിന്റെ വിശേഷണം.

- **ശരദ്വർണ്ണനം**

രാത്രികുമാരിയെപ്പോലെ നാൾക്കുനാൾ വളർന്നു.
അവൾ നക്ഷത്രജാലമാകുന്ന സുവർണഭൂഷകൾ
അണിഞ്ഞ് മഴമുകിലിന്റെ മൂടുപടം നീക്കി
നറുതിങ്കൾ വദനത്തിൽ പുഞ്ചിരിവിരിഞ്ഞ്
തൂവെണ്ണിലാവുന്ന പട്ടുചേലയുടുത്തു.

(രാത്രിയാകുന്ന ശരത് സുന്ദരിയുടെ സുവർണ്ണ ഭൂഷകൾ പട്ടുചേല)

- **ഹേമന്തവർണനം**

ഒരു യുവസുന്ദരി പ്രഭാതത്തിൽ കരത്തിൽ പിടിച്ച വാൽക്കണ്ണാടിയിൽ നോക്കി വദനത്തിൽ ചായങ്ങൾ അണിയുന്നു. കാന്തൻ നുകർന്നപ്പോൾ പല്ലുപതിഞ്ഞു. പോറൽപറ്റിയ അധരങ്ങൾ വലിച്ചുനോക്കുന്നു.

- **ശിശിരവർണനം**

താംബൂലം കളഭലേപനങ്ങൾ ഇവയേന്തി പുഷ്പാസവത്താൽ മുഖം ഗന്ധഭരിതമാക്കി ധൂമപരിമളം നിറയുന്ന കിടപ്പറകളിലേക്ക് കാമിനിമാർ ഉത്സുകരായി കടന്നു ചെല്ലുന്നു. (ആസവം – തേൻ)

- **വസന്തവർണനം**

തേന്മാവിന്റെ ആസവും മോന്തി മദംപിടിച്ച ഇണയിൽ രാഗംവളർന്നു ആൺകുയിലുകൾ ചുംബനം നൽകുമ്പോൾ ചാടുവാക്യങ്ങൾ മുരണ്ട് താമരപ്പൂവിൽ വണ്ട് ഇണക്ക് പ്രിയമരുളുന്നു.

## പ്രവർത്തനം 3

**ചെറുശ്ശേരിയും കാളിദാസനും നടത്തിയ ഋതുവർണ്ണനകളുടെ സാദൃശ്യം മനസ്സിലാക്കുക.**

- ചെറുശ്ശേരി വ്യക്തികൾക്കും പ്രകൃതിക്കും ഋതുഭേദങ്ങൾ വരുത്തുന്നമാറ്റത്തിന് കവിതയിൽ പ്രാധാന്യം കൊടുക്കുന്നു.
- കാളിദാസൻ ഋതുക്കളെ കാമുകിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു.
- ഋതുഭേദം പ്രകൃതിയിൽ വരുത്തുന്ന മാറ്റങ്ങൾ മനുഷ്യമനസ്സിലുണ്ടാകുന്ന സുഖതൃഷ്ണകൾ....
- സൂക്ഷ്മ നിരീക്ഷണം.

കാലാവസ്ഥാ മാറ്റം
പ്രകൃതിയിൽ ഉണ്ടാകുന്ന
പരിവർത്തനങ്ങൾ മനുഷ്യമനസ്സിലെ
ആഗ്രഹങ്ങളിൽ എന്തൊക്കെ മാറ്റങ്ങളാണ്
ഉണ്ടാകുന്നത്.

ഋതുസംഹാരത്തെക്കുറിച്ച്
- ഋതുവർണ്ണനാകാവ്യം
- കാമുകന്റെ കലണ്ടർ

എന്ന്, പ്രൊ.എം.പി.ശങ്കുണ്ണി നായർ
വിശേഷിപ്പിക്കുന്നു.

### ഗ്രൂപ്പ് : 2 – മേഘസന്ദേശം

കുബേരന്റെ ആശ്രിതനായ യക്ഷൻ വിവാഹനന്തരം കാമിനീസുഖാസക്തിയിൽ മുഴുകി കൃത്യവിലോപംവരുത്തിയതിൽ ദേഷ്യം പൂണ്ട കുബേരൻ യക്ഷനെ അളകാപുരിയിൽ നിന്നും വിന്ധ്യാപർവത പ്രദേശത്തെ രാമഗിരിയിലേക്ക് നാടുകടത്തുന്നു. ഭാര്യയെ പിരിഞ്ഞ യക്ഷൻ ഒരു വർഷം താമസിക്കേണ്ടി വരുന്നു. പ്രിയപ്പെട്ടവളെ പിരിഞ്ഞതുകൊണ്ട് യക്ഷന്റെ മനസ്സിൽ വെമ്പലും വേദനയും വിരഹദുഃഖവും.... എന്തു ചെയ്യണമെന്നറിയാതെ വികാരവിക്ഷുബ്ധനായി നിൽക്കുമ്പോഴാണ്.... ആഷാഢ മാസത്തിൽ കാർമേഘങ്ങൾ ഉയർന്നുവരുന്നത് കണ്ടത് ! സുഖമായിരിക്കുന്നവർക്ക് കൂടി പുതുമേഘങ്ങളെ കാണുമ്പോൾ മനസ്സിന് ഒരു വല്ലായ്മ തോന്നും... അങ്ങനെയെങ്കിൽ വിരഹ ദുഃഖിതനെ മേഘം എങ്ങനെയെല്ലാം ദുഃഖിതനാക്കും....! വിന്ധ്യാപർവതത്തിന്റെ താഴ്വരയെ തഴുകിയെത്തുന്ന മേഘങ്ങളെ കണ്ടകാഴ്ച കാളിദാസഭാവനകളുടെയും മനോഭാവങ്ങളുടേയും അതിസൂക്ഷ്മനിരീക്ഷണമാണ്. യക്ഷൻ കാളിദാസൻ തന്നെയോയെന്നുപോലും ചിന്തിച്ചുപോവും.

## പ്രവർത്തനം 4

**പ്രയോഗഭംഗി കണ്ടെത്തുക. / ചമൽക്കാരം**

കൊമ്പുകുത്തിക്കളിക്കാനൊരുമ്പെടും
കൊമ്പനാനപോൽ
കാണാനഴകുമായ്
താഴ്വരയെതഴുകിവന്നെ–
ത്തിടും കാർമുകിലിനെ
കണ്ടതാക്കാമുകൻ

(മേഘച്ഛായ – ജി. ശങ്കരക്കുറുപ്പ്)

- താഴ്‌വരയെ തഴുകിവന്നെത്തുന്ന കാർമുകിലിനെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- കൊമ്പുകുത്തിക്കളിയിൽ മുഴുകിടുന്ന കൊമ്പനാനയോട്.

  കൊമ്പനാനയുടെ വിശേഷണം

  - സ്വൈര്യവിഹാരം
  - കാമതൃഷ്ണകളുടെ പ്രകടനം
  - സ്വാതന്ത്ര്യം ആസ്വദിക്കുന്നു.
- ഈ ഒരാശയത്തെ കൃഷ്ണവാരിയർ ആവിഷ്കരിക്കുന്നതെങ്ങനെ ?

  " മലയിൽ വരപായുന്ന ആനയെപോലെ"

  'വരപായുക' - ഉഗ്രമായി ഓടുക

  ലൈംഗിക തൃഷ്ണയോടുകൂടി

  ഇണയുടെ പിൻപേ ഓടുക.

  (മേഘം മണൽത്തിട്ടിൽ കൊമ്പുകുത്തി കളിക്കുന്ന ആനയുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടു.)
- പുതുമേഘമാവുന്ന കൊമ്പനാനയെകണ്ടപ്പോൾ യക്ഷന് തോന്നിയ വികാരമെന്ത് ?

  ബംഗാൾ ഉൾക്കടലിൽ നിന്നും രൂപംപ്രാപിച്ച് ഹിമാലയത്തിനപ്പുറമുള്ള അളകവരെ പോകുന്ന മേഘം വഴി കാമിനിക്ക് സന്ദേശം കൊടുത്തയച്ചാലോ.
- ശീർഷകത്തിന്റെ ഔചിത്യം കണ്ടെത്തുക.

**മേഘസന്ദേശം**

മേഘത്തിന്റെ കൈവശം സന്ദേശം കൊടുത്തിവിടാനുള്ള കാരണം - വിശകലനം ചെയ്യുക.

കാമാർത്തിപൂണ്ട് നിൽക്കുന്ന വ്യക്തിക്ക് ചേതനയുള്ളതേത് അചേതനമേത് എന്നതിരിച്ചറിവ് നഷ്ടപ്പെടുന്നു.

(കാമാർത്താഹി പ്രകൃതി കൃപാണാചേതനാ ചേതനേഷു)

**ലഘുപന്യാസം തയ്യാറാക്കുക.**

ശാശ്വതവിരഹബോധമനുഭവിക്കുന്നവരുടെ സന്ദേശമാണ് മേഘ സന്ദേശം.

ഈ പ്രപഞ്ചത്തിൽ
വിരഹദുഃഖം അനുഭവിക്കുന്നവരുടെ
സകലരുടേയും സന്ദേശമാണ്
മേഘസന്ദേശം - ടാഗോർ

**സൂചനകൾ**

ആമുഖം
കഥാശയം
പ്രയോഗഭംഗി
സന്ദേശമെഴുതാനുള്ള കാരണം
സന്ദേശംകൊടുത്തുവിട്ട
മാനസികാവസ്ഥ
ഉപസംഹാരം

## ഗ്രൂപ്പ് : 3 – കുമാരസംഭവം

പാർവതീപരമേശ്വരൻമാരുടെ പ്രണയമാണ് കുമാരസംഭവത്തിലെ കഥ. ദേവതാത്മാവായ ഹിമവാന് പാർവതി മകളായി പിറന്നു. തന്റെ പത്നിയായ സതിയുടെ ദേഹവിയോഗത്തിൽ ദുഃഖിതനായ പരമശിവൻ ഹിമാലയ പാർശ്വത്തിൽ തപസ്സുചെയ്യുകയായിരുന്നു. ശിവനെ ഗൃഹസ്ഥാശ്രമത്തിലേക്കു തിരികെ കൊണ്ടുവരാൻ ദേവേന്ദ്രൻ കാമദേവനെ ഹിമാലയത്തിലേക്കയച്ചു. അംഗലാവണ്യംകൊണ്ട് കാമദേവന്റെ സഹായത്തോടെ നേടാൻ കഴിയാതിരുന്ന ശിവപ്രേമം പാർവതി കഠിനമായ തപസ്സിലൂടെ നേടിയെടുക്കാൻ ശ്രമിച്ചു. കഠിനതപസ്സിൽ മനസ്സലിഞ്ഞ ശിവൻ പാർവതിയെ വേഷപ്രച്ഛന്നനായി പലവിധത്തിൽ പരീക്ഷിക്കുകയും തന്നിൽ അചഞ്ചല പ്രണയമാണന്നറിഞ്ഞ് അവളെ വിവാഹം കഴിക്കുകയും ചെയ്യുന്നു.

ഭോഗത്തിലല്ല
ത്യാഗത്തിലാണ്
സ്നേഹത്തിന്റെ
പരിപൂർണത

- പാർവതിക്ക് ശിവനോടുള്ള പ്രണയം.
- വസന്തപുഷ്പാഭരണങ്ങളണിഞ്ഞു പൂർണയൗവനയായ പാർവതി ശിവനെ ആകർഷിക്കാൻ പരിശ്രമിച്ചു.
- പരാജയപ്പെട്ട പാർവ്വതി കഠിനതപസ്സ് ചെയ്യുന്നു. – ശിവനെ പ്രീതിപ്പെടുത്തുന്നു.

### പ്രവർത്തനം 5

**ചമൽക്കാരഭംഗി കണ്ടെത്തുക.**

പാർവതിയുടെ മുമ്പിൽ വേഷപ്രച്ഛന്നനായി വന്ന ശിവൻ യഥാർത്ഥരൂപം പ്രത്യക്ഷപ്പെടുത്തിയപ്പോൾ പാർവതിക്കുണ്ടായ മനോവികാരത്തെ കവി ആവിഷ്കരിച്ചിരിക്കുന്ന ശ്ലോകം ശ്രദ്ധിക്കുക.

"അദ്ദേവനെ സപദി പാർത്തു വിയർത്തുകൊണ്ടു
നീങ്ങാനെടുത്തൊരടി യൂഴിയിലൂന്നിടാതെ
കുന്നിൽത്തടഞ്ഞ പുഴപോലെ കുഴങ്ങിമധ്യേനിന്നില്ല
കന്നൽമിഴിയൊട്ടു നടന്നുമില്ല."

(പാർവതിയെന്ന വർണ്യവസ്തുവിന് പുഴയോടും
ശിവനെന്ന വർണ്യവസ്തുവിന് കുന്നിനോടും സാദൃശ്യം ഉണ്ട് )

### പ്രവർത്തനം 6

**കാവ്യഭംഗി മനസ്സിലാക്കുക.**

ശിവന്റെ മുന്നിൽ നിന്ന് യാത്രയാകാൻ കഴിയാത്ത പാർവതിയെന്നപുഴ ശിവനെന്ന കുന്നിൽ ത്തട്ടി തടഞ്ഞു നിൽക്കുന്നു.

'സ്നേഹസാരമിഹ സത്യമേകമാം'
"സ്നേഹം വൈകാരിക അനുഭൂതിയല്ല"
ത്യാഗത്തിലാണ് സ്നേഹം കുടികൊള്ളുന്നത്
കുമാരസംഭവത്തിലെ പാർവതി എന്ന കഥാപാത്രത്തെ വിലയിരുത്തി ലഘുകുറിപ്പ് തയ്യാറാക്കുക.

- വെറും ശരീരലാവണ്യംകൊണ്ട് പാർവതിക്ക് പരമേശ്വര സ്നേഹം നേടാൻ കഴിഞ്ഞോ ?
- അതിനായി അവൾ എന്തു ചെയ്തു ?
- പരസ്പരസ്നേഹത്തിന്റെ മഹിമയാണ് കാളിദാസ കൃതികളിലുള്ളത്.

## ഗ്രൂപ്പ് : 4 – രഘുവംശം

**കേന്ദ്രാശയം**

സൂര്യവംശരാജാക്കന്മാരുടെ കഥയാണ് രഘുവംശം. ദിലീപൻ മുതൽ അഗ്നിവർണൻ വരെയുള്ള മുപ്പത് സൂര്യരാജാക്കന്മാരുടെ ചരിത്രമാണിതിൽ ഉൾക്കൊള്ളുന്നത്. ദിലീപ മഹാരാജാവിന്റെ തപശ്ചര്യയുടെ ഫലമായിട്ടാണ് സൂര്യവംശത്തിലെ ഏറ്റവും മഹാനായ രാജാവ് രഘു പിറന്നത്.

രഘുവംശം ആറാം സർഗത്തിലെ ഇന്ദുമതീസ്വയംവരവർണന മികവുറ്റ ഉപമാലങ്കാരത്തിന് ദൃഷ്ടാന്തമാണ്.

### പ്രവർത്തനം 7

**ചമൽക്കാരം / കാവ്യഭംഗി കണ്ടെത്തൽ**

സഞ്ചാരിണീ ദീപശിഖേവരാത്രൗ
യംയംവ്യതിയായ പതിംവരാസാ
നരേന്ദ്രമാർഗ ഇവ പ്രപേംദ
വിപർണഭാവം സസഭൂമിപാല

(സഞ്ചാരിണീ ദീപശിഖ ഏവ രാത്രൗ
രാത്രിയിൽ സഞ്ചിരിക്കുന്ന ദീപശിഖ എന്നപോലെ
പതിവരസാ – പതിയെ വരിക്കാൻ ഒരുങ്ങിയവൾ
യയം – ആരെ
വ്യതിയായ – മറികടന്നുവോ)

- ഇന്ദുമതി സ്വയംവരമാല്യവുമായി രാജാക്കൻമാരുടെ മുന്നിലൂടെ നടന്നു നീങ്ങുന്നതിനെ.
- രാത്രിയിൽ കടന്നുപോകുന്ന ദീപശിഖ (വിളക്കിന്റെ നാളം) യോട് സാദൃശ്യപ്പെടുത്തി.

രാത്രിയിൽ സഞ്ചരിക്കുന്ന ദീപശിഖ : ഏതേത് മാളികയുടെ മുന്നിലെത്തുന്നുവോ അതിനെ പ്രകാശമാനമാക്കും കടന്നുപോകുമ്പോൾ ഒളിമങ്ങുന്നു. അതുപോലെ സ്വയംവര സദസ്സിലൂടെ നടന്നുനീങ്ങുന്ന ഇന്ദുമതി രാജാക്കൻമാർക്ക് പ്രതീക്ഷ നൽകി നിരാശപ്പെടുത്തുന്നു.

### പ്രവർത്തനം 8

**ചമൽക്കാരം ഭംഗി കണ്ടെത്തൽ**

ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
നടുങ്ങീരാജാക്കൻമാരുരഗങ്ങളെപ്പോലെ
മൈഥിലിമയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ
കൗതുകമുണ്ടായ്‌വന്നു ചേതസികൗശികനും

മഹാ കവികളുടെ ഉപമകൾ
സാദൃശ്യം കണ്ടെത്തൽ മാത്രമല്ല
ആസന്ദർഭത്തിന്റെ ആകെ സൗന്ദര്യം
പ്രതിഫലിപ്പിക്കുന്ന ഭാവനാവ്യാപരമാണ്

- കാവ്യസന്ദർഭം
- വില്ല്മുറിഞ്ഞ ഒച്ചയെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയത്?
- രാജാക്കന്മാർ നടുങ്ങിയതിനെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയത്?
- മൈഥിലിയുടെ സന്തോഷത്തെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയത്? (മയിൽപ്പേട-പീലി വിടർത്തി ആടാറില്ല സന്തോഷം ഉള്ളിലൊതുക്കാറേയുള്ളൂ)

## ഗ്രൂപ്പ് : 5 – ശാകുന്തളം

**കഥാശയം – ചർച്ച**

കാളിദാസന്റെ ഭാവനയും പ്രാപഞ്ചികബോധവും പ്രഥമാനുരാഗത്തിന്റെ വീഴ്ചകളും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധവും ഉദാത്തമായി മാതൃകപ്രകാശിപ്പിക്കുന്ന ഭാരതീയ നാടകങ്ങളുടെ മുന്നണിയിൽ നിൽക്കുന്നതാണ് അഭിജ്ഞാന ശാകുന്തളം എന്ന നാടകം. പൗരവരാജാവായ ദുഷ്യന്തൻ നായാട്ടിനു കാട്ടിൽ ചെന്നപ്പോൾ കണ്വാശ്രമത്തിൽ വെച്ച് കണ്വമഹർഷിയുടെ വളർത്തുപുത്രിയായ ശകുന്തളയെ കണ്ടുമുട്ടുന്നു. അതിസുന്ദരിയായ അവളെ ഗാന്ധർവവിധി പ്രകാരം പരിണയിച്ചു. വഴിയെ ആളയാക്കാമെന്നു പറഞ്ഞു ദുഷ്ഷന്തൻ തിരികെ പോയി. കൂട്ടികൊണ്ടുപോകാൻ രാജാവ് വരാത്തതിനാൽ ഗർഭിണിയായ ശകുന്തളയെ കണ്വമഹർഷി രാജധാനിയിലേക്കയക്കുന്നു. രാജാവ് അവരെ തിരസ്കരിക്കുന്നു. ഒടുവിൽ പല വർഷങ്ങൾക്കു ശേഷം കശ്യപമുനിയുടെ ആശ്രമത്തിൽ വെച്ച് പുത്രനോടൊപ്പം സന്യാസ ജീവിതം നയിച്ചുവന്ന അവളെ ദുഷ്ഷന്തൻ കണ്ടെത്തി ക്ഷമായാചനം ചെയ്ത് അവളെ തന്റെ പട്ടമഹിഷിയായി വീണ്ടും വരിച്ചു.

- ശാകുന്തളത്തിൽ തെളിയുന്ന മനുഷ്യരുടേയും പ്രകൃതിയുടെയും അനുഭൂതി ചിത്രങ്ങൾ ചർച്ച ചെയ്യുക.

ജീവിതത്തിന്റെ
ഭാഗ്യനിർഭാഗ്യങ്ങൾ
സുഖദുഃഖങ്ങൾ

- ആശ്രമത്തിന്റെ അഴക്
- നഗരത്തിന്റെ പകിട്ടും പ്രൗഢിയും
- പ്രഥമപ്രണയത്തിന്റെ വിലാസഭംഗികൾ
- പ്രൗഢസ്നേഹത്തിന്റെ ക്ഷമ, ത്യാഗം
- ക്രോധത്തിന്റെ ആളിക്കത്തൽ

**പ്രവർത്തനം 9**

**കണ്ടെത്തൽ**

ശാകുന്തളം എന്ന നാടകത്തിന്റെ ഇതിവൃത്തം മഹാഭാരത്തിൽ നിന്നും എടുത്തതാണല്ലോ. ജീവിതത്തിന്റെ വിഭിന്നമുഖങ്ങളെ കൃഷ്ണവാരിയർ അവതരിപ്പിക്കുന്നതെങ്ങനെയെന്ന് കണ്ടെത്തുക.

**ഗ്രാമീണ സംസ്കൃതി :**

- ആശ്രമത്തിന്റെ അഴക് പരിശുദ്ധി
- പ്രഥമ പ്രണയത്തിന്റെ വിലാസങ്ങൾ
- അപാരമായ ഔദാര്യത്തിന്റെ ശീതളിമ

**നാഗരിക സംസ്കൃതി**

- നഗരത്തിന്റെ പകിട്ടും പ്രൗഢിയും
- പ്രൗഢപ്രണയത്തിന്റെ ക്ഷമ
- ക്രോധത്തിന്റെ ആളിക്കത്തൽ

## പ്രവർത്തനം 10

**ക്രിയാനാമങ്ങൾ കണ്ടെത്തൽ**

- കാളിദാസന്റെ ഭാവന തെളിഞ്ഞു പ്രകാശിക്കുന്നത് ശാകുന്തളത്തിന്റെ രചനയിലാണ്.
- ചങ്ങമ്പുഴ കൃതികളിലെ പ്രകൃതിയെ വർണിക്കൽ വളരെ മനോഹരമാണ്.
- അടിവരയിട്ട പദങ്ങൾ ക്രിയാപദങ്ങളാണ്. (പ്രവൃത്തിയെകുറിക്കുന്ന പദമാണ് ക്രിയ)
- പ്രകാശിക്കുക എന്ന ക്രിയയിൽ നിന്നും രൂപപ്പെടുത്താവുന്ന നാമമാണ് പ്രകാശം.

| | | |
|---|---|---|
| വർണിക്കൽ | - | വർണന |
| തർക്കിക്കൽ | - | തർക്കം |
| ഓടിക്കൽ | - | |
| ചാടിക്കൽ | - | |

**പദച്ചേരുവ**

| | | |
|---|---|---|
| രണ്ടഭിപ്രായം | - | രണ്ട് + അഭിപ്രായം |
| ഏതെന്ന | - | ഏത് + എന്ന |

**വിഗ്രഹാർഥം കണ്ടെത്തുക.**

| | | |
|---|---|---|
| നവരത്നങ്ങൾ | - | ഒൻപത് രത്നങ്ങൾ |
| മഹാകാവ്യങ്ങൾ | - | മഹത്തായ കാവ്യങ്ങൾ |
| ദുർലഭം | - | ലഭിക്കാൻ പ്രയാസമായവ |
| ആനപോലെ | - | ആനയെപോലെ |

**കണ്ടെത്തുക**

- എൻ. വി. കൃഷ്ണവാരിയർ കാളിദാസനെ ഉപമിക്കുന്നത് എന്തിനോടാണ് ?
- ഹിമാലയവും കാളിദാസനും സമന്മാരാവുന്നതെങ്ങനെയെല്ലാമാണ് ?
- കാളിദാസകൃതികളിലെ പ്രതിപാദ്യം ?
- അമിതമായ സുഖാനുഭൂതികളിൽ മുഴുകി ക്ഷയരോഗ ബാധിതനായി മരിച്ച രഘുവംശ രാജാവ്?
- കാളിദാസന്റെ കാലഘട്ടത്തിലെ രാഷ്ട്രീയസ്ഥിതികളെ ഹാസ്യഗർഭിതമായ രീതിയിൽ ഉൾക്കൊള്ളിച്ച നാടകം ?
- കാളിദാസൻ എഴുതിയ ഗീതപ്രധാനമായ നാടകം.
- ഭൂമിയും സ്വർഗവും ഒറ്റവാക്കിലടക്കണമോ - ഞാൻ പറയാം... ശാകുന്തളം അതിൽ എല്ലാം അടങ്ങിയിരിക്കുന്നു - ആരുടെ അഭിപ്രായമാണിത്?

**കാളിദാസകൃതികൾ ഒറ്റ നോട്ടത്തിൽ**

| കൃതികൾ | സാഹിത്യവിഭാഗം | പ്രമേയം |
|---|---|---|
| ഋതുസംഹാരം | ഖണ്ഡകാവ്യം | ഗ്രീഷ്മം, വർഷം,ശരത്,ഹേമന്തം,ശിശിരം, വസന്തം തുടങ്ങിയ ആറ് ഋതുക്കളെ വർണിക്കുന്ന കാവ്യം. |
| മേഘസന്ദേശം | സന്ദേശകാവ്യം | അളകാപുരിയിൽനിന്നും രാമഗിരിയിലേക്ക് നാടുകടത്തപ്പെട്ട യക്ഷൻ വിരഹദുഃഖത്താൽ മേഘത്തിലൂടെ സന്ദേശം അയക്കുന്നു. |
| കുമാരസംഭവം | മഹാകാവ്യം | പാർവതി ശിവനെ ഭർത്താവായി ലഭിക്കാൻ കഠിനതപസ്സ് അനുഷ്ഠിക്കുന്നതും ശിവനെ ഭർത്താവായി ലഭിക്കുന്നതും. |
| വിക്രമോർവശീയം | ഗീതപ്രധാനമായ നാടകം | ഉർവശിയുടേയും പുരൂരവസ്സിന്റേയും ജീവിതം. |
| അഭിജ്ഞാനശാകുന്തളം | നാടകം | ശകുന്തളാദുഷ്യന്തൻമാരുടെ ജീവിതം. |
| രഘുവംശം | മഹാകാവ്യം | സൂര്യവംശത്തിലെ ദിലീപൻ മുതൽ അഗ്നി വർണൻ വരെയുള്ള രാജാക്കന്മാരുടെ ജീവിതം വർണിക്കുന്ന കാവ്യം. |

**അമ്മ**

വൈക്കം മുഹമ്മദ് ബഷീർ

ബേപ്പൂർ സുൽത്താൻ എന്നു വിളിക്കപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ ജീവിതാനുഭവങ്ങൾക്ക് കഥാസാക്ഷാൽക്കാരം നടത്തിയ സാഹിത്യകാരനാണ്. 1930-ൽ കോഴിക്കോട്ട് ഉപ്പു സത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. ആദ്യം പ്രഭ എന്ന തൂലികാ നാമത്തിലാണ് കൃതികൾ രചിച്ചിരുന്നത്. കുറെ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞു നടന്നു.

പത്മശ്രീ, കേന്ദ്ര-കേരള സാഹിത്യ അക്കാദമിപുരസ്കാരങ്ങൾ, ലളിതാംബിക അന്തർജനം അവാർഡ്, മുട്ടത്തുവർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം തുടങ്ങിയ ബഹുമതികൾ ലഭിച്ചിട്ടുണ്ട്.

പ്രധാനകൃതികൾ : പ്രേമലേഖനം, ബാല്യകാലസഖി, ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്, ആനവാരിയും പൊൻകുരിശും, പാത്തുമ്മയുടെ ആട്, മതിലുകൾ, സ്ഥലത്തെ പ്രധാനദിവ്യൻ, മരണത്തിന്റെ നിഴലിൽ, മുച്ചീട്ടു കളിക്കാരന്റെ മകൾ, ജീവിത നിഴൽപ്പാടുകൾ, താരാസ്പെഷ്യൽസ്, മാന്ത്രികപ്പൂച്ച, ശബ്ദങ്ങൾ (നോവൽ), ഭൂമിയുടെ അവകാശികൾ, വിശ്വവിഖ്യാതമായ മൂക്ക്, കഥാബീജം, ജന്മദിനം, ഓർമക്കുറിപ്പ്, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, നേരും നുണയും, ഓർമയുടെ അറകൾ, ആനപ്പൂട, ചിരിപ്പിക്കുന്ന മരപ്പാവ, ശിങ്കിടിമുങ്കൻ, യാ ഇലാഹി, നൂറു രൂപാ നോട്ട്.

## അമ്മ

'അമ്മ' കഥയും ആത്മകഥയും ചരിത്രവും ദേശാഭിമാനവും സമന്വയിപ്പിക്കപ്പെട്ട കൃതിയാണ്. സ്വന്തം ജീവിതം സ്വന്തം ഭാഷയിലെഴുതി മലയാളകഥയുടെ സുൽത്താനായിത്തീർന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ ഓർമക്കുറിപ്പിൽ നിന്നെടുത്ത ഒരു അനുഭവകഥയാണ് അമ്മ. ദേശസ്നേഹവും മാതൃസ്നേഹവും തുല്യശക്തിയിൽ നിറഞ്ഞുനിൽക്കുന്ന ഈ കഥ ഏറെ പ്രശസ്തമാണ്. ബഷീറിന്റെ വിദ്യാർഥി ജീവിതവും, സ്വാതന്ത്ര്യസമരത്തിന്റെ വീരഗാഥകളും, അമ്മയെക്കുറിച്ചുള്ള നിരീക്ഷണങ്ങളും എല്ലാമടങ്ങുന്ന 'അമ്മ' ബഷീറിന്റെ ആത്മകഥയായിത്തന്നെ വായിക്കാം. അമ്മയുടെ കത്തിൽ നിന്നാരംഭിച്ച് ഓർമയിലൂടെ അമ്മയിലേക്കും ഗാന്ധിജിയിലേക്കും ഉപ്പുസത്യാഗ്രഹ സമരകാലത്തെ അനുഭവങ്ങളിലേക്കും പ്രവഹിച്ച് ഒടുവിൽ അമ്മയുടെ കത്തിലേക്കുതന്നെ തിരിച്ചെത്തുന്ന അന്യാദൃശമായ കഥനശൈലികൊണ്ട് ബഷീർ നമ്മെ വിസ്മയിപ്പിക്കുന്നു. മാതാവിന്റെയും മാതൃഭൂമിയുടെയും മഹത്ത്വം തിരിച്ചറിയാനും സാമൂഹികവും വ്യക്തിപരവുമായ കടമകൾ നിർവഹിക്കാനുമുള്ള മൂല്യബോധം ഉറപ്പിക്കാൻ ഈ കഥസഹായകമാവും. ബഷീർ ശൈലിയുടെ പ്രത്യേകതയും തനിമയും പരിചയപ്പെടാനും അനുഭവങ്ങളെ ശക്തമായ ഭാഷയിൽ എങ്ങനെ അവതരിപ്പിക്കാം എന്ന് മനസ്സിലാക്കാനും ഈ പാഠം സഹായകമാണ്.

### ഓർമിക്കപ്പെടേണ്ട കഥാസന്ദർഭങ്ങൾ / പ്രയോഗങ്ങൾ

- "മകനേ ഞങ്ങക്കു നിന്നെ ഒന്നു കാണണം"
- മോഹൻദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യൻ കാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടത്....
- പക്ഷേ..... ഇന്ത്യ എന്റെ അമ്മയല്ലേ ? എന്നെ പ്രസവിച്ച എന്റെ അമ്മ....
- "മനസ്സിനെയും ശരീരത്തേയും വീർപ്പുമുട്ടിക്കുന്ന ഉന്നത പ്രാകാരങ്ങളോടുകൂടിയ ഭയങ്കര കാരാഗാരമാണ് ഇന്ത്യ"
- "അവിടെ നിന്റെ ആരാ ഉള്ളത് ? അദ്ദേഹം നീണ്ടുനിവർന്ന് 'പടപടോന്ന്' ഒരാറെണ്ണം എന്റെ കൈവെള്ളയിൽ ഇനി പോകരുത്. മനസ്സിലായോടാ?"
- കാന്തിക്ക് എവിടെ കിട്ടിയെടാ ഈ ചാക്കുപോലത്തെ പുഷ്ക്കടിമുണ്ട് ?
- ....അമ്മ ഒന്നും അറിഞ്ഞിരുന്നില്ല.... ഞാൻ അമ്മയോട് ഒരു ഗ്ലാസ്സ് വെള്ളം അവസാനമായി വാങ്ങിക്കുടിച്ച് ഉമ്മയെ ഒന്നു നോക്കിയിട്ട് ഇറങ്ങിനടന്നു".
- എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്തശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു.

# പഠന പ്രവർത്തനങ്ങൾ

## പ്രവർത്തനം 1

### വിശകലനകുറിപ്പ് തയ്യാറാക്കുക.

മനുഷ്യവംശത്തിന്റെ ചുണ്ടിൽ വിളങ്ങുന്ന
ഏറ്റവും മനോഹരമായ പദമാണ് അമ്മ

– ഖലീൽ ജിബ്രാൻ

അടിമത്തവും ദാരിദ്ര്യവും ഇതുപോലെ മറ്റനേകം വ്യാധികളും
നിറഞ്ഞ ഹതഭാഗ്യയായ ഈ നാട്ടിലേക്ക് അമ്മ എന്നെ
എന്തിനു പ്രസവിച്ചു.

– ബഷീർ

- ***രണ്ടു പ്രസ്താവനകളിലേയും പൊരുൾ കണ്ടെത്തി വിശകലന കുറിപ്പ് തയ്യാറാക്കുക.***

ഹതഭാഗ്യയായനാട് മാതൃഭൂമിയാണ്. അമ്മ എന്നെ എന്തിനു പ്രസവിച്ചു എന്ന ചോദ്യത്തിൽ മാതൃഭൂമിയുടെ പ്രശ്നങ്ങൾ കാണാൻ കഥാകാരന് കഴിയുന്നു

- അമ്മയില്ലാതെ മനുഷ്യവംശം നിലനിൽക്കില്ല.
- ജന്മം നൽകിയ അമ്മയിലൂടെ ജീവിക്കുന്ന മാതൃഭൂമിയുടെ ദുരിതം കാണാൻ കഴിയുന്നു – ബഷീറിന്

## പ്രവർത്തനം 2

### വിലയിരുത്തൽ കുറിപ്പ്

"അങ്ങനെ ഞാനും പോയി ആരോടും ചോദിക്കാതെ വിദ്യാഭ്യാസം ഉപേക്ഷിച്ച് കോഴിക്കോട്ടേക്ക് പോയി. അന്നു സന്ധ്യക്ക് എന്റെ അമ്മ അടുക്കളയിൽ ആഹാരം പാകം ചെയ്യുകയായിരുന്നു. ഞാൻ അമ്മയോട് ഒരു ഗ്ലാസ് വെള്ളം അവസാനമായി വാങ്ങിക്കുടിച്ച് ഉമ്മയെ ഒന്നു നോക്കിയിട്ട് ഇറങ്ങി നടന്നു"

- ***വീട് വിട്ടിറങ്ങാൻ ബഷീറിനെ പ്രേരിപ്പിച്ച സാമൂഹിക സാഹചര്യങ്ങൾ വിലയിരുത്തുക.***

ദേശീയബോധം
സാമൂഹികപ്രതിബദ്ധത

- വീട്ടിലെ സാഹചര്യങ്ങൾ, സൗകര്യങ്ങൾ പുറത്തുകിട്ടുമോ ?
- എന്നിട്ടും വിദ്യാർത്ഥി ആയപ്പോൾ നാടുവിടാനുണ്ടായ കാരണം.
- വീട്ടിലെ കഷ്ടപ്പാടുകൾപോലെതന്നെയാണ് നാടിന്റെ കഷ്ടപ്പാടുകളും.
- സാമൂഹിക അസമത്വങ്ങളോടുള്ള പ്രതികരണം.

## പ്രവർത്തനം 3

- ***അമ്മയെപ്പോലെ ഭാരതവും തന്നെ പ്രതീക്ഷിക്കുന്നുണ്ടെന്ന ബഷീറിന്റെ വാക്കുകളുടെ കാലികപ്രസക്തി ചർച്ച ചെയ്യുക.***

അമ്മയോട് രക്തബന്ധം
മാതൃഭൂമിയോട് ദേശബന്ധം

- വീട് എന്ന ഇത്തിരി വട്ടത്തിൽ നിന്നും നാട് എന്ന വിശാലതയിലേക്ക് വളരുമ്പോഴാണ് ജനനിയും ജന്മഭൂമിയും ഒന്നായി മാറുക.
- വീട്ടിലെ പ്രയാസങ്ങൾപോലെ നാട്ടിലെ പ്രയാസങ്ങൾ തീർക്കാനും മക്കൾക്ക് കടമയുണ്ട്.

## പ്രവർത്തനം 4

**കഥാസന്ദർഭം കണ്ടെത്തി ലഘുകുറിപ്പ് തയ്യാറാക്കുക**

"മോഹൻദാസ് കരംചന്ദ് ഗാന്ധികാരണമാണ് ഞാൻ ആദ്യമായി അടിയും ഇടിയും കൊണ്ടതെന്ന രഹസ്യമാണ് എനിക്കിവിടെ രേഖപ്പെടുത്താനുള്ളത് "

"ഗാന്ധിജി കാരണം തല്ലും ഇടിയും കൊണ്ടത് എനിക്ക് നല്ല ഓർമയുണ്ട്"

''അർധനഗ്നനായ ഫഖീർ രണ്ടുപല്ലുപോയ മോണ കാണിച്ചു ചിരിച്ചുകൊണ്ടു തൊഴുകൈയോടെ കരക്കിറങ്ങി"

- ***ഗാന്ധിജി ബഷീറിന്റെ ജീവിതത്തെ എങ്ങനെയെല്ലാം സ്വാധീനിച്ചെന്ന് കണ്ടെത്തുക..***
- ഗാന്ധിജിയുടെ ചിന്തകളുമായി യോജിക്കുന്നു.
- ഗാന്ധിജിയെ സ്വീകരിക്കുന്നതിന്റെ ആവേശം.
- ഗാന്ധിജിയെ തൊട്ടറിയുന്നു.
- ആശ്രമത്തിൽ പോകുന്നു.
- അമ്മയോട് ഗാന്ധിജിയെപ്പറ്റി സംസാരിക്കുന്നു.
- ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുക്കുന്നു.
- ഹിംസ ഉപേക്ഷിക്കാൻ തയ്യാറാവുന്നു.

## പ്രവർത്തനം 5

**പ്രയോഗഭംഗി കണ്ടെത്തുക**

പാത്തുമ്മയുടെ ആടു പെറ്റു 'ബ്ളും'
സ്ത്രീ ജനങ്ങളുടെ ഉള്ളു കള്ളികൾ മണ്ടകെണേശൻമാരായ
പുരുഷവൃന്ദങ്ങൾക്കെന്തറിയാം - ഡുങ്കു! ഡുങ്കു!
എല്ലാം മറന്നു ഞാൻ ഗാന്ധിജിയുടെ വലതു തോളിൽ
പതുക്കെ ഒന്നു തൊട്ടു.
വീഴാൻ പോയതിനാൽ കൈത്തണ്ടിൽ പിടിച്ചു
മസിലിനു ബലമില്ല....പിളു പിളിപ്പ്......
അദ്ദേഹം നീണ്ടുനിവർന്ന് 'പടപടോന്ന്' ഒരാറെണ്ണം
എന്റെ കൈവെള്ളയിൽ.....
"കാന്തിക്ക് എവിടെനിന്നു കിട്ടിയെടാ ഈ പുഷ്ക്കടിമുണ്ട്'

- ***ഭാഷയുടെ വാമൊഴിച്ചന്തമുപയോഗിച്ചുള്ള ബഷീറിന്റെ ആഖ്യാന ശൈലിയുടെ പ്രത്യേകതകൾ കണ്ടെത്തുക.***

വായനക്കാരിൽ കൗതുകവും ആസ്വാദ്യതയും വർധിപ്പിക്കുന്നു

- വായനക്കാരിൽ അനുഭവവേദ്യത വരുത്തുവാൻ പ്രവൃത്തിയോടു സാമ്യം പുലർത്തുന്ന ചില ശബ്ദങ്ങൾ ബഷീർ കൂടുതൽ പ്രയോഗിക്കാറുണ്ട്.
- ധ്വന്യാത്മകമായ ഇത്തരം ശബ്ദങ്ങൾ പരോക്ഷമായി അർത്ഥസമ്പുഷ്ടമാണ്.
- സംഗീതാത്മകവും ക്രിയാംശവുമുൾക്കൊള്ളുന്ന പദസമൂഹം

## പ്രവർത്തനം 6

### കഥാപാത്ര വിശകലനം

ഹെഡ്മാസ്റ്റർ ക്ഷേത്ര പ്രവേശന സത്യഗ്രഹത്തിനെതിരായിരുന്നു. ഗാന്ധിജിയോടും വിരോധമായിരുന്നു. വിദ്യാർത്ഥികളിൽ ആരും ഖദർ ധരിക്കാൻ പാടില്ലെന്നു നിരോധിച്ചിരുന്നു.

ഞാൻ അന്ന് ഖദറാണ് ധരിച്ചിരുന്നത്. ആശ്രമത്തിലും പൊയ്ക്കൊണ്ടിരുന്നു. അന്ന് ഖദർ സ്വാതന്ത്ര്യത്തിന്റെയും പ്രതിഷേധത്തിന്റെയും ചിഹ്നമായിരുന്നു.

ഈയിടെയെങ്ങാൻ ഞാൻ മരിച്ചു പോവുകയാണെങ്കിൽ എന്നെ ഈ ഖദറിൽ അടക്കം ചെയ്യണം എന്നു ഞാൻ പറയും.

- ***ഹെഡ്മാസ്റ്ററുടേയും ബഷീറിന്റേയും ഗാന്ധിജിയോടുള്ള സമീപനങ്ങൾ കണ്ടെത്തുക.***

ആദ്യമായി ഹെഡ്മാസ്റ്ററിൽ നിന്നും അകാരണമായി മർദ്ദനം കിട്ടിയപ്പോഴും അത് സഹിക്കാൻ കരുത്തേകിയത് ഗാന്ധിസമാണ് - ഖദറാണ്

- ഹെഡ്മാസ്റ്ററുടെ സവർണമനോഭാവം.
- വൈക്കം സത്യഗ്രഹത്തിനെതിര്
- ബഷീറിനെ അകാരണമായി മർദിക്കുന്നു.
- ഖദർ സ്വദേശ നിർമിത വസ്ത്രം.
- ഖദർ ധരിക്കുക - ഗാന്ധിസം ഉൾക്കൊള്ളുക.
- ഖദർ സാമൂഹ്യദുഷ്പ്രവണതകൾക്കെതിരെയുള്ള പ്രതിഷേധത്തിന്റെ ചിഹ്നം.......

## പ്രവർത്തനം 7

### വാക്കുകളിലെ ധ്വന്യാത്മകത കണ്ടെത്തുന്നു.

എടാ ഈ കാന്തി പഷ്ണി തീർക്കുമോ ?

ഉമ്മയുടെ ചെറിയ വാക്കുകളിൽത്തെളിയുന്ന ഇന്ത്യയെ ആകമാനം ബാധിച്ചിരുന്ന സാമൂഹ്യ പ്രശ്നത്തെക്കുറിച്ച് ബഷീറിനെ ചിന്തിപ്പിക്കുവാൻ പ്രേരിപ്പിച്ചുവോ ?

- ഭാരതം സ്വതന്ത്രമായാൽ നമ്മുടെ പട്ടിണിതീരും....

പാരതന്ത്ര്യമാണോ
പട്ടിണിയാണോ വലുത്?
ചർച്ച ചെയ്യുന്നു.

## പ്രവർത്തനം 8

**കഥാസന്ദർഭപൊരുൾ / ഔചിത്യം കണ്ടെത്തുക.**

- അടിച്ചത് ഒരു ബ്രാഹ്മണൻ പേര് വെങ്കിടേശ്വരൻ
- ഇന്ത്യാക്കാരായ നാട്ടുരാജാക്കന്മാരും അവരുടെ സർവശക്തിയുമുപയോഗിച്ച് നിരായുധരായ ഹിന്ദു മുസ്ലീം പാർസി സിഖ് സത്യാഗ്രഹികളോടെതിർത്തു.
- കോഴിക്കോട് കടപ്പുറത്ത് ഉപ്പുനിയമലംഘനത്തിൽ ഏർപ്പെട്ടവരെ ഇന്ത്യാക്കാരനായ പോലീസ് സൂപ്രണ്ടിന്റെ ആജ്ഞയനുസരിച്ച് കഠിനമാംവിധം മർദ്ദിച്ചു.
- കോഴിക്കോട്ടെ കടപ്പുറത്ത് വച്ച് പിഞ്ചുവിദ്യാർത്ഥികളെ അവരെ കേരളീയരായ പോലീസുകാർ അടിച്ചുനിലംപതിപ്പിച്ചു.

  സ്വതന്ത്ര്യസമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനികളെ ക്രൂരമായി മർദ്ദിക്കുവാൻ വിദേശികളായ ഭരണാധിപൻമാരേക്കാൾ സ്വദേശികളായ ഭരണാധിപൻമാരും പോലീസുമാണ് ആവേശം കാണിച്ചത്.

- ***ചർച്ച ചെയ്ത് ഔചിത്യം പരിശോധിക്കുക.***

അധികാരത്തിനും പണത്തിനും വേണ്ടി ദേശസ്നേഹം പണയപ്പെടുത്തിയവർ.

- നാട്ടുരാജാക്കന്മാരും സ്വദേശ പൊലീസും ബ്രിട്ടീഷുകാരുടെ ചട്ടുകങ്ങളായി.
- സ്വദേശികൾ സ്വദേശികളോട് ശത്രുക്കളെപ്പോലെ പെരുമാറി.
- സ്വാതന്ത്ര്യത്തിന് വിഘാതമായി നിന്ന പിന്തിരിപ്പൻ ശക്തികൾ.
- പാഠഭാഗത്തുനിന്നും കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

## പ്രവർത്തനം 9

**പദചേർച്ച**

| | | |
|---|---|---|
| പട്ടണത്തിൽ | – | പട്ടണം + ഇൽ |
| വാക്യങ്ങൾ | – | |
| പണമില്ല | – | |
| ആരെങ്കിലും | – | |
| അറബിക്കടലിൽ | – | |
| ഒരറുതി | – | |

## പ്രവർത്തനം 10

**വിഗ്രഹാർഥം**

| | | |
|---|---|---|
| പഴമ്പുരാണം | – | പഴയപുരാണം |
| അക്ഷരവടിവ് | – | അക്ഷരത്തിന്റെ വടിവ് |

| | | |
|---|---|---|
| സ്വാതന്ത്ര്യസമരം | – | സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള സമരം |
| ഉപ്പു സത്യാഗ്രഹം | – | ഉപ്പിന് വേണ്ടിയുള്ള സത്യാഗ്രഹം |
| ബോട്ട് ജെട്ടി | – | |
| ലോകവന്ദ്യനായ | – | |
| ഖദർഷർട്ട് | – | |
| സത്യാഗ്രഹസമരം | – | |
| വിപ്ലവകാരി | – | |
| ധർമഭടൻ | – | |

## പ്രവർത്തനം 11

### അർഥവ്യത്യാസം

| | | |
|---|---|---|
| വ്യാധി | – | രോഗം |
| ആധി | – | ഉൽക്കണ്ഠ |
| ചിഹ്നം | – | |
| ചിന്നം | – | |
| ചിത്രം | – | |
| ഛത്രം | – | |

## പ്രവർത്തനം 12

### കുറിപ്പ് തയ്യാറാക്കുക.

അമ്മ എന്ന കഥയിൽ 'ജനനിയും ജന്മഭൂമിയും' സമന്വയിപ്പിച്ച ബഷീറിന്റെ കഥാരചനാ രീതിയുടെ പ്രത്യേകതകൾ കണ്ടെത്തി എഴുതുക.

തുടക്കത്തിൽ

- പെറ്റമ്മയോടുള്ള സ്നേഹവും ആദരവും-മകൻ വേറിട്ടു നിൽക്കുന്നതിലുള്ള മനോദുഃഖവും അവതരിപ്പിക്കുന്നു.
- പോറ്റമ്മ (മാതൃഭൂമി) അനുഭവിക്കുന്ന പാരതന്ത്ര്യത്തിന്റെ ദുരതിങ്ങളും – സമരഭടന്മാരായ പുത്രരെ പ്രതീക്ഷിക്കുന്നതും
- മകനേ ഞങ്ങൾക്കു നിന്നെ ഒന്നു കാണണം എന്ന അമ്മയുടെ കത്ത്
- ഭാരതമാകുന്ന അമ്മ ദേശാഭിമാനികളായ മക്കളോടും പറയുന്നതിതാണ്.

## പ്രവർത്തനം 13

### കഥാസന്ദർഭം കണ്ടെത്തുക

ഞാൻ ഒന്നും പറഞ്ഞില്ല. ഞാൻ ആകെ വിങ്ങിപ്പൊട്ടി. ലോകമെല്ലാം ഉറങ്ങികിടക്കുകയാണ്. എന്റെ മാതാവുമാത്രം ഉറക്കമിളച്ചിരിക്കുന്നു. മാതാവ് എന്നോട് കൈകാലുകൾ കഴുകാൻ പറഞ്ഞു.....

എനിക്ക് അത്ഭുതം തോന്നി......

ഞാൻ ഇന്ന് വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു.

- ***കഥാസന്ദർഭത്തിൽ നിന്നും വ്യക്തമാവുന്ന മാതാപുത്രബന്ധത്തിന്റെ പ്രസക്തി തിരിച്ചറിയുക.***

  - മക്കൾക്കായി കാത്തിരിക്കുന്ന അമ്മ.
  - മക്കളുടെ നന്മമാത്രം പ്രതീക്ഷിക്കുന്ന മാതാവ്.
  - ലോകമെല്ലാം ഉറങ്ങുമ്പോഴും ഭക്ഷണം കാത്തു വയ്ക്കുന്ന മാതാവ്.

## പ്രവർത്തനം 14

### താരതമ്യക്കുറിപ്പ്

'മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം'

ദൂരദേശത്ത് പട്ടണത്തിൽ അലയുന്ന മകന് അമ്മയുടെ കത്ത്.

''എന്റെ സർവസ്വവും ഭാരതമാതാവിന്റെ പാദങ്ങളിൽ അർപ്പിക്കുവാൻ തീർച്ചയാക്കിയിരിക്കുന്നു. അടിമത്ത ശൃംഖല പൊട്ടിക്കുവാൻ എന്റെ സർവശക്തിയും ഞാൻ ദാനം ചെയ്യുന്നു.'

– ബഷീർ ബല്ലാരി ജയിലിലുള്ള സുഹൃത്തിനെഴുതിയ കത്ത്

മകനിലുപരി ദേശസ്നേഹിയായി പരിവർത്തനപ്പെടുന്ന ബഷീറിന്റെ വളർച്ചയുടെ പടവുകൾ ഈ കത്തുകളിൽ കാണാം.

- ***താരതമ്യം ചെയ്യുക***

  - അമ്മക്ക് മകനെ കാണണമെന്ന ആഗ്രഹം.
  - ബഷീർതന്നെത്തന്നെ രാജ്യത്തിനായി സമർപ്പിക്കുന്നു

## പ്രവർത്തനം 15

### പ്രസംഗം തയ്യാറാക്കുക

ജയിൽമോചിതനായ ബഷീറിന് രണ്ട് ആഗ്രഹങ്ങളുണ്ടായിരുന്നു. അരുകിന് മുന്തിരിയുള്ള ഖദർഷാളും, പോലീസ് സ്റ്റേഷനിൽ വെച്ച് ക്രൂരമായി മർദ്ദിച്ച 270–നെ കൊല്ലണമെന്നതും – കൊല്ലുവാൻ പേനാക്കത്തിയുമായി പോയ ബഷീറിന് 270നെ കൊല്ലാൻ കഴിഞ്ഞില്ല. സൗമ്യമായി അച്യുതൻ; ഗാന്ധിജിയുടെ പല്ലുപോയ കഥ പറഞ്ഞു കേൾപ്പിച്ചു.

- ***ഈ സന്ദർഭത്തിന്റെ വെളിച്ചത്തിൽ ഗാന്ധിജയന്തിയോടനുബന്ധിച്ച് 'ഗാന്ധിസത്തിന്റെ പ്രസക്തി ഇന്ന്' എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂൾ അസംബ്ലിയിൽ നിങ്ങൾ നടത്തുന്ന ഒരു പ്രസംഗം തയ്യാറാക്കുക.***

ഇന്ത്യയിലെ എല്ലാ അനീതികളോടുമുള്ള സമരപ്രഖ്യാപനമായിരുന്നു ഗാന്ധിജിയുടേത്.

- സംബോധന
- വിഷയക്രമീകരണം
- അഹിംസാസിദ്ധാന്തം
- സഹിഷ്ണുത
- നിയമലംഘനം
- ഉപ്പുസത്യാഗ്രഹം
- സത്യാഗ്രഹം
- ബഷീറിന്റെ സ്വാധീനം

**പ്രവർത്തനം 16**

**അനുസ്മരണക്കുറിപ്പ് തയ്യാറാക്കുക**

ജൂലൈ 5 ബഷീർ അനുസ്മരണദിനമാണല്ലോ - ബഷീർ അനുസ്മരണ കുറിപ്പ് തയ്യാറാക്കുക.

(ബഷീറിന്റെ കാലം, അനുഭവങ്ങൾ, സാഹിത്യസംഭാവനകൾ, ബഷീർ കൃതികളുടെ സമകാലിക പ്രസക്തി)

**പ്രവർത്തനം 17**

**പട്ടികപ്പെടുത്തുക.**

| | | |
|---|---|---|
| രചയിതാവ് | : | എഴുത്തച്ഛൻ, കാളിദാസൻ, ബഷീർ, സച്ചിദാനന്ദൻ |
| കൃതികൾ | : | ഓർമ്മക്കുറിപ്പ്, കവികളുടെ ഭാഷ, വിക്രമോർവശീയം, അയോധ്യാകാണ്ഡം, ഓർമയുടെ അറകൾ. |
| പ്രമേയം | : | ഉമ്മാ ഞാൻ ഗാന്ധിയെ തൊട്ടു, ക്രോധം പരിത്യജിക്കേണം ബുധജനം, കവികൾക്ക് ലോകമെമ്പാടും ഒരു ഭാഷയേയുള്ളു. |

**പ്രവർത്തനം 18**

**അർഥവ്യത്യാസം എഴുതുക.**

ഉമ്മയുടെ ചോദ്യത്തിന് മുന്നിൽ എനിക്ക് ഉത്തരംമുട്ടി പോയി.

ഉമ്മയുടെ കൈയ്യിൽ നിന്നും വെള്ളം വാങ്ങി കുടിച്ചിട്ട് ഞാൻ പോയി.

***അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം എഴുതുക.***

**പ്രവർത്തനം 19**

**കണ്ടെത്താം എഴുതാം.**

- മുഹമ്മദ് അബ്ദു റഹ്മാന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ച പത്രത്തിന്റെ പേരെന്ത് ?
- ഫെൽട്ട്ഹാറ്റ് ചരിച്ചുവച്ച് വലിയ കോളറുകളുള്ള വെള്ള ഷർട്ടുംധരിച്ച് മേൽച്ചുണ്ടു നിറയെ നേരിയ മീശയും ശോകഗംഭീരവുമായ മുഖഭാവവും പൂണ്ട ചിത്രം ആരുടേതാണ്?
- 'വരിക വരിക സഹജരേ സഹന സമര സമയമായ്' ഈ ഗാനം ആരെഴുതിയതാണ്?

**പ്രവർത്തനം 20**

**അനുബന്ധം**

**നായകടിക്കും സൂക്ഷിക്കുക**

ഞാൻ മടങ്ങുകയാണ്
എന്റെ ചുമതല
കഴിഞ്ഞു.
പുറപ്പെട്ടപ്പോൾ
കൂടെയിറങ്ങി
നിങ്ങൾക്കാവുമായിരുന്നില്ല

എന്നെകൂടാതെ
ദിക്കറിയില്ല,
വന്ന വഴിമടങ്ങാനറിയില്ല,
പതിയിരിക്കുന്ന ആപത്തറിയില്ല.
കാണാൻ കൊള്ളാനല്ലാതെ
കാര്യത്തിനുകൊള്ളാത്ത മൂക്ക്,
സ്വന്തം ഭാഷയല്ലാതെ
മറ്റൊന്നും കേൾക്കാത്ത കാത്
തിരിച്ചറിയാൻ മാത്രം പറ്റുന്ന കണ്ണ്
(പേരിടാവുന്ന പേരൊന്നും പേരല്ല)
ഞാനന്ന്
എത്രദൂരെയും മണക്കുന്നമൂക്കായി
മറവിലേതും കാണുന്ന കണ്ണായി
കാക്കുന്ന കരുത്തായി.
അപഥങ്ങളിൽ ഞാൻ മുൻ നടന്നു
നയിച്ചവനെ നായകനെന്ന് വിളിച്ച നാക്ക്
അർധോക്തിയിൽ നിറുത്തി
നിങ്ങൾ വിളിച്ചു
നായ
"വായിൽക്കയ്യിട്ടാലും കടിക്കാത്ത സാധു
ശത്രുവിനെയോ കടിച്ചുകുടയുന്ന പോരാളി"
നിങ്ങളകത്ത് ബോധം വിട്ടുറങ്ങി
ഞാൻ പുറത്ത് ബോധം വിടാതെ ഉറങ്ങി.
ക്രമേണ ഞാൻ നിങ്ങൾക്ക് ചേരാത്തവനായി
നാടു നീളം വെളുത്തതോ
വഴികൾ തെളിഞ്ഞതോ
വിസ്തൃതികുറഞ്ഞതോ ?

കൽപ്പറ്റ നാരായണൻ

മുകളിൽ കൊടുത്തിരിക്കുന്നത് വായിച്ചുവല്ലോ.
വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക?

യൂണിറ്റ് – IV

# വാക്കുകൾ സർഗ്ഗതാളങ്ങൾ

പാഠങ്ങൾ:

അക്കർമാശി

ഞാൻ കഥാകാരനായ കഥ

അശ്വമേധം

## വാക്കുകൾ സർഗ്ഗതാളങ്ങൾ

ഭൂമിയിലെ മറ്റ് ജീവജാലങ്ങളിൽ നിന്ന് മനുഷ്യനെ വേർതിരിക്കുന്ന പ്രധാനഘടകങ്ങളിലൊന്ന് സംസ്ക്കാരമാണ്. കല, സാഹിത്യം, സംഗീതം, ശില്പനിർമ്മാണം തുടങ്ങിയവയെല്ലാം സംസ്കാരത്തിന്റെ സൂചകങ്ങളാണല്ലൊ. ഇവയിൽ അന്തർലീനമായിരിക്കുന്ന സർഗ്ഗശേഷി മനുഷ്യജീവിതത്തെ മൂല്യമുള്ളതാക്കാൻ സഹായകവുമാണ്. ചരിത്രാതീതകാലം മുതൽ തന്നെ കല, സംഗീതം എന്നിവയൊക്കെ മനുഷ്യജീവിതത്തിന്റെ ഭാഗമായിരുന്നു. പിന്നീട് മാനവസമൂഹത്തിന്റെ ജീവിതരീതിയും മറ്റും മാറിയപ്പോൾ സർഗ്ഗാത്മകതയും വ്യത്യസ്തമായ രൂപവും ഭാവവും ആർജ്ജിച്ച് സാംസ്കാരിക ജീവിതത്തെ കൂടുതൽ സുന്ദരമാക്കി. വാക്കുകൾ സർഗ്ഗതാളങ്ങൾ എന്ന യൂണിറ്റിൽ മനുഷ്യസമൂഹത്തിന്റെ വളർച്ചയ്ക്കായി വെളിച്ചമേകിയ സർഗശേഷിയേക്കുറിച്ച് പറയുന്നു. എഴുത്തുകാരന്റെ അനുഭവം, സാഹിത്യരചന, അനുഭവങ്ങൾ തുടങ്ങിയവ സാഹിത്യസൃഷ്ടിയ്ക്ക് കാരണമാവുന്നതെങ്ങനെ തുടങ്ങിയ ആശയങ്ങൾ ഈ യൂണിറ്റിൽ പ്രതിപാദിക്കുന്നു. ശരൺകുമാർ ലിംബാളെയുടെ അക്കർമാശി, എസ്.കെ.പൊറ്റെക്കാടിന്റെ ഞാൻ കഥാകാരനായ കഥ, വയലാർ രാമവർമ്മയുടെ അശ്വമേധം എന്നീ രചനകളാണ് ഈ യൂണിറ്റിന്റെ ഉള്ളടക്കം. യൂണിറ്റിന്റെ പ്രവേശകമായി നൽകിയിട്ടുള്ളത് പാബ്ലോ നെരൂദയുടെ രചനയാണ്.

**പാഠങ്ങൾ:**

1) അക്കർമാശി
2) ഞാൻ കഥാകാരനായ കഥ
3) അശ്വമേധം

ഇംഗ്ലീഷ് സാഹിത്യത്തിലെ പ്രശസ്തകവിയാണ് വില്യം വേഡ്സ്വർത്ത്. കവിതയെക്കുറിച്ച് അദ്ദേഹം പറഞ്ഞിരിക്കുന്നതിങ്ങനെയാണ്.

"പ്രശാന്തതയിൽ അനുസ്മരിക്കപ്പെടുന്ന നൈസർഗ്ഗീകമായ വികാരങ്ങളുടെ അനർഗ്ഗള പ്രവാഹമാണ് കവിത"

എന്തിന്റെ പ്രവാഹമാണ് കവിത?

വികാരത്തിന് നൽകുന്ന വിശേഷണമെന്ത്?

വികാരങ്ങൾ ഉണ്ടാകുന്നത് എവിടെയാണ്?

എങ്കിൽ കവിത ജനിക്കുന്നത് എവിടെയാണ്?

**സൂചനകൾ**

വികാരം

നൈസർഗ്ഗീകമായത്

വികാരങ്ങൾ മനസ്സിലുണ്ടാവുന്നു
കവിത മനസ്സിൽ ജനിക്കുന്നു.

പാബ്ലോനെരൂദ കവിതയെക്കുറിച്ച് പറയുന്നത് നോക്കൂ (പാഠപുസ്തകത്തിലെ 95-ാം പേജ് നോക്കുക.) ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൂ.

- കവിയെ തേടിവന്നതാരാണ്?
- നദി, ശിശിരം ഇവയെ വിശേഷിപ്പിക്കുന്നതെങ്ങനെ?
- കവിത വന്നത് എവിടെ നിന്നാണ്?

സൂചനകൾ

കവിതയാണ് വന്നത്. ശിശിരത്തിൽ നിന്നോ നദിയിൽ നിന്നോ ആവാം. കുളിർത്തുവിറയ്ക്കുന്നത്, പതത്തൊഴുകുന്നത്. മനസ്സിൽ നിന്നാവാം കവിതവന്നത്.

1) കവിതയുടെ വരവിനേക്കുറിച്ച് നെരൂദ പറയുന്നതെന്തെല്ലാം? വേഡ്സ് വർത്തിന്റെ അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് കുറിപ്പെഴുതുക (4)

| |
|---|
| പാബ്ലോനെരൂദ (1904–1973) |
| ഇറ്റാലിയൻ കവി |
| ചിലിയിൽ ജനനം |
| നെരൂദയുടെ ചെറുപ്പത്തിൽതന്നെ അമ്മ മരിച്ചു. |
| ടെമുക്കോയിൽ ജീവിക്കുമ്പോഴാണ് |
| കവിതാരചന ആരംഭിക്കുന്നത്. |
| പ്രകൃതിദൃശ്യങ്ങളിലെല്ലാം കവിത കണ്ടു. |
| ചെറുപ്പത്തിൽതന്നെ എഴുതിയ കവിതകളിലെല്ലാം |
| പ്രകൃതി സജീവസാന്നിധ്യമാണ്. |

**പാഠം : 7**

## പാഠഭാഗങ്ങളിലൂടെ

### I-അക്കർമാശി (ശരൺകുമാർ ലിംബാളെ)

ഇന്ത്യയിലെ ദളിത് സാഹിത്യകാരന്മാരിൽ ഒരാളാണ് ശരൺകുമാർലിംബാളെ. മഹാരാഷ്ട്ര – കർണ്ണാടക സംസ്ഥാനങ്ങളുടെ അതിർത്തിയിലുള്ള ഒരു ഗ്രാമത്തിൽ ജനിച്ച അദ്ദേഹം തർക്കങ്ങൾ കേട്ടുവളർന്ന ബാല്യത്തെക്കുറിച്ച് പറയുന്നുണ്ട്. അവർ കർണ്ണാടകക്കാരോ മഹാരാഷ്ട്രക്കാരോ എന്ന തായിരുന്നു തർക്കം. വീട്ടിലും പുറത്തും കന്നഡ പറയുന്ന അവർ സ്കൂളിൽ മറാഠി ഭാഷയിലൂടെ പഠിച്ചു. മറാഠി ഭാഷയിൽ രചിക്കപ്പെട്ട അക്കർമാശി ശരൺകുമാർ ലിംബാളെയുടെ ജീവിതത്തിന്റെ നേർക്കാഴ്ചയാണ്. അദ്ദേഹത്തിന്റെ അമ്മയായ മസാമായി മഹാർ ജാതിക്കാരിയണ്. അവരുടെ ആദ്യഭർത്താവ് കർഷകത്തൊഴിലാളിയായ ഇൻൽ കാംബളെയാണ്. ഇവർ ജോലി ചെയ്യുന്നതാകട്ടെ ഹനുമന്തലിംബാളെ എന്ന പാട്ടീലിന്റെ കൃഷിക്കളത്തിലും. ഹനുമന്തലിംബാളെയുടെ പ്രേരണമൂലം ഇൻൽ കാംബളെ മസാമായിയെ ഉപേക്ഷിക്കുന്നു. തുടർന്ന്, ഹനുമന്തലിംബാളെ അശരണയായ മസാമായിയെ വെപ്പാട്ടിയായി സ്വീകരിച്ച് അക്കൽകോട്ടിൽ പാർപ്പിച്ചു. ഇവർക്ക് ജനിച്ച മകനാണ് ശരൺകുമാർ ലിംബാളെ. അമ്മ മഹാർ (കീഴ്ജാതി) ജാതി. അച്ഛൻ ലിംഗായത് (മേൽജാതി). എന്നാൽ രണ്ടിലുംപെടാതെ ശരൺകുമാർ ലിംബാളെ അക്കാർമാശി അഥവാ അർധജാതിക്കാരനായി.

ശരൺകുമാർ ലിംബാളെയുടെ സഹോദരിയായ നാഗിയുടെ ഭർത്താവാണ് കുമാർ. പ്രായക്കൂടുതലുള്ള ഇയാളെ കുമാർമാമ എന്നാണ് ശരൺകുമാർ വിളിക്കുന്നത്. കുമാറിന്റെ അമ്മയായ ശാന്താ ആത്യാ പഴക്കച്ചവടം ചെയ്യുന്നു. ഇവരോടൊപ്പം ശരൺകുമാർ ലിംബാളെ താമസിക്കുന്ന കാലഘട്ടത്തിലെ അനുഭവങ്ങളാണ് പാഠഭാഗം. ഇത് ആത്മകഥയുടെ മലയാള പരിഭാഷയിലെ ജീവിതത്തിന്റെ ശവപ്പറമ്പ് എന്ന അധ്യായത്തിലെ 119 മുതൽ 122 വരെയുള്ള പേജുകളിൽ നിന്ന് എടുത്തിട്ടുള്ളതാണ്. തന്റെ ആത്മകഥയേക്കുറിച്ച് “ഇത് എന്റെ ജീവിതമല്ല. എനിക്കുമേൽ അടിച്ചേൽപ്പിക്കപ്പെട്ട അടിമത്തമാണ്” എന്ന് അദ്ദേഹം പറയുന്നുണ്ട്. മഹാരാഷ്ട്ര ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പൂനെ ഡിവിഷൻ റീജിയനൽ ഡയറക്ടറാണ് ഇപ്പോൾ അദ്ദേഹം. പ്രതിസന്ധികളെ ധീരതയോടെ തരണം ചെയ്യുന്നവർക്ക് ജീവിതവിജയമുണ്ടാകുമെന്ന് ‘അക്കർമാശി’ നമ്മോടുപറയുന്നു.

**പ്രവർത്തനം -1**

അക്കർമാശിയിലെ ചിലഭാഗങ്ങൾതാഴെ കൊടുത്തിരിക്കുന്നത് വായിക്കൂ.

'ചവറിൽ പുതഞ്ഞുകിടക്കുന്ന കീറക്കടലാസുകൾ ഒരു വശത്തും ഞങ്ങളുടെ നിത്യസുഹൃത്തായ വിശപ്പ് മറുവശത്തും'

'ചവറുകൾക്കു പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കു തോന്നി.'

'ദിവസം മുഴുവൻ അലഞ്ഞ് നടന്ന് വാരിക്കൂട്ടുന്ന ചവറിന്റെ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?'

'അക്കർമാശി' എഴുത്തുകാരന്റെ അനുഭവങ്ങളുടെ അവതരണമാണല്ലോ. ബാല്യത്തിൽ ശരൺകുമാർ ലിംബാളെ അനുഭവിച്ച വിശപ്പ് എത്രത്തോളം കഠിനമാണെന്ന് പാഠഭാഗത്തുപറയുന്നു.

- ചവറിൽ പുതഞ്ഞുകിടക്കുന്നതെന്താണ്?
- ആരാണ് നിത്യസുഹൃത്ത്?
- ചവറുകൾക്കുപകരം തൂക്കിനോക്കേണ്ടത് എന്താണ്?

മനുഷ്യനേക്കാൾ വിലയുള്ളത് എന്തിനാണ്?

**സൂചനകൾ**

- വിശപ്പാണ് സുഹൃത്ത്.
- തൂക്കമുള്ളത് വിശപ്പിനാണ്.
- ചവറിന് മനുഷ്യനേക്കാൾ വിലയുണ്ട്.
- ചവറിനേക്കാൾ വിലകുറഞ്ഞവരാണ് ഞങ്ങൾ (ദാരിദ്ര്യത്തിന്റെ തീക്ഷ്ണത.)
- താഴ്ന്ന ജാതിക്കാരന്റെ ജീവിതം ദയനീയമാണ്.

2. ബാല്യത്തിൽ ശരൺകുമാർലിംബാളെ അനുഭവിച്ച ദാരിദ്ര്യം അക്കർമാശി എന്ന ആത്മകഥയിലുണ്ട്. അവ വിശകലനം ചെയ്ത് കുറിപ്പെഴുതുക (4)

**പ്രവർത്തനം - 2**

'എന്നാൽ സന്താമായി ഒരു 'മഹാർ' ആണെന്ന് മനസ്സിലായപ്പോൾ ചെരുപ്പുകുത്തി ചെരുപ്പ് തുന്നാൻ കൂട്ടാക്കിയില്ല'. ഈ ഭാഗം അക്കർമാശിയിലേതാണല്ലോ. എന്തുകൊണ്ടാണ് ചെരുപ്പുകുത്തി ചെരുപ്പ് തുന്നാത്തത്?

മഹാർ സമുദായത്തെ ചെരുപ്പുകുത്തി കാണുന്നതെങ്ങനെയാണ്? ചെരുപ്പുകുത്തിയുടെ പ്രവർത്തിയോട് നിങ്ങൾ യോജിക്കുന്നുവോ? ഇല്ലെങ്കിൽ എന്തുകൊണ്ട്?

**സൂചനങ്ങൾ**

- മഹാർ താണ സമുദായമാണ്.
- താണസമുദായത്തിന്റെ ചെരുപ്പ് തുന്നുന്നതിന് ചെരുപ്പുകുത്തിപോലും തയ്യാറല്ല.
  ജാതിക്കല്ല മനുഷ്യനാണ് സ്ഥാനം വേണ്ടത്.
- ചെരുപ്പുകുത്തി താണ ജാതിക്കാരനെ മാറ്റി നിറുത്തുന്നു.

അക്കർമാശിയിലെ മറ്റൊരുഭാഗം താഴെ കൊടുക്കുന്നു

ഉയർന്ന സമുദായക്കാരിയായ രാധ കുടത്തിൽ വെള്ളവുമായിവരുമ്പോൾ ശരൺകുമാറും പാർശ്യായും അവൾക്കെതിരെ നടന്നു ചെന്നപ്പോൾ രാധ പറയുന്നു.

"ഈയിടെയായി മഹാർജാതിക്കാർക്ക് അൽപ്പം ഊറ്റം കൂടിയിട്ടുണ്ട്. നേരെ നടന്നുവരുന്നത് കണ്ടില്ലെ? ഒരു കൂസലുമില്ലാതെ. കുടിക്കാനുള്ള വെള്ളമാണ് ഞാൻ കൊണ്ടുപോകുന്നതെന്ന് നിങ്ങൾക്കു മനസ്സിലായില്ലേ? നിങ്ങളെങ്ങാനും തൊട്ടാലത് അശുദ്ധമാകും" (പേജ് 115)

- മഹാർജാതിക്ക് ഊറ്റം കൂടി എന്നു പറയുന്നതെന്തുകൊണ്ട്?
- മഹാർജാതി തൊട്ടാൽ എന്താണ് സംഭവിക്കുക?
- 'ഒരു കൂസലുമില്ലാതെ' ഇവിടെ സൂചന എന്താണ്?
- രാധയുടെ വാക്കുകളോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്?

താണജാതിക്കാരൻ നേരെ നടന്നു വരുന്നു. വഴിമാറുന്നില്ല.

മഹാർതൊട്ടാൽ വെള്ളം പോലും അശുദ്ധമാകും.

താണജാതിക്കാരൻ അഹങ്കാരിയായി എന്ന സംശയം.

താഴെകൊടുത്തിരിക്കുന്ന കവിതാഭാഗം വായിച്ചുനോക്കൂ.

'തൊട്ടുകൂടാത്തവർ, തീണ്ടിക്കൂടാത്തവർ
ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ?

ഈ കവിതാഭാഗത്തെ ആശയം 'അക്കർമാശി'യിലെ ജാതിചിന്തയോട് സാമ്യമുള്ളതാണോ?

- തൊടുക, അടുത്തുവരിക, കാണുക എന്നിവയിൽ നിന്ന് കീഴ്ജാതിക്കാരനെ കേരളത്തിലും ഒരുകാലത്ത് ഉയർന്ന ജാതിക്കാർ മാറ്റി നിറുത്തിയിരുന്നു എന്ന് മനസ്സിലാക്കാം.

ചോദ്യം 3 ജാതിയുടെ പേരിലുള്ള ഒറ്റപ്പെടുത്തലും അവഗണനയും 'അക്കർമാശിയിലുണ്ട്. ശരിയാണോ? ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക. ഇത്തരം വ്യവസ്ഥിതിയോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക. (5)

**കൂടുതൽ പ്രവർത്തനത്തിന്:**

"തന്നെ എന്തിനീ തമ്പുരാക്കന്മാരിങ്ങനെ തുറിച്ചുനോക്കുന്നതെന്ന് കൈപ്പാടനാദ്യം മനസ്സിലായില്ല. തമ്പുരാന്മാർക്ക് അയിത്തമുണ്ടാകാത്തത്ര ദൂരത്താണ് താൻ നിൽക്കുന്നത്. മരത്തിന് മറഞ്ഞ്. മുട്ടിന് താഴേക്ക് തന്റെ തുണിക്കഷ്ണം ഇറങ്ങീട്ടില്ല. തലയിൽ കാട്ടുവള്ളികൊണ്ടുപോലും ഒരു കെട്ടില്ല." മാവേലിമന്റം – കെ.ജെ. ബേബി (പേജ് 14)

മുകളിൽ കൊടുത്തിരിക്കുന്ന ഭാഗത്തുള്ള ആശയമെന്ത്? അക്കർമാശിയിലെ ആശയങ്ങൾ കൂടിചേർത്ത് കുറിപ്പെഴുതുക.

**പ്രവർത്തനം 3**

'സത്യം സ്വത്തിനേക്കാൾ വിലപിടിച്ച മൂലധനമാണ്. ജീവിതയാത്രയിൽ ചെക്കു ബുക്കിനേക്കാൾ അത് ഉപകരിക്കും. തീർച്ച.'

– കണ്ണീരും കിനാവും – വി.ടി.ഭട്ടതിരിപ്പാട് (കർമ്മവിപാകം പേജ് 54)

'എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പതുരൂപയേക്കാൾ എത്രയോ വലുതായിരുന്നു'.

–(അക്കർമാശി–ശരൺകുമാർലിംബാളെ)

- രണ്ട് എഴുത്തുകാരും എന്തിനേക്കുറിച്ചാണ് പറയുന്നത്?
- പണത്തേക്കാൾ വലുതാണ് സത്യം. ശരിയാണോ?
- ശരൺകുമാറിന്റെ സത്യസന്ധത വ്യക്തമായ സംഭവമേതാണ്?
- കൂട്ടുകാരന്റെ ഉപദേശമെന്തായിരുന്നു?
- ഇതിനോട് ശരൺകുമാർ പ്രതികരിച്ചതെങ്ങനെ?
- ശരൺകുമാറിന്റെ പ്രവർത്തിയോട് നിങ്ങൽ യോജിക്കുന്നുവോ? എന്തുകൊണ്ട്?

| **സത്യം** |
|---|
| പണത്തേക്കാൾ വലുതാണ് സത്യസന്ധത. ശരൺകുമാർ പണം അധ്യാപകനെ ഏൽപ്പിക്കുന്നു. |
| സത്യം പ്രവർത്തിച്ചുകൊണ്ട് ദാരിദ്ര്യത്തെ തോൽപ്പിച്ചു. സത്യസന്ധത മാനിക്കപ്പെടുന്നു. |
| നല്ല പ്രവർത്തി അംഗീകരിക്കപ്പെടും. |

4. ശരൺകുമാർ ലിംബാളെയുടെ സത്യസന്ധത വെളിവായ സംഭവം ചുരുക്കിയെഴുതുക. ശരൺകുമാറിന്റെ പ്രവർത്തിയോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊണ്ട്? കുറിപ്പെഴുതുക (5)

**പ്രവർത്തനം 4**

'തനിക്ക് ചുറ്റുമുണ്ടായിരുന്ന മനുഷ്യവിരുദ്ധമായ ലോകത്തെ ചികിൽസിക്കാനാണ് ശ്രീനാരായണഗുരു ശ്രമിച്ചത്. വിഭാഗീയതയും സങ്കുചിതത്വവും തൊട്ടുകൂടായ്മയും രോഗകാരണങ്ങളായിരുന്നു.

(ചരിത്രത്തെ അഗാധമാക്കിയഗുരു – കെപി.അപ്പൻ)

'അക്കർമാശി എന്ന എന്റെ ഈ ആത്മകഥയെ ഒരു കലാസൃഷ്ടിയായി ഞാൻ കാണുന്നില്ല. ഇതൊരു നിവേദനമാണ്. ഈ പുസ്തകത്തെ സാമൂഹികമായ അനീതിയുടെ പ്രത്യക്ഷവിവരണം എന്ന നില്യ്ക്കു മാത്രം കണ്ടാൽ മതി'

(അക്കർമാശി ഒരാമുഖം ശരൺകുമാർ ലിംബാളെ (പേജ്10)

ശ്രീനാരായണഗുരു ചികിൽസിക്കാൻശ്രമിച്ചത് എന്തിനെയായിരുന്നു?

സമൂഹത്തിന്റെ രോഗകാരണങ്ങളായി ഗുരു ചൂണ്ടിക്കാണിക്കുന്നത് എന്തെല്ലാമാണ്?

ശരൺകുമാർ ലിംബാളെ നേരിടേണ്ടിവന്ന അനീതികൾ എന്തൊക്കെയായിരുന്നു? അർധജാതി, തൊട്ടുകൂടായ്മ, ദാരിദ്ര്യം, അവഗണന, പരിഹാസം, സങ്കുചിതത്വം തുടങ്ങിയവ

| **സൂചനകൾ** |
|---|
| • മനുഷ്യന് വിരുദ്ധമായ സമൂഹം |
| • വിഭാഗീയത |
| • സങ്കുചിതത്വം |
| • തൊട്ടുകൂടായ്മ |

ഈ ആശയങ്ങൾ വായനക്കാരനോട് സംസാരിക്കുന്നതെന്താണ്?

-വിഭാഗീയത പാടില്ല - മനുഷ്യർ തുല്യരാണ് - മനുഷ്യവർഗ്ഗം ഒന്നാണ് - മനുഷ്യനാണ്, അനാചാരങ്ങളല്ല വലുത് - മറ്റുള്ളവരോട് നീതികാണിക്കണം - ജാതി ഒന്നേയുള്ളൂ, അത് മനുഷ്യജാതിയാണ് - ദരിദ്രരെ സഹായിക്കണം - മറ്റുള്ളവരെ അവഗണിക്കരുത് - അന്യരെ പരിഹസിക്കരുത് - ഇടുങ്ങിയ ചിന്തകൾ ഒഴിവാക്കണം തുടങ്ങിയവ

5) മുകളിൽ കൊടുത്തിരിക്കുന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ 'സമത്വസുന്ദരമായ ലോകം' എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക. (8)

**പ്രവർത്തനം 5**

'ഓരോ ശിശുരോദനത്തിലും കേൾപ്പൂഞാ-

നൊരു കോടിയീശ്വര വിലാപം'

'ഐക്യരാഷ്ട്രസഭ വിഭാവനചെയ്യുന്നതുപോലെ ഓരോ കുട്ടിയുടേയും അവകാശങ്ങൾ പൂർണ്ണമായി സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടത് ഓരോ രാഷ്ട്രത്തിന്റേയും പൗരന്റേയും കടമയാണ്.'

ശരൺകുമാർ ലിംബാളെയുടെ ബാല്യകാലാനുഭവങ്ങൾ പാഠപുസ്തകത്തിൽ വായിച്ചുവല്ലോ.

എന്തെല്ലാം പ്രശ്നങ്ങളാണ് ആ കുട്ടി നേരിട്ടത് എന്ന് നിങ്ങൾകണ്ടു.

- മുകളിൽകൊടുത്തിരിക്കുന്ന വരികൾ ശരൺകുമാർ ലിംബാളെയുടെ ജീവിതവുമായി ബന്ധമുള്ളതാണോ?
- എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു? ചർച്ചചെയ്ത് കണ്ടെത്തൂ.

**സൂചനകൾ**

ദാരിദ്ര്യം - വിശപ്പ് - അവഗണന - സുരക്ഷിതത്വമില്ലായ്മ - ജാതിപരമായ ഒറ്റപ്പെടുത്തൽ - ബാലവേല - വേർതിരിവ് - ശരിയായ വിദ്യാഭ്യാസം ലഭിക്കുന്നില്ല തുടങ്ങിയവ

6. മുകളിൽ കൊടുത്ത സൂചനകളുടെ അടിസ്ഥാനത്തിൽ കുട്ടികളുടെ അവകാശങ്ങൾ പൂർണ്ണമായി പാലിക്കപ്പെടുന്നുവോ എന്ന വിഷത്തിൽ എഡിറ്റോറിയൽ തയ്യാറാക്കുക.

7. ശരൺകുമാർ ലിംബാളെയുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

   സൂചനകൾ : അർധജാതിക്കാരൻ - ജീവിതത്തിലെ അനുഭവങ്ങൾ സാഹിത്യകൃതികൾ തുടങ്ങിവ ഉൾപ്പെടുത്തണം.

8. ചേരുംപടി ചേർക്കുക.

| | |
|---|---|
| തീവണ്ടി - | പഴയതുണി |
| കടലാസുപൊതി - | തീയാൽ ഓടിക്കപ്പെടുന്ന വണ്ടി |
| പഴക്കട - | വിശിഷ്ടമായ നിമിഷം |
| പഴന്തുണി - | പഴങ്ങൾ വിൽക്കുന്ന കട |
| വിശിഷ്ടനിമിഷം - | കടലാസുകൊണ്ടുള്ള പൊതി |
| മഹാകവി - | മഹാനായ കവി |

9. എന്റെ സ്ക്കൂൾ വിദ്യാഭ്യാസം ചുങ്കിയിലും പിന്നീട് ചപൾഗാവിലുമായാണ് നടന്നത്.
അവൻ കൂട്ടുകാരോടൊപ്പമാണ് സ്കൂളിലേക്ക് നടന്നത്.
അടവരയിട്ട പദത്തിന് രണ്ട് സന്ദർഭങ്ങളിലുമുള്ള അർത്ഥവ്യത്യാസം എഴുതുക.

10. ചവർക്കൂമ്പാരത്തിൽ നിന്ന് നല്ല കടലാസുകൾ കണ്ടാൽ ശരൺകുമാർ ലിംബാളെ ചെയ്തിരുന്നതെന്തായിരുന്നു?

11. ചെരുപ്പുകുത്തി പൊട്ടിയചെരുപ്പ് തുന്നാൻ കൂട്ടാക്കാത്തതെന്തുകൊണ്ട്?

12. കൂട്ടുകാർ ശരൺകുമാർ ലിംബാളെയെ കളിയാക്കാൻ കാരണമെന്തായിരുന്നു?

13. ക്ലാസ്സ് അധ്യാപകൻ ശരൺകുമാർ ലിംബാളെയെ അഭിനന്ദിക്കാൻ കാരണമെന്തായിരുന്നു?

14. അക്കർമാശി എന്ന ഗ്രന്ഥം ഏത് സാഹിത്യ വിഭാഗത്തിൽപെടുന്നു?

15. അക്കർമാശി മലയാളത്തിലേക്ക് വിവർത്തനം ചെയ്തതാരാണ്?

## II ഞാൻ കഥാകാരനായ കഥ

**(എസ്.കെ. പൊറ്റെക്കാട്)**

എഴുത്തുകാരന്റെ അനുഭവങ്ങളാണ് സാഹിത്യസൃഷ്ടിയായി മാറുന്നത്. അത് സർഗസൃഷ്ടിയാണ്. തമസാനദീതീരത്തുള്ള വൃക്ഷത്തിൽ ഉല്ലസിച്ചിരുന്ന കിളികളിലൊന്ന് വേടന്റെ അമ്പേറ്റ് വീഴുന്ന കാഴ്ച വാത്മീകിയുടെ ഹൃദയത്തിലുണ്ടാക്കിയ ശോകമാണ് രാമായണകാവ്യത്തിന് ആരംഭം കുറിച്ചത്. മലയാളത്തിലെ സഞ്ചാര സാഹിത്യകാരനും നോവലിസ്റ്റും ചെറുകഥാകൃത്തുമായ എസ്.കെ.പൊറ്റെക്കാട് വിവിധ രാജ്യങ്ങളിലെ മനുഷ്യജീവിതം അടുത്തറിയുകയും അവ സാഹിത്യസൃഷ്ടികളിലൂടെ മലയാളിയെ പരിചയപ്പെടുത്തുകയും ചെയ്തു. താൻ ജീവിതം നൽകി വളർത്തിയ മകൻ വാർധക്യത്തിൽ അവഗണിച്ചതിൽ മനംനൊന്ത വൃദ്ധയുടെ നിസ്സഹായത മനസ്സിലാക്കിയ പൊറ്റെക്കാട് അമ്മയുടെ അവസ്ഥ കത്തുകളിലൂടെ മകനെ അറിയിക്കുന്നു. ആ വൃദ്ധമാതാവിന്റെ ദൈന്യം എഴുത്തുകാരന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കി. അദ്ദേഹം വൃദ്ധയുടെ പരിദേവനങ്ങളെ ഹൃദയസ്പർശിയും ശക്തവുമായ ഭാഷയിലൂടെ മകനെ അറിയിച്ചു. മകന് മനംമാറ്റമുണ്ടായി. ഇതാണ് തന്റെ കഥാരചനയുടെ ബാലപാഠമായി ലേഖകൻ 'ഞാൻ കഥാകാരനായ കഥ' എന്ന ഉപന്യാസത്തിലൂടെ പങ്കുവയ്ക്കുന്നത്. എസ്.കെ.പൊറ്റെക്കാടിന്റെ സമ്പൂർണ്ണകൃതികളുടെ ആമുഖത്തിൽ നിന്ന് എടുത്തതാണ് ഈ ഉപന്യാസം.

**പ്രവർത്തനം – 1**

ഓണത്തിനുള്ള ഒരുക്കങ്ങളെപ്പറ്റി പപ്പുണ്ണിമേനോൻ പിന്നെയും പലതും ചോദിച്ചു. ഒരുക്കങ്ങൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു എന്ന അർത്ഥത്തിൽ അമ്മ ഉത്തരവും കൊടുത്തു. അമ്മയും ജാനകിയോപ്പുവും ഞാനുംകൂടി തെങ്ങുകളിൽ നോക്കിനടന്നു. വിളഞ്ഞ തേങ്ങയുണ്ടോ എന്ന്. എല്ലാം പരിശോധിച്ചു. ഒരു തെങ്ങിലുമില്ല വിളഞ്ഞ തേങ്ങ.

"ഇനി എന്തു ചെയ്യും അമ്മേ?" നിരാശയുടെ ആഴത്തിൽ നിന്നും ജാനകിയോപ്പു ചോദിച്ചു.

അമ്മ ഒന്നും പറഞ്ഞില്ല. അവർ തലകുനിച്ചുനടന്നു. ഞാൻ അമ്മയുടെ മുഖത്തേക്കു നോക്കി. അമ്മയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ഒഴുകുന്നുണ്ടായിരുന്നു. ആ കണ്ണുനീർ, നഗ്നമായ നെഞ്ചിൽക്കൂടി വയറിലേക്ക് ഒഴുകുകയാണ്. **ആറുമക്കളെ ചുമന്ന വയറാണത്. അമ്മയുടെ കണ്ണുനീർ, അതുമാത്രം എനിക്ക് സഹിക്കാവതല്ല.**

(ഓർമ്മകളുടെ ലോകത്തിൽ – പി കേശവദേവ് പേജ് 24)

തന്റെ അമ്മയെക്കുറിച്ച് കേശവദേവിന്റെ ഓർമ്മകൾ വായിച്ചുവല്ലോ.

ഇവിടെ പറയുന്നത് എന്തിനേക്കുറിച്ചാണ്?

ജാനകിയോപ്പുവിന്റെ ചോദ്യം സൂചിപ്പിക്കുന്നതെന്ത്?

അമ്മ ചിന്തിക്കുന്നതെന്തൊക്കെയാവാം?

- ഓണക്കാലത്തെ ദാരിദ്ര്യം.
- നിസ്സഹായത
- അമ്മ ദുഖിക്കുന്നു.
- ദരിദ്രമായ ഓണദിവസത്തെക്കുറിച്ച് ഓർക്കുകയാവാം
- പഴയ ഓണത്തെക്കുറിച്ചുമാവാം
- ഓണം സമൃദ്ധിയുടെ ഉത്സവമാണ്
- ഈ ഓണം ദാരിദ്ര്യത്തിന്റേതാണ്.

അടിവരയിട്ട ഭാഗം ഒന്നുകൂടി വായിക്കൂ എഴുത്തുകാരന്റെ ഏത് മനോഭാവമാണ് ഇവിടെ തെളിയുന്നത്. (അമ്മയോടുള്ള സ്നേഹം)

എനിക്ക് സഹിക്കാവതല്ല - എന്താണ്?

(അമ്മയുടെ ദുഃഖം, കണ്ണുനീർ, അമ്മ വേദനിക്കരുത്)

ഞാൻ കഥാകാരനായ കഥ എന്ന ലേഖനത്തിലെ അമ്മ മകനുവേണ്ടി ചെയ്തതെന്തെല്ലാമാണ്?

( അമ്മ മകനുവേണ്ടി ജീവിച്ചു - പട്ടിണികിടന്നു)

'കുഠം' പിടിച്ച പട്ടിയേപ്പോലെ എന്ന ഭാഗം നൽകുന്ന സൂചന എന്ത്?

(കുഷ്ഠരോഗിയെ സമൂഹം ആട്ടിയോടിച്ചിരുന്നു. അതിനേക്കാൾ ക്രൂരമായി നായയോട് പെരുമാറും)

മകൻ അമ്മയോട് ചെയ്തത് ശരിയാണോ? നിങ്ങളുടെ അഭിപ്രായമെന്താണ്?

**സൂചനകൾ**

ഞാൻ കഥാകാരനായ കഥ

അമ്മയുടെ ദാരിദ്ര്യം, ദുഃഖം, നിസഹായത, നന്ദികേട്, അവഗണന, തുടങ്ങിയവ

1. മുകളിൽ കൊടുത്തിരിക്കുന്ന രണ്ടു സന്ദർഭങ്ങളും വിശകലനം ചെയ്ത് അമ്മയോടുള്ള മക്കളുടെ മനോഭാവം താരതമ്യം ചെയ്ത് കുറിപ്പെഴുതുക.. (5)

**പ്രവർത്തനം - 2**

"അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി" (എസ്.കെ.പൊറ്റെക്കാട്)

എസ്.കെ. പൊറ്റെക്കാടിന് അഭിമാനം തോന്നിയതെപ്പോഴാണ്?

- അഭിമാനം ഏറ്റവും ഉയർന്നത് എപ്പോഴാണ്?
- മകൻ അമ്മയോട് ചോദിച്ചതെന്താണ്?
- എസ്.കെ. പൊറ്റെക്കാടിന്റെ കത്തുകൾ മകന്റെ മനസ്സിൽ ചലനങ്ങളുണ്ടാക്കിയത് എങ്ങനെയെല്ലാമാണ്?

**സൂചനകൾ**

മകൻ അമ്മയ്ക്ക് പണം അയച്ചു.

മകൻ അമ്മയെ കാണാൻ വന്നു. കത്തെഴുതുന്നതാരെന്നു ചോദിച്ചു. മകന് കുറ്റബോധ മുണ്ടായി.

മനസ്സിന് മാറ്റം ഉണ്ടായി.

2. എസ്.എകെ.പൊറ്റെക്കാടിന്റെ എഴുത്തുകൾ മകന്റെ മനസ്സിലുണ്ടാക്കിയ മാറ്റങ്ങൾ എന്തൊക്കെയാണെന്ന് കണ്ടെത്തി കുറിപ്പെഴുതുക.

**പ്രവർത്തനം 3**

താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകൾ വായിച്ചുനോക്കൂ.

എനിക്ക് ആ വൃദ്ധയുടെ പരിതസ്ഥിതിയിൽ വലിയ സഹതാപം തോന്നി.

അവർ കണ്ണീരിൽ കലർത്തി പറഞ്ഞകഥകൾ എന്നെ വികാരപരവശനാക്കി.

മുക്കാലും കുരുടിയായിരുന്ന ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ.

അവരുടെ മകന് അന്ന് ഞാനെഴുതിയ കത്തുകളാണ് എന്റെ ആദ്യത്തെ ചെറുകഥകൾ എന്നുപറയാം.

- എസ്. കെ. പൊറ്റെക്കാട്.

- വൃദ്ധയുടെ വാക്കുകൾ ലേഖകനിൽ എന്ത് മാറ്റമാണ് ഉണ്ടാക്കിയത്?
- മകന്റെ മനസ്സിളക്കാൻ എസ്.കെ.ചെയ്തതെന്ത്?
- തന്റെ രചനകൾ ലക്ഷ്യം കണ്ടു എന്ന് എഴുത്തുകാരന് പറയാനാകുമോ? എന്തുകൊണ്ട്?
- കത്തെഴുതിയപ്പോൾ എഴുത്തുകാരൻ എന്ന നിലയിൽ എസ്.കെ.പൊറ്റെക്കാട് വിജയിച്ചുവോ?

പൊതുവായി ചർച്ച ചെയ്യുക.

സൂചനകൾ

എഴുത്തുകാരന്റെ മനസ്സിൽപതിഞ്ഞു. അദ്ദേഹം ദുഃഖിച്ചു - രചനകൾ ലക്ഷ്യം കണ്ടു - മകൻ അമ്മക്ക് പണം അയച്ചു - കാണാൻ വന്നു. എസ്.കെ. വിജയിച്ചു.

3. അനുഭവങ്ങൾ എഴുത്തുകാരനിലുണ്ടാക്കിയ മാറ്റമാണ് വായനാക്കാരിനിലും മാറ്റമുണ്ടാക്കിയത് എന്ന് ഞാൻ കഥാകാരനായ കഥ എന്ന പാഠത്തിൽ കാണാം. ഉദാഹരണങ്ങൾ കണ്ടെത്തി സമർത്ഥിക്കുക(4)

**പ്രവർത്തനം 4**

'വായനക്കാരനോട് തീർച്ചയായും എഴുത്തുകാരന് ബന്ധമുണ്ട്. കാരണം, എഴുത്തുകാരന്റെ ജോലി അനുഭവങ്ങളുടേയും വിചാരങ്ങളുടേയും സ്വപ്നങ്ങളുടേയും സംക്രമണമാണ്.

(നോവലിസ്റ്റിന്റെ ശില്പശാല - കെ.സുരേന്ദ്രൻ)

ലേഖകന്റെ അഭിപ്രായത്തിൽ എഴുത്തുകാരന് വായനക്കാരനോട് ബന്ധമുണ്ടോ?

എഴുത്തുകാരന്റെ ജോലി എന്താണ്?

സാഹിത്യകാരൻ

▼

അനുഭവം, വിചാരം, സ്വപ്നം

▼

വായനക്കാരൻ

‘എനിക്കുവേണ്ടിയാണ് ഞാൻ എഴുതുന്നത്. എഴുതുമ്പോൾ എന്റെ മുമ്പിൽ പത്രക്കാരില്ല. പ്രസാധകന്മാരില്ല. വായനക്കാരനുമില്ല.

(കാഥികന്റെ പണിപ്പുര - എം. ടി. വാസുദേവൻ നായർ)

എം.ടി.വാസുദേവൻ നായരുടെ അഭിപ്രായത്തിൽ ആർക്കുവേണ്ടിയാണ് എഴുതുന്നത്?

എഴുത്തുകാരന് ആരോടാണ് ബന്ധമുള്ളത്?

കെ.സുരേന്ദ്രന്റേയും എം.ടിയുടേയും കാഴ്ചപ്പാടുകൾ തമ്മിലുള്ള വ്യത്യാസമെന്ത്?

എസ്. കെ. പൊറ്റെക്കാടിന്റെ കത്തുകൾ മകന് മാറ്റമുണ്ടാക്കിയോ? ഇവിടെ എഴുത്തുകാരനായ എസ്. കെ. വിജയിച്ചുവോ?

4. കെ.സുരേന്ദ്രൻ, എം. ടി. വാസുദേവൻ നായർ എന്നിവരുടെ കാഴ്ചപ്പാടുകൾ വ്യത്യസ്തമാണ്. എസ്.കെ. പൊറ്റെക്കാടിന്റെ രചന വായനക്കാരനിലുണ്ടാക്കിയ മാറ്റവും കണ്ടുവല്ലോ. നിങ്ങളുടെ അഭിപ്രായങ്ങളും കൂടി ചേർത്തുകൊണ്ട് വായനക്കാരനും എഴുത്തുകാരനും എന്നവിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

> **സൂചന**
>
> **കെ. സുരേന്ദ്രൻ**
>
> വായനക്കാരനോട്എഴുത്തുകാരന് ബന്ധമുണ്ട്. രചനയിലൂടെ ആശയങ്ങൾ വായനക്കാരനിലെത്തുന്നു.
>
> **എം.ടി.**
>
> എഴുതുന്നത് എഴുത്തുകാരന് വേണ്ടിയാണ്. വായനക്കാരനുവേണ്ടിയല്ല.
>
> എസ്.കെ.പൊറ്റെക്കാട് എഴുതിയത് വായനക്കാരനായ മകനിൽ ചലനമുണ്ടാക്കി.
>
> എസ്.കെ.പൊറ്റെക്കാട് എഴുതിയ ആശയം വായനക്കാരനായ മകനെ എങ്ങനെ സ്വാധീനിച്ചു?

**പ്രവർത്തനം - 5**

“ഈ കഥയ്ക്ക് ഒരു അനുബന്ധം കൂടിയുണ്ട്. കഴിഞ്ഞ വർഷം ഞാൻ ആ മകനെ കോഴിക്കോട്ടു വച്ച് കണ്ടുമുട്ടുകയുണ്ടായി” - എസ്.കെ. പൊറ്റെക്കാട്.

- ആരെ കണ്ടകാര്യമാണ് എസ്.കെ. പറയുന്നത്?
- ലേഖകന് സഹതാപവും തുടർന്ന് ഉള്ളിൽ ചിരിയും ഉണ്ടാവാനുള്ള കാരണമെന്ത്?

> **സൂചനകൾ**
>
> ഭാര്യയെ ഉപേക്ഷിച്ചു അമ്മയെ ഓർത്ത് പശ്ചാത്താപം - വൃദ്ധയോട് സഹതാപവും മകന്റെ ബുദ്ധിശൂന്യതയിലുണ്ടായ ചിരിയും.

5. താൻ കത്തെഴുതിയിരുന്ന മകനെ കണ്ടതിനുശേഷമുള്ള കാര്യങ്ങൾ പൊറ്റെക്കാട് പറയുന്നത് ചുരുക്കിയെഴുതുക. (50

**പ്രവർത്തനം - 6**

ചില പത്രങ്ങളിൽ വന്ന വാർത്തകളുടെ തലക്കെട്ടുകൾ താഴെകൊടുക്കുന്നു.

| | |
|---|---|
| വൃദ്ധമാതാവിനെ മകൻ വഴിയിൽ തള്ളി | മക്കൾക്ക് അമ്മയെ വേണ്ട വൃദ്ധസദനം തുണയായി |
| അമ്മയെ ആറുവർഷം ചങ്ങലയ്ക്കിട്ട മകൻ അറസ്റ്റിൽ | |
| നാടെങ്ങും മാതൃദിനാഘോഷം മക്കളുപേക്ഷിച്ച അമ്മ മരിച്ചു. | |

6. മുകളിൽ കൊടുത്തിരിക്കുന്ന തലക്കെട്ടുകൾ വായിച്ചുവല്ലോ. ഞാൻ കഥാകാരനായ കഥ എന്ന ഉപന്യാസത്തിലെ ആശയങ്ങൾകൂടി ചേർത്തുകൊണ്ട് മാതൃദിനത്തിൽ പറയുന്നതിനായി 'അവഗണിക്കപ്പെടുന്ന മാതൃത്വം' എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക. (6)

7. താഴെ കൊടുത്തിട്ടുള്ള പദങ്ങളുടെ വിഗ്രഹാർത്ഥമെഴുതുക. കോണിപ്പടി, കീറമുണ്ട്, മുത്തിത്തള്ള, മാതൃഹൃദയം, വൃദ്ധമാതാവ്

8. താഴെകൊടുത്തിരിക്കുന്ന പദങ്ങൾ പിരിച്ചെഴുതുക.

   ഭൃത്യപ്പണി, കോണിപ്പടി, എണ്ണിയെണ്ണി, തപ്പിത്തപ്പി.

9. സ്വന്തം വകയായി ചില <u>സരസ്വതീ വിലാസങ്ങളും ചേർത്ത്</u> ഞാൻ ആ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതി അയച്ചു.

   അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നതെന്ത്?

   | |
   |---|
   | വാക്കുകൾ അർത്ഥപൂർണ്ണമായി ഉപയോഗിക്കാനുള്ള കഴിവ് |

10. അപ്പോൾ എന്റെ അഭിമാനം <u>ഉച്ചകോടി</u>യിലെത്തിപ്പോയി അടിവരയിട്ട പദംകൊണ്ട് അർത്ഥമാക്കുന്നതെന്താണ്?

11. വൃദ്ധയായ മാതാവ് എസ്.കെ.പൊറ്റെക്കാടിനോട് പറഞ്ഞതെന്തെല്ലാം (3)

12. താഴെകൊടുത്തിരിക്കുന്ന പദങ്ങളുടെ അർത്ഥമെഴുതുക.
    നിസ്സഹായത, മുദ്രലക്കോട്ട്, അക്ഷന്തവ്യം, കൃതഘ്നത, തുടരത്തുടരെ, ഉച്ചകോടി, അനുബന്ധം

13. അപ്പോൾ എന്റെ അഭിമാനം ഉച്ചകോടിയിലെത്തിപ്പോയി, സന്ദർഭവും ആശയവും എഴുതുക.

14. എസ്.കെ. പൊറ്റെക്കാടിന്റെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക. (സൂചനകൾ : 1916 – 1982 – ശങ്കരൻകുട്ടി പൊറ്റെക്കാട് – കോഴിക്കോട് ജനനം – സഞ്ചാരസാഹിത്യകാരൻ – നോവലിസ്റ്റ് – ചെറുകഥാകൃത്ത് – പ്രധാനകൃതികൾ – സ്വാതന്ത്ര്യസമരസേനാനി – ലോക സഭാംഗം – ലഭിച്ചപുരസ്ക്കാരങ്ങൾ – ജ്ഞാനപീഠം അവാർഡ്) (5)

15. ഞാൻ കഥാകാരനായ കഥ എന്ന പാഠഭാഗത്തിന് 'അമ്മയ്ക്കുവേണ്ടി ചെയ്തത്' എന്ന ഒരു തലക്കെട്ട് ഒരു കുട്ടി നിർദ്ദേശിച്ചു. പുതിയ തലക്കെട്ട് ഈ ഉപന്യാസത്തിന് അനുയോജ്യമാണോ? എന്തുകൊണ്ടാണെന്ന് വിശദീകരിക്കുക. അനുയോജ്യമായ മറ്റൊരു തലക്കെട്ട് നിർദ്ദേശിക്കാമോ? (5)

## അശ്വമേധം

**വയലാർ രാമവർമ്മ**

ദേവന്മാരെ പ്രസാദിപ്പിക്കുന്നതിനായി ചെയ്യുന്ന കർമ്മമാണ് യാഗം. ദോഷങ്ങൾ ഇല്ലാതാക്കുന്നതിന് രാജാക്കന്മാർ നടത്തിവന്നിരുന്ന ഒരു യാഗമാണ് അശ്വമേധം. ഇതിനായി കുതിരയെ അഴിച്ചുവിടുകയും കുതിരയെ തടയുന്നവരെ തോൽപ്പിക്കുകയും വേണം. വെളുത്തതോ മുൻഭാഗം കറുത്ത് ബാക്കി ഭാഗം വെളുത്തോ ആവണം കുതിര. കുതിരയെ രക്ഷിക്കുന്നതിന് ആയുധധാരികളായ പടയാളികൾ ഉണ്ടാവും. നൂറ് അശ്വമേധം നടത്തുന്ന രാജാവ് ഇന്ദ്രന് തുല്യനാകുമെന്നാണ് വിശ്വാസം.

തൂലികപടവാളാക്കിയ കവി എന്നറിയപ്പെടുന്ന വയലാർ രാമവർമ്മയുടെ 'അശ്വമേധം' എന്ന കവിത മനുഷ്യന്റെ സർഗ്ഗ ശക്തിയേയും മഹത്വത്തേയും കുറിച്ചു പാടുന്നു. മാനവചരിത്രത്തിൽ സർഗ്ഗശേഷി എങ്ങനെ പ്രയോജനപ്പെട്ടു എന്ന് ഈ കവിതയിൽ കവി പറയുന്നു. യഥാർത്ഥ സർഗ്ഗശക്തിയെ തടയുവാൻ മതം, അധികാരം എന്നിങ്ങനെ യാതൊന്നിനും കഴിയുകയില്ല എന്നും എല്ലാത്തിനും മീതെയാണ് സംസ്ക്കാരമെന്നും കലയും സംസ്ക്കാരവും എന്നെന്നും നിലനിൽക്കുമെന്നും കവി ഈ കവിതയിലൂടെ വ്യക്തമാക്കുന്നു. വിജയം നേടുക എന്ന അർത്ഥത്തിലും അശ്വമേധം എന്ന പദം ഇന്ന് ഉപയോഗിക്കുന്നുണ്ട്. വയലാർ രാമവർമ്മയുടെ 'മുളങ്കാട്' എന്ന കൃതിയിലേതാണ് ഈ കവിത

**പ്രവർത്തനം –1**

അശ്വമേധം എന്ന കവിതയിലെ ചില വരികൾ താഴെ കൊടുക്കുന്നു.

നിങ്ങൾകണ്ടോ ശിരസ്സുയർത്തിപ്പായു –
മെൻകുതിരയെ ചെമ്പൻകുതിരയെ?
എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ

**ഉന്മേഷം**

കുതിക്കാനുള്ള താൽപര്യം കവിക്ക് അഭിമാനമാണ്. കോടികോടി വർഷങ്ങളിലൂടെ നേടിയശക്തിയുള്ളത് പ്രകൃതിയെ മല്ലിട്ട് നേടിയത്. ആർക്കും ജയിക്കാനാവാത്തത്.

കവിതാഭാഗംവായിച്ചുവല്ലോ.

കുതിരയുടെ കണ്ണുകളിൽ കാണുന്നതെന്ത്?

കാലുകളിൽ ഉൽസാഹമാണ് എന്ന് പറയുന്നതിലൂടെ സൂചിപ്പിക്കുന്നതെന്ത്?

ശിരസ്സുയർത്തിപ്പായുന്ന കുതിരയെ ചൂണ്ടിക്കാണിക്കുന്ന കവിയുടെ ഭാവമെന്താണ്?

1 സർഗ്ഗശക്തിയാകുന്ന കുതിരയുടെ എന്തെല്ലാം പ്രത്യേകതകളേക്കുറിച്ചാണ് കവി പറയുന്നത്? മറ്റ് പ്രത്യേകതകൾ കൂടി കണ്ടെത്തി എഴുതുക.

**പ്രവർത്തനം – 2**

"എന്റെ പൂർവികരശ്വഹൃദയജ്ഞ–
രെന്റെ പൂർവികർ വിശ്വവിജയികൾ,
അങ്കമാടിക്കുതിരയെ വീണ്ടെടു–
ത്തന്നണഞ്ഞുയുഗങ്ങൾതൻ ഗായകർ"

തന്റെ പൂർവികർക്ക് എന്ത് ജ്ഞാനമുണ്ടെന്നാണ് കവി പറയുന്നത്?

ആരാണ് വിശ്വവിജയികൾ?

പൂർവികരാണ് കുതിരയെ കണ്ടെത്തിയത്. അശ്വഹൃദയം അറിയാവുന്നവരാണ് പൂർവികർ. അവർ വിശ്വവിജയികളാണ്. യുദ്ധം ചെയ്ത് കുതിരയെ വീണ്ടെടുത്തവരാണ്. യുഗങ്ങളുടെ ഗായകരാണ്. മണ്ണിൽ പിറന്നവരാണ്. സംസ്ക്കാര ശില്പികളാണ്.

പൂർവികരുടെ മറ്റെന്തെല്ലാം പ്രത്യേകതകളാണ് കവിപറയുന്നത്. പാഠഭാഗത്തുനിന്ന് കണ്ടെത്തൂ.

(പാഠപുസ്തകം പേജ് 107)

അശ്വഹൃദയം – മനോവേഗത്തിൽ കുതിരയെ പായിക്കുന്ന മന്ത്രം. ഇവിടെ വേഗത സൂചിപ്പിക്കുന്നു.

2. തന്റെ പൂർവികരേക്കുറിച്ച് ഓർത്ത് അഭിമാനം കൊള്ളുന്ന പുതിയ തലമുറയുടെ പ്രതിനിധിയാണ് കവി. പൂർവികരേക്കുറിച്ച് കവി അഭിമാനം കൊള്ളാനുള്ള കാരണങ്ങൾ എന്തെല്ലാമാണ്? ചുരുക്കിയെഴുതുക.

**പ്രവർത്തനം – 3**

പാഠഭാഗത്തുനിന്ന് കണ്ടെത്തൂ.

- കുതിരയുടെ യാത്രയേക്കുറിച്ച് കവിപറയുന്നതെന്തെല്ലാമാണ്?
- കുതിരയുടെ കുളമ്പടിയേറ്റ് വീണതെന്തെല്ലാമാണ്?
- ദൈവം ചെയ്തതെന്തായിരുന്നു?
- രാജാധികാരം എന്തിനാണ് ഒരുമ്പെട്ടത്?
- തത്ത്വവേദികൾ എന്താണ് ചെയ്തത്?

അധികാരം, മതം, ഏകാധിപത്യം, തത്ത്വജ്ഞാനം
എന്നിവ സർഗ്ഗശേഷിക്ക് മുമ്പിൽ കീഴടങ്ങിയോ?

ഉദാഹരണങ്ങൾ കണ്ടെത്തി എഴുതൂ.

- എപ്പോഴും വിജയിക്കുന്നതാരാണ്?

**സൂചനകൾ**

ശവകുടീരങ്ങളിൽ നൃത്തമാടി. അധികാരചിഹ്നമായ കൊറ്റക്കുടയും ഭരണകൂടവും തകർന്നു. കുതിരയെ നിയന്ത്രിച്ച് തനിക്ക് യാത്രാവാഹനമാക്കാൻ ദൈവം ശ്രമിച്ചു. സേനകൾ തടയുന്നു. തത്വജ്ഞാനികൾ യോഗദണ്ഡിൽ തടയാനൊരുങ്ങി. സർഗ്ഗശേഷി വിജയിക്കുന്നു.

3. യഥാർത്ഥ സർഗ്ഗശേഷിയെ തടയുവാൻ ആർക്കും കഴിയുകയില്ല. അശ്വമേധം എന്ന കവിതയെ അടിസ്ഥാനമാക്കി വിശദീകരിക്കുക. (5)

**പ്രവർത്തനം – 4**

| | |
|---|---|
| "കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു | • മനുഷ്യൻ വനവാസിയായിരുന്നു |
| കാടിനുള്ളിൽ വച്ചെൻപ്രപിതാമഹർ | • നായാടിയായി ജീവിച്ചു |
| കണ്ടതാണിക്കുതിരയെ, ക്കാട്ടുപുൽ | • സർഗശക്തിയാണ് കണ്ടെത്തിയത് |
| ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ" | • വനവാസകാലത്ത് കണ്ടെത്തി |

- ആദിമകാലത്ത് മനുഷ്യൻ വസിച്ചിരുന്നതെവിടെയാണ്?
- മുത്തച്ഛന്മാർ കണ്ടെത്തിയതെന്ത്?
- എവിടെ വച്ചാണ് കണ്ടെത്തിയത്?
- മുത്തശ്ശിമാർ ചെയ്തതെന്ത്?

**ചോദ്യം 4**

സൂചനകൾ കൂടി ഉൾപ്പെടുത്തിക്കൊണ്ട് മുകളിൽ

കൊടുത്തിരിക്കുന്ന കവിതാ ഭാഗത്തിന് ആസ്വാദനം തയ്യാറാക്കുക.

ഗുഹയിൽ വസിക്കുന്ന മനുഷ്യൻ– മരവുരി – വസ്ത്രം–അലഞ്ഞു നടന്നിരുന്നു. താമസം തുടങ്ങുന്നു. ഗുഹകളിൽ ചിത്രം വരച്ചു – നൃത്തം –മുളന്തണ്ടിലൂടെ പാടി മനഷ്യവർഗ്ഗത്തിന്റെ പുരോഗതി, സാംസ്കാരിക വളർച്ച ഇവ സൂചിപ്പിക്കുന്നു.

**പ്രവർത്തനം – 5**

കവിതാഭാഗം വായിക്കൂ.
"പണ്ടൊരിന്ത്യാക്കാരനാകാശ ഗംഗയെ
ക്കൊണ്ടുപോയ് മണ്ണിലൊഴുക്കീ ഭഗീരഥൻ
നാളെയവന്റെ പിൻഗാമികളീസ്സുര–
ഗോളലക്ഷങ്ങളെയമ്മാനമാടിടും"
(നല്ല ഹൈമവതഭൂവിൽ –വയലാർ)

(വയലാർകൃതികൾ പേജ് 344)

ഹിമാലയത്തെ മനുഷ്യൻ കീഴടക്കിയതാണ് ഈ കവിതയിൽ പറയുന്നത്. മനുഷ്യപുരോഗതിയെ കവി ഉയർത്തിക്കാണിക്കുന്നു.

എവറസ്റ്റിനുമേൽ മനുഷ്യൻ കാലുകുത്തിയപ്പോൾ അവരെ അടുത്തുകണ്ട ദേവന്മാർ അമ്പരപ്പോടെ പറയുന്നതാണ് ഈ ഭാഗം. ആകാശഗംഗയെ ഭൂമിയിലെത്തിച്ചതാരാണ്?

ഭഗീരഥന്റെ പിൻഗാമികൾ എന്താണ് ചെയ്യുക?

അമ്മാനമാടുക എന്ന പദം സൂചിപ്പിക്കുന്നതെന്ത്?

സൂചനകൾ

ഭഗീരഥൻ സ്വർഗ്ഗത്തിലെ ഗംഗയെ ഭൂമിയിലൊഴുക്കി. ആധുനിക മനുഷ്യൻ പ്രപഞ്ചത്തെ കീഴടക്കും.

മനുഷ്യന് എല്ലാം നിസ്സാരമാണ്

**പ്രവർത്തനം –5**

താഴെ കൊടുത്തിരിക്കുന്ന വരികൾ വായിച്ചുനോക്കൂ

ദിഗ്വിജയത്തിനെൻ സർഗശക്തിയാ–
മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ
ആരൊരാളീക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗ്ഗം മുടക്കുവാൻ"?

- ദിക്കുകലെ ജയിക്കുന്നതിന് കവി ഏത് കുതിരയെയാണ് അയക്കുന്നത്?
- കെട്ടുക, മാർഗ്ഗം മുടക്കുക എന്നീപദങ്ങൾ സൂചിപ്പിക്കുന്നതെന്ത്?
- ദിക്കുകളെ ജയിക്കുക എന്ന് കവി പറയുന്നത് എന്തുകൊണ്ടാവാം?

സർഗ്ഗശക്തിയാണ് കുതിര. മനുഷ്യനും കാലത്തിനും തടയാനാവുകയില്ല. എന്തിനും മുകളിലാണ് സംസ്കാരത്തിന്റെ സ്ഥാനം.

ഏകാധിപത്യം അധികാരം, മതം, പ്രതാപം ഇവ താൽക്കാലികമാണ്. കല, സാഹിത്യം, മാനവികത, സംസ്ക്കാരം ഇവ കാലത്തെ അതിജീവിക്കുന്നു.

5) മനുഷ്യന്റെ സർഗ്ഗശേഷിയെ ആർക്കും തടയാനാവുകയില്ല എന്ന് വിശ്വസിച്ച കവിയാണ് വയലാർ രാമവർമ്മ. അശ്വമേധം എന്ന കവിതയെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക (8)

6. താഴെ കൊടുത്തിട്ടുള്ള പദങ്ങൾ വിഗ്രഹിച്ചെഴുതുക.

   പിഞ്ഛികാ ചാലനം, സാമൂഹ്യശക്തി, കാട്ടുചോല, ദിഗ്വിജയം, മുത്തണിക്കൂണുകൾ, കാട്ടുപുൽത്തണ്ട്, ചെമ്പൻകുതിര, വിശ്വവിജയികൾ, സംസ്ക്കാര ശില്പികൾ, സർഗ്ഗശക്തി.

7. താഴെ കൊടുത്തിട്ടുള്ള പദങ്ങൾ പിരിച്ചെഴുതുക. ദിഗ്വിജയം, ശതാബ്ദം, കൊറ്റക്കുട, പടപ്പാളയം, അക്കുളമ്പടി.

8. എവിടെയാണ് കവി അശ്വമേധം നടത്തുന്നത്?

9. നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു–

   മെൻകുതിരയെ ചെമ്പൻകുതിരയെ?
   കവിയുടെ വക്കുകളിൽ അടങ്ങിയിരിക്കുന്ന ഭാവമെന്താണ്?

10. യുഗങ്ങളിൽ കുത്തിനിർത്തിയ മുത്തണിക്കൂണുകൾ എന്നു വിളിക്കുന്നത് എന്തിനേയാണ്?

11. അശ്വഹൃദയജ്ഞർ എന്ന് വയലാർ വിളിക്കുന്നതാരെയാണ്?

12. അശ്വഹൃദയജ്ഞർ, വിശ്വവിജയികൾ, യുഗങ്ങളുടെ ഗായകർ, സംസ്കാരിശ്പികൾ എന്നെല്ലാം കവി വിശേഷിപ്പിക്കുന്നത് ആരെയാണ്?

"ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യ വീചികൾ"

(അശ്വമേധം)

| |
|---|
| സർഗ്ഗശേഷി എന്നും നിലനിൽക്കുന്നതും ലോകത്തെ നയിക്കുന്നതുമാണ് അത് നശിക്കുന്നതല്ല. |

സാമൂഹ്യമാറ്റത്തിന് സാഹിത്യവും സംസ്കാരവും എന്നും കാരണമാണ്. അത് അജ്ഞതയെ അകറ്റുന്നു. സംസ്കാരശില്പികളെപ്പറ്റി കവി മറ്റൊരു കവിതയിൽ ഇങ്ങനെ പറയുന്നു.

'പുതിയ യുഗത്തിന്റെ സന്ദേശവാഹകർ
പുതിയസംസ്കാരത്തിൻ ഗായകന്മാർ
വഴിവക്കിൽ നിന്നൊന്നുമാറുക ഞങ്ങൾക്കു
മുഴുമിക്കാനുണ്ടിന്നൊരശ്വമേധം

| |
|---|
| സംസ്കാരം മനുഷ്യസൃഷ്ടിയാണ് പുതിയയുഗം മാറ്റത്തിന്റേതാണ്. പുതിയ സംസ്കാരത്തിന്റെ പാട്ടുകാർ എത്തുന്നു. അവർ തിന്മകളെ തോൽപ്പിക്കുന്നു. |

(കൊന്തയും പൂണൂലും - വയലാർ വയലാർകൃതികൾ - പേജ് 48)

"കുതിരപ്പുറത്തു ഞാൻ പാഞ്ഞു
പോവുമ്പോൾ, കൈയിൽ കുതറി -
ത്തുള്ളിക്കൊണ്ടെൻ ചാട്ടവാറിളകുമ്പോൾ,
ഞടുങ്ങിപ്പോകുന്നില്ലേ നിമിഷങ്ങളിൽ കുള-
മ്പടികൾ പതിയുമ്പോളീയണ്ഡ കടാഹങ്ങൾ?
കാലമാണവിശ്രമം പായുമെന്നശ്വം -
സ്നേഹ ജ്വാലായണെ
ന്നിൽക്കാണും ചൈതന്യം സനാതനം."
(എനിക്കുമരണമില്ല - വയലാർ
വയലാർ കൃതികൾ പേജ് 149)

| |
|---|
| മാനവപുരോഗതിയെ കവി സ്വാഗതം ചെയ്യുന്നു. പാഞ്ഞുപോവുന്നത് മാറ്റത്തിന്റെ വേഗം തന്നെയാണ്. സംസ്കാരം എന്നും നിലനിൽക്കും. കാലം എല്ലാത്തിനേയും മാറ്റുന്നു. |

മാനവ പുരോഗതിയാണ് അശ്വമേധം എന്ന കവിതയിലൂടെ വയലാർ വ്യക്തമാക്കുന്നത്. ആ യാത്രയിൽ എല്ലാ തടസ്സങ്ങളേയും പിൻതള്ളുന്നതുകാണം. അശ്വമേധം എന്ന കവിത വിശകലനം ചെയ്ത ഉപന്യാസം തയ്യാറാക്കുക. (മുകളിൽ കൊടുത്ത കവിതാഭാഗങ്ങളിലെ ആശയങ്ങളും കൂടി ചേർക്കാവുന്നതാണ്. (6)

13. പച്ചമണ്ണിൻ മനുഷ്യത്വം എന്ന് വിശേഷിപ്പിക്കുന്നതാരെയാണ്?
14. വയലാറിന്റെ അശ്വമേധം എന്ന കവിത ഏത് കവിതാ സമാഹാരത്തിൽ നിന്നെടുത്തതാണ്?
15. വയലാർ രാമവർമ്മയെക്കുറിച്ച് ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുക.

(സൂചനകൾ : ജനനം : 1928 - ആലപ്പുഴയിൽ ജനനം - കവി- ഗാനരചയിതാവ് - നാടകസിനിമാഗാനങ്ങൾ - പ്രധാനകൃതികൾ - മരണം 1975)

16. താഴെകൊടുത്തിരിക്കുന്ന പട്ടിക ക്രമപ്പെടുത്തി എഴുതുക.

| | | |
|---|---|---|
| അശ്വമേധം | തലേന്ന് രാത്രി അവർ എന്നെ സ്വപ്നം കണ്ടിരുന്നുവത്രെ | പൊറ്റെക്കാട് |
| ഞാൻ കഥാകാരനായ കഥ | ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ | ശരൺകുമാർ ലിംബാളെ |
| അക്കർമാശി | മുക്കാലും കുരുടിയായ ആ മുത്തിത്തള്ളയാണ് ചെറുകഥാരചനയിൽ എന്റെ ആദ്യത്തെ ഗുരുനാഥ | വയലാർ |

17. എസ്.കെ.പൊറ്റെക്കാട് – (3)

ശരൺകുമാർ ലിംബാളെ –

വയലാർ –

മൂന്ന് എഴുത്തുകാരുടെ പേരുകൾ മുകളിൽ കൊടുത്തിരിക്കുന്നത് കണ്ടുവല്ലോ. താഴെ കൊടുത്തിരിക്കുന്നവയിൽ നിന്നും ഓരോ എഴുത്തുകാരന്റെ പേരിനോട് ചേർക്കാവുന്നവ കണ്ടെത്തി എഴുതുക.

| |
|---|
| സർഗ്ഗശക്തി, അർധജാതി, മാതൃത്വത്തെ അവഗണിക്കുക, കവിത, യാഗം, ജ്ഞാനപീഠം, ആത്മകഥ, സഞ്ചാരസാഹിത്യം, മറാത്തി. |

(6)

യൂണിറ്റ് - V

# കലകൾ കാവ്യങ്ങൾ

1. **ഉരുളക്കിഴങ്ങ് തിന്നുന്നവർ**

   **(കഥ) - സുഭാഷ് ചന്ദ്രൻ**

2. **ചിത്രകലയും കാവ്യകലയും**

   **(ലേഖനം) - എം.പി.പോൾ**

3. **മൈക്കലാഞ്ജലോ, മാപ്പ്**

   **(കവിത) - ഒ.എൻ.വി.കുറുപ്പ്**

### യൂണിറ്റ് ആമുഖം

കലകളും സാഹിത്യവും ജീവിതത്തെയാണ് അടയാളപ്പെടുത്തുന്നത്. ചിത്രം, കാവ്യം, ശിൽപ്പം, സംഗീതം, നാട്യം തുടങ്ങിയ സുകുമാരകലകളെല്ലാം ജീവിതത്തെ കൂടുതൽ സുന്ദരവും ആകർഷകവുമാക്കുന്നവയാണ്. ഓരോരുത്തരുടെ അഭിരുചിക്കനുസരിച്ച് ഇതിനോരോന്നിനോട് തൽപര്യം തോന്നാവുന്നതാണ്. സാഹിത്യത്തോടൊപ്പം കലയും മനുഷ്യനെ പരിവർത്തനവിധേയനാക്കുന്നു. ലോകപ്രസിദ്ധമായ സാഹിത്യ കൃതികളും ചിത്രങ്ങളും മറ്റ് കലകളുമെല്ലാം കാലാതീതമാണ്. അത് എപ്പോഴും മനുഷ്യനോട് സംവദിച്ചുകൊണ്ടേയിരിക്കും.

പ്രസിദ്ധമായ ചില ചിത്രങ്ങളെ പരിചയപ്പെടുത്തുന്നതാണ് പ്രവേശക പ്രവർത്തനം. ഡാവിഞ്ചിയുടെ മൊണാലിസ, വിൻസന്റ് വാൻഗോഗിന്റെ നക്ഷത്രരാത്രി കെ.സി.എസ്. പണിക്കരുടെ നായ, രാജാരവിവർമ്മയുടെ അച്ഛൻ വരുന്നു എന്നീ ചിത്രങ്ങളാണ് ഇവിടെ പരിചയപ്പെടുത്തുന്നത്. ചിത്രകലയോട് കുട്ടികൾക്ക് താൽപര്യം ജനിപ്പിക്കുക, അവയെ കൂടുതൽ മനസ്സിലാക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.

### ചിത്രവും ചിത്രകാരനും

| മൊണാലിസ (ഡാവിഞ്ചി) | നക്ഷത്രരാത്രി (വിൻസന്റ് വാൻഗോഗ്) |
|---|---|
| • ഡാവിഞ്ചിയുടെ ഏറ്റവും പ്രസിദ്ധ ചിത്രം | • ഡച്ച് ചിത്രകാരൻ |
| • ചിത്രകാരൻ എന്നതിനുപുറമെ കവി, ഗണിതശാസ്ത്രജ്ഞൻ, ഗവേഷകൻ, എഞ്ചിനീയർ. | • സൂര്യകാന്തിപ്പൂക്കൾ, പാദരക്ഷകൾ, ചോളവയൽ, മഞ്ഞവീട്, ഉരുളക്കിഴങ്ങ് തിന്നുന്നവർ, പച്ചധാന്യം തുടങ്ങിയവ പ്രശസ്തചിത്രങ്ങൾ. |
| • ആറുവർഷം കൊണ്ട് ചിത്രം പൂർത്തിയാക്കി. | • ചിത്രങ്ങളിൽ ഭാവവും വികാരവും പ്രകടമാണ്. |

| | |
|---|---|
| • ലാസ്റ്റ് സപ്പർ, വെർജിൻ ഓഫ് ദിറോക്സ് എന്നിവ പ്രശസ്തചിത്രങ്ങൾ.<br>• പലതവണ മൊണാലിസ കളവു പോയെങ്കിലും ഇപ്പോൾ ഫ്രാൻസിലെ ലൂവ്ര് മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കുന്നു.<br>• ഏറ്റവും പ്രശസ്തവും വിവാദവുമായ കലാസൃഷ്ടി മോണാലിസ തന്നെ | • കാഠിന്യമുള്ള നിറങ്ങൾ, സവിശേഷമായി പ്രയോഗിക്കുന്നു.<br>• അദ്ദേഹം താമസിച്ചിരുന്ന സെന്റ് റെമി എന്ന സ്ഥലത്തെ പ്രകതിദൃശ്യമാണ് സ്റ്റാറി നൈറ്റ് (നക്ഷത്രരാത്രി) |
| **ഡോഗ് (കെ.സി.എസ്. പണിക്കർ**<br>• ആധുനിക ഇന്ത്യൻ ചിത്രകാരന്മാരിൽ പ്രസിദ്ധൻ<br>• ദാരിദ്ര്യത്തിന്റെ പ്രതീകമാണ് വിശന്നു വലഞ്ഞ നായ.<br>• ശാന്തിദായകൻ, ആരാമം, ചുവന്നപട്ടി, നാട്ടിൻപുറം എന്നിവ പ്രസിദ്ധ ചിത്രങ്ങൾ.<br>• ആധുനിക ചിത്രകലയുടെ വക്താവ്. | **അച്ഛൻ വരുന്നു (രാജാരവിവർമ്മ)**<br>• അച്ഛൻ കടന്നുവരുന്നത് അമ്മയുടെ ഒക്കത്തിരിക്കുന്ന കുട്ടി ശ്രദ്ധിക്കുന്നു. അമ്മ കുട്ടിയെ ശ്രദ്ധിക്കുന്നു. ഒരു നായയുമുണ്ട് ചിത്രത്തിൽ.<br>• ഭാരതീയ ചിത്രകലയ്ക്ക് ലോകത്തിൽ സമുന്നതസ്ഥാനം സമ്പാദിച്ചുകൊടുത്ത കേരളീയൻ. |

## ഉരുളക്കിഴങ്ങ് തിന്നുന്നവർ (കഥ)

***സുഭാഷ് ചന്ദ്രൻ***

ലോകപ്രസിദ്ധ ചിത്രകാരൻ വിൻസന്റ് വാൻഗോഗിന്റെ പ്രസിദ്ധ ചിത്രമാണ് പൊട്ടാറ്റോ ഈറ്റേഴ്സ്. അടിമത്തം അനുഭവിക്കുന്ന ഖനിത്തൊഴിലാളികളുടെ ജീവിത യാതനകളും ദാരിദ്ര്യവും ഈ ചിത്രത്തിലൂടെ വാൻഗോഗ് ലോകത്തെ കാണിക്കുന്നു. അക്കാലത്തെ യൂറോപ്പിനെക്കുറിച്ചും അവിടുത്തെ തൊഴിലില്ലായ്മ, ദാരിദ്ര്യം ഇവയെക്കുറിച്ചും ചിത്രം പറയുന്നു.

സാധാരണ മനുഷ്യന്റെ ദൈനംദിന ജീവിതം അതിന്റെ പരിശുദ്ധി, സങ്കടം, മരണം, ഇരുട്ട്, തുടങ്ങിയവ ചിത്രത്തിൽനിന്ന് വായിച്ചെടുക്കാം. (ഒരു ചിത്രത്തിന്റെ ഏറ്റവും വലിയ പരിമിതി അതിന്റെ കാല പരിമിതിയാണ്. ഒരേ ഒരു നിമിഷം മാത്രമേ ഒരു ചിത്രത്തിൽ പ്രകാശിപ്പിക്കാൻ കഴിയൂ. കവിക്കോ, കഥാകൃത്തിനോ കാലപാരതന്ത്ര്യമില്ലാത്തതു കൊണ്ട് ആദ്യാവസാനം പ്രതിപാദിക്കാൻ സ്വാതന്ത്ര്യമുണ്ട്. അത്തരത്തിലുള്ള ഒരു ചിത്രത്തെ ആസ്പദമാക്കി സുഭാഷ്ചന്ദ്രൻ രചിച്ച കഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ.)

**പാഠസംഗ്രഹം**

ഖനിയപകടത്തിൽ കാണാതായ മകനെ അന്വേഷിച്ച് പോയ അച്ഛൻ കിഴവൻ മിറൽ തന്റെ വീട്ടിലേക്ക് തിരിച്ച് വരുന്നു. ഉരുളക്കിഴങ്ങ് കൃഷിക്കാരനായിരുന്ന തന്റെ മകൻ ഖനിത്തൊഴിലാളിയായി പോയപ്പോൾ തങ്ങളുടെ കുടുംബം രക്ഷപ്പെടുമെന്ന് ഒരു പക്ഷേ ആ വൃദ്ധൻ വിചാരിച്ചിരിക്കാം. മകന്റെ ഭാര്യ ജൂലിയാന, ഏകമകൾ അന്ന, ഹാഗ് പട്ടണത്തിൽ നിന്നും മരുമകന്റെ തിരോധാനമറിഞ്ഞ് എത്തിച്ചേർന്ന ജൂലിയാനയുടെ വൃദ്ധരായ മാതാപിതാക്കൾ ഇത്രയുമാണ് കഥാപാത്രങ്ങൾ.

മകനെ തിരഞ്ഞ് നിസ്സഹയനായി തിരിച്ചെത്തുന്ന മിറലിനെ വീടിന്റെ ശോച്യാവസ്ഥ കൂടുതൽ അസ്വസ്ഥനാക്കുന്നു. പൊട്ടി വിഴാറായ മേശയ്ക്ക് ചുറ്റുമിരുന്ന് ഉരുളക്കിഴങ്ങ് തിന്നുമ്പോൾ അന്ന ഈസ്റ്ററിനെക്കുറിച്ചും അച്ഛനെക്കുറിച്ചും ചോദിച്ചപ്പോൾ മിറൽ കൂടുതൽ ദുഃഖിതനായി.

മകന്റെ മരണം യഥാർത്ഥമാണെങ്കിലും അത് എങ്ങനെ ഇവരോട് പറയുമെന്നു മിറൽ സങ്കടപ്പെടുന്നു. ആസങ്കടം മിറലിന്റെ മുഖത്തുനിന്നും വായിച്ചെടുക്കാം.

ചായക്കോപ്പയും കെറ്റുലുമായി തീൻമേശയിലിരിക്കുമ്പോൾ ദാരിദ്രമകറ്റാൻ ഖനിയിലേക്ക് പോയ തന്റെ ഭർത്താവിന്റെ തിരച്ചുവരവ് പ്രതീക്ഷിക്കുന്നുണ്ട് ജൂലിയാന. എന്നാൽ ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്ന മിറലിന്റെ കൺകോണുകളിൽ പൊടിഞ്ഞ കണ്ണുനീർ ജൂലിയാനയുടെ പ്രതീക്ഷകളെ ഇല്ലാതാക്കുന്നു. മുത്തശ്ശി കാപ്പി പകരുന്നത് നോക്കി അന്ന നിൽക്കുന്നു. കണ്ണുനീർ ചോരയായി ജൂലിയാനയ്ക്ക് അനുഭവപ്പെടുന്നു. എന്നും ഭർത്താവിരിക്കുന്ന കസേരയിലിരുന്ന ജൂലിയാനയ്ക്ക് താൻ ഇരിപ്പിടത്തിൽ ഉറഞ്ഞുപോകുന്നതായി തോന്നുന്നു.

ചില ലഘു ചോദ്യങ്ങളിലൂടെ കുട്ടികളെ കഥയിലേക്കെത്തിക്കാൻ ശ്രദ്ധിക്കണം.

1. ദാരിദ്ര്യത്തിന്റെ സൂചനകൾ തരുന്ന ചിത്രത്തിലെ കാഴ്ചകൾ എന്തെല്ലാമാണ്?
2. കഥാപത്രങ്ങൾ ആരെല്ലാമാണ്?
3. ചിത്രത്തിലെ സമയസൂചനകൾ എന്തെല്ലാമാണ്?
4. കഥാപാത്രങ്ങളുടെ വസ്ത്രധാരണ രീതിയുടെ പ്രത്യേകതകൾ എന്തൊക്കെയാണ്?

സവിശേഷമായ ചില പ്രയോഗങ്ങൾ പാഠഭാഗങ്ങളിൽ നിന്നും കുട്ടികൾ കണ്ടെത്തി വ്യാഖ്യാനിക്കട്ടെ.

**പൊട്ടാറ്റോ ഈറ്റേഴ്സ് (ചിത്രത്തെക്കുറിച്ച്)**

1885ൽ വരച്ച് തീർത്തു – അഞ്ച് കഥാപാത്രങ്ങളെ മനസ്സിൽ കണ്ടു. അഞ്ച് വർഷത്തോളം കഥാപാത്രങ്ങളെക്കുറിച്ച് പഠിച്ചു. ഓയിൽ സ്കെച്ചിൽ യഥാർത്ഥ ജീവിതം പകർത്താൻ ശ്രമിച്ച് അവസാനത്തെ യഥാർത്ഥ ചിത്രത്തിലാണ് 5–ാമത്തെ കഥാപത്രത്തെ ഉൾക്കൊള്ളിക്കുന്നത്. ഞാൻ ഉദ്ദേശിച്ചത് പോലെ ചെയ്യാൻ കഴിഞ്ഞില്ലെന്ന് സഹോദരനെഴുതിയ കത്തിൽ വാൻഗോഗ് പറയുന്നു. 1885 ഏപ്രിൽ 13ന് യഥാർത്ഥ ചിത്രം പൂർത്തിയാക്കി. "ഉരുളക്കിഴങ്ങ് പാടത്ത് പണിയെടുത്ത കൈകൊണ്ടു തന്നെ പ്ലെയ്റ്റിൽ നിന്നും ഉരുളക്കിഴങ്ങ് തിന്നുന്ന ആളുകളെ മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിൽ വരക്കണമെന്നു ഞാൻ അഗ്രഹിച്ചിരുന്നു" വാൻഗോഗ് ഒരിക്കൽ പറഞ്ഞു.

തടിച്ച ചുണ്ടും വീതിയുള്ള പുരികവും ഉന്തിയ കവിളെല്ലും പരന്ന നെറ്റിയുമുള്ള ഏതോ വിദൂരഗ്രാമത്തിലെ കർഷകർ യൂറോപ്പിലെ ജനങ്ങളിലൂടെ ദാരിദ്ര്യവും തൊഴിലില്ലായ്മയും വിളിച്ചു പറയുന്നു.

I **ചില പ്രയോഗങ്ങളിതാ**

**'ഒരേ ഒരു വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരമാക്കി വീടിനെ മാറ്റിക്കളഞ്ഞു'**

**സൂചനകൾ**

- അരണ്ട എണ്ണ വിളക്കിന്റെ വെളിച്ചം മാത്രമാണ് വീട്ടിലുള്ളത്.
- ദൂരെ നിന്ന് കാണുമ്പോൾ കറുത്ത ശവപേടകത്തിൽ വെളുത്ത പൂവെച്ചതുപോലെ അത് തോന്നിച്ചു.
- യഥാർത്ഥത്തിൽ മരണം നടന്ന ഒരു വീട്ടിൽ അൽപമാത്രം വെളിച്ചം വെളുത്ത പൂപോലെ പ്രകാശം പൊഴിച്ചു.
- മിറൽ ഉള്ളിൽ സൂക്ഷിച്ചിരുന്ന മരണവാർത്ത ആ വീടിനെ ശവകുടീരമാക്കി മാറ്റിയിരിക്കുന്നു.

2. **ഈർച്ച മില്ലുകളെപ്പോലെ ശബ്ദിച്ച ഇരുട്ടിലെ ചീവിടുകളുടെ സ്വരം പൊടുന്നനെ മുറിഞ്ഞു.....**

**സൂചനകൾ**

- ഈർച്ചമില്ലുകളുടേതുപോലെയാണ് ചീവിടുകളുടെ ശബ്ദം. ഇത് മനസ്സിന് അസ്വസ്ഥത ഉണ്ടാക്കുന്നു.
- ഉരുളക്കിഴങ്ങ് പാടത്തെ ഒറ്റപ്പെട്ട വീട് ഒരു മരണവീടായി പരിണമിക്കുന്നു.
- രംഗബോധമില്ലാത്ത കോമാളിയെപ്പോലെ ചീവീടുകൾ എപ്പോഴും ശബ്ദിച്ചുകൊണ്ടിരിക്കുന്നു.
- വാതിലടച്ചപ്പോൾ പൊടുന്നനെ അവയുടെ ശബ്ദം നിലച്ചു.

3. **മണ്ണിനടിയിൽ ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി, ഒന്നിനെയും തിരിച്ചറിയാനാവാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞു പറിഞ്ഞ്**............

**സൂചനകൾ**

- ഖനിയിലകപ്പെട്ട മകന്റെ രൂപവും മണ്ണിൽ നിന്നും ചതഞ്ഞ് തൊലിപൊട്ടി വേരു നഷ്ടപ്പെട്ട ഉരുളക്കിഴങ്ങും മിറലിന് ഒരുപോലെ തോന്നുന്നു.
- പ്ലെയ്റ്റിലെ ഉരുളക്കിഴങ്ങ് മരണത്തിന്റെ സൂചനകൾ നൽകുന്നു.

4. **"ഇടംവലം ഉലഞ്ഞ് വീട് അടുത്തുവന്നു**................."

- വൃദ്ധനായ മിറലിന് മകൻ നഷ്ടപ്പെട്ടതിന്റെ സങ്കടം.
- മനസ്സ് ഉറപ്പിച്ച് നിർത്താൻ കഴിയാത്ത അവസ്ഥ
- പ്രായാധിക്യം
- ദാരിദ്ര്യം

കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്തുനിന്നും കണ്ടെത്തിയെഴുതട്ടെ....

II ഈ കഥയിൽ ദാരിദ്ര്യവും പ്രധാന വിഷയമാണ്. താഴെ കുടുത്തിരിക്കുന്ന സൂചനകൾ ശ്രദ്ധിക്കൂ.

**സൂചനകൾ**

- വീടിനു നേരെയുള്ള ചെളിയിട വഴി.
- ആണി പറിഞ്ഞുനിലം പൊത്താറായ മേശ.
- കൂറമണം കലർന്ന കുപ്പായം.
- മണ്ണെണ്ണ വിളക്ക്.
- നന്നേ താഴ്ന്ന മേൽക്കൂരയുള്ള, വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവുമടിഞ്ഞ് മ്ലാനമായചുമരുകൾ.
- ഭാരം അസഹനീയമായപ്പോൾ ശബ്ദിക്കുന്ന കസേര.
- വിള്ളലുകൾ വീണ കവിടിക്കപ്പുകൾ.
- അഞ്ചുപേർക്കിരിക്കാൻ നാല് കസേരകൾ മാത്രം.
- പ്ലേറ്റിൽ ആകെ കഴിക്കാൻ ഉരുളക്കിഴങ്ങ് മാത്രം.

മേൽപറഞ്ഞിരിക്കുന്ന സൂചകളെല്ലാം ദരിദ്രമായ വീടിന്റെ അവസ്ഥകൾ സൂചിപ്പിക്കുന്നു. ദരിദ്രമായ വീടിന്റെ ചിത്രം നമുക്ക് കിട്ടുന്നു. മേൽ സൂചനകൾ ഉപയോഗിച്ച് ഒരു ഉപന്യാസം തയ്യാറാക്കാം.

**III** "ഒരു കഥയ്ക്ക് ആദ്യം മുതൽ അവസാനം വരെ കാലക്രമത്തിലോ മറിച്ചോ പ്രതിപാദിക്കാൻ കഴിയും" ഒരു ചിത്രത്തിന് ഇതിനു കഴിയുന്നില്ല. ഒരേ ഒരു നിമിഷത്തെ പ്രകാശിപ്പിക്കാനേ അതിനു കഴിയുകയുള്ളു".

ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയെയും ചിത്രകലയെയും അടിസ്ഥാനമാക്കി മേൽ കൊടുത്തിരിക്കുന്ന പ്രസ്ഥാവന ചർച്ച ചെയ്യുക.

**ചർച്ചാസൂചനകൾ**

ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന ചിത്രത്തിൽ നിന്നും നമുക്ക് അപ്പോൾ സംഭവിക്കുന്നത് മാത്രമേ വായിച്ചെടുക്കാൻ കഴിയുന്നുള്ളു. മുൻപും പിൻപും എന്ത് സംഭവിച്ചു എന്ന് നമുക്കറിയാൻ കഴിയുന്നില്ല. സൂക്ഷ്മ നിരീക്ഷണത്തിലൂടെ കഥാപാത്രത്തെയും കാലഘട്ടത്തെയും പശ്ചാത്തലത്തെയും വായിച്ചെടുക്കാൻ കഴിയും. കഥാപാത്രങ്ങൾക്ക് എന്ത് സംഭവിച്ചു? അവരുടെ സങ്കടത്തിന് കാരണമെന്ത്? ദാരിദ്ര്യത്തിന് കാരണമെന്ത്? ഇതൊക്കെ നമുക്ക് ഊഹിക്കാൻ മാത്രമേ കഴിയൂ.

- ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിൽ മിറലിന്റെ വരവും ജൂലിയാനയുടെ മാതാപിതാക്കളുടെ ആധിയും മകളുടെ സന്തോഷവും നമുക്ക് വായിച്ചെടുക്കാൻ കഴിയും.
- ഭൂതവും ഭാവിയും വർത്തമാനവും കെട്ടുപിണഞ്ഞുകിടക്കുന്ന കഥയിൽ ദാരിദ്ര്യവും തൊഴിലില്ലായ്മയും പട്ടിണിയും നമുക്ക് വായിച്ചെടുക്കാം.
- ചിത്രകല ഒരു ഭാഷയിലും കുടുങ്ങിക്കിടക്കാത്തതിനാൽ അത് സാർവജനീനമാണ്.

IV **സന്ദർഭങ്ങൾ താരതമ്യം ചെയ്യുക.**

- അപ്പോൾ കുരിശിൽ നിന്ന് തുള്ളിതുള്ളിയായി ചോരയിറ്റുന്ന ശബ്ദവും അവൾ കേട്ടു.
- "ആ നിമിഷം ചുവരിലെ ഘടികാരത്തിൽ നിന്ന് തുള്ളി തുള്ളിയായി സമയം താഴേക്കിറ്റുന്ന ശബ്ദം വീട്ടിൽ നിറഞ്ഞു.

V വാൻഗോഗിന്റെ പ്രശസ്തമായ ചിത്രങ്ങൾ ഏതെല്ലാമാണ്. കണ്ടെത്തുക. അവയെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

## ചിത്രകലയും കാവ്യകലയും

**എം.പി.പോൾ (ലേഖനം)**

ഏത് കലയ്ക്കാണ് മേന്മയെന്നുള്ളത് ഒരു തീരാവാദമാണ്. സാഹിത്യത്തിനാണ് ഉത്കർഷമെന്ന് സാഹിത്യകാരൻ പറയും. ചിത്രകലയ്ക്കാണ് മേന്മകൂടുതലെന്ന് ചിത്രകാരനും പറയും. അതുകൊണ്ട് സഹൃദയരായ ആളുകൾ ഇവയുടെ ഓരോന്നിന്റേയും മേന്മകളെക്കുറിച്ചും പരിമിതികളെക്കുറിച്ചും ചർച്ച ചെയ്യുന്നു അത്തരം ചർച്ചകൾ കലാ-സാഹിത്യപഠനങ്ങളെ കൂടുതൽ വിശാലമാക്കാൻ സഹായിച്ചിട്ടുണ്ട്. മലയാളത്തിലെ സാഹിത്യവിമർശകർ പലരും സുകുമാരകലകളെ സാഹിത്യവുമായി ബന്ധിപ്പിച്ച് നിരൂപണം ചെയ്തവരാണ്. എം.പി.പോളിന്റെ ഒരു ലേഖനമാണ് ചിത്രകലയും കാവ്യകലയും. ലോകപ്രശസ്തരായ കലാപ്രതിഭകളുടെയും പണ്ഡിതന്മാരുടെയും അഭിപ്രായങ്ങൾ വിശകലനം ചെയ്യുന്നതോടൊപ്പം തന്റേതായ നിരീക്ഷണങ്ങളും അദ്ദേഹം ഈ ലേഖനത്തിൽ അവതരിപ്പിക്കുന്നുണ്ട്.

| ചിത്രകല | കാവ്യകല |
|---|---|
| - ചിത്രകലയ്ക്ക് ഒരു ഭാഷയില്ലാത്തതിനാൽ താത്പര്യമുള്ളവർക്ക് ചിത്രങ്ങൾ ആസ്വദിക്കാൻ കഴിയും.<br>- ചിത്രകലയ്ക്കുള്ളതു പോലെ സാർവത്രികത ഒരു ഭാഷയ്ക്കുമില്ല.<br>- ചിത്രകല ആവിഷ്കരിക്കുന്ന സന്ദർഭങ്ങൾ കാലാതീതമായി നിലനിൽക്കുന്നു.<br>- ചിത്രകല ചലനരഹിതമാണ്.<br>- സൂക്ഷ്മാംശങ്ങൾ വ്യക്തമാണ്.<br>- ഒരു ചട്ടക്കൂട്ടിൽ ഒതുങ്ങുന്നു.<br>- കാലചിത്രീകരണത്തിനുപരിമിതിയുണ്ട്.<br>- കഥാപാത്രങ്ങൾ കാലഗതിക്ക് അതീതമായി നിലകൊള്ളുന്നു. | - കാവ്യകല ആസ്വദിക്കണമെങ്കിൽ അതിനൊരു ഭാഷവേണം.<br>- സൂക്ഷ്മാംശങ്ങൾ അവ്യക്തമാണ്.<br>- വർണനകൾ ഫലപ്രദമായി ഉപയോഗിക്കാൻ കഴിയും<br>- ചലനാത്മമാണ് കാവ്യകല<br>- ദൃശ്യലോകത്തേയും അദൃശ്യലോകത്തേയും ആവിഷ്ക്കാരിക്കാൻ കഴിയും.<br>- കാലചിത്രീകരണത്തിനു പിരിമിതിയില്ല.<br>- കഥാപാത്രങ്ങൾക്ക് കാലപരിണാമങ്ങൾക്കനുസരിച്ച് വൃദ്ധിക്ഷയങ്ങൾ സംഭവിക്കുന്നു. |

**ലഘുചോദ്യങ്ങൾ**

1. സാഹിത്യത്തെക്കുറിച്ച് ഷെല്ലിയുടെ അഭിപ്രായങ്ങൾ എന്തെല്ലാമാണ്?
   - മനുഷ്യവർഗ്ഗത്തിന്റെ നിയമകർത്താവും സംസ്കാരത്തിന്റെ മുന്നോടിയുമാണ് കവി
   - സംസ്ക്കാരസ്രഷ്ടാവാണ് കവി.
2. “ചിത്രകലയെ അധിക്ഷേപിക്കുന്നവർ പ്രപഞ്ചത്തെക്കുറിച്ചുള്ള മൗലികവും ഉത്കൃഷ്ടവുമായ ഒരു ആദർശത്തെയാണ് അധിക്ഷേപിക്കുന്നത്. ഇത് ആരുടെ വാക്കുകളാണ്?
   (ലിയാണാർഡോ ഡാവിഞ്ചി)
3. താഴെ തന്നിരിക്കുന്നവരെ സാഹിത്യകാരൻ, ചിത്രകാരൻ എന്നിങ്ങനെ പട്ടികപ്പെടുത്തുക. ഷെല്ലി, ഡാവിഞ്ചി, മൈക്കലാഞ്ജലോ, കിറ്റ്സ്, റാഫേൽ, വാൻഗോഗ്, ദാന്തേ, ഹോമർ, അരിസ്റ്റോട്ടിൽ, കുമാരനാശൻ, വള്ളത്തോൾ.

4. ചിത്രകലയിലും കാവ്യകലയിലും കാലം പ്രകടമാകുന്നതെങ്ങനെയെന്ന് സമർത്ഥിക്കാൻ എം.പി.പോൾ ഉപയോഗിച്ചിരിക്കുന്ന ഉദാഹരണമേത്?

- കിറ്റിസന്റെ കാമുകീകാമുകന്മാർ
- മൊണാലിസ
- വള്ളത്തോളിന്റെ തൂലികാമിത്രം.
- ഇവ വിശദമാക്കി എഴുതിയാൽ മതിയാകും.

**II** ഉടൻ മഹാദേവിയിടത്തുകൈയാ-

ലഴിഞ്ഞ വാർപൂങ്കുഴലൊന്നൊതുക്കി

ജ്വലിച്ച കൺകൊണ്ടൊരു നോക്കുനോക്കി

പാർശ്വസ്ഥനാകും പതിയോടുരച്ചു"

(വള്ളത്തോൾ)

ഈ വരികൾ കൂടെ പരിഗണിച്ച് സാഹിത്യകലയുടെ മേന്മകൾ വിശദമാക്കുന്ന ഉപന്യാസം തയ്യാറാക്കുക.

- സാമൂഹിക പ്രതിബന്ധത പുലർത്തുന്ന സുകുരമാരകലകളിൽ ഒന്നാണ് സാഹിത്യം. കാലഘട്ടത്തിന്റെ ആവശ്യങ്ങൾ അറിഞ്ഞ് ഉൾത്തുടിപ്പുകൾ പകർത്തി, ഭൂതത്തെ വിമർശനാത്മകമായി കണ്ട്, ഭാവിയെ നിർവചിക്കുകയാണ് സാഹിത്യം ചെയ്യുന്നത്.
- യാന്ത്രികവും വ്യാവസായികവും സാങ്കേതികവുമായ പരിവർത്തനങ്ങളുടെ ഫലമായി ജീവിതത്തിന്റെ താളക്രമങ്ങൾ മാറുകയും ശാന്തമായ ജീവിതം ഒരു സ്വപ്നമായി മാറുകയും ചെയ്തുകൊണ്ടിരിക്കുന്ന ഈ കാലത്ത് സാഹിത്യത്തിന് ഒഴിവാക്കാൻ കഴിയാത്ത സ്ഥാനമുണ്ട്. സാമൂഹിക പ്രതിബദ്ധത പുലർത്തുന്ന സാഹിത്യകൃതികളെല്ലാം തന്നെ മനുഷ്യജീവിതവുമായി ഒട്ടി നിൽക്കുന്നു. അത് മനസ്സിനെ വിമലീകരിക്കുന്നു.

മനോഹരമായ വാങ്മയ ചിത്രത്തിലൂടെ വള്ളത്തോൾ കാലാതിവർത്തിയായ ഒരു ചിത്രം നമുക്കു മുന്നിൽ വരച്ചിടുന്നു. ചിന്തയെ, മാനസികോല്ലാസത്തെ ഉത്തേജിപ്പിക്കുകയാണ് സാഹിത്യത്തിന്റെ ധർമ്മം. സമൂഹത്തെ തിരിച്ചറിയുകയും കാലഘട്ടത്തെ ചരിത്രമായി സൂക്ഷിക്കുകയും ചെയ്യുന്നത് സാഹിത്യമാണ്.

**III** മാനുഷികവും അമാനുഷികവുമായ കഥാപാത്രങ്ങൽ ഇടകലർന്നുള്ള ഒരു സംഭവം കവിതയ്ക്ക് വിഷയമാകാമെങ്കിലും ഒരു ചിത്രകാരന് അതുസ്വീകരിക്കാൻ നിവൃത്തിയില്ല. ഉദാഹരണ സഹിതം വിശദമാക്കുക.

- **രാമരാവണയൂദ്ധ വർണ്ണന**

- അനേകം പേർക്ക് ഇളക്കുവാൻ പോലും സാധിക്കാത്ത ഒരു കല്ല്. മിനർവാദേവി പൊക്കിയെടുത്ത് എറിയുന്നതും ആ ഏറുകൊണ്ട് യുദ്ധദേവനായ മാർസ് ഏഴേക്കർ സ്ഥലത്ത് നിലം പതിച്ച് കിടക്കുന്നതും ഏത് ചിത്രത്തിലാണ് ചിത്രീകരിക്കാൻ കഴിയുക. കല്ലിന്റെ വലുപ്പത്തിനനുസരിച്ച് ദേവിയുടെ വലുപ്പം കൂട്ടിയാൽ ദേവിഭീഭത്സമാകും. സാധാരണ സ്ത്രീയായി ദേവിയെ ചിത്രീകരിച്ചാൽ ദേവീരൂപവും കല്ലിന്റെ വലുപ്പവും തമ്മിൽ പൊരുത്തമില്ലാതവും.

## മൈക്കാലഞ്ജലോ, മാപ്പ്

(ഒ.എൻ.വി.കുറുപ്പ്)

കുരിശിൽ തറയ്ക്കപ്പെട്ടതിനുശേഷം താഴേക്കെടുത്ത ക്രിസ്തുവിന്റെ മൃതദേഹത്തിനരികെ വിലപിക്കുന്ന കന്യാമറിയത്തെ അവതരിപ്പിക്കുന്നതാണ് പിയാത്തേ. ഇറ്റാലിയൻ ഭാഷയിൽ ഇതിന്റെ അർത്ഥം അനുതാപം, കരുണ എന്നൊക്കെയാണ്. ഈ ലോകോത്തര സൃഷ്ടി വളരെ ചെറുപ്രായത്തിലാണ് മൈക്കലാഞ്ജലോ സൃഷ്ടിക്കുന്നത്. എന്നാൽ 1972 മെയ് 21ന് മയക്കു മരുന്നിനടിമയായ ഒരു യുവാവ് ഈ ശില്പത്തിൽ ചുറ്റിക കൊണ്ടടിച്ച് കേടുപാടുകൾ വരുത്തി. ആ പത്രവാർത്തയാണ് ഈ കവിതയ്ക്കാധാരം. വാർത്ത കവിയെ ദുഃഖിതനാക്കുന്നു. സംഗീതാത്മകതയും അർത്ഥഭംഗിയും സമ്മേളിക്കുന്ന ഈ കവിത വളരെ മനോഹരമാണ്. ശിൽപ്പിയുടെ ചുറ്റിക കല്ലിനു ജീവൻ നൽകിയപ്പോൾ പുതിയ കാലത്തിന്റെ ചുറ്റിക ആ സർഗാത്മകതയെ തച്ചുതകർക്കുകയാണ് ചെയ്തത്. ശിൽപിയുടെ വിയർപ്പ് തുള്ളികൾ ഭ്രാന്തമായ തച്ചുടക്കലിൽ അലിഞ്ഞില്ലാതാകരുത് എന്ന് കവി ആഗ്രഹിക്കുന്നു. മൈക്കലാഞ്ജലോയോട് മാപ്പ് പറയാൻ മാത്രമേ നമുക്ക് കഴിയൂ.

ഇന്നലെ ജീവനില്ലാത്ത വെറും കല്ലായിരുന്നതിൽ നിന്ന് നീ കരുണയുടെ ഭാവഗാനത്തെ തൊട്ടുണർത്തുമ്പോൾ ഞാനും നിന്നോടൊത്തുണർന്നു. നിന്നോടൊത്ത് ഉറങ്ങി അനശ്വരനായി. നിന്റെ പിയത്തയെ എന്റെ ഉള്ളിലെടുത്ത് അതിഭദ്രമായി ഞാൻ ഇരുത്തി. ഞാൻ മടങ്ങാനായി തിരിഞ്ഞപ്പോൾ ചുറ്റിക കൊണ്ട് മുട്ടുന്ന ശബ്ദം കേട്ടു. മറിയത്തിന്റെ കൈകളും കൺപോളകളും വെളുത്തപൊടികളായി. എനിക്ക് കണ്ണില്ല. ഞാൻ ഇല്ലാതായി. ശില്പത്തെ തച്ചുടച്ചവനിൽ ബിംബഭഞ്ജക പരിവേഷം ചാർത്താനായി ക്യാമറ പ്രകാശിക്കുന്നത് ഞാൻ കണ്ടു. പ്രിയ മൈക്കലാഞ്ജലോ ഇവർക്ക് മാപ്പ് നൽകുക. ഇവർ ചെയ്യുന്നതെന്തെന്ന് അവർ തന്നെ അറിയുന്നില്ല.

### അധ്യാപികയോട്

കലയ്ക്കും സാഹിത്യത്തിനും സംസ്കാരത്തിനും നേരെയുള്ള കടന്നുകയറ്റം ലോകത്തിന്റെ എല്ലാ കോണിലും എല്ലാ കാലത്തും നടക്കുന്നതാണ്. മികച്ച സൃഷ്ടികൾ ഇല്ലാതാക്കാനുള്ള ശ്രമങ്ങൾ എല്ലാ കാലത്തും നടക്കാറുണ്ട്.

- പ്രസിദ്ധ ചിത്രകാരന്മാരുടെ ചിത്രങ്ങൾ മോഷണം പോവുക.
- അഫ്ഗാനിസ്ഥാനിലെ ചരിത്രസ്മാരകങ്ങൾ താലിബാൻ ഭീകരർ നശിപ്പിച്ചത്.
- സ്വർണ്ണം, പണം എന്നിവയ്ക്കുവേണ്ടി പിരമിഡുകൾ, മമ്മികൾ നശിപ്പിക്കപ്പെട്ടത്.
- ആഫ്രിക്കൻ സംഗീതവും ഉപകരണങ്ങളും ലോകത്ത് വിൽപ്പനച്ചരക്കാവുന്നത്.
- കൊട്ടാരങ്ങൾ, ക്ഷേത്രങ്ങൾ, ഗുഹാചിത്രങ്ങൾ എഴുത്തോലകൾ എല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്.

സംസ്കാര ശൂന്യമായ ഇത്തരം പ്രവൃത്തി സംസ്ക്കാരത്തെ ഇല്ലാതാക്കുമെന്ന ബോധം കുട്ടിയിൽ ഉണ്ടാക്കാൻ ഉപകരിക്കുന്ന താരത്തിലായിരിക്കണം പാഠഭാഗങ്ങൾ കുട്ടിയിലെത്തിക്കേണ്ടത്.

### ലഘു ചോദ്യങ്ങൾ

1. പിയാത്ത എന്ന പേര് നൽകിയത് എന്തുകൊണ്ടാവാം
   - വാക്കിന്റ അർത്ഥം ദയ, അനുതാപം
   - അമ്മയ്ക്ക് മകനോടുള്ള ദയാവായ്പ്

2. മൈക്കലാഞ്ജലോയോട് നന്ദി പറഞ്ഞത് എന്തുകൊണ്ടായിരിക്കാം.

- ഇത്രയും പ്രസിദ്ധമായ ശില്പം തീർത്തതിന്
-
-

3. ഇന്നലത്തെ ശില ഇന്നിന്റെ ഭാവഗാനമാകുന്നതെങ്ങനെ?

-
-
-

4. "കണ്ണില്ലെനിക്ക്, കൈയില്ല, ഞാനില്ലാതായ്" ഇങ്ങനെ കവി പറയാൻ കാരണമെന്ത്?

- ശില്പ ഭഞ്ജകന്റെ മുന്നിൽ ഒന്നും ചെയ്യാൻ കഴിയാതെ നിസ്സാഹാനായി പോകുന്ന കവിയെ നമുക്കിവിടെ കാണാം.

5. ശില്പ ഭഞ്ജകൻ ചുറ്റികയെടുത്തത് എന്തിനു വേണ്ടിമാത്രമാണ്?

- പുതിയത് സൃഷ്ടിക്കാനല്ല, ഉള്ളതിനെ ഇല്ലാതാക്കാനാണ്.

**II** പിയാത്തെ എന്ന ശില്പത്തെ ആസ്പദമാക്കി രചിച്ച മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയ്ക്ക് ഒരാസ്വാദനം തയ്യാറാക്കുക.

- കവിതയുടെ പ്രമേയം
- ആവിഷ്കാര ഭംഗി
- ഉയർത്തുന്ന മാനവികത
- സവിശേഷമായ പ്രയോഗങ്ങൾ

ഇവയെല്ലാം പരിഗണിക്കുക.

താഴെ തന്നിരിക്കുന്ന ആശയങ്ങൾ പരിഗണിക്കാം.

- ശില്പി ശിലയെ ശില്പമാക്കുന്നത് പോലെ അക്ഷരങ്ങളെ സർഗസൃഷ്ടികളാക്കുകയാണ് കവി ചെയ്യുന്നത്.
- മൈക്കലാഞ്ജലോ, മാപ്പ് എന്ന കവിതയുടെ പ്രമേയം പിയാത്തെ എന്ന ശില്പമാണ്.
- ശില്പഭംഗിയും അത് നഷ്ടപ്പെടുത്തുമ്പോഴുള്ള വികാര വിചാരങ്ങളുമായി കവിതയ്ക്ക് പ്രമേയപരമായി രണ്ട് ഭാഗങ്ങളുണ്ട് ശില്പനിർമാണവും ശില്പ ഭഞ്ജനവും.
- കാരുണ്യവതിയായ മാതാവിനെ ഓർമ്മപ്പെടുത്തുന്നു.
- ലോകനന്മയ്ക്കായി ബലിയായി തീർന്ന മകനെ നെഞ്ചോടുചേർക്കുന്ന മാതൃത്വം മാനവികതയുടെ അടയാളമാണ്.
- പുത്രന്റെ ശരീരം മടിയിലേറ്റി ഇരിക്കുന്ന അമ്മ ഉണർത്തിയ ഭാവനയിൽ നിന്നും ജീവൻ തുളമ്പുന്ന ശില്പത്തെ ആവിഷ്കരിക്കാൻ കഴിഞ്ഞു.
- ശില്പത്തെ ആവിഷ്കരിക്കലും നശിപ്പിക്കലും ശക്തമായി കവിതയിൽ ആവിഷ്കരിക്കാൻ കഴിഞ്ഞു.

**ചിലപ്രയോഗങ്ങൾ ശ്രദ്ധിക്കുക.**

- സൂര്യശിലയായിത്തീർന്ന അമ്മ
- ശോണരേഖകൾ പടർന്ന ലില്ലിപ്പൂപോലുള്ള ജഡം.
- കൂമ്പിയ കണ്ണുകളിലെ പ്രാർത്ഥന
- മുത്ത് നഷ്ടപ്പെട്ട ചിപ്പി (അമ്മ)
- ദുഃഖം ഘനീഭവിച്ച ശില (അമ്മ)
- മുത്ത് (ക്രിസ്തു)

**കവിതയിലെ ഭാഷ**

- ലളിതമായ ഭാഷയാണ് കവിതയിലുള്ളത്.
- ഉചിതമായി വർണ്ണിക്കാൻ ലളിതഭാഷയാണ് ഉത്തമം.

**അലങ്കാര പ്രയോഗങ്ങൾ**

- "വെൺലില്ലിപൂവിൽ ശോണരേഖകൾ പോലെ"

വെളുത്ത ലില്ലിപൂവിലെ ചുവന്ന രേഖകൾ പോലെ ക്രിസ്തുദേവന്റെ വെളുത്ത ശരീരത്തിൽ ചോര വാർന്നിരിക്കുന്നു എന്ന പ്രയോഗം കാവ്യഭംഗി വർദ്ധിപ്പിക്കുന്നു. ഉപമാലങ്കാരമാണിവിടെ.

**III** ലോകപ്രസിദ്ധ ശില്പമായ പിയത്തയിലൂടെ മൈക്കലാഞ്ജലോ ലോകത്തിനു നൽകിയതെന്താണ്? കുറിപ്പെഴുതുക.

- കരുണാമയമായ ചരിത്ര മൂഹൂർത്തിന് ലോകത്തെ മുഴുവൻ സാക്ഷികളാക്കി
- മറിയത്തിന്റെ ജീവിതത്തിലെ വികാരത്രീവ്രമായ രംഗങ്ങൾ ലോകസ്ത്രീകളെ മുഴുവൻ അനുഭവിപ്പിച്ചു
- സൂര്യശിലയായ അമ്മ ദുഃഖിക്കുന്ന മാതൃത്വത്തിന്റെ സാർവലൗകിക ബിംബമാകുന്നു.
- മകന്റെ ബലിയിലൂടെ മാനവികതയ്ക്ക് വിശ്വരൂപം നൽകുന്നു.

**മൈക്കലാഞ്ജലോ**

1475ൽ ഫ്ളോറൻസിൽ ജനിച്ചു. 23-ാമത്തെ വയസിൽ സെന്റ് പീറ്റേഴ്സ് ബസലിക്കയിൽ വിശ്വവിഖ്യാതമായ പിയത്ത നിർമ്മിച്ചു. ഉന്നത ചിത്രകാരനും വാസ്തുവിദഗ്ധനും കവിയും.

ജീവിച്ചിരിക്കുമ്പോൾ തന്നെ ജീവിചരിത്രം എഴുതപ്പെട്ട ആദ്യത്തെ പാശ്ചാത്യകലാകാരൻ. കലയുടെ ലോകത്തിനപ്പുറത്ത് കാര്യമായി വ്യവഹരിക്കാതിരുന്നിട്ടും താൻ തെരഞ്ഞെടുത്ത മേഖലയുടെ വിവിധ ശാഖകളിൽ പ്രകടിപ്പിച്ച പ്രതിഭാ വൈവിധ്യം കണക്കിലെടുത്ത് ഡാവിഞ്ചിക്കൊപ്പം നവോത്ഥാന നായകന്മാരിൽ ഒരാളായിപരിഗണിച്ചു വരുന്നു.

**IV പിയാത്തയെ നമുക്ക് ഇങ്ങനെ വിശേഷിപ്പിക്കാം**

- രൂപരഹിതമായ ഒരു ശിലാഖണ്ഡത്തെ മനോഹരമായ ശിൽപമാക്കി മാറ്റി.
- ശില്പവിദ്യയുടെ എല്ലാ സധ്യതകളുടെയും ശക്തിയുടെയും പ്രകടനം

**V "ഭ്രാന്തമായ ആവേശത്താൽ എന്തിനെയും തച്ചുതകർക്കുന്ന യുവതയുടെ പ്രതീകമാണ് കവിതയിലെ ശില്പഭഞ്ജകൻ" പ്രതികരണക്കുറിപ്പ് തയാറാക്കുക.**

**സൂചനകൾ**

- മൈക്കലാഞ്ജലോയുടെ ശില്പം
- കരുണാർദ്രയായ അമ്മ, മാനവികതയുടെ പ്രതീകമാണ് മകൻ
- കലയും സാഹിത്യവും ജീവത്തിന്റെ വഴികാട്ടികളാണെന്ന തിരിച്ചറിവില്ലാത്ത പുതുതലമുറ.
- മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും അടികളായി തന്നിലേക്കൊതുങ്ങുന്ന യുവത്വം.
- ചരിത്രവും ചരിത്രശേഷിപ്പുകളും നാളേക്കുവേണ്ടികാത്തു സൂക്ഷക്കപ്പെടേണ്ടതാണെന്ന തിരിച്ചറിവ്.
- സ്നേഹവും കരുണയും എല്ലാവരിലും ഉണ്ടാവണമെന്ന് ഈ കവിതയും ശില്പവും നമ്മെ ഓർമിപ്പിക്കുന്നു.
- സൃഷ്ടിക്കാനല്ലാതെ തച്ചുടക്കാൻ മാത്രം ചുറ്റിക എടുക്കുന്നവർ.

**സൂചിത കഥ**

പൗരോഹിത്യവും പ്രാമാണിത്വവും കൊടികുത്തി വാഴുന്ന കാലത്താണ് യേശുവിന്റെ ജനനം. പാവപ്പെട്ടവന്റെ ഇടയിലേക്കിറങ്ങിയ അദ്ദേഹം ചുരങ്ങിയ കാലം കൊണ്ട് ഭരണാധികാരികളുടെ കണ്ണിലെ കരടായി. പുരോഹിതരുടെ വെറുപ്പിനും വിദ്വേഷത്തിനും പാത്രമായി. രാജ്യദ്രോഹം, ദൈവദൂഷണം എന്നിവ ആരോപിച്ച് പിടികൂടി ഗവർണർ പീലാത്തോസിനു മുന്നിൽ ഹാജരാക്കി. എന്നാൽ അദ്ദേഹത്തിന് യേശുവിൽ കുറ്റമൊന്നും കണ്ടെത്താൻ കഴിഞ്ഞില്ല. എന്നാൽ ഭരണാധികാരികളും യഹൂദപ്രമാണിമാരും തനിക്കെതിരായിരിക്കുമെന്നറിഞ്ഞ് അദ്ദേഹം യേശുവിനെ ചമ്മട്ടികൊണ്ടടിച്ച്, കുരിശിൽ തറക്കാൻ അയച്ചു. കുരിശിൽ മരിച്ച യേശുവിനെ മടിയിൽ കിടത്തി ലോകത്തോട് പ്രാർത്ഥിക്കുകയാണ് മറിയം.

## തുടർപ്രവർത്തനങ്ങൾ

ആകെ സ്കോർ - 40

സമയം - 1 $^{1}/_{2}$ മണിക്കൂർ

1. പട്ടികപ്പെടുത്തുക

താഴെ തന്നിരിക്കുന്നവ കർത്താവ്, സൃഷ്ടി, വിഭാഗം എന്നിങ്ങനെ വേർതിരിച്ചെഴുതുക. (4)

ഉരുളക്കിഴങ്ങ് തിന്നുന്നവർ, കെ.സി.എസ്.പണിക്കർ, രാജാരവിവർമ്മ, മഗ്ദലനമറിയം, മൈക്കലാഞ്ജലോ സുഭാഷ്ചന്ദ്രൻ, പിയത്ത, ഡോഗ്, അച്ഛൻ വരുന്നു, വള്ളത്തോൾ.

2. ഉത്തരമെഴുതുക (1)

വിളക്കിന്റെ പ്രകാശത്തെ എന്തായിട്ടാണ് കവി 'ഉരുളക്കിഴങ്ങ് തിന്നുന്നവർ' എന്ന പാഠത്തിൽ കൽപ്പിച്ചിരിക്കുന്നത്?

3. "പ്രകൃതി പൗത്രിയാണ് ചിത്രകലയെന്ന്" വിശേഷിപ്പിച്ചതാരാണ്?

(ഡാവിഞ്ചി, മൈക്കലാഞ്ജലോ, ഹോമർ, റാഫേൽ) (2)

4. പാഴ്ചിപ്പി - മുത്ത് നഷ്ടപ്പെട്ട ചിപ്പി-

മൈക്കലാഞ്ജലോ, മാപ്പ് എന്ന കവിതയിൽ ഒ.എൻ.വി.വിശേഷിക്കുന്ന മുത്തും ചിപ്പിയും ആരെല്ലാമാണ്?

താഴെ തന്നിരിക്കുന്ന ചോദ്യങ്ങൾക്ക് അരപ്പുറത്തിൽ ഉത്തരമെഴുതുക ഓരോന്നിനും 4 സ്കോർ വീതം.

5. "തണുത്താറിയ ഉരുളക്കിഴിങ്ങിൽ മുള്ളുമുട്ടിച്ച് തന്റെ ഭർത്താവിന്റെ അച്ഛൻ ശൂന്യമായ ദൃഷ്ടിയുമായി ഇരിക്കുന്നത് കണ്ട് ജൂലിയാന മുഖം തിരിച്ച് അങ്ങോട്ട് നോക്കി" - പാഠഭാഗത്തെ അധികരിച്ച് 'മിറൽ' എന്ന കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പെഴുതുക.

6. ദാരിദ്ര്യത്തിന്റെ ധാരാളം സൂചനകൾ കഥയിൽ നിന്നും നമുക്ക് കണ്ടെത്താം". ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ വീടും കഥാപാത്രങ്ങളും എങ്ങനെയാണ് ദാരിദ്ര്യത്തിന്റെ സൂചനകളായി ചിത്രീകരിച്ചിരിക്കുന്നത്? ഉത്തരമെഴുതുക.

7. "കാലപരിമിതിയെ മറികടക്കുന്നതാണ് കാവ്യകല"

രാമച്ചവിശറി പനിനീരിൽ മുക്കിത്തോഴിയെക്കൊ
ണ്ടോമൽ കൈവള കിലുങ്ങെയൊട്ടു വീശിച്ചു.
കഞ്ജബാണൻ തന്റെ പട്ടം കെട്ടിയ രാജ്ഞിപോലൊരു
മഞ്ജുളാംഗിയിരിക്കുന്നു മതിമോഹിനി" (കരുണ - കുമാരനാശാൻ)

കവിതാഭാഗം വിശകനം ചെയ്ത് കുറിപ്പെഴുതുക.

8. ദയനീയമായ അവസ്ഥയിലുള്ള അമ്മയെ ആവിഷ്കരിക്കുന്ന ശില്പത്തിന് പിയത്ത എന്ന പേര് ഉചിതമാണോ? മൈക്കലാഞ്ജലോ, മാപ്പ് എന്ന കവിതയെ ആസ്പദമാക്കി മേൽ പ്രസ്താവനയ്ക്ക് ഉത്തരമെഴുതുക.

9. "ഉത്തമകലാസൃഷ്ടികൾ മനുഷ്യസംസ്കാരത്തെ എക്കാലവും ഉദാത്തമാക്കുന്നു".

ഉരുളക്കിഴങ്ങ് തിന്നുന്നവർ, മൈക്കലാഞ്ജലോ, മാപ്പ് എന്നീ പാഠങ്ങളെ അധികരിച്ച് മേൽ കൊടുത്തിട്ടുള്ള പ്രസ്താവന പരിശോധിച്ച് കുറിപ്പെഴുതുക. (6)

10. ചിത്രകലയുടെയും കാവ്യകലയടെയും സവിശേഷതകൾ കണ്ടെത്തി അവ ജീവിതത്തെ സുന്ദരവും ആകർഷികവുമാക്കുന്നതിൽ എത്രത്തോളം സഹായിക്കുന്നുണ്ട് എന്ന് ഉപന്യസിക്കുക.

11. കഥയ്ക്ക് അല്ലെങ്കിൽ കവിതയ്ക്ക് ഒരാസ്വാദനക്കുറിപ്പെഴുതുക. (6)

**കഥ**

എ) വെളിച്ചം അണഞ്ഞുപോയിരിക്കാം (സെൻകഥ)

അന്ധനെ യാത്രയാക്കുമ്പോൾ സുഹൃത്ത് അയാൾക്കൊരു വിളക്ക് കൊടുത്തു. “എനിക്കീ വിളക്കിന്റെ ആവശ്യമില്ല”. വെളിച്ചമോ, ഇരുട്ടോ എനിക്ക് ഒരു വ്യത്യാസവും വരുത്തുന്നില്ല. അതെ, എനിക്കറിയാം, പക്ഷേ നിങ്ങൾ ഇതെടുക്കാതെ പോയാൽ വഴിപോക്കർ നിങ്ങളെ ഇരുട്ടിൽ തട്ടിവീഴ്ത്തും. ശരി അയാളാ വിളക്കുമായി ഇരുട്ടിലേക്കിറങ്ങി തിരക്കിട്ടു നടന്നുപോയി. കുറെ ചെന്നപ്പോൾ ഒരാൾ ദേഹത്തുവന്നു മുട്ടി. കുരുടന്റെ വിളക്ക് താഴെ വീണു. അയാൾ ക്രോധത്തോടെ അലറി. “ഹേ, മനുഷ്യാ വിളക്കു കാണുന്നില്ലേ?”

“നിങ്ങളുടെ വിളക്കിലെ വെളിച്ചം എത്രയോ മുൻപ് അണഞ്ഞു പോയിരിക്കുന്നു” അപരൻ പറഞ്ഞു.

സൂചനകൾ : കഥയുടെ ആശയം മനസ്സിലാക്കിയിട്ടുണ്ട്, സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്, തലക്കെട്ട് വ്യാഖ്യാനിച്ചിട്ടുണ്ട്, കഥാപാത്ര പ്രാധാന്യം തിരിച്ചറിഞ്ഞിട്ടുണ്ട്. സാമൂഹ്യപ്രസക്തി, സമകാലികപ്രസക്തി തിരിച്ചറിഞ്ഞിട്ടുണ്ട്.

ബി) **കവിത**

**ചിത്രകാരന്റെ ചിത** (എ. അയ്യപ്പൻ)

മരിച്ച ഒരു ചിത്രകാരന്റെ ചിതയിൽ
അവൻ രചിച്ച
എല്ലാ സൃഷ്ടികളും ദഹിപ്പിക്കപ്പെട്ടു.
മഴവില്ലിന്റെ ചിത്രത്തിൽ നിന്ന്
എഴു നിറങ്ങളുടെ തീയുയർന്നു.
തീയുടെ ചിത്രം വരച്ചപ്പോൾ തീപ്പെട്ടവൻ
    അഗ്നിയിൽ
    അസ്ഥികൾ പൊട്ടുമ്പോഴും
    ആ തീയിൽ നിന്ന്
പ്രകൃതിയുടെ രോദനങ്ങൾ
കേൾക്കാമായിരുന്നു.
    അവൻ വരച്ച
    നിറഞ്ഞ പുരയ്ക്കോ
    ഗർജ്ജനങ്ങളുടെ സമുദ്രത്തിനോ
    തടാകത്തിനോ
    അമ്മയെ വരച്ച കണ്ണു നീരിനോ
    ചിതയെ കെടുത്തുവാൻ കഴിഞ്ഞില്ല.

12. മുകളിൽ കൊടുത്തിരിക്കുന്ന കവിത വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക. (6)

# അടിസ്ഥാന പാഠാവലി

യൂണിറ്റ് - I

# ജീവിതം പടർത്തുന്ന വേരുകൾ

**ആമുഖം:**

ചരിത്രാതീതകാലം തൊട്ടെ ജീവിക്കുന്ന ചുറ്റുപാടിനേയും, സഹജീവികളേയും സ്നേഹിക്കാൻ മനുഷ്യന് സാധിച്ചു. കൂട്ടു കുടുംബ വ്യവസ്ഥിതി നിലനിന്നിരുന്ന കാലത്ത് സ്നേഹത്തിന്റെ ആഴം വർദ്ധിച്ചു. സ്നേഹവും പരസ്പരബന്ധവും കൂട്ടായ്മയും ഒരുമിക്കുമ്പോഴാണ് ജീവിതം പടർന്ന് പന്തലിക്കുന്നത്. പ്ലാവിലക്കഞ്ഞിയിലെ കോരനും ചിരുതയും കഞ്ഞി കരുതിവയ്ക്കുന്നതും, അച്ഛന് ഒരു നേരമെങ്കിലും വയർ നിറച്ച് ചോറുകൊടുക്കുവാൻ കോരൻ അധ്വാനിക്കുന്നതുമെല്ലാം സ്നേഹം കൊാണ്.
അച്ഛനുറങ്ങുന്ന മണ്ണിൽ അദ്ദേഹത്തിന്റെ വിളിക്ക് കാതോർത്ത് മകനോടൊപ്പം പോകാതെയിരിക്കുന്ന അമ്മ (ഓരോ വിളിയും കാത്ത്) വിങ്ങുന്ന മനസ്സുമായി അമ്മയെ ഉപേക്ഷിക്കാൻ കഴിയാതെ നൽക്കുന്ന ' അമ്മത്തൊട്ടിലിലെ ' മകനുമെല്ലാം ഉപാധികളില്ലാത്ത സ്നേഹത്തിനുദാഹരണമാണ്.

♦ **പാഠഭാഗങ്ങൾ**

* പ്ലാവിലക്കഞ്ഞി
* ഓരോ വിളിയും കാത്ത്
* അമ്മത്തൊട്ടിൽ

♦ **പ്ലാവിലക്കഞ്ഞി**

തകഴി ശിവശങ്കരപ്പിള്ളയുടെ 'ര ി ട ങ്ങ ഴി' എന്ന നോവലിലെ പതിനേഴാം അധ്യായമാണ് പ്ലാവിലക്കഞ്ഞി, കുട്ടനാടിന്റെ ഹൃദയ ഭൂമിയായ തകഴിയിലാണ് കഥ നടക്കുന്നത്. ജന്മികളുടെ അടിമകളായി ജിവിച്ച കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന വേദനകളാണ് പ്ലാവിലക്കഞ്ഞിയിലെ പ്രമേയം. പരസ്പരസ്നേഹത്തിന്റെ കഥകൂടിയാണിത്.

**തകഴി ശിവശങ്കരപ്പിള്ള**

* ജ്ഞാനപീഠജേതാവ്
* എഴുത്തച്ഛൻ പുരസ്ക്കാരം
* വള്ളത്തോൾ അവാർഡ്
* കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ

♦ **പ്രാധാനകൃതികൾ**

* ര ി ട ങ്ങ ഴി
* തോട്ടിയുടെ മകൻ
* ചെമ്മീൻ
* കയർ
* ഏണിപ്പടികൾ
* ഘോഷയാത്ര
* അടിയൊഴുക്കുകൾ
* തോറ്റില്ല (നാടകം)
* എന്റെ വക്കീൽ ജീവിതം (ഓർമ്മക്കുറിപ്പുകൾ)

♦ ആശയങ്ങൾ

* പരസ്പര സ്നേഹവും വിശ്വാസവുമാണ് ജീവിതത്തിനാധാരം
  (കോരൻ-ചിരുത, കോരൻ-അച്ഛൻ,അച്ഛൻ-ചിരുത)
* സ്വന്തം വിശപ്പിനേക്കാൾ വലുതാണ് മറ്റുള്ളവരെ ഊട്ടാനുള്ള മനോഭാവം.
* ജൻമിത്തത്തോടുള്ള എതിർപ്പ്
* പഴയകാല സാമൂഹിക വ്യവസ്ഥിതി
* പ്രാദേശിക ഭാഷാപ്രയോഗങ്ങൾ കത്തെൽ

പാഠഭാഗങ്ങളിലൂടെ: **പ്ലാവിലക്കഞ്ഞി**

**പ്രവർത്തനം 1**

ഡി.വിനയചന്ദ്രന്റെ കഥ വായനയ്ക്കായി നൽകുന്ന


(വേരുകൾ) B.B.

ലഘു ചോദ്യങ്ങൾക്ക് വ്യക്തിഗതമായി ഉത്തരം നൽകുന്നു.

* വേരുകളും ഭൂമിയുമായുള്ള ബന്ധം
* മക്കൾക്ക് അച്ഛനോടും അമ്മയോടുമുള്ള സ്നേഹം എങ്ങനെയായിരിക്കണം.
* ഭൂമിതന്നെയാണ് അമ്മ എന്നുപറയുന്നത് എന്തുകൊായിരിക്കും
* ഭൂമിയിൽ നിന്ന് വേരറ്റു പോയാൽ മരങ്ങൾ നിലം പതിക്കുന്നതുപോലെ സ്നേഹത്തിന് വിള്ളൽ വീണാൽ എന്ത് സംഭവിക്കും

♦ കഥയുടെ തലക്കെട്ടിന്റെ ഔചിത്യം പരിശോധിച്ച് ലഘുക്കുറിപ്പ് തയ്യാറാക്കുക.
(ജീവിതം പടർത്തുന്നവേരുകൾ)

* കൂട്ടായ്മ
* പരസ്പരബന്ധം
* സ്നേഹം
* വിശ്വാസം
* സഹവർത്തിത്വം




♦ ആശയഗ്രഹണത്തിനുതകുന്ന ലഘു ചോദ്യങ്ങൾ ചോദിക്കുന്നു.

* രിടങ്ങഴി എന്ന നോവലിലെ കേന്ദ്ര കഥാപാത്രങ്ങൾ ആരൊക്കെ
* 'പ്ലാവിലക്കഞ്ഞി' എന്ന ഭാഗത്തെ ജന്മി ആര്?
* തമ്പ്രാ ഏനു നെല്ല് കൂലിമതി ചക്രം മേ ഇങ്ങനെ കോരനെ പറയാൻ പ്രേരിപ്പിച്ചതെന്ത്.
* കൈനകരി മുഴുവൻ രാത്രിയിൽ ഊന്നിനടന്നപ്പോൾ രാത്രിയുടെ കൂരിരുട്ടിൽ നടക്കുന്ന ചില വൻ വ്യാപാരങ്ങൾ കോരൻ കു. കോരൻ ക കാഴ്ച എന്തായിരിക്കാം.
* അത് അവന്റെ അപ്പനായിരുന്നു. പിണങ്ങി അവൻ കൈവെടിഞ്ഞ അച്ഛൻ. ആൾ കാൽ അറിയുകയില്ല മണ്ണെണ്ണ വിളക്കിന്റെ വെളിച്ചത്തിലിരുന്ന് അയാൾ ചിരുതയുമായി സംസാരിക്കുകയാ

ണ്. അവളെ മോളെ എന്ന് വിളിക്കുന്നത് കോരൻ കേട്ടു. അത് കണ്ണ് തണുപ്പിക്കുന്ന ഒരു കാഴ്ച തന്നെയായിരുന്നു.

- ♦ അടിവരയിട്ട പദത്തിന് സമാനമായ പദം ബ്രാക്കറ്റിൽ നിന്നെടുത്തെഴുതുക
  (കണ്ണു നീരുാവുന്ന, സന്തോഷിപ്പിക്കുന്ന, വേദനിപ്പിക്കുന്ന, നിരാശപ്പെടുന്ന)

**അടിവരയിട്ട പദത്തിന്റെ വ്യത്യസ്ത സന്ദർഭങ്ങളിലുള്ള അർത്ഥം കുറിക്കുക.**

- അത് കണ്ണ് തണുപ്പിക്കുന്ന കാഴ്ച തന്നെയായിരുന്നു അവൻ തന്നെയായിരുന്നു അങ്ങോട്ട് പോയത്.
- ദേശമെങ്ങും ചെ കൊട്ടി വിളംബരമുായി. കൂട്ടുകാർ അവനെ ചെ കൊട്ടിക്കുക പതിവാണ്.

പാറവുകാരൻ അഴിവാതിൽ തുറന്ന് വെള്ളായിയപ്പനെ അകത്തു പ്രവേശിപ്പിച്ചു. അച്ഛനുംമകനും നേരോടു നേരായി തെല്ലിടനേരം നിന്നു. പിന്നെ വെള്ളായിയപ്പൻ മകനെ കെട്ടിപിടിച്ചു കുഞ്ഞി ശ്രവണത്തിനപ്പുറത്തുള്ള ഒരു സ്ഥായിയിൽ നിലവിളിച്ചു. വെള്ളായിയപ്പൻ കരഞ്ഞു വിളിച്ചു 'മകനേ' കുഞ്ഞി മറുവിളി വിളിച്ചു 'അപ്പാ' - കടൽതീരത്ത്.

അയ്യോ അപ്പാ എന്നു വിളിച്ചു കൊ് കോരൻ അകത്തു കയറി "മോനേ!".
അപ്പനും മകനും പരസ്പരം കെട്ടിപ്പിടിച്ചു. ആ കാഴ്ചനോക്കിനിന്ന് ചിരുത ആനന്ദിച്ചു
-പ്ലാവിലക്കഞ്ഞി.

അച്ഛനും മകനും തമ്മിലുള്ള ദൃഢമായ സ്നേഹബന്ധമാണ് ര് രചനയിലും കാണുന്നത്. വിലയിരുത്തി കുറിപ്പ് തയ്യാറാക്കുക.

ഇത് കഞ്ഞി കുടിക്കുന്നെന്നബാവമെ ഉള്ളൂ
അല്ലെടീ ഏൻ കുടിക്കൂവാ
എടീ കള്ളീ നീയത് ഒളിച്ച് മച്ചിരുന്നോ
എന്തിനായിത് - നാഴി അരി അല്യേമച്ചൊള്ളൂ

തോട്ടം തോറുംവാഴ ദേശന്തോറും ഭാഷ എന്നാണ് കുഞ്ഞുണ്ണിമാഷ് അഭിപ്രായപ്പെട്ടിട്ടുള്ളത്. രിടങ്ങഴിയിലെ പ്ലാവിലക്കഞ്ഞി എന്ന ഭാഗം പ്രാദേശികഭാഷാ പ്രയോഗങ്ങൾ കൊ് സമ്പന്നമാണ്.
**കൂടുതൽ ഉദാഹരണങ്ങൾ കത്തെി നിരീക്ഷണകുറിപ്പ് തയ്യാറാക്കുക.**

- അതെന്തൊരു അക്ഷന്തവ്യമായ അപരാധമാണ്. - അടിവരയിട്ട ഭാഗത്തിന് പകരം പദമെഴുതുക.
  ആോടാ് പദം പിരിച്ചെഴുതുക.
  * സസ്നേഹം- സ്നേഹത്തോടുകൂടി
  * സകുടുംബം- കുടുംബത്തോടുകൂടി
  സാംക്രമികരോഗം - സംക്രമിക്കുന്ന രോഗം
  സാഹസപ്രവൃത്തി - സാഹസമുള്ള പ്രവൃത്തി
  വഴിയോരക്കാഴ്ചകൾ - വഴിയോരത്തുള്ള കാഴ്ചകൾ
  ഇതുപോലെയുള്ള മറ്റ് പദങ്ങൾ കത്തെുക.

-ഇതുപോലെ താഴെയുള്ള പദങ്ങൾ വിഗ്രഹിച്ചെഴുതുക.

* ബലിഷ്ഠശരീരം
* അപരാധബോധം
* സ്മരണീയ ദിവസം

♦ അറയ്ക്കൽ വീട്ടിലെ വലിയ ചീനചട്ടിയിലെ നിറയെചോറ് ആയകാലത്ത് അയാൾക്ക് നാലുരുളയ്ക്കേ ഉായിരുന്നുള്ളൂ. ഈ പത്തു പ്ലാവിലക്കഞ്ഞി കോരികുടിച്ചു കഴിഞ്ഞപ്പോൾ വൃദ്ധൻ നീ ഒരു ഏമ്പക്കം വിട്ടു കോരനു തൃപ്തിയായി.

മുഴക്കരിയിട്ടു തെളപ്പിച്ചു ഏനാ അത് കുടിച്ചത് അവളു കുടിച്ചില്ല ഏനു കോരിക്കോരിതന്നു ചിരുത കൃതകൃത്യയായി.

ഭർത്താവുത്തരമായീ
ഭാര്യയോടിയാളെനീ
യപ്പുറത്തെങ്ങാൻ കൂട്ടി
വല്ലതും കൊടുത്തേക്കു.

അങ്ങേവീട്ടിലേക്ക് - ഇടശ്ശേരി

മുകളിൽ കൊടുത്തിരിക്കുന്ന നോവൽ, കവിതാഭാഗങ്ങളിൽ അച്ഛനോട് മക്കൾക്കുള്ള ര് കാഴചപാടുകളാണ് കാണാൻ കഴിയുന്നത്. ബന്ധങ്ങളുടെ ഊഷ്മളതയ്ക്ക് അയവുസംഭവിച്ചിരിക്കുന്നു. ശരിയാണോ - അഭിപ്രായകുറിപ്പ് തയ്യാറാക്കുക.

♦ * രാത്രിയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയോലോ
* എന്തിനായിത്? നാഴി അരി അല്ല്യോ മച്ചുള്ളൂ നീ കുടി
* അപരാധ ബോധം കോരന്റെ ഹൃദയത്തെനോവിച്ചു

മുകളിൽ കൊടുത്ത സൂചനകളും കഥാസന്ദർഭങ്ങളും പരിഗണിച്ച് കോരൻ എന്ന കഥാപാത്രത്തെ നിരുപണം ചെയ്യുക.

പാഠഭാഗം : **ഓരോവിളിയും കാത്ത്**

യു.കെ.കുമാരന്റെ ശ്രദ്ധേയമായ ഒരു കഥയാണ് ഓരോവിളിയും കാത്ത് അച്ഛന്റെ മരണത്തോടെ ഒറ്റപ്പെട്ടുപോയ അമ്മയുടെ വേദനകളും വിഹ്വലതകളുമാണ് കഥയിലുള്ളത്. അച്ഛന്റെ ഓരോവിളിയ്ക്ക് പിന്നാലെ ഓടുന്ന അമ്മയേയും കഥയിൽ കാണാം. അച്ഛനില്ലാത്ത വീട്ടിൽ ഇനി അമ്മ എങ്ങനെ ഒറ്റയ്ക്ക് കഴിയും എന്നതാണ് മകന്റെ ചിന്ത അച്ഛന്റെ മരണ അടിയന്തിരങ്ങളും കഴിഞ്ഞ് നഗരത്തിലേക്ക് തിരികെ പോകുന്ന മകൻ തന്റെ അമ്മയെ ഒപ്പം വരാൻ വിളിക്കുകയാണ്. ആദ്യം വിസമ്മതിച്ചെങ്കിലും മകന്റെ നിർബന്ധത്തിനു വഴങ്ങി നഗരത്തിലേക്ക് വരാമെന്ന് അമ്മ വാക്കുകൊടുക്കുന്നു. എന്നാൽ നേരം പുലർന്നിട്ടും അമ്മയ്ക്ക് എഴുന്നേൽക്കാൻ ഭാവമില്ലായിരുന്നു. കിടന്നകിടപ്പിൽ നിന്നെണീക്കാതെ എന്തോ ആലോചിച്ച് കിടക്കുന്ന അമ്മയെയാണ് മകൻ കാണുന്നത്. വീും നിർബന്ധിച്ചപ്പോൾ ഞാനെങ്ങന്യാ മോനെ വര്വാ അച്ഛൻ എപ്പോഴും എന്നെ വിളിച്ചോരിക്കുകയാ ഇന്നലേയും വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലെന്നു വച്ചാൽ എന്ന മറുപടിയോടെ കഥ അവസാനിക്കുന്നു.

ബാഹ്യസൗന്ദര്യമല്ല ഒരു വീടിനെ വീടാക്കി മാറ്റുന്നത് പരസ്പര സ്നേഹവും കരുതലും പങ്കുവെക്കലുമാണ് സ്നേഹസമ്പന്നമായ ഒരു വീടിന്റെ ലക്ഷണം. വർത്തമാന കാലത്ത് കാണുന്ന ചില യാഥാർത്ഥ്യങ്ങളാണ് ഈ കഥയിൽ. വാർദ്ധക്യകാലത്ത് തീർത്തും ഒറ്റപ്പെട്ടു പോകുന്ന വൃദ്ധദമ്പതിമാരേയും ഈ കഥയിൽ കാണാം.

9ാം ക്ലാസ്സിൽ പഠിച്ച 'ചെറു പുഞ്ചിരി' എന്ന സിനിമ ക്ലാസ്സിൽ കാണിക്കുന്നു. സിനിമയുടെ പ്രമേയവും "ഓരോവിളിയും കാത്ത്" എന്ന പാഠഭാഗവും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

♦ ഇപ്പോൾ ഇതൊരു വീടല്ല നീവരാന്തകളും വെൺമയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിലും ഇതൊരു വീടാകുന്നില്ല. ഇത്തരം ഒരുചിന്തയിലേക്ക് അമ്മയെ നയിച്ചത് എന്തെല്ലാമായിരിക്കും.

* അച്ഛന്റെ മരണം വരുത്തിയ ശൂന്യത
* നിശബ്ദത
* സ്നേഹനിധിയായ അച്ഛന്റെ പെരുമാറ്റം
* അച്ഛന്റെ സാന്നിദ്ധ്യം

♦ രോഗശയ്യയിലായിരുന്നപ്പോഴും അച്ഛൻ തനിക്കുചുറ്റും നടന്നിരുന്ന കാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നു. ഈ പ്രസ്താവനയെ സാധൂകരിച്ച് കുറിപ്പു തയ്യാറാക്കുക.

* കന്നിപ്പാടത്തെ വെയിലിന്റെ വേലിയേറ്റം
* കമുകിൻ തോട്ടങ്ങളിലൂടെ പറന്നു പോകുന്ന വാവലുകളുടെ ചിറകടിയൊച്ച.
* അടയ്ക്ക പഴുക്കൽ
* വരമ്പിലേക്ക് ചാഞ്ഞു കിടക്കുന്ന കതിരിൽ ചവിട്ടി അതാ ആരോ നടന്നു പോകുന്ന കാഴ്ച.

♦ നെന്റെ വീട്ടിലിരുന്നാൽ കൂമൻ മൂളുന്ന ഒച്ച കേക്കോനീയ്

ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല ടീവീന്റെ ഒച്ചമാത്രമേ കേക്കാൻ പറ്റു.

നല്ല വെള്ളോല്ല, നിലാവൂല്ല. കൂമന്റെ ഒച്ചേം ഇല്ല പിന്നെന്താ ആടെ ഉള്ളത് അമ്മചോദിച്ചു. ഈ സംഭാഷണത്തെ മുൻ നിർത്തി നാട്യ പ്രധാനം, നഗരം ദരിദ്രം നാട്ടിൻ പുറം നൻമകളാൽ സമൃദ്ധം എന്ന വരിയെ വ്യാഖ്യാനിച്ച് കുറിപ്പ് തയ്യാറാക്കുക.

* ഗ്രാമത്തിന്റെ സൗന്ദര്യം
* നിഷ്കളങ്കത
* പരസ്പരസ്നേഹം
* ബന്ധങ്ങൾ

♦ 'എനീപ്പം എന്നെക്കൊ് ഒന്നും വയ്യാന്ന് നെനക്ക് തോന്നി അല്ലേ. ആയിക്കോ ആയിക്കോ. ഇതൊക്കെ ഉാക്കിത്തരാൻ എനിക്ക് കയ്ഞല്ലോ അതോർത്താമതി.'

കണ്ണുകാണാതായിട്ടും നടക്കാൻ പറ്റാതായിട്ടും നിങ്ങൾ വിളിക്കുന്നേടത്തും പറേന്നടത്തും ഞാൻ എത്തുന്നുല്ലോ അതുതന്നെ വല്യകാര്യം.

കലഹിക്കുമ്പോഴും ഊഷ്മളമായ സ്നേഹം അച്ഛനും അമ്മയും തമ്മിൽ ഉായിരുന്നു. പാഠഭാഗത്തെ കൂടുതൽ ഉദാഹരണങ്ങൾ കത്തെി നിരീക്ഷണ കുറിപ്പ് തയ്യാറാക്കുക.

പ്രകൃതിയോടും അമ്മയോടും മാത്രമല്ല അച്ഛന്റെ സ്നേഹം പ്രകടമായിരുന്നത്. ചുറ്റുപാടുമുള്ള ജനങ്ങളുമായും വലിയ ഒരു സൗഹൃദം അച്ഛൻ കാത്തു സൂക്ഷിച്ചിരുന്നു. പാഠഭാഗത്ത് ഇതിന് ധാരളം ഉദാഹരണങ്ങൾ ഉ് കത്തെി എഴുതുക.

* കണാരൻ
* അയൽക്കാരൻ, ചാത്തുവച്ചൻ, അമ്പു, കുറുപ്പ്
* പൈക്കച്ചവടക്കാരൻ ഇവരുമായുള്ള ബന്ധം

♦ ഞനെങ്ങന്യാ മോനേ വര്വാ. അച്ഛൻ എന്നെഎപ്പോഴും വിളിച്ചോരിരിക്കുകയാ... ഇന്നലേം വിളിച്ചു വിളിക്കുമ്പം ഞാനിവിടെ ഇല്ലെന്ന് വച്ചാൽ.... കഥ അവസാനിക്കുന്നത് ഇങ്ങനെയാണ്. പരസ്പര സ്നേഹത്തിന്റെ ദൃഢത വർദ്ധിപ്പിക്കുന്ന കഥയാണ് ഓരോ വിളിയും കാത്ത്. കഥവിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

♦ വീടിന്റെ നിശബ്ദതയിൽ തനിച്ചാവുമ്പോൾ അമ്മയുടെ മനസ്സ് ഇനിയും മുന്നോട്ടു പോകും ജരബാധിച്ച സമയത്തെ കുറിച്ച് അമ്മ ഓർക്കും. ഏകാന്തതയുടെ തുരുത്തുകൾ അമ്മയ്ക്ക് ഒരിക്കലും വിശ്രാന്തിയുടെ തുരുത്തുകളാകാറില്ല.

♦ അച്ഛനും അമ്മയും തമ്മിലുള്ള ഊഷ്മളമായ ദാമ്പത്യത്തെ കഥാകാരൻ അവതരിപ്പിക്കുന്നതെങ്ങനെ?

♦ മനസ്സിന്റെ ക്ലാവു പിടിച്ചകണ്ണാടിയിലൂടെ അച്ഛൻ കതെല്ലാം ശരിയായിരുന്നു. അടിവരയിട്ട പദത്തിന്റെ പ്രയോഗഭംഗി കത്തെുക

♦ അച്ചാലും മുച്ചാലും നടക്കുക - ശൈലിയുടെ അർത്ഥം വ്യാഖ്യാനിക്കുക

**വിഗ്രഹിക്കുക**

| | | |
|---|---|---|
| ദാഹജലം | - | ദാഹം തീർക്കുന്നതിനുള്ള ജലം |
| മരക്കൊമ്പ് | - | മരത്തിന്റെ കൊമ്പ് |
| കുളക്കര | - | കുളത്തിന്റെ കര |
| പരേതാത്മക്കൾ | - | പരേതരുടെ ആത്മാക്കൾ |

♦ ഓരോ വിളിയും കാത്ത് എന്ന കഥയുടെ ഔചിത്യം കത്തെുക

♦ ഒരു വിളിക്കുവേി എന്നും കാതോർക്കുന്ന അമ്മ, ഇപ്പോൾ അതില്ലായതോടുകൂടി പൊടുന്നനെ വാർധ ക്യത്തിന്റെ നിസ്സഹായതയിലേക്ക് അമ്മ വഴുതി വീഴുന്നതുപോലെ ഓരോവിളിയും കാത്ത് - ഈ കഥയിലെ അമ്മ എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ വിശകലനം ചെയ്ത് ഉപന്യാസം തയ്യാറാക്കുക.

* അച്ഛന്റെ മരണത്തോടെ ഒറ്റപ്പെടുന്നു
* വാർധക്യത്തിന്റെ നിസ്സഹായത
* അച്ഛന്റെ വിളിക്ക് കാതോർക്കുന്ന അമ്മ
* അച്ഛനോടുള്ള പരിഭവം
* അച്ഛന്റെ നിർദ്ദേശങ്ങൾ അനുസരിക്കുന്ന അമ്മ

## അമ്മത്തൊട്ടിൽ

റഫീഖ് അഹമ്മദ്

**ആമുഖം**

പ്രായമാകുമ്പോൾ അച്ഛനമ്മമാർ ഒരു ബാധ്യതയായി വരികയാണോ മക്കൾക്ക്. ആധുനിക കാല ജീവിതത്തിൽ നഷ്ടപ്പെട്ടുകൊിരിക്കുന്ന മനുഷ്യ ബന്ധങ്ങളുടെ പ്രാധാന്യവും വർധക്യത്തെ ഉൾക്കൊള്ളാൻ കഴിയാത്ത പുതുതലമുറയുടെ മനോഭാവവും കവിതയ്ക്ക് വിഷയമാകുന്നു.

വൃദ്ധയായ അമ്മയെ ഉപേക്ഷിക്കാനായി ഇറങ്ങിത്തിരിക്കുന്ന മകനെയാണ് അമ്മത്തൊട്ടിൽ എന്ന കവിതയിൽ കാണുന്നത്.

**ഓർമ്മി ക്കേ വ**

*നീരറ്റുവറ്റിവര കൈച്ചുള്ളികൾ
* മങ്ങിപ്പഴകിയ പിഞ്ഞാണവർണം
* ഇപ്പെരുമാൾ?
* പെറ്റുകിടക്കും തെരുവു പട്ടിക്കെന്തൊരൂറ്റം
* ഒഴിവു കനത്തൊരിരുളിടം
* കുട്ടിയേകാന്തത-കണ്ണുപൊത്തികളിക്കുന്നു
* പിച്ചിയതാര് - കരിഞ്ഞൊരീകൈകളോ
* സ്വയം ബുദ്ധികെട്ട് കരിന്തിരിയാളുക
* അശാന്തനായ ഈശ്വരൻ

പ്രവർത്തനം ഒന്ന്

ഓർത്തെടുക്കൽ

റഫീഖ് അഹമ്മദിന്റെ കവിതയും സിനിമാഗാനവും ഓർത്തെടുക്കാനും അവതരിപ്പിക്കുവാനുമുള്ള അവസരം നൽകുന്നു.

കാത്തിരുന്നു കാത്തിരുന്നു - എന്ന് നിന്റെ മൊയ്തീൻ
മരണമെത്തുന്ന നേരത്ത് - സ്പിരിറ്റ്

കുട്ടികൾ ഓർക്കുന്നു, അവതരിപ്പിക്കുന്നു.

തോരാമഴ എന്ന കവിത ക്ലാസ്സിൽ അവതരിപ്പിക്കുന്നു

ഉമ്മുക്കുലുസു മരിച്ചന്ന് രാത്രിയിൽ
ഉമ്മതനിച്ചു പുറത്തുനിന്നു
.........................................
.....................................
ഉമ്മുക്കുലുസു മരിച്ചന്നു രാത്രിതൊ-
ട്ടീന്നോളമാമഴ തോർന്നുമില്ല
(ചാർട്ടിൽ പ്രദർശിപ്പിക്കുന്നു)

കവിതയുടെ ആശയം ലഘു ചോദ്യങ്ങളിലൂടെ കത്തെുന്നു

* അമ്മതനിച്ച് പുറത്തു നിൽക്കാൻ കാരണം

* മഴവന്നപ്പോൾ അമ്മ എന്താണ് ചെയ്തത്

* അമ്മയ്ക്ക് മകളുടെ മരണം ഉൾക്കൊള്ളാൻ കഴിഞ്ഞില്ല (കാരണം)

* അമ്മയുടെ തീരാവേദനയാണ് തോരാമഴയായി മാറിയത്

അമ്മത്തൊട്ടിൽ എന്ന കവിത ആസ്വാദ്യകരമായി ചൊല്ലുന്നു

മൗനവായന

പാഠഭാഗം ഉൾക്കൊള്ളുന്നതിന് ആവശ്യമായ ചോദ്യങ്ങൾ ചോദിക്കുന്നു.

* അമ്മയുടെ പ്രായം, രൂപം ഇവ അവതരിപ്പിക്കുന്നതിന് കവി ഉപയോഗിച്ച പദം എത്?

* നീരറ്റു വറ്റി വര കൈച്ചുള്ളികൾ.

* മഞ്ഞിപ്പഴകിയ പിഞ്ഞാണവർണമായ് കണ്ണുകൾ.

♦ പെരുമാളിന്റെ അടുത്ത് അമ്മയെ മകൻ ഉപേക്ഷിക്കാതിരുന്നതെന്തുകൊ്?

♦ സൂചിപ്രയോഗത്തിന്റെ നീറ്റൽ പോലെ മനസ്സിലൂടെ കടന്ന് പോയി കടന്നുപോയ വിചാരങ്ങൾ എന്തെല്ലാം?

♦ തന്നെയാരോ - പിച്ചിയെന്ന് തോന്നാൻ കാരണം.

ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും. കാരണം
എന്തു സംഭവിച്ചിട്ടാകാം?

് കവിതാഭാഗത്തിന്റേയും ആശയങ്ങൾ വിലയിരുത്തുക.

അമ്മ - മകൾ, മകൻ - അമ്മ

**പ്രവർത്തനം : 2**

സവിശേഷ പ്രയോഗങ്ങളും അവയുടെ അർത്ഥ തലവും കത്തെുക.

* കവിതയിൽ നിന്ന് ഇഷ്ടപ്പെട്ട വരികൾ കത്തെുന്നു ഇഷ്ടപ്പെടാനുള്ള കാരണം

* മനസ്സിൽ തട്ടിയ സന്ദർഭം/ ആശയം പങ്കുവെയ്ക്കുന്നു

**പ്രവർത്തനം : 3**

ഇഷ്ടപ്പെട്ട വരികളിൽ നിന്നും തെരഞ്ഞെടുത്ത സവിശേഷ പ്രയോഗങ്ങൾ ഉൾക്കൊള്ളുന്ന വരികൾ

**ക്രോഡീകരണം - വാർദ്ധക്യത്തിന്റെ അനുഭവ തീവ്രത**

| സവിശേഷ പ്രയോഗങ്ങൾ | ആശയം |
|---|---|
| നീരറ്റു വിറ്റി വര കൈച്ചുള്ളികൾ | പോയ കാലത്തിന്റെ അധ്വാനവും വാർദ്ധക്യവും ചേർന്ന് ശുഷ്ക്കമാക്കിയ ശരീരം |
| മങ്ങിപഴകിയ പിഞ്ഞാണ വർണം | തെളിച്ചം നഷ്ടപ്പെട്ട കണ്ണുകൾ |
| ഇപ്പെരുംമാൾ? | പെരുമാൾ, പെരുംമാൾ,<br>പെരുമാളുകൾ (വലിയ മാളുകൾ)<br>പെരുമാളായ് ഈശ്വരൻ മാറുന്ന പുതിയ കാലത്തിന്റെ പ്രവണത ആധുനികതയുടെ സംഭാവന |

| | |
|---|---|
| കുട്ടിയേകാന്തത കണ്ണുപൊത്തികളിക്കുന്ന | കുട്ടികളൊഴിഞ്ഞ വിദ്യാലയമുറ്റത്ത് കണ്ണുപൊത്തി കളിക്കുന്ന കുട്ടിയായി മാറുന്ന ഏകാന്തത |
| മഞ്ഞിപ്പഴകിയ പിഞ്ഞാണ വർണം | അമ്മയുടെ കണ്ണുകളെ ഇങ്ങനെ വിശേഷിപ്പിച്ചതിന് കാരണം ചർച്ച |
| അമ്മയുടെ കണ്ണുകൾ നിറം മങ്ങി, തെളിമ നഷ്ടപ്പെട്ടു പോളകൾ കലങ്ങി പീളയടിഞ്ഞ് ദൈന്യത ബാധിച്ചിരിക്കുന്നു. (വാർദ്ധക്യത്തിന്റെ അവസ്ഥ) | പിഞ്ഞാണം - പഴയകാലത്ത് ഭക്ഷണം കഴിക്കാൻ ഉപയാഗിച്ചിരുന്ന പാത്രം തുടർച്ചയായി ഒരേ പാത്രം ഉപയോഗിക്കുന്നതിനാൽ പഴകുകയും നിറം മങ്ങുകയും ചെയ്യുന്നു. |

ഇമചിമ്മാതെ മക്കൾക്കായി തുറന്നു വച്ച കണ്ണുകളാണത്. മരണം വരെ കാത്തിരിക്കാൻ ആ കണ്ണുകൾ തയ്യാറാണ്. വർത്തമാനകാലത്തിന്റെ കെട്ടകാഴ്ചകൾ പഴകിയ പാത്രത്തിലെന്നപോലെ അവരുടെ കണ്ണുകളിൽ പോറൽ വീഴ്ത്തിയിരിക്കുന്നു. നിറം മങ്ങിയിരിക്കുന്നു.

**പ്രവർത്തനം : 4**

സവിശേഷ സന്ദർഭങ്ങൾ കത്തെുക.

ആസ്വാദകനെ തൊട്ടുണർത്താനും ചിന്തിപ്പിക്കാനും കഴിയുന്ന വിധത്തിലുള്ള സവിശേഷ സന്ദർഭങ്ങൾകൊ് സമ്പന്നമാണ് അമ്മത്തൊട്ടിൽ എന്ന കവിത ഇത്തരം കാവ്യസന്ദർഭങ്ങൾ കവിതയുടെ ഭംഗി വർധിപ്പിക്കുന്നതിന് സഹായിക്കുന്നുാേ?

കാവ്യസന്ദർഭങ്ങൾ കത്തെുക.

വിശകലനം ചെയ്യുക. - ലഘുകുറിപ്പു തയ്യാറാക്കുക.

1) പെറ്റുകിടക്കും..... കുതിയ്ക്കുന്നു.

പെറ്റുകിടക്കുന്ന പട്ടിയുടെ സ്വഭാവ സവിശേഷതകൾ

* തനിക്കു നേരെ വരുന്നവർക്കെതിരെയുള്ള ശൗര്യം-
* തന്റെ കുഞ്ഞിനെ സംരക്ഷിക്കാനുള്ള വ്യഗ്രത-
* കുട്ടികളോടുള്ള അമിത സ്നേഹം
* മൃഗങ്ങളിൽ പ്പോലും - മാതൃപുത്ര ബന്ധത്തിന്റെ ഊഷ്മളത കാണാം.
* വിവേചന ബുദ്ധിയില്ലാത്ത ജന്തുക്കൾ മനുഷ്യന് നൽകുന്ന പാഠം
* പെറ്റമ്മ - വലിച്ചെറിയപ്പെടാനുള്ള വസ്തു മാത്രമാകുന്നു.

2) അന്നത്തെ..... കടന്ന് പോയി.......

സൂചിപ്രയോഗത്തിന്റെ പ്രത്യേകതകൾ

* തുളച്ചുകയറുന്നത്
* വേദനിപ്പിക്കുന്നത് ..............

| | |
|---|---|
| കൊളുത്തിവിലയ്ക്കുന്ന നൊമ്പരം | പഴയകാല ഓർമ്മകൾ ( ശൈശവത്തിൽ പനി ബാധിച്ച മകനെ എടുത്തുകൊ് പടികൾ കയറിയത്) സൂചിപ്രയോഗത്തിൻ നീറ്റലായി അനുഭവപ്പെടുന്നു. |
| പിച്ചിയതാർ കരിഞ്ഞൊരീകൈകളോ | - വിദ്യാലയ മുറ്റത്ത് - പഴയകാല ഓർമ്മകൾ ഒരു പിച്ചലായി (നുള്ളലായി) മാറുന്നു. സന്ദർഭ വ്യാഖ്യാനം |
| ശൈശവ - ബാല്യ-കൗമാര യൗവ്വന (ജീവിതാവസ്ഥകൾ) അമ്മയുടെ കരുതലും സ്നേഹവും പ്രത്യക്ഷമായും പരോക്ഷമായും ഉ് | ര് സന്ദർഭങ്ങളും മകന്റെ മനസ്സിനെ നോവിക്കുന്നു് ആ നോവ് അനുവാചകനും അനുഭവിക്കുന്നു |
| അശാന്തനായ ഈശ്വരൻ കാറ്റു കൊള്ളാനിറങ്ങിയോ | - ഈശ്വരൻ അശാന്തനാകുന്നതെന്തുകൊ് ഈശ്വരൻ ശാന്തിനൽകുന്നവനാണ് പക്ഷേ പുതുകാലത്തിന്റെ കെട്ട കാഴ്ചകൾ ഈശ്വരനു പോലും ശാന്തിനഷ്ടപ്പെടുത്തുന്നു |

**ക്രോഡീകരണം**

ആസ്വാദകഹൃദയത്തെ ആഴത്തിൽ സ്പർശിക്കുകയും ബുദ്ധിയെ ഉണർത്തുകയും ചിന്തോദ്ദീപകമാക്കുകയും ചെയ്യുന്നു. ഇത്തരം ആവിഷ്ക്കരണങ്ങൾ കവിതയ്ക്ക് പുതിയ മാനങ്ങൾ നൽകുന്നു്

അമ്മത്തൊട്ടിൽ- ശീർഷകത്തിന്റെ ഔചിത്യം - ആരാലും സംരക്ഷിക്കപ്പെടാനില്ലാതെ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾക്കുള്ള ഇടം- അമ്മത്തൊട്ടിൽ

കവിതയിൽ ഇത് അമ്മയ്ക്കുള്ള തൊട്ടിലാകുന്നു അമ്മ സംരക്ഷിക്കപ്പെടേവളാണ്. മാതൃത്വം മഹനീയമാണ്. കാലങ്ങളുടെ തപസ്യയിലൂടെയാണ് ഒരു കുഞ്ഞു വലുതായി അമ്മയെ സംരക്ഷിക്കാൻ പ്രാപ്തനാകുന്നത് കണ്ണിമചിമ്മാതെ അവനായി കാത്തിരുന്ന് അവളുടെ കണ്ണുകൾക്ക് നിറംമങ്ങുന്നു. കൈകൾ നീരുവറ്റി ശുഷ്ക്കമാകുന്നു.

എന്നിട്ടും കാവലായ് അമ്മ അവനോടൊപ്പമു്. പക്ഷെ ഒരു തെരുവു പട്ടിയുടെ വികാരം പോലും പുതിയ തലമുറ മാതൃത്വത്തോട് കാണിക്കുന്നില്ല.

കവിതയിൽ

മകൻ അമ്മയെ ഉപേക്ഷിക്കാൻ ഇടം - തൊട്ടിൽ അന്വേഷിച്ചലയുന്നു...........

സ്പർശവും ഗന്ധവും

ഒടുവിൽ അമ്മ വയറിന്റെ ചൂടും, കാച്ചെണ്ണയുടെ ഗന്ധവും, പുലർച്ചെ തണുപ്പാറ്റുന്ന ചൂട്ടിൻ ഗന്ധവും, മകന് ഒരു ഓർമ്മപ്പെടുത്തലായ് മാറുന്നു

**പ്രവർത്തനം-6**

ആസ്വാദനം തയ്യാറാക്കുക

അമ്മയെ ഉപേക്ഷിക്കാൻ ഇടം തേടിയലയുന്ന മകനേയും മരണത്തിലും ഇമചിമ്മാതെ കാവലാളാവാൻ ശ്രമിക്കുന്ന അമ്മയേയുമാണ് അമ്മത്തൊട്ടിൽ എന്ന കവിതയിൽ കാണാൻ കഴിയുക.

ഈ ആശയത്തെ മുൻനിർത്തി അമ്മത്തൊട്ടിൽ എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

യൂണിറ്റ് - 2

# നിലാവ് പെയ്യുന്ന നാട്ടുവഴികൾ

**പാഠഭാഗം**

കൊച്ചുചക്കരച്ചി - എ.പി.ഉദയഭാനു
ഓണമുറ്റത്ത് - വൈലോപ്പിള്ളി ശ്രീധരമേനോൻ
കോഴിയും കിഴവിയും- കാരൂർ നീലകണ്ഠപിള്ള

**ആമുഖം**

ഗൃഹാതുരത്വം ഉണർത്തുന്ന ഗ്രാമീണ ഭംഗിയും ചൈതന്യവും പ് കേരളക്കരയിൽ നിറഞ്ഞു നിന്നിരുന്നു. നിലാവിന്റെ കുളിർമയും ഊഷ്മളതയും സ്നേഹവും ആർദ്രതയും നന്മയും സത്യവുമെല്ലാം 'പെയ്യുന്ന' നാട്ടുവഴികളിലൂടെ കേരളീയ ഗ്രാമീണാന്തരീക്ഷത്തിലേക്കാണ് 'നിലാവ് പെയ്യുന്ന നാട്ടുവഴികൾ' എന്ന യൂണിറ്റ് നമ്മെ കൂട്ടി കൊു ചെല്ലുന്നത്. അതാകട്ടെ കേരളീയ സംസ്ക്കാരത്തിന്റെ ഈറ്റില്ലവുമാണ്!

" നാട്ടിൻ പുറം നന്മകളാൽ സമൃദ്ധം" -(കുറ്റിപ്പുറത്ത് കേശവൻ നായർ, ഗ്രാമീണ കന്യക) എന്ന വരിയുടെ ആശയം നിറഞ്ഞുനിൽക്കുന്ന ഈ യൂണിറ്റിൽ മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെക്കുറിക്കുന്ന 'കൊച്ചുചക്കരച്ചി' (ഉപന്യാസം), കേരളീയ സംസ്ക്കാരത്തിന്റെ നന്മയെ ഏറ്റുപാടുന്ന 'ഓണമുറ്റത്ത്' (കവിത), ചക്രവാളങ്ങൾക്കപ്പുറത്തേക്കു നീളുന്ന മനുഷ്യ ബന്ധത്തിന്റെ ഊഷ്മളത നിറഞ്ഞുനിൽക്കുന്ന 'കോഴിയും കിഴവിയും' (കഥ), അടിയുറച്ച ജീവിത ദർശനങ്ങളുടെ ആഴത്തിലേക്ക് ഇറങ്ങിച്ചെല്ലുന്ന ശ്രീനാരായണ ഗുരു ( ലേഖനം) എന്നീ പാഠങ്ങൾ ഉൾപ്പെടുത്തിയിട്ട്. ഊർജസ്വലത നിറഞ്ഞതും ദാർശനികതയിലൂന്നിയതുമായ കേരളീയ കാഴ്ചകളും ജീവിത അനുഭവങ്ങളും കൊ് സമൃദ്ധമായ രചനകളാണ് ഈ യൂണിറ്റിലുള്ളത്.

സംഘകാലത്തെ തമിഴ് കവയത്രിയായ ഔവ്വയാർ എഴുതിയ 'പുറ നാനൂറിൽ' നിന്ന് യൂണിറ്റിന്റെ പ്രവേശകമായി കൊടുത്തിരിക്കുന്ന,

"നാടായാലും കാടായാലും
കുഴിയായാലും കുന്നായാലും
നല്ലവർപാർക്കുന്നെങ്കിൽ
നീയും നന്നേ വാഴുക നിലമേ"

"നാടാകൊൻറോ കാടാകൊൻറോ
അവലാകൊന്റോ മിചൈയാകൊൻറോ
എവ്വഴി നല്ലവരാടവർ
അവ്വഴി നല്ലൈ വാഴിയ നിലനേ"
പുറനാനൂറ്/ഔവയ്യാർ

എന്ന വരികൾ മുകളിൽ പറഞ്ഞ ആശയങ്ങളെ ഊട്ടി ഉറപ്പിക്കുന്നു. നല്ല മനുഷ്യർ പാർക്കുന്നിടം നന്നായി വരും അത് കാടായാലും നാടായാലും കുന്നായാലും കുഴിയായാലും. പാർക്കുന്ന മനുഷ്യരുടെ ഗുണമാണ് ഭൂമിയുടെ നന്മനിശ്ചയിക്കുന്നത്. ഇത്തരം നന്മകളുടെ നേർക്കാഴ്ച നിറഞ്ഞ പാഠഭാഗം ചിന്തോദ്ദീപകമാണ് എന്നതിൽ സംശയമില്ല.

ആമുഖം

## കൊച്ചുചക്കരച്ചി

എ.പി.ഉദയഭാനു എഴുതിയ കൊച്ചുചക്കരച്ചി എന്ന ഉപന്യാസത്തിൽ വൃക്ഷങ്ങളിൽ വച്ചു ശ്രേഷ്ഠ മായ, കവികൾ പ്രണയിക്കുന്ന, കുട്ടികൾ ഓമനിക്കുന്ന മാവിനെ കുറിച്ചും കേരളത്തിന്റെ ദേശീയ ഫല മായ മാങ്ങയുടെ രുചിവൈവിധ്യത്തെക്കുറിച്ചും പറയുന്നു. ലേഖകനും അമ്മയും കൊച്ചു ചക്കരച്ചിയും തമ്മിലുള്ള അഭേദ്യബന്ധം ഈ ഉപന്യാസത്തിന്റെ തായ്ത്തടിയായി നിൽക്കുന്നു. ഒരു വീടിന്റെ മുത്തശ്ശി യായി മാറിയ കൊച്ചു ചക്കരച്ചിക്ക് പലതലമുറകളോടുള്ള ആത്മബന്ധവും വീടിനോടും വീട്ടുകാരോടു മുള്ള സ്നേഹവും ശ്രദ്ധേയമാണ്. ഒരു വ്യക്തിക്ക് തുല്യമാണ് ഒരു മാവ് എന്ന് നാം തിരിച്ചറിയുന്നു.

* മാവിന്റെ വംശത്തിൽ പിറന്നവൾ.
* കുലശ്രേഷ്ഠ.
* നാലു കെട്ടിനും നെൽപ്പുരയ്ക്കും മധ്യേ തെക്കേമുറ്റത്ത് അധീശ്വരിയായി നിന്നവൾ.
* ആളുകൾക്ക് പ്രിയപ്പെട്ടവൾ- 'പാട്ടത്തിലപ്പൂപ്പൻ' വെട്ടിമാറ്റാൻ തുനിഞ്ഞപ്പോൾ വേപ്പെട്ടവർ തടഞ്ഞു വച്ചു - 'അരുമത്തം' നേടിയവൾ.
* നാവുായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നവൾ.
* കുടുംബത്തിലെ മുത്തശ്ശി - എത്ര തലമുറകൾ ഈ മരച്ചുവട്ടിലിരുന്ന് മധുരം തിന്നിട്ടു്.
* തന്റെ അരികിൽ വരുന്നവർക്ക് ഒന്നും രും വച്ച് നല്കാനാണ് തന്റെ മാങ്ങകൾ - വിൽക്കാനല്ല എന്ന കൊച്ചുചക്കരച്ചിയുടെ ഭാവം.
* വണ്ണത്തിലും പൊക്കത്തിലും മികവു കാട്ടിയ കൊച്ചുചക്കരച്ചിയെ ഒരു പ്രലോഭനത്തിൽപ്പെട്ടും മുറിക്കാൻ ലേഖകനും അമ്മയും തയ്യാറാകാതിരുന്നത്.
* ലേഖകന്റെ പ്രിയങ്കരിയായ 'കൊച്ചുചക്കരച്ചി' യെ മുറിക്കണമെന്ന് പറയാനിടയായ സാഹചര്യം.
* അവിചാരിതമായി കൊച്ചു ചക്കരച്ചിക്കുവന്ന ആപത്ത്.
* കൊച്ചു ചക്കരച്ചിയുടെ ഇടതുഭാഗത്തായി - താഴേ നിന്ന് എട്ടുപത്തടി ഇയരത്തിൽ തൊലിപൊളിഞ്ഞ് തടി ജീർണിച്ചത്.
* അമ്മയുടെ ഉറച്ച വിശ്വാസം - കൊച്ചുചക്കരച്ചി വീഴില്ല - കേടുവന്നെങ്കിലും മരം പുരപ്പുറത്ത് വീഴില്ല - അവൾ ആപത്ത് വരുത്തില്ല.
* രോഗാതുരയായിട്ടും തളിർക്കുകയും പൂക്കുകയും ചെയ്യുന്ന കൊച്ചുചക്കരച്ചി.
* കർക്കിടകത്തിലെ കറുത്തവാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പുകൾകൊ് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെക്കൊ് നക്ഷത്ര നിബിഡമായി നിൽക്കുന്ന കൊച്ചുചക്കരച്ചി.
* വൃശ്ചികം ധനുമാസത്തിൽ, അകാലത്ത് വന്ന, പഴുത്ത ഇലകൾ കൊഴിക്കാൻ മാത്രം പോരുന്ന നേരിയ മഴയും കാറ്റും കൊച്ചുചക്കരച്ചിയുടെ ആത്മാവിനെ കൊു പോകുന്നു.-
* കൊച്ചുചക്കരച്ചി മുറിഞ്ഞു വീഴുന്നു - അൽപ്പം മതിലും പുളിമരത്തിന്റെ മൂന്നും നാലും കൊമ്പും മാത്രം നശിപ്പിച്ചു കൊ് - ആർക്കും ദോഷം വരുത്താതെ കൊച്ചുചക്കരച്ചി അമ്മയുടെ വിശ്വാസം കാത്തു സൂക്ഷിച്ചു.

**എ.പി.ഉദയഭാനു (1915 – 1999)**

ആലപ്പുഴ ജില്ലയിൽ മുട്ടത്ത് ജനിച്ചു. നർമ്മം നിറഞ്ഞതും ലളിതവുമായ ഉപന്യാസങ്ങൾ ധാരാളം രചിച്ച എഴുത്തുകാരൻ. അടഞ്ഞവാതിൽ , എന്റെ കഥയില്ലായമ, വൃദ്ധവിചാരം, ഓർമ്മയുടെ കണ്ണാടി, ആനയും അൽപം തെലുങ്കും, ഒന്നാം സ്ഥാനം, കൊച്ചുതുമ്പി, അർത്ഥവും- അർത്ഥവും, സംസാരിക്കുന്ന ദൈവം, കളിയും കാര്യവും എന്നിവ കൃതികളാണ്.
പ്രവർത്തനരംഗം: എഴുത്തുകാരൻ, പത്രപ്രവർത്തകൻ സ്വാതന്ത്ര്യസമരസേനാനി.

**ആമുഖം**

## ഓണമുറ്റത്ത്

വൈലോപ്പിള്ളി ശ്രീധരമേനോൻ എഴുതിയ 'വിട' എന്ന കാവ്യസമാഹാരത്തിലെ ഓണ സ്മൃതികളുണർത്തുന്ന കവിതയാണ് 'ഓണമുറ്റത്ത്' എന്നത്. കേരളത്തിന്റെ ഭൂപ്രകൃതിയുടേയും ഗ്രാമീണ ശാലീനതയുടെയും ഭംഗി വാങ്മയ ചിത്രങ്ങളിലൂടെ മനോഹരമായി അവതരിപ്പിക്കുന്ന കവി അവയ്ക്ക് ഓണപ്പരിവേഷം നൽകുന്നു. 'മാലോകരെല്ലാരുമൊന്നുപോലെ' എന്ന സമത്വസുന്ദരമായ സന്ദേശം പങ്കുവയ്ക്കുന്ന ഓണത്തെ വരവേൽക്കാൻ കേരള പ്രകൃതി ഒരുങ്ങി നിൽക്കുന്നതാണ് കാവ്യവിഷയം. പ്രകൃതിയുടെ സൂക്ഷ്മതാളവും ചലനവും നിരീക്ഷിച്ച ഒരാൾക്കുമാത്രമേ ഇത്തരത്തിൽ കവിത എഴുതാനാകു. നിലാവാൽ കമുകിൻ പൂവരി തൂകികൊ് നേരത്തെ തന്നെ വഴിയിൽ എതിരേറ്റ് നിൽക്കുന്ന രാവ്, – മനുഷ്യമനസ്സിൽ വേരുറച്ച ഓണസങ്കൽപങ്ങളുടെ ആഴത്തിലേക്ക് നമ്മെ കൂട്ടികൊുപോകുന്നു. 'കാണം വിറ്റും ഓണം ഉണ്ണണം' 'ഓണം കേറാമൂലയിൽ പോലും കേവഞ്ചി കേറി എത്തുന്ന ഓണം' – മലയാളിയുടെ മനസ്സിലെ ഓണത്തെക്കുറിച്ചുള്ള ആഴത്തിലുള്ള വേരോട്ടങ്ങളാണ് പ്രകൃതിയും വിവിധ പൂക്കളും മഹാബലിയെ സ്വീകരിക്കുന്നതോടൊപ്പം "മാലോകരെല്ലാവരും ഒന്നു പോലെ" എന്ന കാഴ്ചപ്പാടുള്ള മന്നനെ മണി പീഠത്തിലിരുത്തി പൂജിക്കുന്നുമു്. കവി ഇവിടെ പുള്ളുവനാണ്. ഈ നാടിനു വേി പാടുന്ന സമഭാവനയ്ക്കു വേി പാടുന്ന പുള്ളുവൻ.

* ഓണത്തെ സ്വീകരിക്കാൻ മലനാട് അണിഞ്ഞൊരുങ്ങുന്നു.
* നഗരസംസ്ക്കാരത്തിന്റെ അധിനിവേശത്തിൽ നഷ്ടപ്പെട്ടു പോകുന്ന ഗ്രാമീണ നന്മകളെ പരിപാലിക്കുകയും ഏറ്റു പാടുകയും ചെയ്യുന്ന പുള്ളുവനായി കവി മാറുന്നു.
* പരിഷ്ക്കാര തിണ്ണയിലുള്ളവർ കവിയെ പരിഹസിക്കുന്നുങ്കെിലും കവിയുടെ ആത്മാഭിമാനം തകർക്കാൻ അവർക്കാകുന്നില്ല-
* ഗ്രാമ ജീവിത നൈർമല്യം കവിക്ക് കരുത്ത് പകർന്നിരുന്നു.
* ഓണക്കവിതയ്ക്കപ്പുറം മലയാളക്കരയുടെ ജീവന സംഗീതമായി മാറുന്ന കവിത.
* മാറുന്ന മലയാള സംസ്ക്കാരത്തിൻ – ഓണ സംസ്ക്കൃതിയിൽ ഗൃഹാതുരത്വമുണർത്തുന്ന കവിത.
* മഞ്ഞാലീറനുടുത്ത നാട്, വായുവിൻ മധുരോദാര വികാരം നിറഞ്ഞ നാട്.
* മാവേലിയെ സ്വീകരിക്കുന്ന പൂക്കൾ.
    • മലരിൻ കുട നിറച്ച തുമ്പ.
    • തിരികൾ തെറുത്ത് കൊളുത്താനായി മുഹൂർത്തം കാത്ത് കൈ കുഴഞ്ഞ് നിൽകുന്ന ദീപക്കുറ്റകൾ നാട്ടിയ പോലുള്ള മുക്കുറ്റി.
    • വെള്ളിത്താലമെടുത്തു നിൽക്കുന്ന നെയ്യാമ്പലുകൾ.
    • നിലാവാൽ വഴിയിൽ കവുങ്ങിൻ പുവാരി തൂകിയ രാവ്.

* ആർപ്പു വിളിക്കാൻ ഉണ്ണികളും അലകടലും.
* കുരവയിടുന്നത് അരുവിയും ചെറുകന്യകകളും.
* ഏറ്റവും നല്ല അതിഥി മാവേലി.
* ഓണക്കോടി ഉടുത്ത് കവിളു തുടുത്ത ഉഷസ്സ് മലയുടെ ചങ്ങല വട്ടയിൽ നാളം പാടല വിരലാൽ നീട്ടുന്നു.

**വൈലോപ്പിള്ളി ശ്രീധരമേനോൻ (1911–1985)**

എറണാകുളം ജില്ലയിൽ കലൂരിൽ ജനിച്ചു. 'കാച്ചിക്കുറുക്കിയ കവിതകൾ' എന്ന് ഇദ്ദേഹത്തിന്റെ കവിതകളെ കുട്ടികൃഷ്ണമാരാർ വീശേഷിപ്പിച്ചിട്ടു്

കൃതികൾ : കന്നിക്കൊയ്ത്ത്, ശ്രീരേഖ, കുടിയൊഴിക്കൽ, ഓണപ്പാട്ടുകാർ, കുന്നിമണികൾ, കയ്പവല്ലരി, വിട, മകരക്കൊയ്ത്ത്, മിന്നാമിന്നി, പച്ചക്കുതിര, കുട്ടിക്കവിതകൾ, കുരുവികൾ (കവിതാ സമാഹാരം) മൃത സഞ്ജീവനി, (കാവ്യനാടകം) ഋഷ്യശൃംഗനും അലക്സാറും (നാടകം) കാവ്യലോകസ്മരണകൾ (അ ത്മകഥ)

**പ്രവർത്തന രംഗം:**

അധ്യാപകൻ, വിവിധ സാഹിത്യ പ്രസ്ഥാനങ്ങളുടെ നേതൃത്വരംഗത്തു നിന്ന് പ്രവർത്തിച്ചു

അവാർഡ്: കേന്ദ്ര- കേരള സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, സോവിയറ്റ് ലാൻസ് നെഹ്റു അവാർഡ്, ഓടക്കുഴൽ അവാർഡ്.

ഗ്രാമീണ ഭംഗിയും വിശുദ്ധിയും സംസ്ക്കാരവും മലയാളിയുടെ മനസ്സിൽ പത്തിരട്ടിയാക്കി പൊന്നു വിള യിച്ച കവിയാണ് വൈലോപ്പിള്ളി. മണ്ണിന്റെ ഉൾതുടിപ്പുകളറിഞ്ഞും പങ്കുവച്ചും വളർന്ന ഈ കവിയും കവി തകളും കാലത്തെ അതിവർത്തിക്കും.

**ആമുഖം**

## കോഴിയും കിഴവിയും

കാരൂർ നീലകണ്ഠപിള്ള എഴുതിയ 'കാരൂരിന്റെ കഥകൾ' എന്ന കൃതിയിൽ നിന്നെടുത്ത 'കോഴിയും കിഴവിയും' എന്ന കഥ നാട്ടിൻ പുറത്തെ രു കുടുംബങ്ങളെ കുറിച്ചുള്ളതാണ്. മത്തായിയുടെ കുടും ബവും മാർക്കോസിന്റെ കുടുംബവും. അയൽവക്കക്കാരായ രുകുടുംബത്തിലേയും അംഗങ്ങളുടെ ഇണ ക്കവും പിണക്കവും ആത്യന്തികമായി നന്മയുടെ ജയവും നിറഞ്ഞ ഈ കഥയെ ഗ്രാമീണ അന്തരീക്ഷവും നാട്ടിൻ പുറത്തുകാരുടെ ഭാഷയും സുന്ദരമാക്കുന്നു. കാരൂർ കഥയുടെ സവിശേഷതയായ കുറിക്കു കൊള്ളുന്ന നർമ്മവും സാമൂഹിക വിമർശനവും ഈ കഥയെ അവിസ്മരണീയമാക്കുന്നു.

* കഥാരംഗം നാട്ടിൻപുറം
* മത്തായിയുടെ കുടുംബം മാർക്കോസിന്റെ കുടുംബം.
* പരസ്പരാശ്രയത്തോടെ കഴിഞ്ഞിരുന്ന രു കുടുംബങ്ങളിൽ അകൽച്ചയുാകുന്നു അവിവേകം കൊ് പല സാഹസങ്ങൾക്കും മുതിരുന്ന ചെറുപ്പക്കാരെ പ്രായമായ ആളുകൾ നിയന്ത്രിക്കുന്നു. നാട്ടിൻ പുറത്തിന്റെ നന്മസൂക്ഷിക്കുന്നു.
* വളർത്തു കോഴിയെ കൊല്ലാനുള്ള വിഷമം.
* ചത്ത കോഴിയെ മർക്കോസിന്റെ ഭാര്യ മത്തായിയുടെ ഭാര്യയ്ക്ക് നൽകുന്നു.
* മത്തായിയും ഭാര്യയും ആരും അറിയാതെ ഇറച്ചി വേവിച്ചു കഴിക്കുന്നു.

* പിന്നീട് ചത്ത കോഴി മത്തായി മാർഗ്ഗേണ കൂകുന്നു. - 'നോക്കിക്കോ' എന്ന്. മത്തായിയുടെ മനസ്സിലെ ദുഷ്ടചിന്ത ചിക്കിയും, മാന്തിയും ചികഞ്ഞും പുറത്തു കൊുവരുന്നു.
* മാർക്കോസിന്റെ വീട്ടുകാരും മത്തായിയുടെ വീട്ടുകാരും തമ്മിലുള്ള ബന്ധത്തിന്റെ ആഴം - വീടു വയ്ക്കാൻ മർക്കോസിന്റെ അച്ഛൻ മത്തായിയുടെ അച്ഛന് സ്ഥലം നൽകുന്നത്.
* ഏഴു പെണ്ണുന്മാരുടെ ആങ്ങളയായി ജനിച്ച മർക്കോസ് വളർന്നു വന്നപ്പോഴേക്കും അപ്പനും അമ്മയും മരിക്കുകയും പ്രാരാബ്ധക്കടലിൽ മുങ്ങുകുയും ചെയ്യുന്നു.
* കുടിയേറ്റക്കാരനായ മത്തായിയുടെ കുടുംബത്തിലെ ഒറ്റ മകനാണ് മത്തായി. മത്തായിയുടെ ജീവിതം പച്ച പിടിച്ചു വരുന്നു.
* കുട്ടികൾ തമ്മിലുള്ള പിണക്കവും ഇണക്കവും - ഗ്രാമജീവിത നൈർമല്യം പ്രിതിഫലിക്കുന്നു
* മത്തായിയുടെ പ്രയം ചെന്ന അമ്മയുടെ നല്ല മനസ്സ്.
* കോഴിയെ കൊന്നതിന് മർക്കോസിനെ പോലീസ് കൊുപോകുമ്പോൾ മത്തായിയുടെ അമ്മ ഇടപെടുന്നു.
* ആർക്കും നൽകാതെ 'കെട്ടിയവനും കെട്ടിയവളും' ഇറച്ചി കഴിച്ച വിവരം മത്തായിയുടെ അമ്മ എല്ലാവരോടും പറയുന്നു.

**കാരൂർ നീലകണ്ഠപ്പിള്ള (1898 - 1975)**

കോട്ടയം ജില്ലയിൽ ഏറ്റുമാനൂരിൽ ജനിച്ചു. മരപ്പാവകൾ, പൂവമ്പഴം, പിശാചിന്റെ കുപ്പായം, പൊതിച്ചോറ്, തെരഞ്ഞെടുത്തകഥകൾ, ഹരി, ഗൗരി, പണിയും തുണിയും - എന്നിവ കൃതികൾ.

**പ്രവർത്തനരംഗം**

കഥാകൃത്ത്, അധ്യാപകൻ സാഹിത്യ പ്രവർത്തക സഹകരണസംഘ സ്ഥാപകൻ.
സൂക്ഷ്മമായി ജീവിതത്തെ നിരീക്ഷിക്കുകയും എഴുത്തിൽ കൊുവരികയും ചെയ്തു. മനുഷ്യ നന്മയിൽ വിശ്വസിക്കുന്നയാൾ നർമ്മം നിറഞ്ഞ ആഖ്യാനങ്ങൾ എന്ന സവിശേഷതയോടൊപ്പം സാധാരണ ജനങ്ങളുടെ ജീവിതത്തേയും അധ്യാപക അനുഭവത്തേയും അദ്ദേഹം കഥയ്ക്ക് വിഷയമാക്കി.

**ആമുഖം.**

## 'ശ്രീനാരായണ ഗുരു'

കുറ്റിപ്പുറം കൃഷ്ണപ്പിള്ളയുടെ "ജീവചരിത്രവും ഗുരു സ്മൃതികളും" എന്ന കൃതിയിൽ നിന്നും എടുത്ത ഒരു ഭാഗമാണ് ശ്രീനാരായണ ഗുരു എന്ന ലേഖനം.
ജ്ഞാനയോഗിയായ ശ്രീനാരായണ ഗുരു,

"ലോകമേ തറവാട് തനിക്കീ ചെടികളും,
പുൽകളും പുഴുക്കളും കൂടിതൻ കുടുംബക്കാർ"

(വള്ളത്തോൾ നാരായണമേനോൻ, എന്റെ ഗുരുനാഥൻ)

എന്ന ഏകലോകാശയം കർമ്മയോഗത്തിലൂടെ മാനവരുടെ ഉയർച്ചക്കും സാമൂഹിക നന്മയ്ക്കും വേി ഉപയോഗിച്ചത് ലേഖകൻ അനുസ്മരിക്കുന്നു. ഇന്ന് നാം അനുഭവിക്കുന്ന സ്വാതന്ത്ര്യം കാത്തു സൂക്ഷിക്കാൻ ബാധ്യസ്ഥരാണെന്ന് ഓർമിപ്പിക്കുകയും ചെയ്യുന്നു

* അധഃസ്ഥിതരെ ഉദ്ധരിക്കാൻ പരിശ്രമം ചെയ്ത യോഗിയും അദ്വൈതിയുമാണ് ഗുരു.

* മറ്റ് സന്യാസിവര്യന്മാരിൽ നിന്നും ഗുരുവിനെ വേറിട്ടു നിർത്തുന്നത് – ആധ്യാത്മികതയും ലൗകികതയും ഇണക്കി ചേർത്തു കൊള്ളള അദ്ദേഹത്തിന്റെ ജീവിത ദർശനമാണ്.
* മതങ്ങൾക്കുള്ളിൽ ഒതുങ്ങാത്തതാണ് ഗുരുദർശനം.
* അന്ധവിശ്വസത്തിനും ദുരാചാരത്തിനും മതത്തിനും അതീതമായ മാനുഷിക സമഭാവനയുടെ കാഴ്ചപ്പാട് ഈ ലേഖനത്തിലൂടെ ലഭിക്കുന്നു.
* ശ്രീനാരായണ ഗുരു സന്ദേശങ്ങളെ ദേശത്തിനും കാലത്തിനും അനുസൃതമായി വ്യാഖ്യാനിക്കുകയും വിലയിരുത്തുകയും ചെയ്യേ തു്.
* ക്ഷേത്രങ്ങളല്ല വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ ശാലകളുമാണ് കൂടുതലുാകേത് എന്ന് സന്ദേശം നൽകി.
* കണ്ണാടി പ്രതിഷ്ഠയിലൂടെ മനുഷ്യന്റെ അന്തഃശക്തിയുടെ വികാസത്തിന്റെ ആവശ്യകത ഗുരു എടുത്തു കാട്ടി.

**പഠന പ്രവർത്തനങ്ങൾ**

**പ്രവർത്തനം 1**

– എ.പി.ഉദയഭാനു, വൈലോപ്പിള്ളി ശ്രീധരമേനോൻ, കാരൂർ നീലകണ്ഠപിള്ള, കുറ്റിപ്പുഴ കൃഷ്ണ പിള്ള ഔവ്വയാർ

– കൊച്ചുചക്കരച്ചി, പുറനാനൂർ, ജീവിചരിത്രവും ഗുരു സ്മൃതികളും, കാരൂരിന്റെ കൃതികൾ, വിട

– ഉപന്യാസം, ലേഖനം, കവിത, കഥ

♦ മുകളിൽ കൊടുത്തിരിക്കുന്ന എഴുത്തുകാരുടെ കൃതികളും അവയുടെ വിഭാഗവും ക്രമപ്പെടുത്തി എഴുതുക? (ആമുഖത്തിന്റെ സഹായത്തോടെ കത്തെുക)

**പ്രവർത്തനം 2**

– കൊച്ചുചക്കരച്ചി, പുറനാനൂറ്, ജീവചരിത്രവും ഗുരുസ്മൃതികളും, കാരൂരിന്റെ കൃതികൾ, വിട

– ഓണമുറ്റത്ത്, പുറനാനൂർ, ശ്രീനാരായണ ഗുരു, കൊച്ചുചക്കരച്ചി, കോഴിയും കിഴവിയും.

– കണ്ണാടി പ്രതിഷ്ഠയിലൂടെ മനുഷ്യന്റെ അന്ത: ശക്തിയുടെ വികാസത്തിന്റെ ആവശ്യകത എടുത്തു കാട്ടി, നാവുായിരുന്നെങ്കിൽ കുടുംബത്തിന്റെ കഥ പറയുമായിരുന്നവൾ, അതിന്റെ ജീവൻ പോകുമ്പോൾ കണ്ണു നിറയാത്തത് കണ്ണിൽ കൂടി വരേ വെള്ളം വായിൽ ഊറുന്നത് കൊാണ് ഇറച്ചിയുടെ രുചി ഓർത്തിട്ടാണ്, മഞ്ഞാലീറനുടുക്കുകയും മധുരോദാര വികാരം നിറഞ്ഞുനിൽക്കുകയും ചെയ്യുന്നു.

പാർക്കുന്ന മനുഷ്യരുടെ ഗുണമാണ് നാടിന്റെ നന്മ നിശ്ചയിക്കുന്നത്.

♦ മുകളിൽ കൊടുത്തിരിക്കുന്ന സൂചനകൾ വായിച്ചുവല്ലോ? അവ പാഠഭാഗം, മൂലകൃതി, പാഠഭാഗത്തെ ആശയം എന്ന ക്രമത്തിൽ പട്ടികപ്പെടുത്തുക?

**പ്രവർത്തനം 3**

അശ്വത്ഥം, ഘനസുഗന്ധി, ഭുവന വിദിതം, അനുസേവ്യൻ, അധീശ്വരി, തമരു, അരുമത്തം, താശിപ്പുര, ഈഷന്മത്രം, കലവി, പാടലം, ലസിക്കുക, ദൂഷണം, കയ്യാല, അദ്വൈതം, അപരിത്യാജം.

♦ തന്നിരിക്കുന്ന വാക്കുകൾക്ക് അനുയോജ്യമായ അർത്ഥം കത്തെി നിഘു തയ്യാറാക്കുക.

(അ,ആ.....ക,ച,ട,ത,വ) ക്രമം പാലിക്കുക

| |
|---|
| അരയാൽ, ശ്രേഷ്ഠമായ സുഗന്ധമുള്ളവൾ, ലോക പ്രശസ്തം, സേവിക്കപ്പെട്ടവൻ, തന്റെ ചുറ്റുമുള്ളവരെ കീഴടക്കി വാഴുന്നവൾ, തുളയ്ക്കാനുപയോഗിക്കുന്ന ഉപകരണം, ഓമനത്തം, തായ്പ്പുര, അൽപ്പം മാത്രം, കളി, ഇളംചുകപ്പ്, ശോഭിക്കുക, ദോഷം |

**പ്രവർത്തനം 4**

കാലദേശാദികൾക്ക് അനുയോജ്യമായ പരിഷ്ക്കാരം വേണമെന്ന് ആശയുള്ളവൻ, ആകാശവും ഭൂമിയും കൂട്ടിമുട്ടുന്നതുപോലെ തോന്നുന്നിടം, മാവിന്റെ പൂവ്- അമ്പ് (സായകം) ആക്കിയവൻ-

♦ തന്നിരിക്കുന്നവയ്ക്ക് അനുയോജ്യമായ ഒറ്റവാക്ക് കത്തെി എഴുതുക?

| |
|---|
| ഉൽപതിഷ്ണു, ചക്രവാളം, ചൂതസായകൻ (കാമദേവൻ) |

**പ്രവർത്തനം 5**

| | | | |
|---|---|---|---|
| ശോഭിച്ചു | പ്ര | പ്രശോഭിച്ചു | നല്ലപോലെ ശോഭിച്ചു |
| സാരം | നി | നിസ്സാരം | സാരമില്ലാത്തത് |
| പ്രസിദ്ധം | സു/കു | സുപ്രസിദ്ധം | വളരെ പ്രസിദ്ധമായത്/ |
| | | കുപ്രസിദ്ധം | മോശമായ രീതിയിൽ അറിയപ്പെട്ടത് |

♦ വാക്കുകൾക്കു മുന്നിൽ ചില അക്ഷരങ്ങൾ വന്നപ്പോൾ അർത്ഥം മാറിയതായി കണുമല്ലോ "നിലാവു പെയ്യുന്ന നാട്ടുവഴികൾ" എന്ന യൂനിറ്റിലെ പാഠഭാഗത്തുനിന്നും ഇത്തരത്തിലുള്ള കൂടുതൽ വാക്കുകൾ ശേഖരിച്ച് അർത്ഥ വ്യത്യാസം കുറിക്കുക.

**ഉപസർഗ്ഗം**

പദങ്ങൾക്കു മുൻപിൽ പ്രയോഗിക്കുന്ന അർത്ഥ ഭേദത്തിനു കാരണമായ ശബ്ദമാണ് ഉപസർഗ്ഗം. വാക്കുകൾക്കു മുന്നിൽ ഉപസർഗ്ഗം ചേരുമ്പോൾ അർത്ഥത്തിൽ മാറ്റം വരുന്നതോടൊപ്പം ചിലപ്പോൾ നിഷേധാർത്ഥവും ഉാകും.

ഉപ സർഗ്ഗത്തിനുദാഹരണം,

വി, സം, ആ, ഉ, പ, അ, നി

**പ്രവർത്തനം 6**

♦ പച്ചമാങ്ങ അൽപ്പം ഉപ്പുചേർത്ത് കറുമുറാ, കറുമുറാ ചവച്ചു തിന്നാൽ കുത്തി ഒലിക്കുന്ന ഉമിനീരിന്റെ (കൊതി) വേഗം കൊ് അണകൾ കോച്ചിപ്പോകും (കൊച്ചുചക്കരച്ചി)

* അണകൾ കോച്ചി പോകുന്നതെപ്പോൾ ?
* എന്തു കൊ്?
* കോച്ചിപ്പോവുക - അർത്ഥം വ്യക്തമാക്കുക
* അണകൾ കോച്ചി പ്പോവുക - എന്ന പ്രയോഗം ഈ ഭാഗത്തിനു നൽകിയ അർത്ഥഭംഗി വിശദമാക്കുക?

-പച്ചമാങ്ങ ഉപ്പ്ചേർത്ത് തിന്നുമ്പോൾ തണുത്തു കോച്ചുക.
- കൊതികൊ് ഉമിനീർ ശക്തിയിൽ വരുമ്പോൾ, പുളി കൊതിയുടെ ആധിക്യം

♦ സർവ്വ വൃക്ഷങ്ങൾക്കും മീതേ എന്നു ഭാവിച്ചു നിൽക്കുന്ന അശ്വത്ഥമോ ഘന സുഗന്ധിയായ സ്വർണപൂക്കൾ വിരിയിച്ചു നിൽക്കുന്ന ചെമ്പകമോ സുരഭില സ്വർണ നക്ഷത്രങ്ങൾ പൂക്കുന്ന ഇലഞ്ഞിയോ, രജത നക്ഷത്രങ്ങൾ പൂക്കുന്ന പുന്നയോ പൊന്നശോകം പോലുമോ അല്ല കവി ഭാവനയെ ഏറ്റവും കൂടുതൽ ഉദ്ദീപ്തവും ഉന്മത്തവുമാക്കിയിട്ടുള്ളത് ആ ബഹുമതി മാവിനു തന്നെയാണ് (കൊച്ചുചക്കരച്ചി)

* ഇവിടെ പരാമർശിച്ചിരിക്കുന്ന വൃക്ഷങ്ങൾ ഏതെല്ലാം?
* ഈ വൃക്ഷങ്ങളുടെ സവിശേഷത എന്തെല്ലാം?
* വൃക്ഷങ്ങളുടെ ഗുണം എടുത്തു കാട്ടുന്നതിൽ അടി വരയിട്ടിരിക്കുന്ന വാക്കുകൾക്കുള്ള സ്ഥാനം എന്ത്?

സൂചന: അശ്വത്ഥം,ചമ്പകം,ഇലഞ്ഞി, അശോകം,മാവ് മറ്റ് പുക്കളിൽ നിന്നും വൃക്ഷങ്ങളിൽ നിന്നും പരമാർശിച്ച വൃക്ഷങ്ങൾക്കു മാത്രമുള്ള ഗുണങ്ങൾ എടുത്തു കാട്ടുന്നു.

♦ കർക്കിടക മാസത്തിലെ കറുത്ത വാവിൻ നാളിൽ ആകാശത്തിനു താഴെ തന്റെ ഇലപ്പടർപ്പു കൊ് മറ്റൊരാകാശം സൃഷ്ടിച്ച് മിന്നാമിനുങ്ങുകളെകൊ് നക്ഷത്ര നിബിഡമായി നിൽക്കുന്നത് ആസന്നമായ വേർപാടിന്റെ ബോധത്തേയും വേദനയേയും ഉൽക്കടമാക്കി തീർത്തു. ( കൊച്ചുചക്കരച്ചി)

* അടിവരയിട്ട പദങ്ങൾ സന്ദർഭത്തിനു നൽകുന്ന ഭാഷാ ഭംഗിവ്യക്തമാക്കുക?
* ആസന്നമായ വേർപാട് എന്നതുകൊ് ഉദ്ദേശിക്കുന്നതെന്ത്?

* അവസാന നിമിഷത്തിൽ പോലും കൊച്ചുചക്കരച്ചി വീടുമുറ്റത്ത് മിന്നാമിനുങ്ങിന്റെ വെളിച്ചം നൽകുന്നു.
* കറുത്തവാവിനോടനുബന്ധിച്ച് രോഗികൾ മരിക്കും എന്ന വിശ്വാസം. കർക്കിടക മാസത്തിലെ ശക്തമായ കാറ്റും മഴയും വൃക്ഷങ്ങൾ ഒടിച്ചുകളയും.

♦ കാലേ രാവു നിറന്ന നിലാവാൽ കമുകിൻ പൂവരി തൂകി, ത്തൂമയിലെതിരേറ്റങ്ങനെ നിൽക്കും വഴിയേ-യെഴുന്നള്ളകയായോണത്തപ്പൻ (ഓണമുറ്റത്ത്)

* രാവ് എന്താണ് ചെയ്യുന്നത്
* എങ്ങിനെയുള്ള വഴിയിലാണ് രാവ് മാവേലിയെ എതിരേല്കുന്നത്?

♦ (കാലേ) വളരേ നേരത്തെ തന്നെവന്ന് മാവേലിയെ എതിരേൽക്കുന്നതിനുവേി രാവ് കാത്തു നിൽക്കുന്നു.
♦ നിറഞ്ഞ നിലാവുകൊ് കമുകിൻ പൂവരി തൂകിയ വഴിയിൽ രാവ് കാത്തുനിൽക്കുന്നു.

♦ ഗദ്യത്തിലേയും കാവ്യത്തിലേയും കാവ്യാത്മകഭാഗങ്ങൾ വായിച്ചുവല്ലോ? കാവ്യാത്മകമായ പദ പ്രയോഗങ്ങൾ കാവ്യ ഭാഷയെ മാത്രമല്ല ഗദ്യ ഭാഷയേയും മനോഹരമാക്കുന്നു. ഈ യൂനിറ്റിലെ മറ്റ് ഭാഗങ്ങൾ കൂടി പരിശോധിച്ച ശേഷം ഈ അഭിപ്രയത്തോട് നിങ്ങൾ യോജിക്കുന്നുവോ? എന്തുകൊ് എന്ന് വിശദമാക്കുക ?

**പ്രവർത്തനം 7**

♦ "അങ്ങനെ എന്തെല്ലാം മന്ത്ര തന്ത്രങ്ങൾ ഉപാസനകൾ മാവിൻ ചുവട്ടിൽ നടന്നിരുന്നു ! ഇന്നു മാങ്ങമരം കാണാത്ത കുട്ടികൾ കേരളത്തിൽ ഉാവില്ലെങ്കിലും ഇപ്പറഞ്ഞ പഴയ "അപരിഷ്കൃത മട്ടുകൾ" അവർ അറിയാനിടയില്ല."

* ലേഖകൻ ഇവിടെ പറയുന്ന അപരിഷ്കൃത മട്ടുകൾ എന്തെല്ലാം ? വിശദീകരിക്കുക
* ഇടശ്ശേരി ഗോവിന്ദൻ നായരുടെ 'പുത്തമാവിനെ പ്പറ്റി' എന്ന കവിതയിലെ ഒരു ഭാഗം ഒന്നു ചൊല്ലി നോക്കു?

"മുറ്റി വിടർന്നൊരു പൊന്നിൻ നിലാവ്
മുറ്റത്തുള്ളൊരു തൈമാവ്
ഓളം തുള്ളിയ സൗന്ദര്യങ്ങളി-
ലാലോലം മുങ്ങി വരവാണ്,
പുന്നെല്ലുകൂട്ടി നിറപറവച്ചില്ലേ
പുലരിയെടുത്തില്ലേ പൊൽത്താലം
നീലക്കരിമ്പടമിട്ടില്ലേ മേലേ
വെള്ള വിരിച്ചു കഴിഞ്ഞില്ലേ?

തൈത്തെങ്ങിൻ കുരൽ പൊൻകുടം വെച്ചതിൽ
പ്പൂക്കുല പൊട്ടി വിരിഞ്ഞില്ലേ?
മാമ്പൂകു മദിച്ചു പുളച്ചൊരു
പൂങ്കുയിലേ നീ പാടീലേ
ആകെയൊരുത്സവമാകെ യൊരുത്സവ-
മാകാശത്തും താഴത്തും!

* എന്താണ് കവിതയിൽ പറയുന്നത് ?

മാവ് പൂത്തതിന്റെ ഉത്സവം

* 'കൊച്ചു ചക്കരച്ചി' എന്ന ലേഖനത്തിലെ കൊതിയ സമാജത്തിൽ, മുറ്റത്തെ മാവുപൂത്തപ്പോഴു ായ ഉത്സവ തിമർപ്പുകൾ നമ്മൾ കുവല്ലോ?. ഇന്നത്തെ കുട്ടികൾക്ക് ഇത്തരത്തിലുള്ള അനുഭവങ്ങളുാേ?. എന്തുകൊ് എന്ന് വിശദമാക്കുക?

**പ്രവർത്തനം 8**

♦ കൊച്ചുചക്കരച്ചിയും അമ്മയും തമ്മിലുള്ളബന്ധം കത്തെി കുറിപ്പുതയ്യാറാക്കുക?

ആമുഖത്തിൽ വിശദീകരിച്ചിട്ടു്. പേജ് 101

**പ്രവർത്തനം 9**

♦ "വിൽക്കാനുള്ളതല്ല ആളുകൾക്ക് ഒന്നും രും പെറുക്കി തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നതായിരുന്നു കൊച്ചു ചക്കരച്ചിയുടെ നില"

♦ നാവുായിരുന്നെങ്കിൽ കുടുംബത്തിലെ കഥ അവൾ പറയുമായിരുന്നു

* അവൾ ആരാണ്?

മാവ്
മുത്തശ്ശി

* കൊച്ചുചക്കരച്ചിക്ക് നൽകുന്ന മറ്റ് വിശേഷണങ്ങൾ എന്തെല്ലാം ?

* കൊച്ചുചക്കരച്ചി എന്ന മാവിന്റെ സവിശേഷതകൾ വിശദമാക്കുന്ന, എ.പി.ഉദയഭാനുവിന്റെ ലേഖനം പരിചയപ്പെട്ടുവല്ലോ? - മനുഷ്യനോളം ഉയർന്ന് കൊച്ചു ചക്കരച്ചി എന്ന മാവ് പടർന്ന് പന്തലിച്ചിരിക്കുന്നു ലേഖകൻ കൊച്ചുചക്കരച്ചിയിൽ കത്തെിയ മാനുഷിക ഭാവങ്ങൾ ഉൾപ്പെടുത്തി ഒരു ലഘു ഉപന്യാസം തയ്യാറാക്കുക?.

**പ്രവർത്തനം 10**

"അതിനേക്കാൾ നിരുപദ്രവകരമായി എത്ര വിദഗ്ദ്ധനായ ഒരു മരം വെട്ടുകാരനും അതിനെ മുറിച്ചിടാൻ കഴിയുമായിരുന്നില്ല".

* അടിവരയിട്ട ഭാഗം സൂചിപ്പിക്കുന്നതെന്ത് ?

**പ്രവർത്തനം 11**

"വൃക്ഷങ്ങളിൽ വച്ച് വൃക്ഷമായത് മാവുതന്നെയാണ്" എന്ന് ലേഖകൻ പറയുന്ന തെന്തുകൊ്?.

**പ്രവർത്തനം 12**

'കൊച്ചുചക്കരച്ചി' യുമായി ലേഖകൻ അടുത്ത് പരിചയപ്പെട്ടത് എപ്പോൾ ?

**പ്രവർത്തനം 13**

കൊച്ചുചക്കരച്ചി 'അരുമത്തം' നേടിയതെങ്ങിനെ?

**പ്രവർത്തനം 14**

കൊച്ചുചക്കരച്ചിയെ മുറിച്ചുകളയണമെന്ന് ലേഖകന് തോന്നിയ സന്ദർഭം ഏത്?

**പ്രവർത്തനം 15**

കൊച്ചുചക്കരച്ചിക്ക് രോഗം വരാനിടയായത് എങ്ങിനെ?

**പ്രവർത്തനം 16**

'ഓണമുറ്റത്ത്' എന്നകവിതയുടെ ആശയം കത്തൊം

- ഓണത്തെ സ്വീകരിക്കാൻ കാത്തു നിന്നവർ ആരെല്ലാം ?
- മലരിൻ കൂടനിറച്ച് മാവേലിയെ കാത്തു നിന്നതാര് ?
- ദീപക്കുറ്റികൾ നാട്ടി കാത്തിരുന്നതാര്?
- വെള്ളിത്താലമെടുത്ത് ഓണത്തെ സ്വീകരിക്കാൻ നിന്നതാര്
- നിലാവിൽ കവുകിൻ പൂവരി തൂകി എതിരേക്കാൻ വഴിയിൽ കാത്തു നിന്നതാര്?
- ആർപ്പു വിളിച്ചതും കുരവയിട്ടതും ആരെല്ലാം ?
- നീളും മലയുടെ ചങ്ങല വട്ടയിൽ നാളം നീട്ടിയതാര് ?

**പ്രവർത്തനം 17**

"തിരികൾ തെറുത്തു കൊളുത്താനുറ്റ മു-
ഹൂർത്തം കാത്തു കുഴഞ്ഞു മടങ്ങിയ
കരവിരലോടെ, ദീപക്കുറ്റികൾ
നാട്ടിയിരിപ്പൂ നറുമുക്കുറ്റികൾ"

* തിരികൾ തെറുത്തതാര്?

* എന്തിനാണ് തിരികൾ തെറുത്തത്?

* കൈവിരൽ കുഴഞ്ഞു മടങ്ങിയതെന്തുകൊ്

♦ കാവ്യ ഭാഗത്തെ ആശയ ഭംഗി വ്യക്തമാക്കുക?

| |
|---|
| മുക്കുറ്റി ചെടിയുടെ പൂന്ത് തിരിയായി കവികാണുന്നു. തിരിതെറുത്ത ഇലകൾ കൊളുത്താനുള്ള മുഹൂർത്തം കാത്തിരുന്ന് കുഴഞ്ഞു. മാവേലി വരുമ്പോൾ കത്തിക്കാൻ ദീപക്കുറ്റികളുമായി മുക്കുറ്റികൾ കാത്തിരിക്കുകയാണ്. |

**പ്രവർത്തനം 18**

"നീളും മലയുടെ ചങ്ങല വട്ടയിൽ
നാളം പാടല വിരലാൽ നീട്ടിയു -
മോമൽക്കവിളു തുടുത്തും തെല്ലൊരു
നാണത്തോടു പരുങ്ങിയൊരുങ്ങിടു-
മോണക്കോടിയുടുത്തോരുഷസ്സേ
(ഓണമുറ്റത്ത്)

♦ തന്നിരിക്കുന്ന വരികളുടെ കാവ്യഭംഗി കത്തെുക ?

| |
|---|
| ഓണമുറ്റത്തെ എന്ന കവിതയുടെ ആമുഖം പേജ് 103 |

**പ്രവർത്തനം 19**

'ഓണമുറ്റത്ത്' എന്ന കവിതയിൽ നാം കത് ഓണത്തെ സ്വീകരിക്കാനൊരൂങ്ങുന്ന മലയാള നാടിനെയാണല്ലോ. മലയാള നാട് ഓണത്തെ സ്വീകരിച്ചത് എങ്ങിനെയെല്ലാം. ഉപന്യാസം തയ്യാറാക്കുക.

**പ്രവർത്തനം 20**

" മലയാളത്തറവാട്ടിന്നങ്കണ-
മണി പീഠത്തിലിരുത്തൂ, ഞങ്ങടെ
കൊച്ചു കിനാവുകൾ തേടിയലഞ്ഞമ-
ലർക്കള മെഴുതിക്കാത്തോരരചനെ ?" (ഓണമുറ്റത്ത്)

* ആരാണ് അരചൻ?

* അരചൻ എങ്ങിനെയാണ് മാലോകരെ കാത്തത്?

* അടിവരയിട്ട ഭാഗത്ത് പ്രകടമാകുന്ന ഭാവം എന്ത്?

| |
|---|
| ♦ മഹാബലി എല്ലാവരോടും സമഭാവന പുലർത്തികാത്തു.<br>♦ മാനുഷ്യരെല്ലാവരും ഒന്നുപോലെ എന്ന സങ്കൽപ്പം സൂക്ഷിച്ച മഹാബലിയെ നാഥനായി, രാജാവായി സ്വീകരിക്കുന്ന മലയാളികൾ. മഹാബലിയ്യോടു കാണിക്കുന്ന ആരാധനയും ബഹുമാനവും ഇവിടെ കാണാം. |

"അരുമയിലോണപ്പാട്ടുകൾ പാടി
പ്പെരുവഴി താും കേവലരെപ്പൊഴു
മരവയർ പട്ടിണി പെട്ടവർ കീറി-
പ്പഴകിയകൂറ പുതച്ചവർ ഞങ്ങൾ
നരയുടെ മഞ്ഞുകൾ ചിന്നിയ ഞങ്ങടെ
തലകളിൽ മങ്ങിയൊതുങ്ങിയിരിപ്പൂ
നിരവധി പുരുഷായുസ്സിന്നപ്പുറ
മാളിയൊ രോണപ്പൊൻ കിരണങ്ങൾ"
ഓണപ്പാട്ടുകൾ - വൈലോപ്പിള്ളി

| |
|---|
| അരവയർ പട്ടിണിക്കാർ വൃദ്ധർ<br>ദുരിതമനുഭവിക്കുന്നവർ<br>ഓണം നൽകുന്ന സന്തോഷവും<br>പ്രതീക്ഷയും |

* ഓണപ്പാട്ടുപാടി പെരുവഴിതാുന്നവർ എങ്ങിനെ ഉള്ളവരാണ്?

* ഇവരുടെ തലയിൽ മങ്ങി ഒതുങ്ങി ഇരിക്കുന്നത് എന്ത്?

ഓണം എപ്പോഴും എല്ലാവരിലും ഉണ്ടെങ്കിലും സാധാരണക്കാരാണ് ഓണത്തെ ശരിക്കും ആഘോഷിച്ചിരുന്നത്.

♦ തന്നിരിക്കുന്ന ര് കവിതാ ഭാഗങ്ങളും വിശകലനം ചെയ്ത് വിശകലന കുറിപ്പ് തയ്യാറാക്കുക?

**പ്രവർത്തനം 21**

"............ നാടൻ -
കവിതകൾ പാടിയിരിക്കും ചാരേ
ഞാനും കയ്യിലെ വീണപ്പെണ്ണും

* ഞാൻ ആരാണ് -
* 'വീണ' എന്നതു കൊ് അർത്ഥമാക്കുന്നത് എന്ത്?
* പുള്ളുവൻ ചെയ്യുന്ന കാര്യങ്ങൾ എന്തെല്ലാം എന്ന് പാഠഭാഗത്തുനിന്ന് കത്തെി എഴുതുക

| |
|---|
| പുള്ളുവൻ കവി തന്നെയാണ്. വീണ കല, സംസ്ക്കാരം, സാഹിത്യം, സംഗീതം, തുടങ്ങിയവയെ സൂചിപ്പിക്കുന്നു. കേരളത്തിലെ എല്ലാ മുഖമുദ്രകളിലും പുള്ളുവന്റെ കരസ്പർശമു്. |

**പ്രവർത്തനം 22**

"പഴമയിലിഴയും പല്ലുകൊഴിഞ്ഞൊരു
പാട്ടാണെന്നു പഴിക്കാമിന്നു പ-
രിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ
പഴമോടരിയും പപ്പടവും ത-
ന്നാവതു വേഗമയയക്കാൻ നോക്കാം
ഇവരറിയുന്നീലെന്നഭിമാനം!"

- പരിഷ്ക്കാരത്തിൻ തിണ്ണയിലുള്ളവർ ആരാണ് ?
- 'ഇവരറിയുന്നീലെന്നഭിമാനം' - പരിഷ്ക്കാരികൾ 'പഴിക്കു' മ്പോഴും പുള്ളുവന് അപമാനം ഇല്ലാതെ അഭിമാനം തോന്നുന്ന തെന്തുകൊ്?
- 'പല്ലു കൊഴിഞ്ഞൊരൂ പാട്ട്' എന്നു പറയുന്നതെന്തു കൊാവാം ?
- ഓണ സങ്കൽപ്പം മാറുന്നതിനെ കുറിച്ച് ഈ വരികളിൽ പരാമർശമുോ?

♦ തന്നിരിക്കുന്ന വരിയുടെ കാവ്യഭംഗി വ്യക്തമാക്കുക?

ആമുഖം വിശദീകരിക്കുന്നു് പേജ് 102

| |
|---|
| * നാടൻ സംസ്കൃതി നല്കിയ ഉൾക്കരുത്ത് |
| * ഗ്രാമീണതയുടെ മേൽ നാഗരികതയുടെ അധിനിവേശം |
| * പഴയതുകൾ എല്ലാം മാറ്റി പുതിയതിലേക്കുള്ള മനുഷ്യന്റെ കുതിപ്പ്...... |

**പ്രവർത്തനം 23**

'ഓണവില്ലു കൊട്ടിനമ്മളെത്രവട്ടംപാടി
ഓർമ്മകളിൽ വാഴുമൊരാമന്നവനെപറ്റി
പോരിലല്ല ചതിയിൽ വീണ ശുദ്ധതയെപറ്റി
പോയ്മറഞ്ഞ നന്മകൾതൻ ഉണ്മകളെപ്പറ്റി'

ഓ.എൻ.വി. - ഓണപ്പാട്ടുകൾ

- ഓ.എൻ.വി.യുടെ വരികളിലെ ആശയം - പ്രവർത്തനം 22 ൽ നൽകിയ വരികളുമായി താരതമ്യം ചെയ്ത് കുറിപ്പെഴുതുക?

**പ്രവർത്തനം 24**

ആസ്വാദനം തയ്യാറാക്കുക?

1) "അത്തം പുലർന്നു വിടർന്നുകാണുക
മുറ്റത്തു പൂക്കളമിട്ടിടടേ?
മുറ്റുന്മാഹദത്തിന്നോണ നാളായ്
മുറ്റമില്ലാത്ത നാം എന്തുചെയ്യും
ഏഴാം നിലയിലെ വാടകക്കാർ
ഓണത്തെയെങ്ങിനെ സ്വീകരിക്കും" ?

'ഫ്ളാറ്റിലെ ഓണം' - നെടുമുടി ഹരികുമാർ

2) "ഒരു ചെടിയും നട്ടുവളർത്തീ-
ലോണപ്പൂ വെങ്ങനെ നൂള്ളാൻ
ഒരു വയലും പൂട്ടിവിതച്ചീ
ലോണച്ചോറെങ്ങിനെയുണ്ണാൻ
ഒരു വാഴക്കന്നും നട്ടീ
ലോണപ്പഴമെങ്ങിനെ തിന്നാൻ
ഒരു കുഴി നൂൽപോലും നൂറ്റീ-
ലോണ ത്തുണിയെങ്ങിനെയണിയാൻ
ഒരു കരളിൽ സ്നേഹംപാകീ
ലോണക്കളിയെന്തു കളിക്കാൻ-
ഉള്ളത്തിൽ കള്ളക്കർക്കട,-
മെങ്ങിനെ പോന്നോണം പുലരാൻ"

ഓണം 1987 എൻ.വി.കൃഷ്ണവാര്യർ

**പ്രവർത്തനം 25**

1) കോഴിയും കിഴവിയും എന്ന കഥയിലെ കഥാ പാത്രങ്ങൾ ആരെല്ലാം?

**പ്രവർത്തനം 26**

- "ആ പൂവൻ കോഴി ഒരു വിപ്ലവം അഴിച്ചുവിട്ടു ആ രാത്രി അതു മത്തായിയുടെ തലച്ചോറിനകത്തു ചികയുകയും മാന്തുകയും ചിക്കിപെറുക്കുകയും ചെയ്തു". തന്നിരിക്കുന്ന ഭാഗത്തെ മുൻനിർത്തി സന്ദർഭവും സാമൂഹിക പ്രസക്തിയും വ്യക്തമാക്കുക?

– “അങ്ങനെ മുകളിൽ നിന്നു കീഴോട്ടൂർന്നിറങ്ങുന്ന മർക്കോസും താഴെ നിന്നു മേലോട്ടു വളരുന്ന മത്തായിയും അയൽക്കാരായി പാർത്തു”–

– “മർക്കോസിന് സ്ഥലം നഷ്ടപ്പെടുന്നു. കുടുംബ പ്രാരാബ്ധം – മത്തായി സ്ഥലം വാങ്ങുന്നു – പണക്കാരനാകുന്നു.

മത്തായിയുടേയും മർക്കോസിന്റേയും ജീവിത സാഹചര്യം വ്യക്തമാക്കുക ?

–“മർക്കോസ് പിടിക്കുന്ന ഭാഗത്തിന്റെ എതിരു പിടിക്കുക എന്നത് മത്തായിയുടെ വ്രതമായി”

–ഈ വയ്യാവേലിയിൽ നിന്ന് തലവലിക്കാൻ മത്തായി കുറേപാടുപെടേിവന്നു.

♦ മുകളിൽ തന്നിരിക്കുന്ന പ്രത്യേകതകളോടൊപ്പം പാഠഭാഗത്തു പരാമർശിച്ചിരിക്കുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി മത്തായി, മർക്കോസ് എന്നീ കഥാപാത്രങ്ങളെ താരതമ്യം ചെയ്യുക.

**പ്രവർത്തനം 26**

“മത്തായിയൊാ ഈ കൂട്ടത്തിൽ! അവനോടൊന്നു പറഞ്ഞേ, എന്റെ കൈയിൽ പിടിച്ച് വടക്കേതിലേക്കൊന്നു കൊുപോകാൻ. ഞാനവിടെക്കെടന്നു ചത്തോളാം നന്ദികെട്ട ഈ വംശത്തിന്റെ കൂടെ എനിക്കു കഴിയാൻ മേല”

“മകനെ മൂടുമറക്കരുത്” അന്നു ഞാനീ നാട്ടിലെ കേമന്മാരോടൊക്കെ കെഞ്ചിയിട്ട് ഒരു മാടം വച്ച കെടക്കാനാരും സമ്മതിച്ചില്ല. ഈ വേലിക്കകത്തു കാലെടുത്തു കുത്തിയതു മുതലാ പഷ്ണി കച്ചൊഴിഞ്ഞത്”.

മത്തായിയുടെ അമ്മയുടെ നല്ല മനസ്സ് നാം കുവല്ലോ.

“കണ്ണുള്ളവർക്കൊക്കെ
കണ്ണീരു ാകും
പക്ഷെ കണ്ണുള്ളവരെല്ലാം
കണ്ണീർ കാണാറില്ല
അതുകാണാൻ കണ്ണല്ല
ഹൃദയമാണ് വേത്”

പി.കെ.പാറക്കടവ്

♦ മത്തായിയുടെ അമ്മയുടെ നല്ല മനസ്സിനെ പി.കെ.പാറക്കടവിന്റെ കഥയിലെ ആശയവുമായി ചേർത്ത് വച്ച് കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക? ഈ കഥയ്ക്ക് അനുയോജ്യമായ ഒരു ശീർഷകം നൽകുക.

**പ്രവർത്തനം 27**

“ആമയെ ചുട്ടാലും മലത്തിചുടണം” –
പഴഞ്ചൊല്ല് വ്യഖ്യാനിക്കുക

| |
|---|
| ആമയിറച്ചി തിന്നുകയും വേണം<br>എന്നാൽ ആമക്ക് വേദനിക്കുകയും<br>ചെയ്യരുത് – മനുഷ്യമനോഭാവം |

“എന്നുവച്ചാൽ താൻ വളർത്തിയ
ഒന്നിനെ കൊല്ലാനുള്ള പ്രയാസം
അതു കിടന്നു പിടയ്ക്കുന്നതു കാണുക
അസഹനീയമാണ്.............
.........അതുകൊ് വല്ലവരും കൊന്നുതരുന്നത്
ഒരു വലിയ സഹായമാണ്”.

(കോഴിയും കിഴവിയും)

1) “നർമ്മത്തിന്റേയും സാമൂഹിക വിമർശനത്തിന്റേയും എഴുത്തുകാരനാണ് കാരൂർ” - കോഴിയും കിഴവിയും മുൻനിർത്തി പ്രതികരണം തയ്യാറാക്കുക?

**പ്രവർത്തനം 28**

വയ്യാവേലി/മൂടുമറക്കുക/തലവലിക്കുക-

ഈ വാക്കുകൾ ഉപയോഗിച്ച് അർത്ഥ പൂർണ്ണത വരും വിധം വാക്യം നിർമ്മിക്കുക?

**പ്രവർത്തനം 29**

“ഭാരതത്തിന്റെ നവോത്ഥാനത്തിന് അപരിത്യാജ്യമായി തീർന്ന ഒരു കർമ്മ പരിപാടിയാണ് അധഃകൃത വർഗ്ഗോദ്ധാരണം. ആധുനിക കാലത്തെ ധർമ്മ സ്ഥാപനത്തിനുള്ള മാർഗ്ഗവും അതാകുന്നു” -

(ശ്രീനാരായണഗുരു)

അധഃകൃതവർഗ്ഗോദ്ധാരണം എന്നതുകൊ് ഉദ്ദേശിക്കുന്നത് എന്ത്?.

| |
|---|
| വാഹന സൗകര്യമില്ലാത്തതിനാൽ ആദിവാസി യുവതി വഴിയിൽ പ്രസവിച്ചു. |

| |
|---|
| അട്ടപ്പാടി ശിശുമരണ നിരക്ക് കൂടാൻ കാരണം പോഷകാഹാരക്കുറവാണ് എന്ന് നിഗമനം. |

| |
|---|
| ഇടിഞ്ഞു വിഴാറായ വീട്ടിൽ വൃദ്ധ ചികിത്സ കിട്ടാതെ വിഷമിക്കുന്നു. |

ഇവ അടുത്തകാലത്ത് പത്രങ്ങളിൽ വന്ന വാർത്തയുടെ ശീർഷകങ്ങളാണ്.

* ഈ വാർത്തകൾ എല്ലാം വിരൽ ചൂന്നത് ഏതു കാര്യത്തിലേക്കാണ്.

- ശ്രീനാരായണ ഗുരുവിന്റെ ‘അധഃകൃതവർഗ്ഗോധാരണം’ എന്ന കർമ്മപദ്ധതിക്ക് ഇക്കാലത്തും വളരെ പ്രസക്തിയു് - സമർത്ഥിക്കുക?

**പ്രവർത്തനം 30**

“തന്റെ യോഗ ശക്തിയേയും ജ്ഞാനശക്തിയേയും അദ്ദേഹം ആധ്യാത്മിക മണ്ഡലത്തിൽ അടച്ചു പൂട്ടി സൂക്ഷിക്കാതെ ലൗകിക തലത്തിലേക്കും പ്രസരിപ്പിച്ചു” ....

♦ ശ്രീനാരായണ ഗുരുവിനെക്കുറിച്ച് ലേഖകന്റെ കത്തൽ നാം വായിച്ചുവല്ലോ? ഇതിനെ സാധൂകരിക്കാനുതകുന്ന ആശയങ്ങൾ പാഠഭാഗത്തുനിന്നും കത്തി എഴുതുക?.

**പ്രവർത്തനം 31**

♦ ശ്രീ നാരായണ ഗുരുവിന്റെ ഏക ലോകസങ്കൽപ്പം ഇന്നത്തെ കാലത്ത് എത്രമാത്രം പ്രസക്തമാണ്. എഡിറ്റോറിയൽ തയ്യാറാക്കൽ

“ലോകമേ തറവാട് തനിക്കീ ചെടികളും
പുൽകളും പുഴുക്കളും കൂടി തൻ കുടുംബക്കാർ”
‘വസുധൈവ കുടുംബകം’
‘ഭൂമിയുടെ അവകാശികൾ’ എന്നിങ്ങനെ ലോക
ജനതയ്ക്കിടയിലേക്ക് കടന്നുവന്ന ഏകലോക സങ്കൽപ്പം.

**പ്രവർത്തനം 32**

“ജാതി ഒന്നാണെന്നുള്ളതിന് തെളിവൊന്നും വേണ്ടല്ലോ. ഒരു പട്ടി വേറൊരു പട്ടിയെ കാൽ അതിന്റെ സ്വന്തം ജാതിയാണെന്നു മനസ്സിലാകുന്നു. എല്ലാ മൃഗങ്ങൾക്കും ഈ വകതിരിവു്. അതനുസരിച്ച് ജീവിക്കുന്നുമു് മനുഷ്യർക്കുമാത്രം സംശയം, സ്വന്തം ജാതി തിരിച്ചറിയാനുള്ള ശക്തിയില്ല. മൃഗങ്ങളേക്കാളും മോശം” -(ശ്രീനാരായണ ഗുരു)

♦ ജാതിയെക്കുറിച്ചുള്ള മനുഷ്യരുടെ മനോഭാവത്തിലേക്കാണ് മേൽ സൂചിപ്പിച്ച വരികൾ വിരൽ ചൂന്നത്. സമർത്ഥിക്കുക.?

**പ്രവർത്തനം 35**

“പലമത സാരവു മേകമെന്നു പാരാ-
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ-
രലയുവതോർത്തലയാതിരുന്നിടേണം” - (ശ്രീനാരായണഗുരു)

അന്ധഗജന്യായം എന്തെന്ന് വ്യക്തമാക്കുക?
(അന്ധന്മാർ ഗജത്തെ കതുപോലെ അപൂർണ്ണമായ കാഴ്ച)

സമകാലിക സമൂഹത്തിൽ ഗുരുവിന്റെ മതത്തോടുള്ള കാഴ്ചപ്പാട് എത്രമാത്രം പ്രസക്തമാണ്?. മുകളിൽ തന്നിരിക്കുന്ന ആശയങ്ങൾ കൂടി ഉൾപ്പെടുത്തി ഒരു പ്രഭാഷണം തയ്യാറാക്കുക.

♦ നിലാവ് പെയ്യുന്ന നാട്ടുവഴികൾ എന്ന യൂണിറ്റ് ശീർഷകത്തിന്റെ ഔചിത്യം കത്തെി വിശദമാക്കുക?

പാഠഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുത്തണം.

യൂണിറ്റ് - 3

# വാക്കുകൾ വിടരുന്ന പുലരികൾ

മനുഷ്യമനസ്സിന്റെ ശക്തമായ ആവിഷ്ക്കരണ മാധ്യമമാണ് ഭാഷ. വാക്കുകൾക്ക് വാളിനെക്കാൾ മൂർച്ചയു് അഗ്നിയെക്കാൾ പ്രകാശവുമു്. തീക്ഷ്ണമാണത്.
വ്യത്യസ്ത അന്ത: ചോദനകളെയും വൈകാരികാംശങ്ങളെയും ആവിഷ്ക്കരിക്കേി വരുമ്പോൾ വാക്കുകൾ കൂടുതൽ കരുത്താർജ്ജിക്കുന്നു.

നാക്കാം ഞാണിൽ വീഴാതെ നടക്കാം
വാക്കാം വർണ്ണക്കുട ചൂടി - എന്ന് മുല്ലനേഴിയും
വാക്കിനോളം തൂക്കമില്ലീ
ഊക്കൻ ഭൂമിയ്ക്ക് പോലുമേ - എന്ന് കുഞ്ഞുണ്ണിമാഷും
വാക്കെന്റെയമ്മയും മച്ഛനുമാകുന്നു

വാക്കിൻ വിരൽ തൂങ്ങിയല്ലോ നടക്കുന്നു- എന്നു വി.മധുസൂധനൻ നായരും പാടുമ്പോൾ വാക്കിന്റെ മനോഹാരിതയും ശക്തിയും വൈകാരികതയും നമുക്ക് അനുഭവഭേദ്യമാകുന്നു. ഏകാന്തതയിൽ അനുസ്മരിക്കപ്പെടുന്ന വികാരങ്ങൾ ആവിഷ്ക്കരിക്കാൻ വാക്കുകൾ സാഹിത്യരൂപം കൈകൊള്ളുന്നു അത് കഥയോ, കവിതയോ, നാടകമോ- ഏതുമാകാം.
അവ അനുവാചക ഹൃദയത്തെ ഉണർത്തുകയും സ്വാനുഭവങ്ങളുമായി താദാത്മീകരണത്തിന് തയ്യാറാക്കുകയും ചെയ്യുന്നു എന്നതാണ് വാക്കുകൾ വിടരുന്ന പുലരികൾ എന്നതു കൊ് അർഥമാക്കുന്നത്.

പുതുതലമുറയിലെ ശ്രദ്ധേയ എഴുത്തുകാരൻ ഇ. സന്തോഷ്കുമാറിന്റെ 'പണയം'-എന്ന കഥ, വി. മധുസൂദനൻ നായരുടെ അമ്മയുടെ എഴുത്തുകൾ -എന്ന കവിത, സുകുമാർ അഴീക്കോടിന്റെ പത്രനീതി -എന്ന ലേഖനഭാഗം - ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു, രചനകളിലെ ജീവിതമുഹൂർത്തങ്ങൾ, വൈകാരികാംശങ്ങൾ എന്നിവ അപഗ്രഥിക്കുന്നതിനും രചനകളിൽ നിന്നും ആശയങ്ങൾ, പ്രയോഗസവിശേഷതകൾ, വൈകാരീകത,ഭാവനാംശം എന്നിവ കത്തെി വിശകലനം ചെയ്യുന്നതിനും മാധ്യമങ്ങൾ - പത്രം, റേഡിയോ- വ്യക്തിയുടെയും സമൂഹത്തിന്റെയും ദൈനംദിനജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു വെന്ന് മനസ്സിലാക്കുന്നതിനും, നവസാമൂഹികമാധ്യമ മേഖലയിൽ ചെലുത്തുന്ന സ്വാധീനം കത്തെുന്നതിനും ഈ യൂണിറ്റ് പ്രയോജനപ്പെടുത്താവുന്നതാണ്.

**പാഠഭാഗങ്ങളിലൂടെ**

യൂണിറ്റിന് പ്രവേശകമായി നൽകിയിരിക്കുന്നത് അയ്യപ്പപണിക്കരുടെ തത്തമ്മ എന്ന കവിതയിലെ വരികളാണ്.

നന്മകൾ കേട്ടതു കതു ചൊല്ലാൻ
നാക്കിന് കഴിയട്ടെ
തിന്മകൾ കാൽ കൊത്തിക്കീറാൻ
കൊക്കിന് കഴിയട്ടെ.

കവിയുടെ ആശംസയാണിത്. സമകാലീക സാമൂഹിക പശ്ചാത്തലത്തിൽ നമുക്കിതിന് കഴിയുന്നുാേ?. ചർച്ചയിലൂടെ വരികളുടെ ആശയത്തിലെത്തി ചേരുന്നതിനാവശ്യമായ ലഘു ചോദ്യങ്ങൾ നൽകുന്നു.

* തത്ത കേട്ടത് ആവർത്തിക്കുക മാത്രം ചെയ്യുന്നു.
* ചുറ്റുപാടുകളിൽ നന്മ മാത്രമല്ല തിന്മയുമു്.
* തിന്മയോട് ചേർന്ന് നിൽക്കുക എളുപ്പമാണ്.
* തിന്മയക്കെതിരെ പ്രതികരിക്കാനും നന്മയുടെ വക്താവാകാനും ത്യാഗങ്ങൾ സഹിക്കേിവരും
    - കവി ആശംസിയ്ക്കുന്നതെന്ത് ?
    - നല്ലതെന്ന് കേൾക്കുന്നതും കാണുന്നതും നന്മ മാത്രമാണോ?
    - ചുറ്റുപാടുകളിൽ നന്മ ദർശിയ്ക്കാൻ നമുക്ക് കഴിയുന്നുാേ?
    - തിന്മയെ കൊത്തിക്കീറേത് - ആര്?
    - ഈ വരികളിൽ നിന്ന് നിങ്ങൾക്ക് ലഭിച്ച ആശയം ലഘു കുറിപ്പായി എഴുതുക.

**ക്രോഡീകരണം**

നന്മതിന്മകളെ ത്യാജ്യ- ഗ്രാഹ്യവിവേചന ബുദ്ധിയോടെ സമീപിയ്ക്കാനുള്ള ആർജ്ജവം നമുക്കുാകണം മനസ്സിൽ നന്മയുള്ള വർക്ക് മാത്രമേ ചുറ്റുപാടുകളിൽ നന്മദർശിയ്ക്കുവാനും അതുറക്കെ പറയുവാനും സാധിയ്ക്കൂ. നന്മയ്ക്കു വേി നിലകൊള്ളേവരാണ് നമ്മൾ.

അറിയാൻ

**അയ്യപ്പപണിക്കർ**
ആധുനിക കവികളിൽ ശ്രദ്ധേയൻ
മലയാളത്തിലെ 'നവീന കവിതയുടെ ആചാര്യൻ' -എന്നറിയപ്പെടുന്നു.
ജനനം- 1930-ൽ കുട്ടനാട്ടിലെ കാവാലത്ത്
പ്രവർത്തനമേഖല - കവി, നിരൂപകൻ, അധ്യാപകൻ
പ്രധാനകൃതികൾ - കുരുക്ഷേത്രം, കുടുംബപുരാണം,മൃത്യുവകുന്നു, അഗ്നിപൂജ, അയ്യപ്പപണ്ക്കരുടെ കവിതകൾ (3 ഭാഗങ്ങൾ) അയ്യപ്പപണിക്കരുടെ ലേഖനങ്ങൾ (ഗളസമാഹാരം) തുടങ്ങിയവ.
പുരസ്ക്കാരങ്ങൾ- കേരള സാഹിത്യഅക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, വയലാർ അവാർഡ്, ഓടക്കുഴൽ അവാർഡ്, വള്ളത്തോൾ പുരസ്ക്കാരം
മരണം - 2006ൽ

**പണയം**

ചെറുകഥ - ഇ.സന്തോഷ് കുമാർ

ആധുനിക എഴുത്തുകാരിൽ ശ്രദ്ധേയനായ ഇ.സന്തോഷ് കുമാറിന്റെ ഗൃഹാതുരതയുണർത്തുന്ന മനോഹര സൃഷ്ടിയാണ 'പണയം -' എന്ന ചെറുകഥ. 1970 കളിൽ നമ്മുടെ ഗ്രാമങ്ങളിൽ റേഡിയോ- എന്ന ഉപകരണം ചെലുത്തിയ സ്വാധീനം വളരെ വലുതായിരുന്നു. അക്കാലത്ത് റേഡിയോ ഉപയോഗിച്ചിരുന്ന മനുഷ്യർക്ക് അതൊരു വസ്തു-(ഉപകരണം) മാത്രമായിരുന്നില്ല. അതവരുടെ ജീവിതത്തെ ക്രമീകരിച്ചു. സമയ ക്രമത്തെ ചിട്ടപ്പെടുത്തി. വാർത്തകളും, യുവവാണിയും ബാലമണ്ഡലവും നാടകങ്ങളും ശബ്ദരേഖയും ശ്രീലങ്കപ്രക്ഷേപണവും- അവരുടെ ജീവിതത്തിന്റെ വൈകാരികാംശങ്ങളായ് മാറി സ്വന്തമായി റേഡിയോ ഇല്ലാത്തവർ ഉള്ളിടത്തേയക്ക് കാതോർത്തു, പാട്ടുകൊും കഥകൾ കൊും ദുസ്സഹമായ ജീവിതാവസ്ഥ

കളെ ലഘൂകരിയ്ക്കാൻ സഹായിച്ച റേഡിയോ - മനുഷ്യർക്ക് ഉപകരണമായിരുന്നില്ല; സാന്ത്വനവും പ്രതീക്ഷയും നല്കുന്ന ഒരു സുഹൃത്തോ അതിലപ്പുറമോ ആയിരുന്നു.

**അറിയാൻ**

വളരെ വർഷങ്ങൾക്ക് മുമ്പ് കഥാകാരന്റെ കുട്ടികാലത്തെ ഒരു വെളുപ്പാൻ കാലത്ത് ഒരു മധ്യവയസ്ക്ക മുഷിഞ്ഞ തോർത്തുമുിൽ പൊതിഞ്ഞ് ഹൃദയത്തോട് അടുക്കി സൂക്ഷിച്ച് ഒരു പൊതിയുമായി നടുന്നു. വഴിയിൽ കവരോട് വല്ലാത്ത പരിഭ്രമത്തോടെ അവർ എന്തോ ആരാഞ്ഞു. ആ മുഷിഞ്ഞ തോർത്ത് വളരെ ശ്രദ്ധയോടെ തുറന്ന് കാണിച്ചു. പിറക് വശത്ത് ഒരു കുട്ടിയുടെ ചിത്രമുള്ള മർഫി റേഡിയോ ആയിരുന്നു അത്. ജീവിത പ്രാരാബ്ധങ്ങൾ ദുസ്സഹമായപ്പോൾ അവർ തന്റെ ജീവിതത്തിന്റെ ഭാഗമായ റേഡിയോ പണയം വയ്ക്കുവാനായ് ഇറങ്ങിത്തിരിച്ചതാണ്. ഈ സംഭവം. ഏറെക്കാലത്തിന് ശേഷം കഥയായി ആവിഷ്ക്കരിയ്ക്കുകയാണ് സന്തോഷ് കുമാർ ചെയ്തത്.

ദരിദ്രനും തയ്യൽക്കാരനുമായ ചാക്കുണ്ണിയും സമ്പന്നനും സ്വർണ്ണപണയക്കാരനുമായ ചെമ്പുമത്തായിയും പിറക് വശത്ത് കുട്ടിയുടെ പടമുള്ള ഒരു മർഫി റേഡിയോയുമാണ് ഇതിലെ പ്രധാന കഥാപാത്രങ്ങൾ. ആറാട്ട് കുന്ന് എന്ന ഗ്രാമമാണ് കഥയുടെ പശ്ചാത്തലം. നാടിന്റെ ചരിത്രത്തിലെ ആദ്യസംഭവമായിരുന്നു ചാക്കുണ്ണിയുടെ റേഡിയോ. കലയേ സ്നേഹിക്കുകയും മാനുഷിക മൂല്യങ്ങൾക്ക് വില കൽപ്പിക്കുകയും ചെയ്യുന്ന അയാൾ ഏറെ ത്യാഗങ്ങൾ സഹിച്ചാണ് ആ റേഡിയോ സ്വന്തമാക്കുന്നത്. ക്രമേണ അതിലെ പരിപാടികൾ അയാളുടെ ജീവിതത്തിന്റെ താളമായി മാറുന്നു. ജീവിതത്തിന്റെ ഭാഗമായി തീരുന്നു. നാടിന്റെ ആസ്വാദന മാധ്യമമായി വളരുന്നു.

എന്നാൽ ജീവിതം പ്രവചനങ്ങൾക്കധീതമാണ് ചാക്കുണ്ണിയുടെ കുഞ്ഞിന്റെ ചികിത്സാർത്ഥം കുഞ്ഞിനെപ്പോലെ കരുതിയ ആ റേഡിയോ അയാൾക്ക്, ചെമ്പു മത്തായിയ്ക്ക് പണയം വെക്കേതായി വരുന്നു. കലയെ സ്നേഹിക്കുകയോ മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം കൽപ്പിക്കുകയോ ചെയ്യാത്ത ചെമ്പു മത്തായിയ്ക്ക് റേഡിയോ ഒരു വസ്തു മാത്രമായിരുന്നു. റേഡിയോ നഷ്ടമാകുന്നതോടെ ചാക്കുണ്ണിയുടെ തൊഴിലിന്റെ താളം തെറ്റുന്നു. മകന്റെ വേർപാടിൽ ചാക്കുണ്ണി ആശ്വസം തേടുന്നത് പണയ മുതലായ റേഡി യോയിലെ 'ബാലമണ്ഡല' ത്തിലാണ്.

ശബ്ദവും ദൃശ്യവും ഒന്നുപോലെ അനുഭവവേദ്യമാക്കാൻ 'പണയ'ത്തിന് കഴിയുന്നു്. മാധ്യമങ്ങൾ അറിവും ആദരവും മാത്രമല്ല; ആശ്വാസവും നൽകുന്നു എന്ന തിരിച്ചറിവും നൽകുന്നു് ഈ കഥ. ശക്തമായ ജീവിതാനുഭവങ്ങൾ തീക്ഷ്ണമായി ആവിഷ്ക്കരിക്കുവാനുള്ള ഭാഷയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തിയിരിക്കുന്നു കഥാകാരൻ. ആ പഴയകാല ഗ്രാമീണ നന്മയും അതുമായി ബന്ധപ്പെട്ട ജീവിത സന്ദർഭങ്ങളും അനുവാചക മനസ്സിൽ ഉണർത്താൻ പര്യാപ്തമാണിതിന്റെ രചനാരീതി.

**പ്രവർത്തനം 1**

**പണയം**

**പാഠവായന**

ആശയഗ്രഹണത്തിനുപകരിക്കുന്ന ലഘു ചോദ്യങ്ങളും ഉത്തരവും കത്തെുക.

1) ചെമ്പുമത്തായിയുടെ അടുത്തേയ്ക്ക് ചാക്കുണ്ണി തിരിച്ചു വന്നതിന്റെ കാരണം ?.

-പണയ മുതലായ റേഡിയോ കുഞ്ഞുങ്ങളെ നോക്കുംപോലെ നോക്കണം എന്ന് ഓർമ്മിപ്പിയ്ക്കാൻ

2) അതിന് ചെമ്പുമത്തായി നല്കുന്ന മറുപടി എന്ത്?.

- തന്റെ കുട്ടികളെ താൻ തല്ലിയാണ്; തലോലിച്ചല്ല വളർത്തിയിരുന്നത്.

3) റേഡിയോ നഷ്ടപ്പെട്ട ചാക്കുണ്ണിയെ കഥാകൃത്ത് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?.

- തൊഴിലിന്റെ താളം തെറ്റി.
- അളവുകൾ തെറ്റിച്ച് ഉടുപ്പ് തുന്നി.
- തെറ്റിയടിച്ചത് നൂലഴിച്ചെടുക്കേിവന്നു.
- തുണികളിലൂടെ കത്രിക തെറ്റി സഞ്ചരിച്ചു.
- ഏതോ ഒരു പാട്ടിനായി അയാൾ കാതോർത്തു.
- മനസ്സിലെ നാടകത്തിൽ നിന്നും ഏതെല്ലാമോ കഥാപാത്രങ്ങൾ സംസാരിച്ചു.
- ആളുകൾ തിങ്ങിനിറഞ്ഞപ്പോഴും വല്ലാത്ത ഏകാന്തത അനുഭവപ്പെട്ടു

4) റേഡിയോ സ്വന്തമാക്കുന്നതിന് ചാക്കുണ്ണി സഹിച്ച ത്യാഗങ്ങൾ എന്തെല്ലാം?.

-അധിക സമയ അധ്വാനം
- പതിവുശീലങ്ങൾ ഉപേക്ഷിച്ചു
-അത്യാവശ്യകാര്യങ്ങൾ പോലും മാറ്റിവച്ചു.
-ആത്മീയകാര്യങ്ങൾ നീട്ടിവച്ചു.

5) ചാക്കുണ്ണിയുടെ റേഡിയോ ആറാട്ട് കുന്നിന്റെ ചരിത്രത്തിൽ ഒരു സംഭവം തന്നെയായിരുന്നു- എന്ന് കഥകൃത്ത് പറയുന്നു. കാരണം?.

-അകലെയുള്ളവർ പോലും റേഡിയോ കേൾക്കുന്നതിനെത്തിച്ചേരുന്നു.
-തയ്യൽക്കടയിൽ തിരക്ക് വർദ്ധിയ്ക്കുന്നു.
- വഴിയാത്രയ്ക്കിടയിൽ റേഡിയോ ശ്രദ്ധിയ്ക്കുന്നവർ
- ചാക്കുണ്ണിയെ പിൻ തുടരുന്നവർ

6) റേഡിയോ ഭയന്നിരുന്ന അപൂർവ്വം ചിലർ - ആരായിരിക്കും?.

7) റേഡിയോ പണയം വയ്ക്കുമ്പോൾ ചാക്കുണ്ണിയെ അലട്ടിയിരുന്ന ചിന്തകൾ എന്തെല്ലാം?.

-ജീവിതത്തിൽ നിന്ന് ഒരു ഭാഗം പറിച്ചുമാറ്റിയതുപോലെ
-റേഡിയോ- ചെമ്പു മത്തായി എവിടെ സൂക്ഷിക്കും
-മച്ചിലേയ്ക്ക് വലിച്ചെറിയുമോ?.
- പൊടി കയറുമോ?.
- എലികൾ കരളുമോ?.
-എന്ന് തിരിച്ചെടുക്കാൻ കഴിയും.

8) ബാലമണ്ഡലം കേൾക്കണമെന്ന് ചാക്കുണ്ണി ആഗ്രഹിച്ചതെന്തു കെ്?.

- ബാലമണ്ഡലം മകന് ഇഷ്ടമായിരുന്നു.
- ബാലമണ്ഡലത്തിൽ കുട്ടികൾ പാടുകയും ചിരിക്കുകയും ചെയ്യുന്നു.
-വീട്ടിൽ ആർക്കും അതിന് കഴിയുന്നില്ല.
-ബാലമണ്ഡലം ചാക്കുണ്ണിയ്ക്ക് ആശ്വാസം നൽകുന്നു.
- റേഡിയോ - അറിവ് മാത്രമല്ല; ആശ്വാസവും നൽകുന്നു.

**പ്രവർത്തനം 2**

സവിശേഷ പ്രയോഗങ്ങൾ കത്തെുക.

പ്രയോഗങ്ങളുടെ അർഥതലങ്ങൾ വ്യാഖ്യാനിക്കുക.

പണയം എന്ന ചെറുകഥ ഹൃദയ സ്പർശിയും ആശയ സമ്പുഷ്ടവും അനുഭവ വേദ്യവുമാകുന്നതിന് കഥാകൃത്ത് ധാരാളം സവിശേഷ പ്രയോഗങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

ഉദ: ചാക്കുണ്ണിയുടെ തയ്യലിന്റെ രാത്രികൾ നീു. ഈ പ്രയോഗത്തിലൂടെ കഥാകൃത്ത് അർഥമാക്കുന്നതെന്ത്?.

* ചാക്കുണ്ണി ഏറെ വൈകിയും തയ്യൽ ജോലിയിൽ ഏർപ്പെട്ടിരുന്നു.

* പകൽ സമയത്തുള്ള അധ്യാനം കൊ് മാത്രം ജീവിതചെലവുകൾ നിറവേറ്റാൻ ചാക്കുണ്ണിയ്ക്ക് സാധിച്ചിരുന്നില്ല-ഇത്തരം വിശദാംശങ്ങളിലൂടെ ആശയം ക്രോഡീകരിക്കുന്നു.

| |
|---|
| രാപകലില്ലാത്ത അധ്വാനം |
| ജീവിതപ്രാരാബ്ധങ്ങളുടെ ആധിക്യം |

കൂടുതൽ പ്രയോഗങ്ങൾ പാഠഭാഗത്ത് നിന്ന് കത്തെി അവയുടെ അർത്ഥതലങ്ങൾ വ്യാഖ്യാനിക്കുക.

1) "മൂന്ന് പതിറ്റാുകളായി നൂലു കോർത്ത് കുഴിഞ്ഞു പോയ കണ്ണുകൾ"-

| |
|---|
| പരിതാപകരമായ ജീവിതസാഹചര്യം |
| ചാക്കുണ്ണിയുടെ തൊഴിൽ, ദയനീയ രൂപം |

2) "ചാക്കോരു മാപ്ലയ്ക്ക് സ്വർണ്ണം ചോരേലൊാർന്നു" .

| |
|---|
| തൊഴിലിലും സ്വർണ്ണത്തെക്കുറിച്ചുള്ള അറിവിലും ചാക്കോരു മാപ്ല സമർത്ഥനായിരുന്നു. |

3) "മനസിന്റെ നാടകത്തിൽ നിന്നും ഏതെല്ലാമോ കഥാ പാത്രങ്ങൾ ഒച്ചയെടുത്തു സംസാരിച്ചു. ചുറ്റും നിരവധി ആളുകളുായിരുന്നിട്ടും പറഞ്ഞറിയിക്കാനാവാത്ത ഒരേകാന്തത അയാളെ വലയം ചെയ്തു"

| |
|---|
| .റേഡിയോ പണയപ്പെടുത്തിയ ചാക്കുണ്ണിയുടെ മാനസ്സികാവസ്ഥ. |
| . തനിച്ചായെന്ന തോന്നൽ |
| . മനസ്സിന്റെ അസ്വസ്ഥത |
| . തൊഴിലിന്റെ താളം തെറ്റുന്നു. |

4) "മിക്കവാറും ദ്രവിച്ച റബ്ബർ ചെരുപ്പിട്ട് ആണിബാധിച്ച കാലുകൾ മണ്ണിലൂടെ തഴമ്പുകൊ് നോക്കാതെ നടന്നു" -

| |
|---|
| .ദാരിദ്ര്യം |
| .അനാരോഗ്യം |
| .നിസ്സഹായത |

**പ്രവർത്തനം 3**

**കുറിപ്പ് തയ്യാരാക്കുക**

- ചാക്കുണ്ണിയുടെ ജീവിതസാഹചര്യം ?.
- ചാക്കുണ്ണിയുടെ ജീവിതത്തിൽ റേഡിയോയ്ക്ക് ഉായിരുന്ന സ്ഥാനം ?

- റേഡിയോ സ്വന്തമാക്കുന്നതിനായി ചാക്കുണ്ണി നടത്തിയ ശ്രമങ്ങൾ - ത്യാഗം,ബുദ്ധിമുട്ടുകൾ
- റേഡിയോ പ്രക്ഷേപണങ്ങൾക്കനുസൃതമായി ക്രമീകരിക്കപ്പെടുന്ന ജീവിതം
- റേഡിയോ പണയം വയ്ക്കുന്നതോയെ ജീവിതത്തിന്റെയും തൊഴിലിന്റെയും താളം നഷ്ടപ്പെടുന്നു.
-റേഡിയോ കുട്ടികളേപ്പോലെ സൂക്ഷിക്കേ താണെന്ന ചാക്കുണ്ണിയുടെ കത്തെൽ
-ജനമധ്യത്തിലായിരുന്നിട്ടും അനുഭവപ്പെടുന്ന ഏകാന്തത.
-മകന്റെ നഷ്ടത്തിൽ 'ബാലമണ്സല' ത്തിൽ ആശ്വാസം കൊള്ളുന്നത്.

തുടങ്ങിയ ആശയങ്ങൾ കുട്ടികളുടെ ചിന്തയിലേയ്ക്ക് കൊുവരുന്നു.

ചാക്കുണ്ണിയും റേഡിയോയും തമ്മിൽ ഉായിരുന്നത് വസ്തുവും വ്യക്തിയും തമ്മിലുള്ള ബന്ധം മാത്ര മായിരുന്നോ?. അതിനപ്പുറം വൈകാരികമായ ഒരടുപ്പം ചാക്കുണ്ണിയും റേഡിയോയും തമ്മിലുായി രുന്നോ?.

**ചർച്ച - ചർച്ചാ കുറിപ്പ് ക്രോഡീകരണം**

| |
|---|
| ചാക്കുണ്ണിയും റേഡിയോയും തമ്മിൽ വ്യക്തിയും വസ്തുവും തമ്മിലുള്ള കേവലബന്ധമായിരുന്നില്ല. റേഡിയോയും മകനും ചാക്കുണ്ണിയ്ക്ക് ഒന്നുതന്നെ ആയിരുന്നു. അതുകൊാണ് റേഡിയോ കുഞ്ഞുങ്ങളെ പ്പോലെ സൂക്ഷിക്കേതാണെന്ന് പറയുന്നതും മകന്റെ നഷ്ടത്തിൽ ബാലമണ്ഡലം കേട്ട് ആശ്വസിക്കുന്നതും തികച്ചും പര്യാപ്തമായ ഭാഷാശൈലിയും പ്രയോഗങ്ങളുമാണ് കഥാകാരൻ സ്വീകരിച്ചിട്ടുള്ളത്. കഥാ പാത്രത്തിന്റെ അനുഭവതലം അനുവാചകനും അനുഭവവേദ്യമാകുന്നു്. |

**പ്രവർത്തനം 4**

"ഈ റേഡിയോം പാട്ടേ്വക്കെ ഇനിക്ക്രെ പിടുത്തല്ല്യാ മനുഷ്യരെ മെനക്കെടുത്താൻ ഓരോ ഏർപ്പാടോള് ആനേരം വല്ല പണി എടുത്താൽ നാല് കാശ്ാക്കാം" -

"പണ്യടുക്കുമ്പളും റേഡിയോ കേൾക്കാം മൂപ്പരേ, ഞാനങ്ങന്യാർന്നു.തയ്ക്കണ സമയത്ത് പാട്ടും നാടകം, ശബ്ദരേഖ ഒക്കെ. ബട്ടൺ തുന്നുമ്പോ പ്രാദേശിക വാർത്ത, വക്കടിക്കുമ്പോ വയലും വീടും.."-

ജീവിതത്തിൽ പണത്തിന് മാത്രം വില കൽപ്പിക്കുന്ന ചെമ്പുമത്തായിയെന്ന കഥാ പാത്രത്തിന്റെയും കഷ്ടപ്പാടി നിടയിലും കലയെ സ്നേഹിക്കുന്ന കലയ്ക്ക് വേി ത്യാഗങ്ങൾ സഹിക്കുന്ന ചാക്കുണ്ണിയുടെയും വ്യത്യസ്ത മനോഭാവങ്ങളാണ് ഇവിടെ പ്രകടമാകുന്നത്.

പാഠഭാഗത്ത് നിന്ന് കൂടുതൽ ഉദാഹരണങ്ങൾ കത്തെി ഇരു കഥാപാത്രങ്ങളുടെയും സ്വഭാവം താരതമ്യം ചെയ്യുക.

| ചെമ്പുമത്തായി | ചാക്കുണ്ണി |
|---|---|
| 1) പണത്തിന് അമിത പ്രാധാന്യം<br>2 മാനുഷിക മൂല്യങ്ങൾക്ക് പ്രാധാന്യം നൽകുന്നില്ല.<br>3) പണം പലിശയ്ക്ക് കൊടുക്കുന്നു.<br>4) കല അനാവശ്യ മെന്ന ചിന്ത<br>5) കലാസ്വാദനത്തിനുള്ള സമയം ധനസമ്പദന ത്തിന് ഉപയോഗിക്കാമെന്ന മനോഭാവം<br>6) മക്കളെപ്പോലും തല്ലി വളർത്തണമെന്ന പക്ഷക്കരൻ | 1) ദരിദ്രമായ ജീവിതസാഹചര്യം<br>2) മൂല്യങ്ങൾക്ക് വില കൽപ്പിക്കുന്നു.<br>3) അധികസമയം അധ്വാനിക്കുന്നു.<br>4) കലയോടുള്ള സ്നേഹം<br>5) തൊഴിൽ ചെയ്യുമ്പോഴും കല ആസ്വദിക്കുന്നു. കലാസ്വാദനത്തിലൂടെ മാനുശ്യക മൂല്യങ്ങൾ മെച്ചപ്പെടുത്തുന്നു.<br>6) റേഡിയോ മക്കളെപ്പോലെ സൂക്ഷിക്കണമെന്ന പക്ഷക്കാരൻ. |

**പ്രവർത്തനം 5**

1)കഥാപാത്രനിരൂപണം

തന്റെ ദരിതദ്രമായ ജീവിതസാഹചര്യത്തിനിടയിലും കലയെയും കുഞ്ഞിനെയും ഒരുപോലെ സംരക്ഷിയ്ക്കാൻ ശ്രമിക്കുന്ന കഥാപാത്രമാണ് 'പണയ' ത്തിലെ ചാക്കുണ്ണി.

- ഈ വസ്തുത വിലയിരുത്തി ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ നിരൂപണം തയ്യാറാക്കുക.

| |
|---|
| പ്രവർത്തനം -4<br>ചാക്കുണ്ണി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ |

2) "ഈ റേഡിയോം പാട്ട്വൊക്കെ ഇനിക്കത്ര പിട്ത്തല്ല്യാ മന്ഷരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്! ആനേരം വല്ല പണീം എടുത്താൽ നാലു കാശ്ാക്കാം" - ചെമ്പു മത്തായിയുടെ ഈ അഭിപ്രായത്തെ മുൻനിർത്തി, പാഠഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുത്തി ചെമ്പുമത്തായി എന്ന കഥാപാത്രത്തിന് നിരൂപണം തയ്യാറാക്കുക.

| |
|---|
| പ്രവർത്തനം -4<br>ചെമ്പുമത്തായി എന്ന കഥാപാത്രത്തിന്റെ സവിശേഷതകൾ |

3) ശക്തമായ ഒരുസാന്നിധ്യമാണ് പണയം എന്ന കഥയിൽ റേഡിയോ. ചെമ്പുമത്തായിയോളമോ, ചാക്കുണ്ണിയോളമോ പ്രാധാന്യമുള്ള ഒരു കഥാപാത്രം. ആറാട്ടുകുന്നിനും ചാക്കുണ്ണിയ്ക്കും റേഡിയോയുമായുള്ള വൈകാരികബന്ധം മുൻനിർത്തി റേഡിയോ എന്ന കഥാപാത്രത്തിന് നിരൂപണം തയ്യാറാക്കുക.

| |
|---|
| പ്രവർത്തനം 3 ലെ സൂചനകൾ<br>ആറാട്ടുക്കുന്നിലെ ജനങ്ങളും റേഡിയോയും<br>തമ്മിലുള്ള ബന്ധം റേഡിയോ ഭയന്നിരുന്നവർ<br>ക്രോഡീകരണം. |

**പ്രവർത്തനം 6**

**ആസ്വാദനക്കുറിപ്പ്**

ശക്തമായ ഒരു സാന്നിധ്യമാണ് പണയം എന്ന കഥയിൽ റേഡിയോ. ചാക്കുണ്ണിയും, റേഡിയോയും തമ്മിൽ വ്യക്തിയും വസ്തുവും തമ്മിലുള്ള കേവലബന്ധമായിരുന്നില്ല; റേഡിയോയും മകനും ചാക്കുണ്ണിയ്ക്ക് ഒന്ന് തന്നെയായിരുന്നു ഈ വൈകാരികബന്ധം തന്മയത്വത്തോടെ ആവിഷ്കരിച്ചിരിക്കുന്നു കഥാകാരൻ - ഈ ആശയത്തെ മുൻ നിർത്തി പണയം എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

| |
|---|
| പണയം - എന്ന പാഠഭാഗത്തിന്റെ ആമുഖം<br>പ്രവർത്തനം 3 ലെ സൂചനകൾ, ആസ്വാദനാംശങ്ങളുടെ<br>വിലയിരുത്തൽ, ക്രോഡീകരണം, സ്വാഭിപ്രായം. |

**അനുബന്ധം**

ഇ.സന്തോഷ് കുമാറിന്റെ രചനാരീതി

* ആഖ്യാനങ്ങൾക്കും ആവിഷ്ക്കാരങ്ങൾക്കും പുതിയ ഭാഷകത്തെുന്നു.
* ശക്തവും വ്യത്യസ്തവുമായ ആഖ്യാനരീതി
* ലക്ഷ്യമില്ലാതെ അലയുന്ന പുതിയ തലമുറ കഥാപാത്രങ്ങളാകുന്നു.
* മനുഷ്യാവസ്ഥകളുടെ പരിണാമം, പുതിയ കാലത്തിന്റെ നിഷ്ഫലത - കഥകളിൽ അനാവരണം ച്ചെയ്യപ്പെടുന്നു.

'പണയം' -കഥയോട് ചേർത്ത വായിക്കേ സമകാലിക കഥകൾ

* കടലിന്റെ വക്കത്തൊരു വീട് - മാധവിക്കുട്ടി
* ആർട്ട് അറ്റാക്ക് - എം മുകുന്ദൻ

## അമ്മയുടെ എഴുത്തുകൾ

**വി.മധുസുദനൻ നായർ**

മാനുഷികബന്ധങ്ങൾക്കും മാനവിക മൂല്യങ്ങൾക്കും പ്രസക്തി നഷ്ട്ടപ്പെട്ടു കൊിരിക്കുന്ന പുതിയ കാലഘട്ടത്തിൽ വാക്കുകൾ ചാട്ടുളിയാക്കി മൂല്യോന്മുഖ സമൂഹത്തെ വീടെുക്കാൻ ശ്രമിക്കുന്ന കവി യെയാണ് മധുസൂദനൻ നായരുടെ കൃതികളിൽ കാണുന്നത്. നഷ്ടഗതമാകുന്ന പാരമ്പര്യബോധം, സംസ്ക്കാരം മൂല്യങ്ങൾ എല്ലാം കവിയെ ആകുലപ്പെടുത്തുന്നു. നഗരജീവിതത്തിനും ഉപഭോഗസംസ്ക്കാ രത്തിനുമിടയിൽപ്പെട്ട് ഞെരുങ്ങുന്ന  കവി സാന്ദർഭികമായി കത്തെുന്ന അമ്മയുടെ കത്തുകളാണ് ഈ കവിതയ്ക്ക് ആധാരം. പ്രദർശന പരതയ്ക്ക് പ്രാധാന്യം കല്പ്പിക്കുന്ന പുതുതലമുറ ചില്ലുപെട്ടികളിൽ (ഷോ ക്കേസ്) പട്ടണക്കോപ്പുകൾ (ഉപഭോഗസംസ്ക്കാരം) നിറയ്ക്കുമ്പോൾ അമ്മയുടെ മണവും നനവും സ്നിഗ്ധതയുമുള്ള പഴയകത്തുകൾ ചായ്പിലെ കാലിപ്പെട്ടിയിലേക്ക് ഒതുക്കിവെക്കേിവരുന്നു. തന്റെ ശൈശവ ബാല്യ കൗമാര ചിത്രങ്ങളിലെല്ലാം അമ്മയുടെ ഓർമ്മകളു്. അമ്മയുടെ കത്തുകളിലെല്ലാം - കരു തലും സ്നേഹവും വാത്സല്യവും മൂല്യവും സംസ്ക്കാരവുമു്. അമ്മതന്നെയുമു് - എന്ന അറിവുായി രുന്നിട്ടും പുതുസംസ്ക്കാരത്തിന്റെ വക്താവായ ഭാര്യയ്ക്ക് മുമ്പിൽ -(നവീനവും കുലീനവുമായ ശാഠ്യത്തിന് മുമ്പിൽ) കവി തോൽവി സമ്മതിക്കുന്നു.

ജീവിതത്തിന്റേയും ഭാഷയുടേയും സംസ്ക്കാരത്തിന്റെയും മേലുള്ള നാഗരികതയുടേയും ഉപഭോഗ സംസ്ക്കാരത്തിന്റേയും തന്ത്രപരമായ കടന്ന് കയറ്റം എത്ര എളുപ്പമാണെന്ന് സാധ്യമാകുന്നുവെന്ന് കവി ഇവിടെ വ്യക്തമാക്കുന്നു.

നഷ്ടപ്രായമായ നന്മയും ഊഞ്ഞാലും, തായ്ചൊല്ലും,തായ്മൊഴിയും, താരാട്ടും- ഒക്കെ കവിയെ വേദനി പ്പിക്കുന്നു. അമ്മ ഒരോർമ്മയായ് കവിയെ പൊതിയുകയും കവി നാഗരിക ജീവിതത്തിന്റെ കണ്ണിയായ് ചേരുമ്പോഴും അമ്മ കാവലാളായ് തീരുകയും ചെയ്യുന്നത് കവി അറിയുന്നു പുതു തലമുറയ്ക്ക് നഷ്ടമാ കുന്ന പാരമ്പര്യം, സംസ്ക്കാരം മാനുഷിക മൂല്യം-ഇവയെക്കുറിച്ച് ആകുലപ്പെടുന്ന കവി ഹൃദയത്തിന്റെ തേങ്ങലായി തീരുന്നു അമ്മയുടെ എഴുത്തുകൾ എന്ന കവിത.

കത്ത് എന്ന വ്യവഹാരംരൂപത്തിന് വിവിധ മാനങ്ങളു്. ആശയ വിനിമയത്തിനപ്പുറം കത്ത് വികാര വിനിമയത്തിനുള്ള ഉപാധിയാണ്. അതിന് ഹൃദയത്തിന്റെ ഭാഷയാണ്- അത് മാതൃഭാഷയാണ്. ഗ്രാമജീവി തത്തിന്റെ നന്മയും ഉണ്മയും കത്ത് പ്രകാശിപ്പിക്കുന്നു്. അത് വ്യക്തി-കുടുംബ-സമൂഹബന്ധങ്ങളെ സുദൃഢമാക്കിയിരുന്നു.

മനസ്സുകളിൽ സാന്ത്വനവും കരുതലും പ്രചോദനവും പ്രോത്സാഹനവുമേകാൻ കത്തിന് കഴിഞ്ഞിരുന്നു. കത്തെഴുത്ത് ഇന്ന് അന്യം നിന്നു പോയിരിക്കുന്നു. അത് നൽകിയ വൈകാരികാംശങ്ങളും. സ്ഥാനം യന്ത്രഭാഷയായ എസ്.എം.എസ്. കയ്യടക്കിയിരിക്കുന്നു.

അതിനാൽ 'കത്തെഴുതാം' –എന്ന ചിന്തപോലും ഇന്ന് നന്മയുടെ വീടെടുപ്പായി നാം കാണേ തു ˘ .

## അമ്മയുടെ എഴുത്തുകൾ

**പ്രവർത്തനം 1**


കവിത – ആസ്വാദ്യകരമായി ചൊല്ലുന്നു – (1)

മൗനമായി വായിക്കുന്നു. –(2)

**പ്രവർത്തനം 2**

പാഠഭാഗം ആഴത്തിൽ മനസ്സിലാക്കുന്നതിന് സഹായകമായ ലഘുചോദ്യങ്ങൾ കത്തെുന്നു.

1) എത്ര കൗതുഹലം, നോക്കിയാൽ മിമി–
ചിത്രലേഖത്തിന്റെ 'താളുകൾ' –
ചിത്രലേഖത്തിന്റെ താളുകൾ കവിയോട് മിുന്നതെന്തെല്ലാം?.




2) കത്ത് കവിയിലുാക്കിയ വൈകാരികാനുഭവം പ്രകടമാക്കുന്ന വരികൾ കത്തെുക.
3) പോയകാലത്തിൻ മധുരങ്ങളിൽ ക്കൊതി–
യൂറുന്ന ശീലം മറന്ന് തുടങ്ങി ഞാൻ – എപ്പോൾ?.
4) അമ്മ കാവലാളായി മാറുന്നു – എന്ന് കവി പറയുന്നത് എന്തുകൊ്?.
5) അമ്മയേയും മാതൃ ഭാഷയെയും കുറുച്ചുള്ള കവിയുടെ ആശങ്കകൾ എന്തെല്ലാം?.

**പ്രവർത്തനം 3**

**കാവ്യഭംഗി കത്തെുക**

അമ്മയുടെ എഴുത്തകൾ കവിയിലുാക്കിയ വൈകാരികാനുഭവം പ്രകടമാക്കുന്ന വരികളാണ്. താഴെ കൊടുത്തിട്ടുള്ളത്.

"നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ
ഓരോന്നിനോരോ മൊഴിച്ചന്ത, മമ്മയാം
നേരിന്റെ ക്ഷീണവും താളവുമിമ്പവും
അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്നതാം
വെണ്മയും ഞാനാകുമോർമ്മതൻ ഭൂമിയും"

അടിവരയിട്ട പദങ്ങൾ ഓരോന്നും അമ്മ കവിതയ്ക്ക് പകർന്ന് നൽകിയ വൈകാരികാനുഭവങ്ങളെ പ്രതിഫലിപ്പുക്കുന്നു. ഗർഭകാലം മുതൽ ജീവിതാന്ത്യം വരെയുള്ള അമ്മയുടെ കരുതൽ ഈ വരികളിലു്. പദങ്ങളിലെ കാവ്യ ഭംഗി കത്തെുക. കുറിപ്പ് തയ്യാറാക്കുക.

| കാവ്യാത്മക പ്രയോഗങ്ങൾ | ആശയതലം |
|---|---|
| -നാദമായ്....... ...സ്പന്ദിച്ചതീയുള്ളെഴുത്തുകൾ | അമ്മയുടെ ഉള്ളിലെ ഉണ്മനിറഞ്ഞ സന്ദേശം - ഹൃദയ ഭാഷയുടെ വിനിമയം. |
| -ഉള്ളെഴുത്തുകൾ<br>- നാദം<br>- നാവിലെത്തേൻ<br>- നാടിയിലെ സ്പന്ദനം | ഗർഭസ്ഥശിശുവിന് - നാഭിയിലെ ചലനമാകുന്നു<br>നവജാത ശിശുവിന് -നാവിലെ തേനാകുന്നു |
| -മൊഴിച്ചന്തം<br>നേരിന്റെ - ഈണം - താളം - ഇമ്പം | ഓരോ കത്തു ഓരോ വാങ്മയ ചിത്രങ്ങളും (ഊട്ടുത്സവം, വീട്ടുവഴക്ക്, നറുക്കിലപൂവ്.......)<br>അമ്മ - സത്യം-സംഗീതം - പിഴയ്ക്കാത്ത താളം- |
| അമ്മയ്ക്ക് മാത്രം തരാൻ കഴിയുന്നതാം വെണ്മ ഞാനാകുമോർമ്മതൻ ഭൂമി | ഒരിക്കലും കളങ്കമേൽക്കാത്ത വിശുദ്ധി.<br>കവിയുടെ അസ്തിത്വം - നിലനിൽപ്പ് |

**ക്രോഡീകരണം**

ഇവയുടെയെല്ലാം തുടർച്ചയാണ് അമ്മയുടെ എഴുത്തുകൾ. ഇവ അമ്മയുടെ ഉള്ളിലുള്ളതുപോലെ (ഉള്ളെഴുത്തുകൾ) പകർന്നുതരാൻ മാതൃഭാഷയ്ക്ക് മാത്രമേ കഴിയൂ. കാരണം മാതാവിന്റെ ഭാഷ തന്നെയാണ് മാതൃഭാഷ-

**പ്രവർത്തനം -4**

**പ്രതികരണക്കുറിപ്പ് തയ്യാറാക്കൽ**

♦ പട്ടണക്കോപ്പു നിറയ്ക്കാലിച്ചില്ലു- പെട്ടികൾ തിങ്ങി, നിന്നിഷ്ടമാണെന്റെയും കാൽപെട്ടിയിൽ വച്ചു താഴിട്ടു പിന്നിലെ ച്ചായ്പിലൊളിച്ചാലറിയില്ല കുട്ടികൾ
പ്രദർശന പരതയ്ക്ക് പ്രാധാന്യം നല്കുന്ന പുതുതലമുറ

♦ എന്തു നവീനം! കുലീനം! പ്രിയേ, നിന്റെ
സുന്ദര ദൃഷ്ടി, നിന്നിഷ്ടമാണെന്റെയും
അമ്മയുടേതാമെഴുത്തുകളൊക്കെയും
അമ്മയായ് തന്നെ യൊതുങ്ങി ചിരിക്കട്ടെ.

♦ നമ്മൾ വിദേശത്ത് നിർമ്മിച്ചൊരമ്മതൻ
ബിംബമീയാതിഥ്യ ശാലയിൽ ശോഭനം-

ജീവിതം - ഭാഷ- സംസ്ക്കാരം- ഇവയോടുള്ള പുതുതലമുറയുടെ മനോഭാവം ഈ വരികളിൽ പ്രകടമാണ്. കൂടാതെ- പ്രിയേ "നിന്നിഷ്ടമാണെന്റെയും" - എന്ന കവി വാക്യം പുതുതലമുറയോട് ബോധപൂർവ്വമായ പൊതുത്തപ്പെടലിന് തയ്യാറാക്കുന്ന കവിയുടെ മാനസികഭാവത്തെയും പ്രകാശിപ്പുക്കുന്നു. ഈ വ്യത്യസ്ത മനോഭാവങ്ങളോടുള്ള നിങ്ങളുടെ സമീപനമെന്താണ്? ചർച്ച-

സൂചനകൾ -* പുതുതലമുറ പ്രദർശന പരതയ്ക്ക് പ്രാധാന്യം നല്കുന്നുവോ?.

* ഉപഭോഗ സംസ്ക്കാരത്തിന് അടിമകളോ?.
* മൂല്യങ്ങളും മൂല്യവത്തായ സംസ്ക്കാരവും പെട്ടിയിലടച്ച് ചായ്പിലൊതുക്കാൻ കൂട്ടുനിൽക്കുന്നുവോ?.
* അമ്മയ്ക്കും മാതൃഭാഷയ്ക്കും ജീവിതത്തിൽ നൽകുന്ന സ്ഥാനം എത്രമാത്രം?.
* അന്യഭാഷാ സംസ്ക്കാരം ജീവിതത്തിൽ എത്രമാത്രം സ്വാധീനം ചെലുത്തുന്നു്?.
* സ്വീകരണമുറിയിലെ ഒരുചിത്രം മാത്രമായി അമ്മ ഒതുങ്ങുന്നുവോ?.

**ക്രോഡീകരണം.**

അമ്മയുടെ എഴുത്തുകൾ പെട്ടിയിലടച്ച് ചായ്പിലൊളിക്കുന്നത് ചില്ലുപെട്ടിയിൽ (ഷോകേസ്) സ്ഥലം ഇല്ലാത്തതുകൊാണ്. പുതുതായി വാങ്ങിക്കൂട്ടിയ കാഴ്ച വസ്തുക്കൾ സ്ഥലം അപഹരിച്ചിരിക്കുന്നു.

ഇതിന് കവി കൂട്ടുനിൽക്കുന്നത് ഇഷ്ടത്തോടെയല്ല ജീവിതത്തിന്റെ സുഗമമായ ഒഴുക്കിന് വേി കവി ബോധപൂർവ്വമായ ഒരു സമാവായത്തിന് (പൊരുത്തപ്പെടലിന്) തയ്യാറാകുന്നു സ്വീകരണമുറിയിലെ ഒരു ചിത്രമെന്നതിലുപരി അമ്മയ്ക്ക് ജീവിതത്തിൽ സ്ഥാനമില്ല അമ്മ ഭാഷയുടെ സ്ഥാനമാകട്ടെ അന്യഭാഷയും അപഹരിക്കുന്നു.

ജീവിതം ഭാഷ - സംസ്ക്കാരം- ഇവയ്ക്ക് മേലുള്ള നാഗരികതയുടെയും ഉപഭോഗ സംസ്ക്കാരത്തിന്റെയും തന്ത്രപരമായ കടന്ന് കയറ്റം എത്ര എളുപ്പം സാധ്യമാകുന്നുവെന്ന് കവി വ്യക്തമാക്കുന്നു.

സ്വാഭിപ്രായം ചേർത്ത് പൂർത്തിയാക്കുക.

**പ്രവർത്തനം 5**

കാവ്യബിംബങ്ങൾ കത്തെി വിശദീകരിക്കുക

“അമ്മയൊരോർമ്മയിപ്പുത്തൻ പ്രകാശങ്ങൾ
ജന്മമാളും വനപ്രാചീന നീലയിൽ
മങ്ങിയമർന്നതാമോർമ്മ, വല്ലപ്പോഴും
നമ്മളോർത്താലുമില്ലെങ്കിലും കാവലായ്
പിൻപേ പറക്കും കുളിർമ്മ” -

അമ്മ കവിയ്ക്ക് അടർത്തിമാറ്റാൻ കഴിയാത്ത കാവലാളാണ്, ഈ ആശയം അനുവാചകനിലെത്തിയ്ക്കാൻ കവിതയിലുടനീളം കവി ഉപയോഗിച്ചിരിയ്ക്കുന്ന ബിംബങ്ങൾ ഏതെല്ലാം കത്തെി അവയുടെ അർഥതലങ്ങൾ കുറിക്കുക.

| ബിംബം | അർത്ഥതലം |
|---|---|
| . അമ്മതൻ ചിന്മുദ്ര | - മാതൃത്വം ദൈവികമാണ് |
| . തന്മകനായ് പകർന്ന പാൽ മുത്തുകൾ | - അമ്മിഞ്ഞപ്പാൽ |
| . മൊഴിച്ചന്തം | - വാങ്മയ ചിത്രങ്ങൾ |
| . നേരിന്റെ ഈണം, താളം, ഇമ്പം | - അമ്മ- സത്യം-സംഗീതം-പിഴയ്ക്കാത്ത താളം |
| . ഞാനാകുമോർമ്മതൻ ഭൂമി | - കവിയുടെ അസ്തിത്വം (നിലനിൽപ്) |

| | |
|---|---|
| . നാഡീസ്പന്ദനം<br>നാവിലെത്തേൻ<br>ഉള്ളെഴുത്തുകൾ<br>. ആദിമസംഗീതം<br>. കാവലാൾ<br><br><br>. രക്തത്തിൽ ചൂടുപകരുന്ന നന്മയും താളവും | ജനനം മുതൽ മരണം വരെയുള്ള കരുതൽ<br><br><br>- താരാട്ട്<br>- നഗരസംസ്ക്കാരത്തിൽ കണ്ണി ചേരേി വരുമ്പോൾ അമ്മയുടെ ഓർമ്മകൾ താങ്ങാകുന്നു.<br>- അവാച്യമായ മാതൃസ്നേഹം അത് വിവരിയ്ക്കാൻ മാതൃഭാഷ തന്നെവേണം. |

**പ്രവർത്തനം 6**

"തായ്മൊഴിതന്നീണമെങ്ങനെ നാവെടു-
ത്തോതുന്നതെങ്ങനെ? ഓർക്കുന്നതെങ്ങനെ?.
തായ് മനസ്സിന്റെ തുടിപ്പുകളെങ്ങനെ?
തായ് ച്ചൊല്ലിലൂറിയ താളങ്ങളെങ്ങനെ ?".

അമ്മയുടെ എഴുത്തുകൾ

"അമ്മതാൻതന്നെ പകർന്നു തരുമ്പോഴേ
നമ്മൾക്കമൃതുമമൃതായി തോന്നൂ...."
"ഹൃത്തിൽ പതിയേണമെങ്കിൽ സ്വ ഭാഷതൻ
വക്ത്രത്തിൽ നിന്നു താൻ കേൾക്കവേണം" -

എന്റെ ഭാഷ - വള്ളത്തോൾ

രു കാവ്യഭാഗങ്ങളിലും തെളിയുന്നത് മാതാവും മാതൃഭാഷയും ഭിന്നമല്ല- എന്ന കാഴ്ചപ്പാടാണ്. ഈ കാഴ്ചപ്പാട് സാധൂകരിക്കുന്നതിന് കൂടുതൽ തെളിവുകൾ പാഠഭാഗത്ത് നിന്ന് കത്തെി, കാവ്യഭാഗങ്ങൾ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

**സൂചനകൾ**

-തായ്മൊഴി, തായ്മനസ്സ്, തായ് ചൊല്ല്- എന്നീ പ്രയോഗങ്ങൾ മാതാവിനെയും മാതൃഭാഷയെയും സൂചിപ്പിക്കുന്നു.
-അമ്മയ്ക്ക് നൽകാൻ കഴിയുന്ന നന്മകൾ മാതൃഭാഷയും നൽകുന്നു.
- അമ്മയും മാതൃഭാഷയും ഈ കവിതയിൽ പ്രമേയമാണ്
-മൊഴിച്ചന്തം, നേരിന്റെ ഈണവും താളവുമിമ്പവും, തൊട്ടുവായിക്കൽ താരാട്ടിന്റെ മാധുര്യം, നാവിലുയിർക്കൊള്ളുന്ന ചൊല്ലുകൾ എന്നിവ മാതൃഭാഷയെയും കുറിയ്ക്കുന്നു.
- അമ്മയിൽ നിന്നും അകലുന്ന കുഞ്ഞുങ്ങൾ മാതൃഭാഷയിൽ നിന്നും അകലുന്നു.
- അമ്മ മനസ്സിലെ നന്മയും അറിവും സംസ്ക്കരവും പകർന്ന് തരാൻ മാതൃഭാഷയ്ക്ക് മാത്രമേ സാധിയ്ക്കു.
-മാതൃത്വത്തിന്റെ മഹത്വം വിവരിക്കാൻ മാതൃഭാഷയിലൂടെ മാത്രമേ കവിയൂ.

**പ്രവർത്തനം 7**

**ആസ്വാദനം തയ്യാറാക്കുക**

"അമ്മയില്ലാത്ത വീട്
അമ്മിയില്ലാത്ത വീട്
ഇന്നത്തെ വീടുകൾ
അങ്ങാടി വീടുകൾ
കുഞ്ഞുണ്ണി.

പുതുതലമുറയ്ക്ക് നഷ്ടമാകുന്നു പാരമ്പര്യം, സംസ്ക്കാരം മാനുഷികമൂല്യം - ഇവയെക്കൂറിച്ച് ആകുലപ്പെടുന്ന കവിഹൃദയത്തിന്റെ തേങ്ങലാണ് അമ്മയുടെ എഴുത്തുകൾ എന്ന കവിത. കുഞ്ഞുണ്ണി മാഷിന്റെ കവിതയുടെ ആശയങ്ങൾ കൂടി ഉൾപ്പെടുത്തി കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

**സൂചനകൾ**

| |
|---|
| അമ്മയുടെ എഴുത്തുകൾ - ആമുഖം |
| പ്രവർത്തനം -4,5- സൂചനകൾ |
| കുഞ്ഞുണ്ണി മാഷിന്റെ കവിത - വിശകലനം |
| ആസ്വാദ്യകരമായ അംശങ്ങളുടെ വിലയിരുത്തൽ, ക്രോഡീകരണം. |

**പ്രവർത്തനം 8**

**പ്രസംഗം തയ്യാറാക്കുക.**

മാതൃഭാഷ - മലയാളം - സംരക്ഷിക്കപ്പെടേ തിന്റെ ആവശ്യകതയും പ്രസക്തിയും- എന്ന വിഷയത്തിൽ മാതൃഭാഷാദിനത്തോടനുബന്ധിച്ച് അവതരിപ്പിയ്ക്കുന്നതിന്
പാഠഭാഗത്തെ ആശയങ്ങൾ ഉൾപ്പെടുത്തി പ്രസംഗം തയ്യാറാക്കുക.

| |
|---|
| -സംബോധനം |
| -വിഷയാവതരണം |
| -അമ്മയുടെ എഴുത്തുകൾ -ആമുഖം |
| -പാഠഭാഗം - ആശയം |
| -സമകാലിക പ്രവണതകളുടെ വിലയിരുത്തൽ |
| -ഇത്തരം പ്രവണതകളെ അതിജീവിക്കേതിന്റെ- ആവശ്യകത. |
| ഉപസംഹാരം |

**കത്ത് തയ്യാറാക്കുക**

- "ഒന്നിനും കൊള്ളരുതാത്തവനെന്നവൾ
ഇന്നും പഴി പറഞ്ഞേക്കും"-
എന്ന അപമാനഭയത്താൽ അമ്മയെ ഉപേക്ഷിയ്ക്കാൻ ഇടംതേടി അലയുന്ന മകനെ 'അമ്മത്തൊട്ടിൽ'- എന്ന കവിതയിലും -
'പ്രിയേ നിന്നിഷ്ടമാണെന്റെയും' -

എന്ന് ബോധ പൂർവ്വമായ സമാവായ (അനുരഞ്ജനം )ത്തിന് തയ്യാറാക്കുന്ന മകനെ അമ്മയുടെ എഴുത്തുകൾ - എന്ന കവിതയിലും കാണാം.

വ്യത്യസ്ത കാരണങ്ങളാൽ മാതാവും മാതൃഭാഷയും സംരക്ഷിക്കപ്പെടാതെ പോകുന്ന അവസ്ഥയാണ് ര്കവിതകളിലും പ്രകടമാകുന്നത്. പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾപ്പെടുത്തി - മാതാവും മാതൃഭാഷയും സംരക്ഷിക്കപ്പെടേതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊ് നിങ്ങളുടെ സുഹൃത്തിന് ഒരു കത്തെഴുതുക

**പത്രനീതി**

## സുകുമാർ അഴീക്കോട്

അധ്യാപകനും വാഗ്മിയും സാഹിത്യനിരൂപകനുമായ് സേവനം അനുഷ്ഠിച്ച് മലയാളത്തിന് അതുല്യസംഭാവനകൾ നൽകിയ സുകുമാർ അഴീക്കോടിന്റെ 'നവയാത്രകൾ' എന്ന ഗ്രന്ഥത്തിലെ 'പത്രങ്ങൾ ഏത് പക്ഷത്ത്' - എന്ന ലേഖനത്തിലെ ചെറുഭാഗമാണ് പത്രനീതി എന്ന പാഠ ഭാഗം. വാർത്തകൾ സത്യസന്ധമായി ജനങ്ങളിലെത്തിയ്ക്കുക എന്നതാണ് ശരിയായ പത്രധർമ്മം ജനാധി പത്യത്തിന്റെ നാലാം തൂണ് - (fourth estate of democracy)എന്നറിയപ്പെടുന്ന മാധ്യമങ്ങൾ ഈ ധർമം ശരിയായി പാലിക്കേതു്. പക്വതയാർന്ന സാമൂഹിക സംസ്ക്കാരത്തിന്റെ പ്രകടനപത്രികയായി മാധ്യമങ്ങൾ മാറേതാണ്. സമൂഹത്തെ അതിന്റെ അരാജകമായ അവസ്ഥയിൽ നിന്നും പോലും രക്ഷിയ്ക്കുവാൻ സത്യവും നീതിയും പുലർത്തുന്ന മാധ്യമങ്ങൾക്ക് കഴിയും എന്നാൽ.

കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസൃതമായി പത്രധർമ്മവും നീതിയും വ്യതിചലിക്കപ്പെടുന്നു എന്ന് വിലയിരുത്തുകയാണ് ലേഖകൻ സത്യത്തിന്റെ സമീപത്തെത്തിച്ചേരാൻ പല പത്രങ്ങൾ മാറിമാറി വായിക്കേി വരുന്ന സമകാലിക സാഹചര്യത്തിൽ, സത്യസന്ധതയിൽ അധിഷ്ഠതമായ ഒരു മാധ്യമസംസ്ക്കാരം തിരിച്ചു കൊുവരേതിന്റെ ആവശ്യകതയിലേയ്ക്ക് വിരൽ ചൂന്നു ലേഖകൻ. വരും തലമുറയും സമൂഹവും ശക്തിഭദ്രമാക്കുന്നതിന് മാധ്യമ സംസ്ക്കാരത്തിന്റെ വീടെുക്കൽ അനിവാര്യമാകുന്നു.

പത്രനീതി

ലേഖനം. സുകുമാർ അഴീക്കോട്

1)ഏതു മനുഷ്യനും ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ പത്രത്തെ ആശ്രയിക്കേി വരുന്നു. കാരണം?.


- പത്രം ലോകത്തെ നമ്മുടെ സ്വീകരണമുറിയിലെത്തിക്കുന്നു. നമ്മുടെ വ്യക്തിഗതമായ കാര്യങ്ങളെ ലോകത്തിന് മുമ്പിലും.
- പത്രത്തോടുള്ള വിയോജിപ്പ് രേഖപ്പെടുത്തുന്നതിനു പത്രത്തെതന്നെ ആശ്രയിക്കേതായി വരുന്നു.
- ആയതിനാൽ പത്രമെന്നത് ഒരു വിരോധാഭാസമായി മാറുന്നു.

2) ഭരണാധികാരികൾ പത്രത്തെ പീഡിപ്പിക്കുകയും നിരോധിക്കുകയും ചെയ്യുന്നത് ഈ പേടിമൂലമാണ്. ഇവിടെ ലേഖകൻ അർത്ഥമാക്കുന്നതെന്ത്?.

- പത്രങ്ങൾ സകലതിനെയും വിമർശിക്കുന്നു.
- സകലതിനെകുറിച്ചും അറിവ് തരുന്നു.
- പക്ഷെ, പത്രങ്ങൾ വിമർശിക്കപ്പെടുന്നില്ല
- കാരണം പത്രങ്ങളെ വിമർശിക്കണമെങ്കിലും പത്രത്തെതന്നെ ആശ്രയിക്കേിവരുന്നു.
- ആയതിനാൽ സ്വേച്ഛാധിപതി പോലും പത്രത്തെ ഭയപ്പെടുന്നു.

3) ജനാധിപത്യത്തിലെ നാലാമത്തെ ശക്തിയാണ് - മാധ്യമങ്ങൾ (fourth Estate of democracy)

പത്രങ്ങൾ - മറ്റ് മൂന്നെണ്ണം ഏതെല്ലാം




4) ജനാധിപത്യത്തിന്റെ നാലാം തൂണാണ് മാധ്യമങ്ങൾ എന്ന് പറയുന്നതെന്തുകൊ്?.

- നിയമ നിർമ്മാണ- നിർവഹണ-നീതിന്യായവ്യവസ്ഥകൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നത് മാധ്യമങ്ങളാണ്.
- നിയമ വ്യവസ്ഥകൾ സത്യസന്ധതയോടെയും കൃത്യതയോടെയും ജനങ്ങളിലെത്തിയ്ക്കേത് മാധ്യമങ്ങളുടെ ധർമ്മമാണ്.

5) ജഫഴ്സൺ പത്രങ്ങൾക്ക് നൽകിയ പ്രശംസയുടെ പൊരുൾ ലേഖകൻ വിലയിരുത്തുന്നതെങ്ങനെ ?.

-പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ ഇഷ്ടപ്പെടുന്നത് ഭരണമില്ലാതെയുള്ള പത്രമുള്ള അവസ്ഥയാണെന്നതായിരുന്നു ജഫഴ്സന്റെ പ്രശംസ.

- പത്രമാണ് പരമപ്രധാനം എന്ന് ലേഖകൻ വിലയിരുത്തുന്നു.
- പത്രധർമ്മമാണ് ഇവിടെ ഓർമ്മപ്പെടുത്തുന്നത്.
- ഭരണാധികാരികളും ഭരണ വ്യവസ്ഥയും ഇല്ലാതാകുന്ന സാഹചര്യത്തിൽ പോലും സമൂഹത്തെ രക്ഷിയ്ക്കാൻ സത്യവും ധർമവും നീതിയും പുലർത്തുന്ന പത്രങ്ങൾക്ക് സാധിക്കും.

-സത്യം-നീതി-ധർമ്മം എന്നവ്യവസ്ഥ ലംഘിച്ചാൽ പത്രം പത്രമല്ലാതായിതീരും.

- ധർമം പാലിക്കുകയാണ് പത്രധർമ്മം എന്ന് ധ്വനി.

6) ദ്രോഹകാരിത്വം - പദം വിഗ്രഹിക്കുക.

ദ്രോഹം ചെയ്യുന്നതിനുള്ള കഴിവ്.

7) **വാക്യത്തിൽ പ്രയോഗിക്കുക.**

വിശ്വവിശ്രുതൻ-

വിക്രമാദിത്യ സദസ്സിലെ വിശ്വ വിശ്രുതനായ കവിയായിരുന്നു കാളിദാസൻ.

പരിഹാസചതുരൻ

അസൂയാവഹം

8) വിസ്മയം തോന്നുന്നു!-ലേഖകനെ വിസ്മയപ്പെടുത്തുന്ന സംഗതികൾ എന്തെല്ലാം-

ക ത്തെി എഴു തു ക.

-19-ാം നൂറ്റാുകാരനായ ബട്‌ലർ 20-ാംനൂറ്റാിന്റെ ഉത്തരാർദ്ധത്തിലെ പത്രങ്ങളുടെ അവസ്ഥാ വിശേഷം കറിഞ്ഞ് വിളിച്ച് പറഞ്ഞത്.

- അച്ചടിച്ചത് കാൽ അത് നുണയാണെന്ന നിഗമനത്തിൽ ജനങ്ങൾ എത്തിചേരും വിധം പത്രധർമം അധ:പതിച്ചത്.

**ഉപന്യാസം തയ്യാറാക്കുക.**

9)ജനങ്ങൾക്ക് സ്ഥായിയായ അറിവുാക്കി ക്കൊടുക്കുകയാണ് പത്രങ്ങളുടെ ഒരു പ്രധാന ചുമതല. ആ ചുമതല മറന്നാൽ പത്രത്തിന്റെ നിലനിൽപ്പിന് അർത്ഥമില്ലാതാകും- സ്വദേശഭിമാനിയുടെ മുഖപ്രസംഗത്തിൽ നിന്ന്

-"പത്രമില്ലാതെയുള്ള ഭരണത്തെക്കാൾ താൻ അഭിലഷിക്കുക ഭരണമില്ലാതെ പത്രമുള്ള അവസ്ഥയാണ്"
-ജഫ്ഴ്സൺ-

-"പത്രങ്ങൾ ഏറ്റവും കൂടുതൽ അതിജീവിക്കുന്നത് അവയുടെ വഷളത്തരം ഏറ്റവും കൂടുമ്പോഴാണ്"
ഓസ്ക്കാർ വൈൽഡ്-

- "പത്ര പ്രവർത്തനം ഒരു കലയാണ്; സേവനമാണ് വ്യവസായമാണ്, മറ്റു താൽപ്പര്യങ്ങൾ ആ കലയെ വികലമാക്കാതെ ശ്രദ്ധിക്കേ ചുമതല എല്ലാ പത്ര പ്രവർത്തകർക്കുമു്"-
എൻ.രാമചന്ദ്രൻ.

പത്രപ്രവർത്തനത്തെകുറിച്ചും പത്രധർമ്മത്തെക്കുറിച്ചുമുള്ള വ്യത്യസ്ത കാഴ്ചപ്പാടുകളും പത്രനീതി- എന്ന പാഠഭാഗത്തിലെ ആശയങ്ങളും വിശകലനം ചെയ്ത് പത്രധർമ്മത്തെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാടുകൾ യുക്തിപൂർവ്വം സമർഥിച്ച് ഉപന്യാസം തയ്യാറാക്കുക

- രാജകീയ വിളമ്പരം
HB page 302

- തിന്മകൾക്കെതിരെയുള്ള ചെറുത്ത് നിൽപ്.
-തിരുത്തൽ ശക്തിയാവണം.
-സത്യസന്ധമായ ഇടപെടലുകൾ
- പത്രനീതി-ധർമം-ഈ ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കരുത്.
-പത്രങ്ങളുടെ കച്ചവട മനോഭാവം
- പത്രാധിപരുടെ ആത്മാർഥത, സത്യസന്ധത.
- നേരായ വാർത്തകളുടെ ശക്തമായ അവതരണം
- രാഷ്ട്രീയ നിലപാടുകൾ/ജനപക്ഷവായന
- സ്വാഭിപ്രായം.

11. **വിശകലനക്കുറിപ്പ് തയ്യാറാക്കുക.**

നവമാധ്യമങ്ങളുടെ വളർച്ച-(ഇലക്ട്രോണിക്സ് മാധ്യമങ്ങൾ, ബ്ലോഗ്, സോഷ്യൽ മീഡിയ, ഫേയ്സ് ബുക്ക്, എഫ്.എം.റേഡിയോ-) സമൂഹത്തെ ഏറെ സ്വാധീനിച്ചിട്ടു്-എൽ.തോമസുകുട്ടിയുടെ റിങ്ങ്ടോൺ എന്ന കവിത ഉത്തമ ഉദാഹരണമാണ്- വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- കിളിനാദം റിങ്ടോണിന്റെ ശബ്ദമായി മാറുന്നു.
- ഈ ശബ്ദം കവിയെ സ്വാധീനിക്കുന്നു.
- സെൽഫോൺ ഇന്നത്തെ സമൂഹത്തിന് ഒഴിച്ചുകൂടാൻ വയ്യാതായിരിക്കുന്നു.
- മനുഷ്യനുായ മാറ്റം ചുറ്റുപാടുകളെ സ്വാധീനിക്കുന്നു.

 - കാലത്തിന്റെ മാറ്റത്തിനനുസൃതമായ് പുത്തൻ പ്രവണതകളെ സ്വീകരിക്കാൻ സമൂഹം നിർബന്ധിതമായിതീരുന്നു.

10) **മുഖപ്രസംഗം തയ്യാറാക്കുക**

സമൂഹത്തിന് ദിശാബോധം നൽകുന്നതിനും ഗുണപരമായ മാറ്റങ്ങൾ വരുത്തുന്നതിനും പത്രങ്ങൾ/ മാധ്യമങ്ങൾ നിരണായക പങ്ക് വഹിക്കുന്നു ഇത് പത്ര ധർമ്മമാണ്. 'പത്രനീതി' എന്ന പാഠഭാഗവുമായി ബന്ധപ്പെടുത്തി നിങ്ങൾ തയ്യാറാക്കുന്ന പത്രത്തിന് പത്രധർമ്മം എന്ന വിഷയത്തെ അടിസ്ഥാനമാക്കി ഒരു മുഖപ്രസംഗം തയ്യാറാക്കുക.

-തലക്കെട്ട്

-ശക്തമായ ഭാഷ/ഘടന.

-പത്രനീതി

-പത്രധർമ്മം

-പത്രങ്ങളുടെ കച്ചവടമനോഭാവം

- പരസ്യങ്ങളുടെ അതിപ്രസരം

- ഇന്നത്തെ പത്രങ്ങളുടെ നിലപാടുകൾ

- രാഷ്ട്രീയ നില പാടുകളോടുള്ള പ്രതികരണം

-പത്രാധിപരുടെ നിലപാടുകളോടുള്ള പ്രതികരണം

-പത്രാധിപരുടെ ആത്മാർത്ഥത, സത്യസന്ധത.

-വാർത്തകളുടെ നേരായ അവതരണം.

-കാരണങ്ങൾ, പരിഹാരങ്ങൾ

- ഉപസംഹാരം - സത്യസന്ധതയിലധിഷ്ഠിതമായ ഒരു മാധ്യമ സംസ്ക്കാരം തിരിച്ചുവരേതു്.

.

11) **ഉചിതമായവ തെരെഞ്ഞെടുത്ത് പട്ടിക പൂരിത്തിയാക്കുക**

| കർത്താവ് | കൃതി | സവിശേഷതകൾ |
|---|---|---|
| സുകുമാർ അഴീക്കോട് | | |
| | ഗാന്ധി | |
| | | നല്ലത് ചൊല്ലുന്നനാവ് |
| | പണയം | |

നവയാത്രകൾ, വി.മധുസൂദനൻനായർ

മാതൃഭാഷയ്ക്കു മേലുള്ള അധിനിവേശം, പത്രധർമ്മം, തത്തമ്മ, ഇ. സന്തോഷ് കുമാർ, അയ്യപ്പപണിക്കർ, റേഡിയോ.

12)a വാക്യശുദ്ധി വരുത്തുക.

ആരോരുമില്ലാത്ത അനാഥയായ പെൺ കുട്ടിയെ ഒഴിവാക്കി വീട്ടിലെത്തിയ കഥാകാരൻ കുട്ടികാലത്ത് തെരുവിൽ നിന്ന് ഗ്രഹത്തിലേയ്ക്ക് എടുത്തുകൊ് വന്ന പൂച്ച കുട്ടിയെക്കുറിച്ച് സ്മരണയോടെ ഓർത്തു.

12)b അടിക്കടിയുായിക്കൊിരുക്കുന്ന തുടർച്ചയായ കലാവസ്ഥ വ്യതിയാനം എവറസ്റ്റു കൊടുമുടിയെ നശിപ്പിച്ചു കൊിരിക്കുന്നു. മഞ്ഞ് ഉരുകിയൊലിക്കുകയാണെന്ന് പരിസ്ഥിതിയുമായി ബന്ധപ്പെട്ട സംഘടനകൾ പറയുന്നു. അപ്രതീക്ഷിതവും അകസ്മികവുമായ വെള്ള പൊക്കങ്ങൾ ഉാകുമെന്നും അവർ പറയുന്നു.

13 അടിവരയിട്ട പദങ്ങളുടെ അർത്ഥ വ്യത്യാസം കത്തെി കുറിക്കുക.

1. മേനി അഴകിനെക്കുറിച്ച് മേനി പറയുന്നത് നല്ലതല്ലല്ലോ.
2. അറിവ് ഇത്രമതി എന്ന് മതിമാൻ പറയുമോ
3. ഞാനെന്റെ പാടു നോക്കി ജീവിയ്ക്കുന്നു. ആനയുടെ കാലിന്റെ പാടു ക ോ ?.

# വയനാട് ജില്ലാ പഞ്ചായത്ത്

## പഠന പരിപോഷണ പരിപാടികൾ

- അക്ഷര ജ്യോതി
- പ്രഭാതഭക്ഷണം
- പഠന ക്യാമ്പുകൾ - SSLC, HSS, VHSE
- സർഗ്ഗോത്സവം
- കൗൺസലിംഗ് & മോട്ടിവേഷൻ
- തിളക്കം (IEDSS)
- അധ്യാപക ശാക്തീകരണം
- ശാസ്ത്ര/ഗണിത/ചരിത്ര/പരിസ്ഥിതി പഠന ക്യാമ്പുകൾ
- മൈന്റ് സെറ്റിംഗ് പ്രോഗ്രാം
- പഠന സഹായികൾ
- വിജയോത്സവം
- സമ്പൂർണ്ണ വിദ്യാലയ പ്രവേശനം
- **Learn & Earn Programme**

# പൊലിമ 2017

പത്താം തരം പഠന പരിപോഷണ പരിപാടി

തയ്യാറാക്കിയത്
ജില്ലാ വിദ്യാഭ്യാസകേന്ദ്രം
(ഡയറ്റ്) വയനാട്

DIET WAYANAD
SULTHAN BATHERY